പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാല്പത്തിമൂന്നാമത് റിപ്പോർട്ട്

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച്
2006 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ്
റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ
3.3, 3.4 എന്നീ ഖണ്ഡികകളെ
അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## നാല്പത്തിമൂന്നാമത് റിപ്പോർട്ട്

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് 2006 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.3, 3.4 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

1436/2019.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | : | v |
| മുഖവുര | | : | vii |
| റിപ്പോർട്ട് | | : | 1 |
| അനുബന്ധം I : | പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 84 |
| അനുബന്ധം II : | ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 91 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി, അണ്ടർ സെക്രട്ടറി.

---

* 2019-ലെ ജൂലൈ മാസം 1-ാം തീയതിയിലെ 700-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 43-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.3, 3.4 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 നവംബർ മാസം 18-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 നവംബർ 21.

# റിപ്പോർട്ട്

## സി. ആന്റ് എ. ജി.-യുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.3, 3.4 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കിയത്

### 3.3.1 ആമുഖം

ഭരണഘടനയുടെ എഴുപത്തിമൂന്നാമത്തെയും എഴുപത്തിനാലാമത്തെയും ഭേദഗതി നിയമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയംഭരണ സർക്കാരുകളായി കല്പിച്ചുകൊണ്ട് അധികാര കൈമാറ്റം ഏതളവുവരെ വേണമെന്നുള്ളത് സംസ്ഥാന നിയമസഭകളുടെ ഇംഗിതത്തിന് വിടുകയാണ് ചെയ്തത്. ചുമതലകൾ, ഉദ്യോഗസ്ഥർ, ഫണ്ട് എന്നിവയുടെ കൈമാറ്റം, ഉദ്യോഗസ്ഥരുടെ മേൽ ഭരണപരമായ നിയന്ത്രണം, തദ്ദേശതലത്തിൽ സാമ്പത്തികവും ഭരണപരവുമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം എന്നിവയാണ് അധികാര കൈമാറ്റത്തിന്റെ മുഖ്യഘടകങ്ങൾ. ഭരണഘടനയുടെ 243 ജി വകുപ്പനുസരിച്ച് സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും പാസ്സാക്കി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്നതിനു വേണ്ട ഉദ്യോഗസ്ഥർ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് ഈ നിയമങ്ങൾ മറ്റുകാര്യങ്ങൾക്കൊപ്പം അനുശാസിക്കുന്നുണ്ട്. അതനുസരിച്ച് പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നും നാലും അഞ്ചും പട്ടികകളിലും മുനിസിപ്പാലിറ്റി നിയമത്തിന്റെ ഒന്നാം പട്ടികയിലും പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ യഥാക്രമം ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2 മുതൽ കൈമാറി. ചുമതലകളുടെ കൈമാറ്റവും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും ഓഡിറ്റ് പ്രത്യവലോകനം നടത്തിയതിന്റെ ഫലങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു.

### 3.3.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്ന കാര്യങ്ങൾ വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ:

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യുവാൻ വിഭാവനം ചെയ്യപ്പെട്ട ചുമതലകളും ഉദ്യോഗസ്ഥരും യഥാർത്ഥത്തിൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ;
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറിയത് ഫലപ്രദമായിരുന്നോ;
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥരെ കൈമാറിയത്; കൈമാറിയ ചുമതലകൾക്ക് ആനുപാതികമായാണോ;

- കൈമാറിയ ചുമതലകൾ ഫലപ്രദമായും കാര്യക്ഷമമായും നിർവ്വഹിച്ചോ;
- ചുമതലകളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനും പര്യാപ്തമായ തുടർനിരീക്ഷണ ആന്തരിക നിയന്ത്രണ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടോ.

### 3.3.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ ഫലപ്രാപ്തി പരിശോധിക്കുന്നതിനുപയോഗിച്ച മാനദണ്ഡങ്ങൾ താഴെ പറയുന്നു:

- ചുമതലകളുടെ കൈമാറ്റം സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾ
- പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നും നാലും അഞ്ചും പട്ടികകളും മുനിസിപ്പാലിറ്റി നിയമത്തിന്റെ ഒന്നാം പട്ടികയും
- ചുമതലകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, ഉദ്യോഗസ്ഥർ, ഫണ്ട് മുതലായവ കൈമാറിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ
- ചുമതലകൾ കൈമാറുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ രേഖകൾ.

### 3.3.4 ഓഡിറ്റ് രീതിയും വ്യാപ്തിയും

മുപ്പത്തിരണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (നാല് ജില്ലാ പഞ്ചായത്തുകൾ[1], എട്ട് ബ്ലോക്ക് പഞ്ചായത്തുകൾ[2], പതിനാറ് ഗ്രാമപഞ്ചായത്തുകൾ[3], നാല് മുനിസിപ്പാലിറ്റികൾ[4]) 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലെ പ്രത്യവലോകനം നടത്തിയത്, ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച രേഖകൾ, ജീവനക്കാരുടെ വിന്യാസവും അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവും സംബന്ധിച്ച ഫയലുകൾ, സർക്കാർ ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവയിൽ നിന്നാണ് തെളിവുകൾ ശേഖരിച്ചത്. ഇത് കൂടാതെ കൃഷി, മൃഗസംരക്ഷണം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വ്യവസായവും വാണിജ്യവും എന്നീ വകുപ്പുകളുടെ തലവൻമാരുടെ ഓഫീസിലെ രേഖകളും പരിശോധിക്കുകയുണ്ടായി.

---

1 ആലപ്പുഴ, കണ്ണൂർ, പാലക്കാട്, തിരുവനന്തപുരം

2 അമ്പലപ്പുഴ, അതിയന്നൂർ, ഇടക്കാട്, കഞ്ഞിക്കുഴി, കണ്ണൂർ, കിളിമാനൂർ, മലമ്പുഴ, പാലക്കാട്

3 അതിയന്നൂർ, ചെമ്പിലോട്, ഇടക്കാട്, കഞ്ഞിക്കുഴി, കാഞ്ഞിരംകുളം, മലമ്പുഴ, മങ്കര, പറളി, മരുതറോഡ്, നഗരൂർ, പള്ളിക്കുന്ന്, പഴയകുന്നുമ്മൽ, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, തണ്ണീർമുക്കം, വളപട്ടണം.

4 ആലപ്പുഴ, കണ്ണൂർ, നെയ്യാറ്റിൻകര, ഒറ്റപ്പാലം

### 3.3.5 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു:

### 3.3.6 ചുമതലകളുടെ കൈമാറ്റം

#### 3.3.6.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളുടെ മാപ്പിംഗ്

സ്വയംഭരണ സർക്കാരുകളുടെ വിവിധ തലങ്ങൾ ഒരേസമയം നിലനില്ക്കുന്നത് അവയ്ക്കിടയിൽ സന്തുലിതമായ രീതിയിൽ അധികാരങ്ങളും ചുമതലകളും വീതിക്കുന്ന എന്ന മുൻധാരണയോടെയാണ്. ഇങ്ങനെ വീതിക്കുന്നതിന്റെ അടിസ്ഥാന മാനദണ്ഡം ഒരു ചുമതല അതേല്പിക്കപ്പെട്ട തലത്തിലുള്ള സ്ഥാപനം തന്നെ നിർവ്വഹിക്കണമെന്നും ചുമതലകൾ ഇടകലരുന്നെങ്കിൽ വിവിധ തലങ്ങൾ തമ്മിലുള്ള ഏകോപനത്തിന് ഒരു സംവിധാനം വേണമെന്നും ആണ്. 1999-ൽ ഭേദഗതി ചെയ്യപ്പെട്ടതനുസരിച്ചുള്ള പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റി നിയമവും 26 വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ പഞ്ചായത്തുകളുടെ മൂന്ന് തലങ്ങൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും വീതിച്ച് നൽകി. മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട 19 പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

| | | കൈമാറ്റം ചെയ്ത ചുമതലകളുടെ എണ്ണം | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗരസ്വയംഭരണ സ്ഥാപനം |
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൃഷി | 13 | 6 | 12 | 14 |
| 2 | മൃഗസംരക്ഷണവും ക്ഷീരോല്പാദനവും | 9 | 3 | 8 | 12 |
| 3 | ചെറുകിട ജലസേചനം | 3 | 1 | 3 | 4 |
| 4 | മത്സ്യബന്ധനം | 6 | 1 | 7 | 8 |
| 5 | സാമൂഹ്യ വനവത്ക്കരണം | 3 | - | - | 3 |
| 6 | ചെറുകിട വ്യവസായങ്ങൾ | 3 | 3 | 9 | 8 |
| 7 | ഭവനനിർമ്മാണം | 3 | 2 | 2 | 7 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | ജലവിതരണം | 2 | - | 2 | 2 |
| 9 | വൈദ്യുതിയും ഊർജ്ജവും | 2 | 1 | 2 | 3 |
| 10 | വിദ്യാഭ്യാസം | 3 | 1 | 7 | 6 |
| 11 | പൊതുമരാമത്ത് | 2 | 2 | 2 | 2 |
| 12 | പൊതുജനാരോഗ്യവും ശുചീകരണവും | 5 | 1 | 3 | 6 |
| 13 | സാമൂഹ്യ ക്ഷേമം | 5 | 1 | 2 | 7 |
| 14 | ദാരിദ്ര്യ നിർമ്മാർജ്ജനം | 3 | 2 | 1 | 5 |
| 15 | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 5 | 2 | 2 | 9 |
| 16 | കായികവിനോദവും സാംസ്കാരിക കാര്യങ്ങളും | 2 | - | 1 | 1 |
| 17 | പൊതുവിതരണ സമ്പ്രദായം | - | - | - | 3 |
| 18 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 2 | - | - | 2 |
| 19 | സഹകരണം | 2 | 2 | 2 | 2 |
|  | **ആകെ** | **76** | **28** | **65** | **104** |

അനുബന്ധം VI-ൽ കൊടുത്തിട്ടുള്ള പ്രവർത്തന മാപ്പിംഗ് ചാർട്ടിൽ വിശദമാക്കിയതു പോലെ, ഒരു പ്രത്യേക തലത്തിലുള്ള പഞ്ചായത്തിന് കൈമാറിയ ചുമതല മറ്റൊന്നിന്റേതുമായി ഇടകലരാത്ത രീതിയിലാണ് വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകൾക്ക് ചുമതലകൾ കൈമാറിയിട്ടുള്ളത്.

## അനുബന്ധം VI

## ചുമതലകളുടെ വിഭജനം

(പരാമർശം: ഖണ്ഡിക 3.3.6.1)

| ക്രമ നമ്പർ | പ്രവർത്തനം | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗര സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൃഷി | i. തരിശ്ഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക | i. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക | i. മേഖലാകൃഷിയിടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക | i. തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിക്കുക |
| | | ii. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക | ii. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക | ii. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികളിൽ സംയോജിത നീർമറികൾ പരിപാലിക്കുക | ii. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക |
| | | iii. മണ്ണ് സംരക്ഷണം | iii. കാർഷിക പ്രദർശനങ്ങൾ നടത്തുക | iii. കാർഷിക നിവേശങ്ങൾക്ക് വ്യവസ്ഥ ചെയ്യുക | iii. മണ്ണ് സംരക്ഷണം നടത്തുക |
| | | iv. ജൈവവള ഉൽപ്പാദനം | iv. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക | iv. മണ്ണ് പരിശോധിക്കുക | iv. ജൈവവളം ഉൽപ്പാദിപ്പിക്കുക |
| | | v. തവാരണങ്ങൾ സ്ഥാപിക്കുക | v. കാർഷിക വായ്പ സ്വരൂപിക്കുക | v. കീടങ്ങളെ നിയന്ത്രിക്കുക | v. തവാരണങ്ങൾ സ്ഥാപിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | vi. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കുക | vi. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക | vi. കാർഷികോൽപ്പന്നങ്ങളുടെ വിപണനം നടത്തുക | vi. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കുക |
| | | vii. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക | | vii. അലങ്കാര ചെടികൾ കൃഷിചെയ്യുക | vii. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക |
| | | viii. ഉദ്യാന കൃഷിയും പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കുക | | viii. കാർഷിക സഹകരണം വളർത്തുക | viii. ഉദ്യാന കൃഷിയും പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കുക |
| | | ix. കാലിത്തീറ്റ വിള വികസനം | | ix. വാണിജ്യ വിളകൾ വികസിപ്പിക്കുക | ix. കാലിത്തീറ്റ വിള വികസനം നടപ്പാക്കുക |
| | | x. സസ്യ സംരക്ഷണം | | x. ബയോ ടെക്നോളജി പ്രയോഗിക്കുക | x. സസ്യ സംരക്ഷണം |
| | | xi. വിത്തുൽപ്പാദനം | | xi. പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രൊജക്ടുകളും പ്രചരിപ്പിക്കുക | xi. വിത്തുൽപ്പാദനം |
| | | xii. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം | | xii. തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക | xii. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം നടപ്പാക്കുക |
| | | xiii. കൃഷിഭവനുകളുടെ നടത്തിപ്പ് | | | xiii. കൃഷിഭവനുകൾ നടത്തുക |
| | | | | | xiv. കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 2 | മൃഗ സംരക്ഷണവും ക്ഷീരോല്പാദനവും | i. കന്നുകാലി വികസന പരിപാടികൾ | i. വെറ്ററിനറി പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക | i. ജില്ലാതല മൃഗാശുപത്രികളും പരീക്ഷണശാലകളും നടത്തുക | i. കന്നുകാലി വികസന പരിപാടികൾ നടപ്പാക്കുക |
| | | ii. ക്ഷീരോല്പാദനം | ii. മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക | ii. ക്ഷീര വികസന യൂണിറ്റുകൾ നടത്തുക | ii. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക |
| | | iii. കോഴി വളർത്തൽ, തേനീച്ച വളർത്തൽ, ആട്ടുവളർത്തൽ മുതലായവ | iii. കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക | iii. ക്ഷീരോല്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക | iii. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക |
| | | iv. മൃഗാശുപത്രികൾ നടത്തുക | | iv. റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും ഗവേഷണ കേന്ദ്രങ്ങളും നടത്തുക | iv. മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക |
| | | v. ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക | | v. ജില്ലാതല പരിശീലനം നടപ്പാക്കുക | v. ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക |
| | | vi. മൃഗങ്ങളോടുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ | | vi. രോഗ പ്രതിരോധ പരിപാടികൾ നടപ്പാക്കുക | vi. മൃഗങ്ങളോടുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക |
| | | vii. മൃഗങ്ങളോടുള്ള ക്രൂരത തടയുക | | vii. ഫീൽഡ് ട്രയലുകളുടെയും | i. മൃഗങ്ങളോടുള്ള ക്രൂരത തടയുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | പൈലറ്റ് പദ്ധതികളുടെയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക | |
| | | viii. പ്രത്യുല്പാദന ക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക | | viii. പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും | viii. പ്രത്യുല്പാദന ക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക |
| | | ix. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക | | | ix. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക |
| | | | | | x. മൃഗപോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക |
| | | | | | xi. മൃഗസംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നൽകുക |
| | | | | | xii. കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക |
| 3 | ചെറുകിട ജലസേചനം | i. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക | ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക | i. ഭൂഗർഭ ജല സ്രോതസ്സുകൾ വികസിപ്പിക്കുക | i. മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തു വരുന്ന എല്ലാ ചെറുകിട ജലസേചനവും ലിഫ്റ്റ് പദ്ധതികൾ നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | ii. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക | | ii. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക | ii. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക |
| | | iii. ജല സംരക്ഷണം പ്രാവർത്തികമാക്കുക | | iii. കമാന്റ് ഏരിയാ വികസിപ്പിക്കുക | iii. ജല സംരക്ഷണം പ്രാവർത്തികമാക്കുക |
| | | | | | iv. ഭൂഗർഭജല സ്രോതസ്സുകളുടെ വികസനം നടപ്പാക്കുക |
| 4 | മത്സ്യബന്ധനം | i. മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും | i. പരമ്പരാഗത കടവുകളുടെ വികസനം | i. മത്സ്യ വിപണനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക | i. കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാര ജലത്തിലെയും മത്സ്യം വളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക |
| | | ii. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക | | ii. മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക | ii. മത്സ്യ കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും |
| | | iii. മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക | | iii. ജില്ലാതല മീൻവളർത്തൽ കേന്ദ്രങ്ങൾ, വല നിർമ്മാണ യൂണിറ്റുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ, | iii. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | തീറ്റമില്ലുകൾ, ഐസ് പ്ലാന്റുകൾ, ശീതീകരണികൾ ഇവ നിയന്ത്രിക്കുക | |
| | | iv. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക | | iv. ഫിഷറീസ് സ്കൂളുകൾ നിയന്ത്രിക്കുക | iv.മത്സ്യവിപണനത്തിനുള്ള സഹായം നൽകുക |
| | | v. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക | | v. നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക | v. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സേവനങ്ങൾ നൽകുക |
| | | | | vi. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാമഗ്രികൾ നൽകുക | vi.മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക |
| | | | | vii. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക | vii. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക |
| | | | | | viii. ഫിഷറീസ് സ്കൂളുകളുടെ ഭരണ നിയന്ത്രണം |
| 5 | സാമൂഹ്യ വനവൽക്കരണം | i. കാലിത്തീറ്റക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക | ഇല്ല | ഇല്ല | i.കാലിത്തീറ്റക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | ii. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചാരണങ്ങൾ സംഘടിപ്പിക്കുക | | | ii.വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധ വൽക്കരണം നടത്തുന്നതിനുമായി പ്രചാരണങ്ങൾ സംഘടിപ്പിക്കുക |
| | | iii. പാഴ് ഭൂമിയെ വനവൽക്കരിക്കുക | | | iii. പാഴ് ഭൂമി വനവൽക്കരിക്കൽ |
| 6 | ചെറുകിട വ്യവസായങ്ങൾ | i. കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക | i. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക | i. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക | i. കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക |
| | | ii. കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക | ii. എസ്. എസ്. ഐ. യുടെ മുന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയുള്ള വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക | ii. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക | ii. കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക |
| | | iii. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക | iii. വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക | iii.ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക | iii.പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക |
| | | | | iv.ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക | iv.മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക |
| | | | | v. വ്യവസായ സംരഭ വികസന പരിപാടികൾ നടത്തുക | v. എസ്.എസ്.ഐ. പരിധിയുടെ മുന്നിലൊന്ന് നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | vi. ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക | vi. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക |
| | | | | vii. പരിശീലനം നൽകുക | vii. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക |
| | | | | viii. ഇൻപുട്ട് സർവ്വീസും കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക | viii. വ്യവസായ സംരംഭ വികസന പരിപാടികൾ നടപ്പാക്കുക |
| | | | | ix. വ്യവസായ വികസന വായ്പാ പദ്ധതികൾ നടപ്പാക്കുക | |
| 7 | ഭവന നിർമ്മാണം | i. ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും, ഭവനങ്ങളും നൽകുക | i. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക | i. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യവികസനവും നടപ്പാക്കുക | i. ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും, ഭവനങ്ങളും നൽകുക |
| | | ii. ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുക | ii. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക | ii. ഭവന നിർമ്മാണത്തിനുള്ള പണം സ്വരൂപിക്കുക | ii. ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുക |
| | | iii. വാസഗൃഹങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക | | | iii. അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | iv. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക |
| | | | | | v. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക |
| | | | | | vi. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നടപ്പാക്കുക |
| | | | | | vii. ഭവന നിർമ്മാണത്തിനാവശ്യമായ ധനം സ്വരൂപിക്കുക |
| 8 | ജലവിതരണം | i. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് | ഇല്ല | i. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കുക | ii. അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ ഏർപ്പെടുത്തുക |
| | | ii. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ ഏർപ്പെടുത്തുക | | ii. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുക | ii. അതത് മുനിസിപ്പാലിറ്റികളിൽ ജലവിതരണ പദ്ധതികൾ ഏർപ്പെടുത്തുക |
| 9 | വിദ്യുച്ഛക്തിയും ഊർജ്ജവും | i. നിരത്തുവിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക | i. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക | i. മൈക്രോ-ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക | i. നിരത്തു വിളക്കുകൾ സ്ഥാപിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | ii. ജൈവവാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക | | ii. വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക | ii. ജൈവ വാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക<br>iii. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്തുക |
| 10 | വിദ്യാഭ്യാസം | i. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് | i. സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് | i.സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർപ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ) | i. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളും പ്രൈമറി സ്കൂളുകളും, ഹൈസ്കൂളുകളും നടത്തുക |
| | | ii. സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക | | ii. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ് | ii. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ നടത്തുക |
| | | iii. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോൽസാഹനവും | | iii. സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ് | iii. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക |
| | | | | iv. സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും പോളിടെക്നിക്കുകളുടെയും നടത്തിപ്പ് | iv. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക |

| 1 | 2 | 3 | 4 | 54 | 6 |
|---|---|---|---|---|---|
| | | | | v. സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ് | v. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും നടത്തുക |
| | | | | vi. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ് | vi. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക |
| | | | | vii. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ഏകോപിപ്പിക്കുക | |
| 11 | പൊതുമരാമത്ത് | i. ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക | i. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക | i. മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക | i. മുനിസിപ്പാലിറ്റികളിലെ, ദേശീയപാതയും സംസ്ഥാന പാതയും മേജർ ജില്ലാ റോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | ii. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടി യുള്ള കെട്ടിട നിർമ്മാണം നടത്തുക | ii.സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക | ii. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക | ii. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തുകിട്ടിയതുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക |
| 12 | പൊതു ജനാരോഗ്യവും ശുചീകരണവും | i. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക | i. ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക | i. ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക | i. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക |
| | | ii. മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക | | ii. പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസികരോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക | ii. ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃ സംരക്ഷണ ഭവനങ്ങളും നടത്തുക |
| | | iii. പ്രതിരോധ കുത്തിവെപ്പും മറ്റ് പ്രതിരോധ നടപടികളും നടത്തുക | | iii. കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുക | iii. രോഗ വിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക |
| | | iv. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക | | | iv. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക |
| | | v. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക | | | v. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | vi. മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക |
| 13 | സാമൂഹ്യ ക്ഷേമം | i. അങ്കണവാടികൾ നടത്തുക | ഐ.സി.ഡി.എസ്. -കൾ നടത്തുക | i. അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക | i. അങ്കണവാടികൾ നടത്തുക |
| | | ii. അഗതികൾക്കും, വിധവകൾക്കും, വികലാംഗർക്കും കർഷക തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക | | ii. വികലാംഗർ, അഗതികൾ മുതലായവർക്കായി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക | ii. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷക തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക |
| | | iii. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക | | | iii. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക |
| | | iv. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക | | | iv. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക |
| | | v. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക | | | v. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക |
| | | | | | vi. അനാഥാലയങ്ങൾക്ക് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | ഗ്രാന്റുകൾ നൽകുക |
| | | | | | vii. അംഗഭംഗം വന്നവർ, അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക |
| 14 | ദാരിദ്ര്യ നിർമ്മാർജ്ജനം | i. ദരിദ്രരെ കണ്ടെത്തുക | i. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക | i. സ്വയംതൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക | i.ദരിദ്രരെ കണ്ടെത്തുക |
| | | ii. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയംതൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക | ii. പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നൽകുകയും ചെയ്യുക | | ii.പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയംതൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക |
| | | iii. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക | | | iii. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | iv. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോട് കൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക |
| | | | | | v. സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക |
| 15 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം | i. എസ്.സി.പി./ റ്റി.എസ്.പി. ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക | i. പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം | i. പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി.) ഗോത്രവർഗ്ഗ ഉപപദ്ധതിയുടെയും (റ്റി.എസ്.പി.) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക |
| | | ii. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള നഴ്സറി സ്കൂളുകൾ നടത്തുക | ii. പട്ടിക ജാതി പട്ടികവർഗ്ഗ ക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക | | ii. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക |
| | | iii. പട്ടികജാതി പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക | | | iii. പട്ടികജാതി പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | iv. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക | | | iv. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക |
| | | v. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക | | | v. സഹായം അർഹിക്കുന്ന പട്ടിക ജാതികൾക്കും പട്ടിക വർഗ്ഗങ്ങൾക്കും വിവേചനാപൂർവ്വം സഹായം നൽകുക |
| | | | | | vi. മുനിസിപ്പൽ പ്രദേശത്ത് പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക |
| | | | | | vii. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃദ്ധി പ്പെടുത്തുക |
| | | | | | viii. മുനിസിപ്പൽ പ്രദേശത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക |
| | | | | | ix. മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർ ക്കുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്ര ങ്ങൾ നടത്തുക |
| 16 | കായി ക | i. കളിസ്ഥലങ്ങൾ നിർമ്മിക്കുക | ഇല്ല | സ്റ്റേഡിയങ്ങൾ നിർമ്മിക്കുക | കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | വിനോദവും സാംസ്കാരിക കാര്യങ്ങളും | ii. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ | | | |
| 17 | പൊതു വിതരണ സമ്പ്രദായം | i. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക | ഇല്ല | ഇല്ല | i. പൊതു വിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക |
| | | ii. അളവ് തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക | | | ii. അളവ് തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക |
| | | iii. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റ് പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗ്ഗ നിർദ്ദേശവും ആവശ്യമെങ്കിൽ പുതിയ പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക | | | iii. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റ് പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടം വഹിക്കുകയും |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക |
| 18 | പ്രകൃതി ക്ഷോഭ ദുരിതാ ശ്വാ സം | i. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക | ഇല്ല | ഇല്ല | i. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക |
| | | ii. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണികൾ നടത്തുക | | | ii. ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക |
| 19 | സഹക രണം | i. ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക | i. ബ്ലോക്ക് പഞ്ചായത്ത് അതിർത്തി കളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക | i. ജില്ലാ പഞ്ചായത്ത് അതിർത്തി കളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക | i. മുനിസിപ്പൽ അതിർത്തികളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക |
| | | ii. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | ii. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടു ത്തുക | ii. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | ii. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക |

### 3.3.6.2 ചുമതലകളുടെ അപര്യാപ്തമായ കൈമാറ്റം

ചെറു വനവിഭവങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നതിന് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അവ കൈമാറിയിട്ടില്ല. അതുപോലെ, 74-ാമത് ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 18 വിഷയങ്ങളിൽ ഒന്നായ അഗ്നിശമനവുമായി ബന്ധപ്പെട്ട ഒരു ചുമതലയും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല.

### 3.3.6.3 ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് കൈമാറിയ ചുമതല നിർവ്വഹിക്കുന്നതിലെ പോരായ്മകൾ

പഞ്ചായത്ത് രാജ് നിയമപ്രകാരവും മുനിസിപ്പാലിറ്റി നിയമപ്രകാരവും വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയെന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുള്ള ഒരു ചുമതലയാണ്. എന്നിരുന്നാലും, സർക്കാരും മറ്റ് തലങ്ങളിലുള്ള പഞ്ചായത്തുകളും ഈ ചുമതല നിർവ്വഹിച്ചു എന്ന് ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ വ്യക്തമായി തത്ഫലമായി തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, ഭവനനിർമ്മാണ പദ്ധതിയുടെ സമാന്തര നിർവ്വഹണത്തിനും ചുമതലകളുടെ ഇടകലരലിനും ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ വികലമായ നിർവ്വഹണത്തിനും ഇടയാക്കി.

### 3.3.6.4 സമാന്തര നിർവ്വഹണം

പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരുന്ന 181 കോടി രൂപയിൽ 138.07 കോടി രൂപ പട്ടികജാതി വികസന വകുപ്പ് 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ചെലവഴിച്ചു. ഈ കാലയളവിൽത്തന്നെ ഇതേ ചുമതല ഗ്രാമപഞ്ചായത്തുകളും നഗര സ്വയംഭരണ സ്ഥാപനങ്ങളും നിർവ്വഹിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതിക്ക് വീടൊന്നിന് അനുവദിച്ച 35,000 രൂപയുടെ സ്ഥാനത്ത്, സർക്കാർ നടപ്പിലാക്കിയ പദ്ധതിക്കുള്ള ധനസഹായം 70,000 രൂപയായിരുന്നു. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളിൽ ദൃശ്യമായതുപോലെ, നിരക്കിലുള്ള സാരമായ ഈ വ്യതിയാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഭവനനിർമ്മാണ പദ്ധതികളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. സർക്കാരും ഈ ബ്ലോക്കുപഞ്ചായത്തും 2002-03-ൽ ഒരേ സമയത്തുതന്നെ ഈ പ്രദേശത്ത് ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുത്ത 22 ഗുണഭോക്താക്കളിൽ മൂന്നുപേർ (13.64 ശതമാനം) മാത്രമാണ് പണി പൂർത്തിയാക്കിയത്. എന്നാൽ, പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതി അനുസരിച്ച് 67 ഗുണഭോക്താക്കളിൽ 63 പേർ വീടുപണി പൂർത്തിയാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതിയിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമായ രീതിയിൽ ഗ്രാമസഭ നടത്തിയപ്പോൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭയാണ് നടത്തേണ്ടത് എന്ന മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി വകുപ്പുതല ഉദ്യോഗസ്ഥരാണ് സർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

### 3.3.6.5 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അനധികൃതമായി വീടുകൾ നിർമ്മിച്ചത്

ഓരോ തലത്തിലുള്ള പഞ്ചായത്തിനും കൈമാറിയിട്ടുള്ള ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ചുമതലകൾ ഒന്നിനോടൊന്ന് വ്യത്യസ്തവും ഒരേ ചുമതല വ്യത്യസ്ത തലങ്ങൾ കൈകാര്യം ചെയ്യാൻ പാടില്ലാത്തതുമാണ്. എല്ലാ വിഭാഗങ്ങളിലുംപെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് വീടുകൾ നൽകുക എന്ന ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി കൈമാറിയിട്ടുള്ള ഒന്നാണ്. ഇതിനു വിരുദ്ധമായി രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (വർക്കല ബ്ലോക്ക് പഞ്ചായത്തും ആലപ്പുഴ ജില്ലാപഞ്ചായത്തും) താഴെ വിവരിക്കുന്ന പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

| ക്രമ നമ്പർ | ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിന്റെ പേര് | ഏറ്റെടുത്ത ഭവന നിർമ്മാണ പദ്ധതി | വർഷം | യൂണിറ്റുകളുടെ എണ്ണം | അടങ്കൽ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | വർക്കല ബ്ലോക്ക് പഞ്ചായത്ത് | പട്ടികജാതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും ധനസഹായം | 2002-03 | 22 | 11.99 |
| 2 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം | 2005-06 | 70 | 35.00 |

സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയത്. പഞ്ചായത്ത് രാജ് നിയമത്തിനനുസൃതമായിട്ടല്ല സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് ഇത് സൂചിപ്പിക്കുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ 70 ആയിരുന്നെങ്കിലും ധനസഹായ ത്തിന്റെ ആദ്യ ഗഡു ഗ്രാമസഭ തെരഞ്ഞെടുക്കാത്തവരുൾപ്പെടെ 252 പേർക്ക് നൽകി (2006 ഡിസംബർ).

### 3.3.6.6 ചുമതലകളുടെ ഇടകലരൽ

വിവിധ തലങ്ങളിലേയ്ക്കുള്ള ചുമതലകളുടെ കൈമാറ്റത്തിന് പിന്നിലുള്ള മൗലിക തത്വം, ഒരു പ്രത്യേകതലത്തിന് അനുയോജ്യമായത് ആ തലത്തിലുള്ള പഞ്ചായത്താണ് നിർവ്വഹിക്കേണ്ടത് എന്നും ഉയർന്ന തലത്തിലുള്ളവയല്ല എന്നും ആണ്. പ്രത്യേകമായതും

തങ്ങൾക്കുമാത്രം ബാധകമായിട്ടുള്ളതുമായ ചുമതലകളാണ് അവയുടെ ഭരണാധികാരമുൾപ്പെടെ ഓരോ തലത്തിലുള്ള പഞ്ചായത്തുകൾക്കും പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നും നാലുംഅഞ്ചും പട്ടികകൾ പ്രകാരം കൈമാറിയിട്ടുള്ളത്. പരിശോധിച്ച മൂന്ന് ജില്ലാ പഞ്ചായത്തുകളിൽ, ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ള ചുമതലകളുമായി മാത്രം ബന്ധപ്പെട്ട 101 പദ്ധതികൾ താഴെ വിവരിക്കുന്നത് പ്രകാരം 2001-02 മുതൽ 2005-06 വരെ 8.99 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുകയുണ്ടായി:

| ക്രമ നമ്പർ | പദ്ധതി നടപ്പിലാക്കിയ ജില്ലാപഞ്ചായത്തിന്റെ പേര് | മറ്റ് പഞ്ചായത്തുകളുടെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ എണ്ണം | | | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ആകെ | |
| 1 | ആലപ്പുഴ | 2 | 18 | 20 | 1.41 |
| 2 | പാലക്കാട് | 7 | 35 | 42 | 6.40 |
| 3 | കണ്ണൂർ | - | 39 | 39 | 1.18 |
| **ആകെ** | | **9** | **92** | **101** | **8.99** |

**3.3.6.7** താഴെപ്പറയുന്ന അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട 75 പദ്ധതികൾ 0.90 കോടി രൂപ ചെലവിൽ നടപ്പിലാക്കി:

| ക്രമ നമ്പർ | പദ്ധതി നടപ്പിലാക്കിയ ബ്ലോക്ക്പഞ്ചായത്തിന്റെ പേര് | ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ എണ്ണം | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|
| 1 | അമ്പലപ്പുഴ | 13 | 0.04 |
| 2 | കഞ്ഞിക്കുഴി | 19 | 0.35 |
| 3 | പാലക്കാട് റൂറൽ | 33 | 0.35 |
| 4 | മലമ്പുഴ | 1 | 0.01 |
| 5 | എടക്കാട് | 9 | 0.15 |
| **ആകെ** | | **75** | **0.90** |

മേൽ കാണിച്ച ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും 9.89 കോടി രൂപ താഴെ തലങ്ങളിലുള്ള പഞ്ചായത്തുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നതിനുപകരം തങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ നിർവ്വഹിക്കുന്നതിന് വിനിയോഗിക്കാമായിരുന്നു.

### 3.3.6.8 സഹകരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം

സഹകരണ സംഘങ്ങളുടെ സംഘാടനവും ശാക്തീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള പ്രധാനപ്പെട്ട ഒരു ചുമതലയാണ്. എന്നാൽ മൂന്നുവീതം ജില്ലാ പഞ്ചായത്തുകളും[1] മുനിസിപ്പാലിറ്റികളും[2] ഈ ചുമതലയുമായി ബന്ധപ്പെട്ട ഒരു പദ്ധതിയും തങ്ങളുടെ വാർഷിക പദ്ധതിയിൽ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തിയില്ല. ഇവയിൽ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2002-03 വരെ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. താഴെ തട്ടിലുള്ള ശേഷി വികസനത്തിന്റെ, സാമൂഹ്യ പ്രാധാന്യമേറിയ ഒരു സുപ്രധാന മേഖലയിൽ ഇടപെടുന്നതിന് ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു.

### 3.3.6.9 പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്താത്തത്

പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക, അളവുതൂക്കങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, റേഷൻകടകളുടെ പൊതുമേൽനോട്ടം വഹിക്കുകയും അവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക മുതലായവയാണ് ഗ്രാമസഭകൾക്കും നഗരസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട് കൈമാറിയ പ്രവർത്തനങ്ങൾ. പരിശോധിച്ച പത്ത് ഗ്രാമപഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിയ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല. ഗ്രാമപഞ്ചായത്തുതലത്തിൽ ഇടപെടൽ ആവശ്യമായിരുന്ന അനേകം ക്രമക്കേടുകൾ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു സ്ഥിതിവിശേഷം ഇത് സൃഷ്ടിച്ചു. താലൂക്കുതല ഉദ്യോഗസ്ഥർ പരിശോധനക്കിടയിൽ പിന്നീട് ഇവ കണ്ടുപിടിക്കുകയുണ്ടായി. നിയമങ്ങൾ നൽകിയ അധികാരങ്ങൾ പ്രയോഗിച്ച് പൊതുവിതരണ സമ്പ്രദായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജ്ജിതമായ ഇടപെടൽ ആ പ്രദേശത്തെ ഉപഭോക്താക്കളുടെ താല്പര്യസംരക്ഷണത്തിൽ വലിയ സ്വാധീനം ചെലുത്തുകയും അധികാര വികേന്ദ്രീകരണത്തിന്റെ ഗുണഫലത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യുമായിരുന്നു.

### 3.3.6.10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാത്ത പ്രവർത്തനങ്ങൾ

പരിശോധിച്ച രണ്ട് ജില്ലാപഞ്ചായത്തുകളും മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, ക്ഷീരവികസനം, കൃഷി എന്നീ മേഖലകളിൽ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങളും ഉപപ്രവർത്തനങ്ങളും താഴെ വിവരിക്കും പ്രകാരം ഏറ്റെടുത്ത് നടത്തിയില്ല:

---

1. ആലപ്പുഴ, കണ്ണൂർ, പാലക്കാട്
2. ആലപ്പുഴ, കണ്ണൂർ, ഒറ്റപ്പാലം

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ചുമതല | നടത്താത്ത പ്രവർത്തനങ്ങളും ഉപപ്രവർത്തനങ്ങളും | കാലയളവ് |
|---|---|---|---|---|
| 1 | ആലപ്പുഴ ജില്ലാപഞ്ചായത്ത് | മൃഗ സംരക്ഷണം | രോഗപ്രതിരോധ പരിപാടികൾ, ഫീൽഡ് ട്രയലുകളുടെയും പൈലറ്റ് പദ്ധതികളുടെയും നൂതന രീതികൾ പ്രചരിപ്പിക്കുക, പ്രാദേശിക ഗവേഷണം | 2001-02 മുതൽ 2005-06 വരെ |
| 2 | പാലക്കാട് ജില്ലാപഞ്ചായത്ത് | മണ്ണ് സംരക്ഷണം | മണ്ണ് പരിശോധന | 2001-02 മുതൽ 2005-06 വരെ |
| 3 | പാലക്കാട് ജില്ലാപഞ്ചായത്ത് | ക്ഷീര വികസനം | ഡയറികൾ നടത്തുക, എക്സ്റ്റൻഷൻ യൂണിറ്റുകൾ നടത്തുക, ക്ഷീരസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക | 2001-02 മുതൽ 2005-06 വരെ |
| 4 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | കൃഷി | കൃഷിക്കാരുടെ പരിശീലനം, ഗ്രാമീണ പദ്ധതികൾക്കുള്ള കാർഷിക നിവേശങ്ങൾ, കാർഷിക പ്രദർശനം, കാർഷിക വായ്പ ഏർപ്പെടുത്തുക, പട്ടുനൂൽകൃഷി പ്രോത്സാഹനം | 2004-05 മുതൽ 2005-06 വരെ |
| 5 | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കൃഷി | എല്ലാ[1] ഉപപ്രവർത്തനങ്ങളും | 2001-02 2005-06 |
| 6 | പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | കൃഷി | എല്ലാ[1] ഉപപ്രവർത്തനങ്ങളും | 2001-02 2005-06 |

1 കൃഷിക്കാരുടെ പരിശീലനം, കൃഷി ആവശ്യങ്ങൾക്കുള്ള വസ്തുക്കൾ സംഘടിപ്പിക്കുക, പ്രദർശനം നടത്തുക, നീർമറി പ്രദേശ മാനേജ്മെന്റ്, കാർഷിക വായ്പ സംഘടിപ്പിക്കുക, പട്ടുനൂൽകൃഷി പ്രോത്സാഹിപ്പിക്കുക.

ഗ്രാമീണ ജനവിഭാഗങ്ങളുടെ വികസനത്തിൽ നേരിട്ട് സ്വാധീനം ചെലുത്തുന്ന കാതലായ ഈ മേഖലകളെ ഒഴിവാക്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുള്ള വിവേചനരാഹിത്യമാണ് സൂചിപ്പിക്കുന്നത്. മേൽ കൊടുത്തിട്ടുള്ള ചുമതലകൾക്ക് കീഴിൽ പദ്ധതികളൊന്നും ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണങ്ങൾ ആവശ്യപ്പെട്ടത് ലഭിച്ചിട്ടില്ല. (2007 മാർച്ച്)

### 3.3.7 സ്ഥാപനങ്ങളുടെ കൈമാറ്റം

ചുമതലകളും ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ (1995 സെപ്റ്റംബർ) കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും കൈമാറ്റം വിഭാവനം ചെയ്തിരുന്നു. അങ്ങനെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, കൃഷിത്തോട്ടങ്ങൾ, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, മൃഗാശുപത്രികൾ മുതലായവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതായിരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനമായി കണക്കാക്കേണ്ടതാണ്. ഓരോ തലത്തിലുള്ള പഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം VII-ൽ കൊടുത്തിരിക്കുന്നു.

**അനുബന്ധം VII**

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ**

(പരാമർശം : ഖണ്ഡിക 3.3.7)

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | കൈമാറിയ സ്ഥാപനങ്ങൾ | | | |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി/ നഗരസഭ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൃഷി | കൃഷി ഭവൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് | i. മണ്ണ് പരിശോധന ലാബ്<br>ii. ജില്ലാ വിപണന ഓഫീസ്<br>iii. ജില്ലാ ഫാമുകൾ | കൃഷി ഭവൻ |
| 2 | മൃഗസംരക്ഷണം | i. വെറ്ററിനറി ഡിസ്പെൻസറി<br>ii. സംയോജിത കന്നുകാലി | i. വെറ്ററിനറി പോളിക്ലിനിക്<br>ii മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രം | i. ജില്ലാ മൃഗാശുപത്രിയും പരിശീലന കേന്ദ്രങ്ങളും | i. വെറ്ററിനറി ഉപകേന്ദ്രം<br>ii. വെറ്ററിനറി ഡിസ്പെൻസറി/ |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | വികസന പദ്ധതി ഉപകേന്ദ്രം | | ii. സഞ്ചരിക്കുന്ന മൃഗാശുപത്രിയും ഫാം യൂണിറ്റും<br>iii. ജില്ലാ മൃഗാശുപത്രിയോടനുബന്ധിച്ചല്ലാത്ത ക്ലിനിക്കൽ ലാബ്.<br>iv. സംയോജിത കന്നുകാലി വികസന പദ്ധതി ഏരിയാ ഓഫീസ് | ആശുപത്രി<br>iii. വെറ്ററിനറി പോളിക്ലിനിക്ക് |
| 3. | പൊതുജനാരോഗ്യം | i. പ്രാഥമികാരോഗ്യകേന്ദ്രം/ ഗ്രാമീണ ആശുപത്രി<br>ii. മാതൃ ശിശു ക്ഷേമ കേന്ദ്രം<br>iii. ഉപകേന്ദ്രം | i. ബ്ലോക്ക് തല പ്രാഥമികാരോഗ്യ കേന്ദ്രം<br>ii. സാമൂഹ്യ ആരോഗ്യ കേന്ദ്രം<br>iii. താലൂക്ക് ആശുപത്രി/ സർക്കാർ ആശുപത്രി | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലൊഴിച്ചുള്ള ജില്ലാ ആശുപത്രികൾ | i. സാമൂഹ്യ ആരോഗ്യ കേന്ദ്രം<br>ii. താലൂക്ക് ആശുപത്രി<br>iii. സർക്കാർ ആശുപത്രി |
| 4 | ഇന്ത്യൻ സമ്പ്രദായത്തിലുള്ള ചികിത്സ (ആയുർവ്വേദം) | ആയുർവ്വേദ ആശുപത്രി/ ഡിസ്പെൻസറി | താലൂക്ക് ആയുർവ്വേദ ആശുപത്രി | ജില്ലാ ആയുർവ്വേദ ആശുപത്രി | i. ആയുർവ്വേദ ആശുപത്രി/ ഡിസ്പെൻസറി<br>ii. താലൂക്ക് ആയുർവ്വേദ ആശുപത്രി |
| 5. | ഹോമിയോപ്പതി | ഹോമിയോ ഡിസ്പെൻസറി ആശുപത്രി | താലൂക്ക് ഹോമിയോ ആശുപത്രി | ജില്ലാ ഹോമിയോ ആശുപത്രി | i. ഹോമിയോ/ ഡിസ്പെൻസറി ആശുപത്രി<br>ii. താലൂക്ക് ആശുപത്രി |
| 6. | പൊതുവിദ്യാഭ്യാസം | സർക്കാർ പ്രീ-പ്രൈമറി സ്കൂൾ, ലോവർ | | ഹൈസ്കൂൾ, ഹൈസ്കൂളുകളോടൊപ്പമുള്ള എൽ.പി./ | i. സർക്കാർ പ്രീ-പ്രൈമറി സ്കൂൾ |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ | | യു. പി. സ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, അദ്ധ്യാപക പരിശീലന കേന്ദ്രം, സ്പെഷ്യൽ സ്കൂൾ | ii.ലോവർ/ അപ്പർ പ്രൈമറി സ്കൂൾ iii.ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂൾ |
| 7. | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | i. ബാലവാടി, ബാലവാടി ഭക്ഷണം നൽകുന്ന കേന്ദ്രം, നഴ്സറി സ്കൂൾ, സീസണൽ ഡേ കെയർ സെന്റർ, മിഡ് വൈഫറി സെന്റർ, ഡോർമെറ്ററി, ആയുർവ്വേദ ഡിസ്പെൻസറി | i. ബ്ലോക്ക്തല പട്ടികജാതി വികസന കേന്ദ്രം ii. പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസ് iii. പ്രീ -മെട്രിക് ഹോസ്റ്റൽ | | i.നഴ്സറി സ്കൂൾ ii.പ്രീ-മെട്രിക് ഹോസ്റ്റൽ |
| 8. | ഗ്രാമവികസനം | ഗ്രാമവികസന ഓഫീസ് | ബ്ലോക്ക് വികസന ഓഫീസ് | | |
| 9. | സാമൂഹ്യക്ഷേമം | അങ്കണവാടി | | | അങ്കണവാടി ഡേകെയർ സെന്റർ |
| 10. | മത്സ്യബന്ധനം | മത്സ്യഭവൻ | | ഫിഷറീസ് സ്കൂൾ | മത്സ്യഭവൻ |
| 11. | വ്യവസായ വകുപ്പ് | | | ജില്ലാ വ്യവസായ കേന്ദ്രം | |

**3.3.7.1 കൈമാറിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കാത്തത്**

കൈമാറിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനമായി കണക്കാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (2003 ഫെബ്രുവരി). താഴെപ്പറയുന്ന കൈമാറിയ സ്ഥാപനങ്ങൾ 2003-04 മുതൽ 2005-06 വരെയുള്ള കാലയളവിൽ ആർജ്ജിച്ച ഒരു കോടി രൂപയുടെ വരുമാനം ബന്ധപ്പെട്ട ജില്ലാപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തില്ല എന്ന് രണ്ട് ജില്ലാപഞ്ചായത്തുകളുടെ കണക്കുകൾ പരിശോധിച്ചപ്പോൾ വെളിവായി.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ജില്ലാ പഞ്ചായത്തിന്റെ പേര് | കൈമാറിയ സ്ഥാപനത്തിന്റെ പേര് | കൈമാറാത്ത വരുമാനം | | | |
|---|---|---|---|---|---|---|
| | | | 2003-04 | 2004-05 | 2005-06 | ആകെ |
| 1 | കണ്ണൂർ | 1. സംസ്ഥാന സീഡ് ഫാം, കരിമ്പം | 6.49 | 4.56 | 5.90 | 16.95 |
| | | 2. ജില്ലാ കൃഷി ത്തോട്ടം, തളിപ്പറമ്പ് | 21.95 | 17.39 | 23.94 | 63.28 |
| | | 3. കോക്കനട്ട് നഴ്സറി, പാലക്കാട് | 3.42 | 2.05 | ഇല്ല | 5.47 |
| 2 | ആലപ്പുഴ | വിത്ത് വികസന കേന്ദ്രം, വീയപുരം | ഇല്ല | 14.44 | ഇല്ല | 14.44 |
| | | **ആകെ** | **31.86** | **38.44** | **29.84** | **100.14** |

മേൽപ്പറഞ്ഞ തുകയിൽ 87.70 ലക്ഷം രൂപ സർക്കാരിൽ അടച്ചു. വീയപുരം വിത്തുല്പാദന കേന്ദ്രത്തിനെതിരെ കാണിച്ചിട്ടുള്ള 14.44 ലക്ഷം രൂപ സംസ്ഥാന വിത്തുല്പാദന അതോറിറ്റിക്ക് വിത്ത് നൽകിയതിന്റെ വിലയാണ്. അത് ഈടാക്കിയിട്ടില്ല (2007 മാർച്ച്). കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ആദായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

### 3.3.7.2 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ കൈമാറാത്തത്

പട്ടികജാതി വിദ്യാർത്ഥികളെ താമസിപ്പിക്കാനുദ്ദേശിച്ചുള്ളതും പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ളതായ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ബന്ധപ്പെട്ട ജില്ലാപഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും 1995 ഒക്ടോബർ 2 മുതൽ കൈമാറുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിറക്കി 11 വർഷം കഴിഞ്ഞിട്ടും 15 ഹോസ്റ്റലുകളിൽ ഒന്നുപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയില്ല (2006 ഡിസംബർ). 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഈ ഹോസ്റ്റലുകൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന ബജറ്റിൽ 14.34 കോടി രൂപ സർക്കാർ വകയിരുത്തിയ സ്ഥാനത്ത്, വകുപ്പ് ചെലവാക്കിയ തുക 9.36 കോടി രൂപയായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്തേവാസികളുടെ തെരഞ്ഞെടുപ്പിലോ അതിന്റെ നടത്തിപ്പിലോ ഒരു പങ്കുമില്ലായിരുന്നു. ഇത് അധികാര വികേന്ദ്രീകരണ തത്വങ്ങൾക്കെതിരായിരുന്നു.

### 3.3.7.3 ഉപയോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കാതെയുള്ള നിർമ്മാണം

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ എം.പി./എം.എൽ.എ. പ്രദേശിക വികസന പദ്ധതിയിൻകീഴിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിക്കുകയുണ്ടായി. ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥരായ ജില്ലാ കളക്ടർമാർ അവ നിർമ്മിക്കുന്നതിന് മുമ്പ് ഉപയോക്താക്കൾക്ക് കെട്ടിടംകൊണ്ടുള്ള ആവശ്യമെന്താണെന്ന് തിട്ടപ്പെടുത്തിയില്ല. അതിന്റെ ഫലമായി, അടിസ്ഥാന ആവശ്യങ്ങൾ ഏർപ്പെടുത്താൻ പറ്റാതെ വരികയും അവ വെറുതെ കിടക്കുന്നതിനോ അനുയോജ്യമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതിനോ ഇടയാക്കുകയും ചെയ്തു. ഇത് ദുർലഭമായ വിഭവങ്ങളുടെ നിഷ്ക്രിയതയിലേയ്ക്ക് നയിച്ചു.

### 3.3.8 പദ്ധതികളുടെ കൈമാറ്റം

ചുമതലകൾക്കും സ്ഥാപനങ്ങൾക്കുമൊപ്പം പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലും പ്രതിപാദിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളും സർക്കാർ കൈമാറുകയുണ്ടായി. സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരുന്ന പ്ലാൻ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സംസ്ഥാനാവിഷ്കൃത പദ്ധതികളായി കൈമാറ്റം ചെയ്തു. ഇതിനുവേണ്ട തുക സംസ്ഥാന ബജറ്റിൽ ഓരോ വർഷവും ഉൾക്കൊള്ളിച്ചിരുന്നു. ഈ പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുകകൾ അവയുടെ നടത്തിപ്പിനുവേണ്ടി വിനിയോഗിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുകയുണ്ടായി.

### 3.3.8.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ കൈമാറ്റം ചെയ്യാത്തത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകകൾ വിനിയോഗിച്ചു കൊണ്ട് കൃഷി, വ്യവസായവും വാണിജ്യവും, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ താഴെ വിവരിക്കും പ്രകാരം തുടർന്നും നടപ്പിലാക്കി പോന്നു.

(രൂപ കോടിയിൽ)

| വർഷം | കൈമാറിയ ചുമതലകൾക്കായി വിനിയോഗിച്ച തുകകളുടെ വിവരങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | കൃഷി | | പട്ടിക ജാതി വികസനം | | പട്ടിക വർഗ്ഗ വികസനം | | വ്യവസായവും വാണിജ്യവും | | ആകെ | |
| | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് |
| 2001-02 | 3.20 | 1.84 | 27.49 | 22.31 | 3.11 | 2.95 | ലഭ്യമല്ല | ലഭ്യമല്ല | 33.80 | 27.10 |
| 2002-03 | 3.20 | 2.30 | 159.88 | 123.41 | 8.46 | 4.07 | 20.17 | 20.17 | 191.71 | 149.95 |
| 2003-04 | 2.30 | 2.09 | 42.81 | 78.94 | 3.73 | 3.00 | 24.25 | 23.59 | 73.09 | 107.62 |
| 2004-05 | 3.20 | 2.80 | 83.63 | 66.81 | 2.76 | 1.76 | 19.42 | 19.13 | 109.01 | 90.50 |
| 2005-06 | 4.76 | 4.58 | 125.89 | 98.17 | 2.48 | 2.11 | 16.32 | 15.33 | 149.45 | 120.19 |
| ആകെ | 16.66 | 13.61 | 439.70 | 389.64 | 20.54 | 13.89 | 80.16 | 78.22 | 557.06 | 495.36 |
| വാർഷിക ശരാശരി | 3.33 | 2.72 | 87.94 | 77.93 | 4.11 | 2.78 | 20.04 | 19.56 | 111.41 | 99.07 |

കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട 25 പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഈ വകുപ്പുകൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ 557.06 കോടി രൂപ വകയിരുത്തി. ഇതിൽ 495.36 കോടി രൂപ പ്രസ്തുത വകുപ്പുകൾ ചെലവഴിച്ചു. ഈ റിപ്പോർട്ടിലെ 3.3.6.4 ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതു പോലെ ഭവന നിർമ്മാണത്തിനുവേണ്ടി ചെലവുചെയ്ത 138.07 കോടി രൂപയും ഈ തുകയിൽ ഉൾപ്പെട്ടിരിക്കുന്നു. ചുമതലകൾ കൈമാറ്റം ചെയ്യപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത തുകകൾ നൽകുന്നതിനു പകരം സർക്കാർ വകുപ്പുകൾക്ക് നൽകിയത് നിയമ വ്യവസ്ഥകളുടെ ലംഘനമായിരുന്നു.

### 3.3.8.2 സർക്കാർ നിലനിർത്തിയ മുഖ്യ പദ്ധതികൾ

മേൽ വകുപ്പുകൾ 2001-02 മുതൽ 2005-06 വരെ നടപ്പാക്കിയ 25 പദ്ധതികളിൽ 306.47 കോടി രൂപ ഉൾപ്പെടുന്ന 11 എണ്ണം എടുത്തുപറയത്തക്കതായിരുന്നു. അവയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | പദ്ധതി | ഉദ്ദേശം | പദ്ധതി കൈമാറേണ്ടിയിരുന്ന ത.സ്വ.ഭ. സ്ഥാപനം | ബജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കൃഷി | കൃഷി ഫാമുകളുടെ നവീകരണം | കൃഷി സാങ്കേതികവിദ്യയുടെ പ്രദർശന കേന്ദ്രങ്ങളായി ഫാമുകളെ മാറ്റുക | ജില്ലാ പഞ്ചായത്ത് | 6.20 | 5.93 |
| | | കീടനിയന്ത്രണം, | പ്രധാന വിളകളുടെ കീടങ്ങൾക്കെതിരായ ജാഗ്രതാ പരിപാടി | ജില്ലാ പഞ്ചായത്ത് | 3.96 | 2.89 |
| | | ചെറുഫാമുകളുടെ യന്ത്രവത്ക്കരണം | കൃഷിച്ചെലവുകൾ കുറയ്ക്കുന്നതിന് അനുയോജ്യമായ യന്ത്രവത്ക്കരണ രീതികൾ സ്വീകരിക്കുക | ഗ്രാമ പഞ്ചായത്ത് | 3.50 | 2.13 |
| 2 | പട്ടികജാതി വികസനം | പ്രീ-മെട്രിക് പഠനം | പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകൽ | ഗ്രാമ പഞ്ചായത്ത് | 5.63 | 5.06 |
| | | പോസ്റ്റ് മെട്രിക് പഠനം | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, | ഗ്രാമ പഞ്ചായത്ത് | 197.42 | 201.61 |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| | | | പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, മെസ് ഫീസ് മുതലായവ നൽകൽ | | | |
| 3 | പട്ടിക വർഗ്ഗ വികസനം | ട്യൂട്ടോറിയൽ പദ്ധതി | വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് സ്കൂളിൽ പോകുന്ന കുട്ടികൾക്കും X-ഉം XII-ഉം സ്റ്റാൻഡേർഡു കളിൽ തോറ്റ കുട്ടികൾക്കും പ്രത്യേക പരിശീലനം | ഗ്രാമ പഞ്ചായത്ത് | 7.40 | 2.51 |
| | | ഭവന നിർമ്മാണം | 75,000 രൂപയുടെ ഉയർന്ന പരിധിക്ക വിധേയമായി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടു വയ്ക്കുന്നതിനുള്ള ധനസഹായം | ഗ്രാമ പഞ്ചായത്ത് | 8.33 | 8.17 |
| | | മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പാരിതോഷികം | ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും കാഷ് അവാർഡും നൽകൽ | ഗ്രാമ പഞ്ചായത്ത് | 0.80 | 0.69 |
| | | സംസ്ഥാന നിക്ഷേപ സബ്സിഡി | ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി, വായ്പാ ബന്ധിത ഗ്രാമീണ വ്യവസായ വികസന പദ്ധതികൾ, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ മുതലായവ | ജില്ലാ പഞ്ചായത്ത് | 75.83 | 75.10 |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 4 | വ്യവസായവും വാണിജ്യവും | വ്യവസായ എസ്റ്റേറ്റുകളുടെ ശാക്തീകരണം | ഉപയോഗശൂന്യമായ റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗിച്ചുള്ള വ്യവസായങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം | ജില്ലാ പഞ്ചായത്ത് | 0.97 | 0.65 |
| | | കരകൗശല കൈത്തൊഴിൽ മേഖലയിൽ സംരംഭക സഹായം | പിന്നാക്ക/ന്യൂനപക്ഷ വിഭാഗത്തിൽപ്പെടാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കരകൗശല തൊഴിലാളി കൾക്ക് വായ്പയും മാർജിൻ മണി വായ്പയും എടുക്കുന്നതിന് പത്തുശതമാനം വിഹിതം വഹിക്കുന്നതിന് | ജില്ലാ പഞ്ചായത്ത് | 1.80 | 1.73 |
| ആകെ | | | | | 311.84 | 306.47 |

കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികൾ സർക്കാർ വകുപ്പുകൾ നിലനിർത്തിയതും അതിനു വേണ്ടി തുക ചെലവഴിച്ചതും ക്രമരഹിതമായിരുന്നു.

### 3.3.8.3 വനിതാ വ്യവസായ പരിപാടി ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കാത്തത്

വ്യവസായ രംഗത്ത് സ്ത്രീകൾ അനുഭവിക്കുന്ന വിഷമതകൾ ലഘൂകരിക്കുവാനും വ്യവസായ സംരംഭങ്ങളിൽ പങ്കെടുക്കുന്നതിന് കൂടുതൽ സ്ത്രീകളെ ആകർഷിക്കുവാനും വേണ്ടി വനിതാവ്യവസായ യൂണിറ്റുകൾക്ക് കെട്ടിടങ്ങൾക്കും യന്ത്രങ്ങൾക്കുമുള്ള ധനസഹായം, വാടക സബ്സിഡി, മാനേജീരിയൽ ഗ്രാന്റ്, പരിശീലനാർത്ഥികൾക്കുള്ള സ്റ്റൈപന്റ് എന്നിവ നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് വനിതാ വ്യവസായ പരിപാടി. ഈ പദ്ധതി നഗര പ്രദേശങ്ങളിലുള്ളവയുൾപ്പെടെ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും (1997 ഡിസംബർ) അത് നടപ്പിലാക്കുവാൻ പ്രത്യേക തുകകളൊന്നും സർക്കാർ വകയിരുത്തിയില്ല. അതിന്റെ ഫലമായി ഒരൊറ്റ ജില്ലാ പഞ്ചായത്തും കൈമാറിയ തീയതി മുതൽ 2005-06 വരെയുള്ള എട്ടുവർഷം അവ നടപ്പാക്കാതിരിക്കുന്നതിനും വനിതാ വ്യവസായ യൂണിറ്റുകൾക്കുള്ള അർഹമായ ആനുകൂല്യം നിഷേധിക്കുന്നതിനും ഇടയാക്കി.

### 3.3.9 കൈമാറ്റം ചെയ്ത ചുമതലകൾ നിറവേറ്റുന്നതിന് മതിയായ തുക കൈമാറാത്തത്

കൈമാറിയ ചുമതലകൾ നിറവേറ്റുന്നതിന്റെ സ്വാഭാവികമായ ഒരു അനുബന്ധമാണ് തസ്വഭസ്ഥാപനങ്ങൾക്ക് തുക കൈമാറുക എന്നത്. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിന് തസ്വഭസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുവേണ്ടി പദ്ധതി-പദ്ധതിയേതര സഹായമായി 1995-96 മുതൽ സംസ്ഥാന സർക്കാർ അവസ്ഥ് സഹായധനം നൽകാൻ തുടങ്ങി. 1997-98 ൽ അധികാര വികേന്ദ്രീകരണത്തിന്റെ ആവിർഭാവത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും തസ്വഭവസ്ഥാപനങ്ങളെ അനുവദിക്കുകയുണ്ടായി. തത്ഫലമായി തസ്വഭസ്ഥാപനങ്ങൾക്ക് നൽകിയ സഹായധനം 1997-98 മുതൽ പലമടങ്ങ് വർദ്ധിച്ചു. താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ തസ്വഭസ്ഥാപനങ്ങൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ കൈമാറിയ തുക 7888.62 കോടി രൂപയായിരുന്നു.

രൂപ കോടിയിൽ

| വർഷം | ബജറ്റ് വിഹിതം | | | വിതരണം ചെയ്ത തുക | | | | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതി യേതരം | ആകെ | പദ്ധതി | ശതമാനം | പദ്ധതി യേതരം | ശതമാനം | ആകെ | ശതമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2001-02 | 971.65 | 265.86 | 1237.51 | 676.03 | 69.58 | 234.31 | 88.13 | 910.34 | 73.56 |
| 2002-03 | 1376.59 | 351.89 | 1728.48 | 1118.71 | 81.27 | 338.96 | 96.33 | 1457.67 | 84.33 |
| 2003-04 | 1434.54 | 326.55 | 1761.09 | 1384.98 | 96.54 | 314.01 | 96.16 | 1698.99 | 96.47 |
| 2004-05 | 1401.56 | 850.99 | 2252.55 | 1092.74 | 77.97 | 690.41 | 81.13 | 1783.15 | 79.16 |
| 2005-06 | 1476.12 | 1056.18 | 2532.30 | 1109.77 | 75.18 | 928.70 | 87.93 | 2038.47 | 80.50 |
| ആകെ | 6660.46 | 2851.47 | 9511.93 | 5382.23 | 80.81 | 2506.39 | 87.90 | 7888.62 | 82.93 |

വകയിരുത്തിയ പദ്ധ തിതുകയുടെ 80.81 ശതമാനവും പദ്ധതിയേതര തുകയുടെ 87.90 ശതമാനവും തസ്വഭസ്ഥാപനങ്ങൾക്ക് ലഭിച്ചു. തസ്വഭസ്ഥാപനങ്ങൾക്ക് പദ്ധതിത്തുക നൽകുന്നത് കുറയുന്ന പ്രവണത 2003-04 മുതൽ ദൃശ്യമായി. തസ്വഭസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 2003-04-ലെ 1434.54 കോടി രൂപയിൽ നിന്ന് 1476.12 കോടി

രൂപയായി വർദ്ധിച്ചുവെങ്കിലും വിതരണം ചെയ്ത തുക 1384.98 കോടി രൂപയിൽ നിന്ന് 1109.77 കോടി രൂപയായി കുറയുകയാണ് ചെയ്തത്. അതേസമയം പദ്ധതിയേതര വിഹിതവും വിതരണവും ഈ വർഷങ്ങളിൽ വർദ്ധനയാണ് കാണിച്ചത്. പക്ഷെ മൊത്തത്തിൽ ഗ്രാന്റുകളുടെ വിതരണം 2003-04-ലെ 1698.99 കോടി രൂപയിൽ നിന്ന് 2005-06-ൽ 2038.47 കോടി രൂപയായി വർദ്ധിച്ചു.

### 3.3.9.1 പദ്ധതി തുക ഉപയോഗിക്കാത്തത്/പാഴായിപ്പോയത്

അനുവദിച്ച പദ്ധതി തുക ഒറ്റത്തവണയായി പിൻവലിച്ച് പേഴ്സണൽ ഡെപ്പോസിറ്റ് (പി.ഡി.) അക്കൗണ്ടിൽ വരവുവയ്ക്കുന്നതിന് 2002-03 വരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അനുവദിച്ചിരുന്നു. പി.ഡി. അക്കൗണ്ടിൽ ഓരോ വർഷാന്ത്യത്തിലും ഉപയോഗിക്കാതെ അവശേഷിച്ച തുക അടുത്ത വർഷത്തേയ്ക്ക് മാറ്റുവാൻ അനുവാദമുണ്ടായിരുന്നു. 2003-04 മുതൽ യഥാർത്ഥ ആവശ്യത്തിന് മാത്രമായി തുക പിൻവലിക്കുന്നത് പരിമിതപ്പെടുത്തികൊണ്ടും പദ്ധതി തുക പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടും സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ബിൽസമ്പ്രദായം നടപ്പിലാക്കി. 2003-04 അവസാനത്തിൽ സംസ്ഥാനത്തെ എല്ലാ തസ്വഭസ്ഥാപനങ്ങൾക്കും കൂടി അവയുടെ പി.ഡി. അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ കുമിഞ്ഞുകൂടിയ 581.20 കോടി രൂപ അവശേഷിച്ചിരുന്നു. തൊട്ടുമുമ്പുള്ള രണ്ട് വർഷങ്ങളിൽ (2001-02-ലും 2002-03-ലും) പി.ഡി. അക്കൗണ്ടുകളിൽ വരവു വയ്ക്കപ്പെട്ട 1794.74 കോടി രൂപയുടെ സ്ഥാനത്തായിരുന്നു ഉപയോഗിക്കാതെ അവശേഷിച്ച ഈ തുക. പി.ഡി. അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന ഉപയോഗിക്കാതെ ബാക്കി വന്ന 581.20 കോടി രൂപ സർക്കാർ നിർദ്ദേശിച്ചതു പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് 2004 മാർച്ചിൽ തിരിച്ചടച്ചു. കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി നടത്തിയ ആസൂത്രണത്തിലെ പോരായ്മയുടെ ഫലമായി സംഭവിച്ച ധനവിനിയോഗത്തിലുണ്ടായ കുറവ് മൂലം ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ശരാശരി 47.84 ലക്ഷം രൂപ സർക്കാരിന് തിരിച്ചുനൽകേണ്ടിവന്നു. ധനവിനിയോഗത്തിലുണ്ടായ കുറവ് പിന്നീടുള്ള വർഷങ്ങളിലും തുടർന്നു. അത് 2004-05-ൽ 308.82 [1] കോടി രൂപയും 2005-06-ൽ 366.35 [2] കോടി രൂപയും ആയിരുന്നു. ഈ തുകകൾ പിൻവലിക്കാത്തതു കാരണം കാലഹരണപ്പെട്ടു.

---

[1] 1401.56-1092.74 = 308.82

[2] 1476.12-1109.77 = 366.35

### 3.3.9.2 തസ്വഭസ്ഥാപനങ്ങളുടെ തുകകൾ പട്ടികവർഗ്ഗ വികസന ഡയറക്ടർക്ക് വകമാറ്റിയത്

പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 2001-02-ൽ 58 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 40 കോടി രൂപ പട്ടികവർഗ്ഗ ഉപപദ്ധതിയിൻ കീഴിൽ കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടി തസ്വഭസ്ഥാപനങ്ങൾക്ക് താഴെ വിവരിക്കും പ്രകാരം വകയിരുത്തി.

(രൂപ കോടിയിൽ)

| ക്രമ നമ്പർ | തുക നല്കപ്പെട്ട തസ്വഭ സ്ഥാപനങ്ങൾ | കണക്ക ശീർഷകം | നീക്കി വച്ച തുക |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | 2515-00-191-45-03 | 19.86 |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 2515-00-191-45-02 | 7.94 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 2515-00-191-45-01 | 11.91 |
| 4 | മുനിസിപ്പാലിറ്റികൾ | 2217-80-191-45-04 | 0.29 |
| ആകെ | | | **40.00** |

എന്നാൽ സർക്കാർ തസ്വഭസ്ഥാപനങ്ങൾക്ക് തുകയൊന്നും നൽകിയില്ല. നിയമസഭയുടെ ഇംഗിതത്തിന് വിരുദ്ധമായി പട്ടിക വർഗ്ഗ വികസന ഡയറക്ടർക്ക് വിനിയോഗിക്കുന്നതിനുവേണ്ടി മുഴുവൻ തുകയും സർക്കാർ വിട്ടുകൊടുത്തു. 2001-02-ൽ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കീഴിൽ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃതമായ അവകാശം കവരുകയായിരുന്നു ഇതിന്റെ അനന്തരഫലം.

### 3.3.10 ഉദ്യോഗസ്ഥരുടെ കൈമാറ്റം

കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനു വേണ്ടി യോഗ്യതയും പരിശീലനവും സിദ്ധിച്ച എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ ലഭ്യത അധികാര കൈമാറ്റത്തിന്റെയും ചുമതലാ കൈമാറ്റത്തിന്റെയും അനിവാര്യമായ ഒരു ആവശ്യകതയായിരുന്നു. പുതിയ സാഹചര്യത്തിൽ വിശ്വസ്തതയും ദിശാബോധവും ഉറപ്പുവരുത്തുന്നതിന് തസ്വഭ.സ്ഥാപനങ്ങൾക്ക് തങ്ങളുടെ ഉദ്യോഗസ്ഥരുടെമേൽ ഭരണ നിയന്ത്രണം കൂടിയേ തീരൂ. ഉദ്യോഗസ്ഥരെ കൈമാറുന്നതിനുള്ള സംവിധാനം പരിശോധിച്ചപ്പോൾ താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

**3.3.10.1 പൊതുമരാമത്ത് ജലസേചന വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരുടെ വിന്യാസത്തിലുണ്ടായ കുറവ്**

2003 സെപ്റ്റംബറിൽ 2474 സാങ്കേതിക ജീവനക്കാരെയും 1363 ഭരണവിഭാഗം ജീവനക്കാരെയും തസ്വഭസ്ഥാപനങ്ങളിലേയ്ക്ക് കൂട്ടതലായി വിന്യസിക്കുവാൻ സർക്കാർ ഉത്തരവിട്ടെങ്കിലും യഥാക്രമം 2040-ഉം 572-ഉം ഉദ്യോഗസ്ഥരെ മാത്രമേ യഥാർത്ഥത്തിൽ വിന്യസിച്ചുള്ളൂ. തത്ഫലമായി വിന്യാസത്തിൽ വന്ന കുറവ് താഴെ വിവരിക്കും പ്രകാരം ആയിരുന്നു:

| ഉദ്യോഗസ്ഥരുടെ വിഭാഗം | ഉദ്യോഗസ്ഥരുടെ എണ്ണം | | |
|---|---|---|---|
| | കൈമാറ്റം ചെയ്യാനുദ്ദേശിച്ചത് | യഥാർത്ഥത്തിൽ കൈമാറിയത് | കുറവ് |
| സാങ്കേതിക ജീവനക്കാർ | | | |
| എൻജിനീയർമാർ | 692 | 626 | 66 |
| ഓവർസീയർമാർ | 1782 | 1414 | 368 |
| **ആകെ** | **2474** | **2040** | **434** |
| ഭരണസംബന്ധമായ ഉദ്യോഗസ്ഥർ | | | |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ ഡിവിഷണൽ അക്കൗണ്ടന്റ് | 15 | 12 | 03 |
| ജൂനിയർസൂപ്രണ്ട്/ ക്ലാർക്ക്മാർ/ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 928 | 433 | 495 |
| പാർട്ട്ടൈം ജീവനക്കാർ/ ശിപായിമാർ/ഡ്രൈവർ | 420 | 127 | 293 |
| ആകെ | 1363 | 572 | 791 |
| **മൊത്തം** | **3837** | **2612** | **1225** |

സാങ്കേതിക ജീവനക്കാരുടെ വിന്യാസത്തിലുണ്ടായ കുറവ് 434-ഉം ഭരണ വിഭാഗ ഉദ്യോഗസ്ഥരുടേത് 791-ഉം ആയിരുന്നു. തങ്ങളുടെതന്നെ ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല.

## 3.3.10.2 ഉദ്യോഗസ്ഥരുടെ മേൽ അപര്യാപ്തമായ ഭരണ നിയന്ത്രണം

അനുബന്ധം VIII-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ തസ്തികകളോടൊപ്പം ഉദ്യോഗസ്ഥരുടെ സേവനവും തസ്വഭസ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറുകയുണ്ടായി (1995 സെപ്റ്റംബർ). ഈ ഉദ്യോഗസ്ഥർ തസ്വഭസ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടുവെങ്കിലും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അതാതു വകുപ്പുകളിൽ നിന്നു തന്നെയാണ് കൈപ്പറ്റിയിരുന്നത്. ഈ ഉദ്യോഗസ്ഥരുടെ ഭരണപരമായ നിയന്ത്രണം തസ്വഭസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്നെങ്കിലും ഗുരുതരമായ സ്വഭാവദൂഷ്യത്തിനും ക്രമക്കേടുകൾക്കും അച്ചടക്ക നടപടിച്ചട്ടങ്ങൾ അനുസരിച്ച് വലിയശിക്ഷ ചുമത്തുവാനുള്ള അധികാരം സർക്കാർ തന്നെ നിലനിർത്തി. അങ്ങനെ എല്ലാ കാര്യങ്ങളിലും ഈ ഉദ്യോഗസ്ഥർ ഉയർന്ന തലത്തിലുള്ള സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി സർക്കാർ ഉദ്യോഗസ്ഥരെ പോലെയാണ് പ്രവർത്തിച്ചത്. അല്ലാതെ, അവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനു വിധേയമായിരുന്നില്ല എന്നത് അധികാര വികേന്ദ്രീ കരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നിന്റെ നിഷേധമായിരുന്നു.

<u>അനുബന്ധം VIII</u>

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ</u>

(പരാമർശം : ഖണ്ഡിക 3.3.10.2)

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ | | | |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗര സ്വയംഭരണ സ്ഥാപനങ്ങൾ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൃഷി | കൃഷി ഓഫീസർ ഉൾപ്പെടെയുള്ള കൃഷി ഭവനിലെ ഉദ്യോഗസ്ഥർ | കൃഷി അസിസ്റ്റന്റ് ഡയറക്ടറും ഉദ്യോഗസ്ഥരും | | |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | i. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും ഉദ്യോഗസ്ഥരും ii. കൃഷി ഡെപ്യൂട്ടി ഡയറക്ടറും ഉദ്യോഗസ്ഥരും iii. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും (കൃഷി) ഉദ്യോഗസ്ഥരും | i. കൃഷി ഓഫീസറും ഉദ്യോഗസ്ഥരും ii. കൃഷി ഫീൽഡ് ഉദ്യോഗസ്ഥരും iii. കൃഷി ഡെപ്യൂട്ടി ഡയറക്ടറും ഉദ്യോഗസ്ഥരും |
| 2 | മൃഗസംരക്ഷണം | വെറ്ററിനറി ഡിസ്പെൻസറിയിലേയും സംയോജന കന്നുകാലി വികസന കേന്ദ്രത്തിലേയും ഉദ്യോഗസ്ഥരും വെറ്റിനറി സർജനും | വെറ്ററിനറി പോളിടെക്നിക്കിലെയും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രത്തിലെയും അസിസ്റ്റന്റ് ഡയറക്ടറും സീനിയർ വെറ്ററിനറി സർജനും ഉദ്യോഗസ്ഥരും | ജില്ലാ മൃഗാശുപത്രി പരിശീലന കേന്ദ്രം, സഞ്ചരിക്കുന്ന മൃഗാശുപത്രി, ഫാം യൂണിറ്റ്, ജില്ലാ മൃഗാശുപത്രിയുമായി ബന്ധിപ്പിക്കാത്ത ക്ലിനിക്കൽ ലാബ്, ഐ.സി.ഡി.പി. വികസന ഏരിയാ ഓഫീസ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറും | വെറ്ററിനറി ഉപകേന്ദ്രം വെറ്ററിനറി ഡിസ്പെൻസറി/ ആശുപത്രി, വെറ്ററിനറി പോളിക്ലിനിക് എന്നിവിടങ്ങളിലെ വെറ്ററിനറി സർജനും ഉദ്യോഗസ്ഥരും |
| 3 | പൊതുജനാരോഗ്യം | പ്രാഥമികാരോഗ്യ കേന്ദ്രം/ഗ്രാമീണ ഡിസ്പെൻസറി, മാതൃ ശിശു ക്ഷേമ കേന്ദ്രം, ഉപകേന്ദ്രം, താലൂക്ക് ആശുപത്രി, സർക്കാർ ആശുപത്രി | ബ്ലോക്ക് തല പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, സർക്കാർ ആശുപത്രി, എന്നിവയിലെ | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലൊഴിച്ചുള്ള ജില്ലാ ആശുപത്രികളിലെ ഉദ്യോഗസ്ഥരും | സാമൂഹ്യ ആരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, സർക്കാർ ആശുപത്രി, എന്നിവയിലെ |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസറും ഉദ്യോഗസ്ഥരും | മെഡിക്കൽ ഓഫീസറും ഉദ്യോഗസ്ഥരും | ജില്ലാ മെഡിക്കൽ ഓഫീസറും | മെഡിക്കൽ ഓഫീസറും ഉദ്യോഗസ്ഥരും |
| 4 | ഇന്ത്യൻ ചികിത്സാ സമ്പ്രദായം (ആയുർവ്വേദം) | ആയുർവ്വേദ ആശുപത്രി/ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറും ഉദ്യോഗസ്ഥരും | താലൂക്ക് ആയുർവ്വേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസറും ഉദ്യോഗസ്ഥരും | ജില്ലാ ആയുർവ്വേദ ആശുപത്രിയിലെ ഉദ്യോഗസ്ഥരും ജില്ലാ / ആയുർവ്വേദ മെഡിക്കൽ ഓഫീസറും | ആയുർവ്വേദ ഡിസ്പെൻസറി/ ആശുപത്രി, താലൂക്ക് ആയുർവ്വേദ ആശുപത്രി എന്നിവയിലെ ഉദ്യോഗസ്ഥരും ആയുർവ്വേദ മെഡിക്കൽ ഓഫീസറും |
| 5 | ഹോമിയോപതി ഡിസ്പെൻസറി/ ആശുപത്രിയിലെ ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസറും | താലൂക്ക് ഹോമിയോ ആശുപത്രിയിലെ ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസറും | ജില്ലാ ഹോമിയോ ആശുപത്രിയിലെ ഉദ്യോഗസ്ഥരും ജില്ലാ മെഡിക്കൽ ഓഫീസറും | | ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി/ താലൂക്ക് ആശുപത്രിയിലെ ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസറും |
| 6 | പൊതു വിദ്യാഭ്യാസം | സർക്കാർ പ്രീപ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ ഹെഡ് മാസ്റ്ററും ഉദ്യോഗസ്ഥരും | ഇല്ല | ഹൈസ്കൂൾ, ഹൈസ്കൂളുമായി ബന്ധപ്പെട്ട എൽ.പി./യു.പി. സ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, അദ്ധ്യാപക പരിശീലന കേന്ദ്രം, സ്പെഷ്യൽ സ്കൂൾ, എന്നിവയിലെ പ്രധാനാദ്ധ്യാപകരും ഉദ്യോഗസ്ഥരും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഉപവിദ്യാഭ്യാസ ഓഫീസറും, അവരുടെ ഉദ്യോഗസ്ഥരും | സർക്കാർ പ്രീപ്രൈമറി സ്കൂൾ, ലോവർ/അപ്പർ പ്രൈമറി സ്കൂൾ , ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവയിലെ പ്രധാനാദ്ധ്യാപകരും ഉദ്യോഗസ്ഥരും |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 7 | പട്ടികജാതി/ പട്ടിക വർഗ്ഗ വികസനം | ബാലവാടി, ഭക്ഷണം നൽകുന്ന ബാലവാടി കേന്ദ്രം, നഴ്സറി സ്കൂൾ, സീസണൽ ഡേകെയർ സെന്റർ, മിഡൈഡ്വഫറി സെന്റർ, ഡോർമെറ്ററി എന്നിവയിലെ ഉദ്യോഗസ്ഥർ | ബ്ലോക്ക് തല പട്ടികജാതി വികസന ഓഫീസറും ഉദ്യോഗസ്ഥരും പട്ടിക വർഗ്ഗ എക്സ്റ്റെൻഷൻ ഓഫീസറും | ജില്ലാ പട്ടികജാതി വികസന ഓഫീസറും ഉദ്യോഗസ്ഥരും | നഴ്സറി സ്കൂൾ, പ്രീമെട്രിക് ഹോസ്റ്റൽ, എന്നിവയിലെ ഉദ്യോഗസ്ഥരും പട്ടികജാതി വികസന ഓഫീസറും പട്ടിക വർഗ്ഗ വികസന ഓഫീസറും |
| 8 | ഗ്രാമവികസനം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും അവരുടെ ഉദ്യോഗസ്ഥരും | ബ്ലോക്ക് വികസന ഓഫീസറും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരും | i. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ ഉദ്യോഗസ്ഥർ ii. ജില്ലാ പ്രായോഗിക സാക്ഷരതാ ഓഫീസറും ഉദ്യോഗസ്ഥരും iii. വനിതാ ക്ഷേമ ഓഫീസറും ഉദ്യോഗസ്ഥരും iv. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും (ജനറൽ) ഉദ്യോഗസ്ഥരും | ഇല്ല |
| 9 | സാമൂഹ്യക്ഷേമം | സംയോജിത ശിശുവികസന പദ്ധതി സൂപ്പർവൈസറും അങ്കണവാടി വർക്കറും സഹായിയും | സംയോജിത ശിശുവികസന പദ്ധതി പ്രോജക്ട് ഓഫീസറും ഉദ്യോഗസ്ഥരും | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറും ഉദ്യോഗസ്ഥരും ജില്ലാ പ്രോഗ്രാം ഓഫീസറും | അങ്കണവാടി വർക്കറും സഹായികളും ശിശുവികസന അസിസ്റ്റന്റ് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | (ഐ.സി.ഡി.എസ്.) ഉദ്യോഗസ്ഥരും | പ്രോജക്ട് ഓഫീസർ, ശിശുവികസന പ്രോജക്ട് ഓഫീസർ (കോർപ്പറേഷൻ) |
| 10 | മത്സ്യ ബന്ധനം | ഫിഷറീസ് സബ് ഇൻസ്പെക്ടറും ഉദ്യോഗസ്ഥരും | ഇല്ല | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഉദ്യോഗസ്ഥരും ഫിഷറീസ് സ്കൂളിലെ മുഴുവൻ ഉദ്യോഗസ്ഥരും | ഫിഷറീസ് സബ് ഇൻസ്പെക്ടറും ഉദ്യോഗസ്ഥരും |
| 11 | പൊതുമരാമത്ത് | അസിസ്റ്റന്റ് എൻജിനീയറും ഉദ്യോഗസ്ഥരും | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും ഉദ്യോഗസ്ഥരും | ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും അനുബന്ധ ഉദ്യോഗസ്ഥരും | ഇല്ല |
| 12 | വ്യവസായം | ഇല്ല | വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ | ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജരും ഉദ്യോഗസ്ഥരും | വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ |
| 13 | ക്ഷീരവികസനം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസറും ഉദ്യോഗസ്ഥരും | ജില്ലാതല ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറും ഉദ്യോഗസ്ഥരും | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടറും ഉദ്യോഗസ്ഥരും |
| 14 | ചെറുകിട ജലസേചനം | ഇല്ല | ഇല്ല | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉദ്യോഗസ്ഥരും | ഇല്ല |
| 15 | സാങ്കേതിക വിദ്യാഭ്യാസം | ഇല്ല | ഇല്ല | തയ്യൽ/വസ്ത്ര നിർമ്മാണ കേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, കമ്പ്യൂട്ടർ | ഇല്ല |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ ഉദ്യോഗസ്ഥർ | |
| 16 | സഹകരണം | ഇല്ല | ഇല്ല | അസിസ്റ്റന്റ് രജിസ്ട്രാറും ഒരു ഉദ്യമസ്ഥനും | ഇല്ല |
| 17 | ഖാദി കടിൽ വ്യവസായ ബോർഡ് | ഇല്ല | ഇല്ല | ജില്ലാ പ്രോജക്ട് ഓഫീസറും ഉദ്യോഗസ്ഥരും | ഇല്ല. |

### 3.3.10.3 ഏല്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹണ ഉദ്യോഗസ്ഥർ വേണ്ട വിധം നിറവേറ്റാത്തത്

കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നതിനും വിവിധ ഉത്തരവുകളിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സർക്കാർ ചുമതലകൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക് അയച്ചുകൊടുത്ത ചോദ്യാവലിക്ക് 21 പേർ നൽകിയ മറുപടി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ അവർക്കു നൽകിയ ചുമതലകൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം നിറവേറ്റിയില്ല.

| ക്രമ നമ്പർ | നൽകിയ ഉത്തരവാദിത്വം | നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്വം നിറവേറ്റിയ തസ്വഭ. സ്ഥാപനങ്ങളുടെ എണ്ണം | നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്വം നിറവേറ്റാത്ത തസ്വഭ. സ്ഥാപനങ്ങളുടെ എണ്ണം | സർവ്വേയിൽ പ്രതികരിക്കാത്ത തസ്വഭ സ്ഥാപനങ്ങളുടെ തലവൻമാരുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | അവലോകനയോഗങ്ങളിലും പരിശീലന പരിപാടികളിലും സജീവമായി പങ്കെടുക്കുക | 15 | 5 | 1 |
| 2 | ഗ്രാമസഭയിൽ ഹാജരാകുക | 9 | 10 | 2 |
| 3 | ഗ്രാമസഭയുടെ മിനിട്ട്സ് രേഖപ്പെടുത്തലും തുടർ നടപടിയും | 4 | 13 | 4 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക | 8 | 8 | 5 |
| 5 | തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുമായും പ്രചാരകൻമാരുമായി യോജിച്ച പ്രവർത്തിക്കുക | 7 | 9 | 5 |
| 6 | തസ്വഭവസ്ഥാപനങ്ങൾക്ക് പ്രതിമാസാവലോകന റിപ്പോർട്ടുകൾ നൽകുക | 5 | 14 | 2 |
| 7 | അവധിയുടെ വിവരം മുൻകൂറായി തസ്വഭ.സ്ഥാപനത്തെ അറിയിക്കുക | 8 | 10 | 3 |
| | ശരാശരി | 8 | 10 | 3 |

21-ൽ 5 മുതൽ 14 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയാംവണ്ണം നിറവേറ്റിയില്ല. 67% നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങളെ ഏല്പിച്ച പദ്ധതികളെക്കുറിച്ചുള്ള പ്രതിമാസ അവലോകന റിപ്പോർട്ടുകൾ നല്കുന്നില്ലായിരുന്നു എന്നത് പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ഫലപ്രദമായ ഭരണ നിയന്ത്രണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന പ്രബലമായ ആവശ്യം അതിനാൽ നിലനില്ക്കുന്നു.

### 3.3.10.4 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പാക്കിയില്ല/നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അലംഭാവംകൊണ്ട് രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1.36 കോടി രൂപ അടങ്കലുള്ള 14 പദ്ധതികൾ താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നതുപ്രകാരം നടപ്പാക്കാൻ കഴിഞ്ഞില്ല :

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പഞ്ചായത്തു കളുടെ പേര് | വർഷം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ |
|---|---|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നെയ്യാറ്റിൻകര | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3 | 10.50 |
| 2 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2001-02 | 1 | 14.00 |
| 3 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) | | 2001-02 & 2004-05 | 2 | 15.00 |
| 4 | സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ | | 2001-02, 2002-03, & 2005-06 | 3 | 37.06 |
| 5 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | | 2002-03 | 3 | 45.00 |
| 6 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) | | 2004-05 | 1 | 4.75 |
| 7 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | | 2005-06 | 1 | 10.00 |
| ആകെ | | | | 14 | 136.31 |

മേലധികാരികൾ എന്ന നിലയിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാർക്ക് നിർവ്വഹണ ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി കൈക്കൊള്ളുവാനുള്ള അധികാരം ഉണ്ടായിരുന്നെങ്കിലും മുകളിൽ കൊടുത്തിരിക്കുന്നവരിൽ ഒരാളൊഴിച്ച് മറ്റാരുടെയും കാര്യം അവർക്ക് റിപ്പോർട്ട് ചെയ്തില്ല. പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ചിട്ടുണ്ട് എന്ന് സമർത്ഥിച്ചുകൊണ്ട് നെയ്യാറ്റിൻകര കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്രമ.നം.1) പദ്ധതികൾ നടപ്പിലാക്കിയില്ല. പക്ഷെ ഇത് അച്ചടക്ക നടപടി എടുക്കുന്നതിനുവേണ്ടി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (2006 ഏപ്രിൽ) ഇതിന്റെ ഫലം അറിവായിട്ടില്ല (2007 മാർച്ച്).

### 3.3.10.5 കൈമാറിയ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ്

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാസ്ഥാന ആശുപത്രികൾ എന്നിവ കൈമാറിയ സ്ഥാപനങ്ങളായതുകൊണ്ട് അവ നടത്തുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഉദ്യോഗസ്ഥരുടെ അഭാവംകൊണ്ടും മറ്റു കാരണങ്ങൾ കൊണ്ടും ഈ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഒട്ടനവധി കെട്ടിടങ്ങളും വാർഡുകളും വെറുതെ കിടക്കുകയായിരുന്നു. ഈ കെട്ടിടങ്ങൾ/ വാർഡുകൾ നിർമ്മിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണവും എം.പി/ എം.എൽ.എ. പ്രാദേശിക വികസന ഫണ്ടും ഉപയോഗിച്ചാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ വിവിധ വിഭാഗങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുവദിക്കുകയുണ്ടായി (2004 ജൂലൈ). ഈ സ്ഥാപനങ്ങൾ പരിശോധിച്ചതിൽ, 79 സ്ഥാപനങ്ങളിലെ കിടത്തിചികിത്സിക്കുന്നതിനുള്ള വാർഡുകൾ ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവംമൂലം താഴെ വിവരിക്കും പ്രകാരം പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല (2006 നവംബർ):

| ക്രമ നമ്പർ | ജില്ല | സ്ഥാപനങ്ങളുടെ എണ്ണം | | |
|---|---|---|---|---|
| | | കിടത്തി ചികിത്സിക്കുന്ന വാർഡുകൾ പണിതത് | കിടത്തി ചികിത്സിക്കുന്ന വാർഡുകൾ പ്രവർത്തിക്കുന്നത് | കിടത്തി ചികിത്സിക്കുന്ന വാർഡുകൾ പ്രവർത്തിക്കാത്തത് |
| 1 | കണ്ണൂർ | 29 | 3 | 26 |
| 2 | പാലക്കാട് | 30 | 4 | 26 |
| 3 | തിരുവനന്തപുരം | 30 | 3 | 27 |
| | ആകെ | 89 | 10 | 79 |

അങ്ങനെ, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവുകൊണ്ട് സാധുക്കൾക്ക് ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു

### 3.3.10.6 ഉദ്യോഗസ്ഥരുടെ അപര്യാപ്തമായ കൈമാറ്റം നിയമാനുസൃത ചുമതലകളുടെ നിർവ്വഹണത്തെ ബാധിച്ചു

ചുമതലകളുടെ കൈമാറ്റത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉളവായിട്ടുള്ള അധികജോലി ഭാരം കൈകാര്യം ചെയ്യുന്നതിന് സർക്കാരിൽ നിന്നും കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമല്ല എന്ന് ഓഡിറ്റ് പുറപ്പെടുവിച്ച ഒരു ചോദ്യാവലിക്ക് മറുപടിയായി 21-ൽ 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തലവൻമാർ അഭിപ്രായപ്പെട്ടു. വിവിധ പെൻഷനുകളുടെയും തൊഴിൽരഹിത വേതനത്തിന്റെയും വിതരണവും അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കലും എന്ന കൈമാറിയ ചുമതലയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് സർക്കാർ വകുപ്പുകളിൽ നിന്ന് വിന്യസിച്ചിട്ടുള്ള നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ല എന്ന് സംസ്ഥാന ആസൂത്രണ ബോർഡും സ്ഥിരീകരിച്ചിട്ടുണ്ട് (2006 ജനുവരി). ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ, വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതും ഡി.സി.ബി. പത്രികയോടുകൂടി വാർഷിക ധനകാര്യപത്രിക നിർദ്ദിഷ്ട സമയത്ത് തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും സംബന്ധിച്ച നിയമാനുസൃതമായ അടിസ്ഥാന അക്കൗണ്ടിംഗ് ജോലികളെ ഇത് ബാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ ആവശ്യകതയെ സംബന്ധിച്ച ഒരു പഠനം മാനേജ്മെന്റ് പഠന കേന്ദ്രം നടത്തിയെങ്കിലും അതിന്മേലുള്ള റിപ്പോർട്ട് പുറത്തിറങ്ങിയില്ല (2007 മാർച്ച്).

### 3.3.11 ആന്തരിക നിയന്ത്രണ തുടർ നിരീക്ഷണ സംവിധാനം

ശക്തമായ ആന്തരിക നിയന്ത്രണ സംവിധാനം ഒരു സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം എളുപ്പമാക്കുന്നു. പ്രവർത്തനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും നിശ്ചിത നിയന്ത്രണ സംവിധാനത്തിന്റെയും കാലാകാലങ്ങളിലുള്ള അവലോകനവും തുടർ നിരീക്ഷണവും മെച്ചപ്പെട്ട സേവന നിർവ്വഹണത്തിന് അനുപേക്ഷണീയമാണ്. ദുർബലമായ ആന്തരിക നിയന്ത്രണ വ്യവസ്ഥമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ക്ഷമത അവയുടെ ചുമതലകളുമായുള്ള താരതമ്യത്തിൽ പൊതുവെ ഫലപ്രദമായിരുന്നില്ല. ആസൂത്രണം വികലമാകുന്നതിനും ധനകൈകാര്യം മോശമാകുന്നതിനും പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ലാതായിത്തീരുന്നതിനും ഇത് ഇടയാക്കി. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് സുശക്തമായ ഒരു തുടർനിരീക്ഷണ സംവിധാനവും അനുപേക്ഷണീയമാണ്. ചുമതലകളുടെയും ജീവനക്കാരുടെയും കൈമാറ്റം നടപ്പാക്കിയത് സർക്കാർ തലത്തിൽ തുടർ നിരീക്ഷണം നടത്തേണ്ടതായിരുന്നു. തുടർ നിരീക്ഷണത്തിലെ വീഴ്ചയുടെ ഫലമായി ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മ മാറ്റമില്ലാതെ തുടർന്നു. ഇതിനുപുറമെ ഇനി പറയുന്ന ന്യൂനതകളും ശ്രദ്ധയിൽപ്പെട്ടു :

### 3.3.11.1 ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം

വിവിധ ഘട്ടങ്ങളിലുള്ള ആസൂത്രണത്തിനും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമസഭ, സാങ്കേതിക സമിതി, സാങ്കേതിക ഉപദേശക സമിതി, ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) മുതലായ വ്യത്യസ്തങ്ങളായ ഏജൻസികളുടെയും സമിതികളുടെയും സൂക്ഷ്മ പരിശോധനയ്ക്കും വിധേയമായി മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുമായിരുന്നുള്ളു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃത മായിരുന്നു എന്ന് ഡി.പി.സി. ഉറപ്പുവരുത്തേണ്ടതായിരുന്നെങ്കിലും അനധികൃതമായ പല പദ്ധതികളും അതിന്റെ ശ്രദ്ധയിൽപ്പെടാതെ പോവുകയും വിവിധ തലങ്ങളിൽ നടപ്പാക്കേണ്ട ചുമതലകളും പ്രവർത്തനങ്ങളും ഇടകലരുകയും ചെയ്തു. കൈമാറിയ ചുമതലകളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷിക്കുന്നതിനായി ഡി.പി.സി.-യെ ശക്തിപ്പെടുത്തേണ്ട ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

### 3.3.11.2 പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭിക്കാതെ ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് തുക നൽകിയത്

പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിമാസപുരോഗതി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും അത് ചുമതലപ്പെട്ട ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ ക്രോഡീകരിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതും ആയിരുന്നു. ഇതിനുപുറമെ ഭൗതിക സാമ്പത്തിക പുരോഗതിയും നിർവ്വഹണത്തിന്റെ ഗുണനിലവാരവും സൂചിപ്പിക്കുന്ന ഒരു ത്രൈമാസ റിപ്പോർട്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിരീക്ഷണ സമിതി സമർപ്പിക്കേണ്ടതുണ്ട്. തുടർനിരീക്ഷണ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം മാത്രമേ തസ്വഭസ്ഥാപനങ്ങൾക്ക് പണം നൽകാനും അത് ഉപയോഗിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരെ അനുവദിക്കാനും പാടുള്ളു. പരിശോധിച്ച 22 തസ്വഭസ്ഥാപനങ്ങളിൽ 21-ലെയും നിർവ്വഹണ ഉദ്യോഗസ്ഥർ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ അയച്ചിട്ടില്ല. അതുപോലെ ഒരൊറ്റ സ്ഥാപനത്തിലെയും നിരീക്ഷണ സമിതി ത്രൈമാസ റിപ്പോർട്ടും സമർപ്പിച്ചില്ല. എന്നിട്ടും തസ്വഭസ്ഥാപനങ്ങൾക്ക് തുകകൾ അനുവദിക്കുകയും അതുപയോഗിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരെ അനുവദിക്കുകയും ചെയ്തത് ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ ദുർബ്ബലതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

### 3.3.11.3 വികേന്ദ്രീകരണസെൽ രൂപീകരിക്കാത്തത്

കൈമാറിയ ചുമതലകൾക്കുകീഴിലുള്ള പദ്ധതികൾ തസ്വഭസ്ഥാപനങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഓരോ ജില്ലയിലും വികേന്ദ്രീകരണസെൽ രൂപീകരിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (2004 ജൂൺ). കണ്ണൂർ ജില്ലയിൽ കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ വികേന്ദ്രീകരണ സെല്ലുകൾ രൂപീകരിച്ചില്ല. കൈമാറിയ ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ട വിധം നിർവ്വഹിക്കുന്നതിനുവേണ്ടി രൂപകല്പന ചെയ്ത തുടർ നിരീക്ഷണ സംവിധാനം വികേന്ദ്രീകരണ സെൽ രൂപീകൃതമാവാത്തതുകൊണ്ട് ദുർബലമായി.

### 3.3.11.4 കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിന് ചട്ടങ്ങൾ ഉണ്ടാക്കാത്തത്

കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കൈമാറിയ ചുമതലകളും ആസൂത്രണവും നിർവ്വഹണവും തസ്വഭസ്ഥാപനങ്ങൾ നടത്തുന്നത്. കൈമാറിയ ചുമതലകളുടെ ശരിയാംവണ്ണവും ഫലപ്രദവും ആയ നിർവ്വഹണത്തിന് ചട്ടങ്ങളൊന്നും സർക്കാർ ഉണ്ടാക്കിയിട്ടില്ല. ചട്ടങ്ങളുടെ അഭാവത്തിൽ, കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടി നല്ലരീതിയിൽ രൂപകല്പന ചെയ്ത ആന്തരിക നിയന്ത്രണ സംവിധാനം ഇല്ലായിരുന്നു.

### 3.3.12 നിഗമനം

- നിയമങ്ങളിൽ വിഭാവനം ചെയ്തതുപോലെ, കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വ്യവസായവും വാണിജ്യവും എന്നീ വകുപ്പുകളിലെ പ്രവർത്തനങ്ങൾ കൈമാറിയില്ല.
- കൈമാറിയ ചുമതലകൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥരും പണവും കൈമാറ്റം ചെയ്യപ്പെട്ടില്ല.
- വിവിധതലങ്ങളിലുള്ള ചുമതലകളുടെ ഇടകലരൽ ഒരേ പ്രദേശത്ത് ഒന്നിൽ കൂടുതൽ ഏജൻസികൾ ഒരേ ചുമതല സമാന്തരമായി നിർവ്വഹിക്കുന്നതിനിടയാക്കി.
- കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാത്തത് വികലമായ നിർവ്വഹണത്തിലേയ്ക്ക് നയിച്ചു.
- തുടർനിരീക്ഷണ ആന്തരിക നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നില്ല.

### 3.3.13 ശിപാർശകൾ

- നിയമങ്ങളിൽ അനുശാസിക്കുന്നതുപോലെ തസ്വഭസ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറുന്ന കാര്യം സർക്കാർ പരിഗണിക്കണം.

- കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് തസ്വഭസ്ഥാപനങ്ങൾക്കാവശ്യമായ പണവും ഉദ്യോഗസ്ഥരും യഥാർത്ഥ്യബോധത്തോടെ സർക്കാർ തിട്ടപ്പെടുത്തണം.

- ഒരേ ചുമതലകൾ ഒന്നിൽ കൂടുതൽ തലങ്ങളിൽ നടപ്പാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം.

- കൈമാറിയ ചുമതലകളുടെ ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം കൊടുക്കുന്നത് സർക്കാർ പരിഗണിക്കണം.

### 3.3.14 സർക്കാരിന്റെ പ്രതികരണം

ഓഡിറ്റ് കണ്ടെത്തലുകളെപ്പറ്റിയുള്ള ചർച്ചയിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശിപാർശകളോട് പൊതുവെ യോജിച്ചു (2007 മാർച്ച്).

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് കൈമാറിയ ചുമതല നിർവ്വഹിക്കുന്നതിലെ പോരായ്മകൾ ഭവനനിർമ്മാണ പദ്ധതിയുടെ സമാന്തര നിർവ്വഹണത്തിനും ചുമതലകളുടെ ഇടകലരലിനും ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ വികലമായ നിർവ്വഹണത്തിനും ഇടയാക്കി എന്ന് സമിതി വിലയിരുത്തുകയും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ടത് പഞ്ചായത്ത് ആയിരിക്കെ ഓവർലാപ്പിംഗ് ഉണ്ടായതെന്തുകൊണ്ടെന്ന് സമിതി ആരായുകയും ചെയ്തു.

2. തെരഞ്ഞെടുപ്പിന് ശേഷം 1995 ഒക്ടോബർ 2-ാം തീയതി പദ്ധതികളുടെ സമാന്തര നിർവ്വഹണം സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും സാമ്പത്തിക വർഷത്തിന്റെ പകുതി കഴിഞ്ഞിരുന്നതിനാൽ പ്രസ്തുത വർഷത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ പദ്ധതികൾ പഴയ രീതിയിൽ തുടരുന്നതിനും തുടർ വർഷം മുതൽ ഉത്തരവ് പ്രകാരം പദ്ധതികൾ നടപ്പാക്കണമെന്നും ഗവൺമെന്റ് തീരുമാനിച്ചിരുന്നതായും 21 വർഷം കഴിഞ്ഞിട്ടും ടി തീരുമാനം അങ്ങനെ തന്നെ തുടരുകയാണെന്നും നിലവിലെ വർഷവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണം പ്രസ്തുത വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്നുണ്ടെന്നും വകുപ്പുകളുടെ പദ്ധതികൾ തുടരാനുള്ള താത്പര്യം ജനങ്ങൾ കാണിക്കുകയും അതത്

കാലങ്ങളിൽ ക്യാബിനറ്റ് അംഗീകരിക്കുന്നതുകൊണ്ടാണ് അത് തുടർന്നുവരുന്നതെന്നും ലൈഫ് പദ്ധതി വന്നതോടെ അതിന് മാറ്റം ഉണ്ടാകുമെന്നും മറ്റെല്ലാ വകുപ്പുകളുടെയും ഭവന നിർമ്മാണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏകോപിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിന് പുറമേ ഹൗസിംഗ് ബോർഡ്, ഫിഷറീസ്, ന്യൂനപക്ഷക്ഷേമം തുടങ്ങിയ വകുപ്പുകൾ തങ്ങളുടെ പദ്ധതികൾ തുടരുന്നുണ്ടെന്നും, Functions, Functionaries and Funds ട്രാൻസ്ഫർ ചെയ്യണമെന്ന് നിയമം വന്നെങ്കിലും ആയത് പൂർണ്ണമായും നടപ്പിലാക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

3. ഫിഷറീസ് വകുപ്പിലും ഹൗസിംഗ് ബോർഡിലും ഓവർലാപ്പിംഗ് ഉണ്ടാകുന്നില്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വകുപ്പും പഞ്ചായത്തും ഭവന നിർമ്മാണത്തിന് പണം നൽകുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

4. ഫിഷറീസ് വകുപ്പ് ഭവനനിർമ്മാണത്തിന് നൽകുന്ന തുക പഞ്ചായത്ത് നൽകുന്ന തുകയേക്കാൾ കൂടുതലാണെന്നും 2016 മുതലാണ് അങ്ങനെ കൊടുക്കുന്നതെന്നും ഒരു ഗുണഭോക്താവിന് ഏതെങ്കിലും ഒരു ആനുകൂല്യമേ ലഭിക്കുകയുള്ളുവെന്നും മത്സ്യത്തൊഴിലാളി, എസ്.സി./എസ്.ടി. മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതിക്ക് ഗുണഭോക്താക്കൾ കുറഞ്ഞിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ ഒറ്റ ഭവന പദ്ധതി മാത്രമേ സംസ്ഥാനത്ത് ഉണ്ടാവുകയുള്ളുവെന്നും ലൈഫ് പദ്ധതിയുടെ സർവ്വേ പ്രോസസിംഗ് നടന്നത് മൂന്ന് തലങ്ങളിലാണെന്നും ഗ്രാമസഭ തയ്യാറാക്കിയ ലിസ്റ്റും കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് ലിസ്റ്റും പരിശോധിച്ച് അതിൽ വിട്ടുപോയവരുണ്ടെങ്കിൽ അവരെക്കൂടി ചേർത്താണ് ആദ്യത്തെ ലിസ്റ്റ് തയ്യാറാക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു

5. പട്ടികവർഗ്ഗ വികസന വകുപ്പ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമസഭയിലൂടെയല്ലെന്നും നറുക്കിട്ടാണെന്നും നിരീക്ഷിച്ച സമിതി ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആ ഫണ്ട് ഗ്രാമസഭയിലൂടെ കൈമാറുകയും ചെയ്യണമെന്നും അഭിപ്രായപ്പെട്ടു. നിലവിൽ വീട് നിർമ്മിച്ച് നൽകുകയാണോ, ഗുണഭോക്താക്കൾക്ക് പണം നൽകുകയാണോയെന്ന് സമിതി ആരാഞ്ഞതിന് വസ്തു ഉള്ളവർക്ക് വ്യക്തിഗത വീടുകൾ അനുവദിക്കുമ്പോൾ അനുയോജ്യമായ സ്ഥലങ്ങളിൽ ഗുണഭോക്താക്കൾക്ക് സമ്മതമാണെങ്കിൽ പണം നൽകുകയും ഭവനരഹിതരും വസ്തുരഹിതരുമായിട്ടുള്ളവർക്ക് അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുകയുമാണ് ചെയ്യുന്നതെന്നും അപ്പാർട്ട്മെന്റ് സമുച്ചയം പണിയുന്നതിന് ലോൺ ലഭിക്കുമെന്നും പഞ്ചായത്തിന്റെയും നഗരസഭയുടെയും നേതൃത്വത്തിലും

മേൽനോട്ടത്തിലുമാണ് അപ്പാർട്ട്മെന്റ് സമുച്ചയം പണിയുന്നതെന്നും ആളുകളുടെ മുൻഗണനാക്രമം അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലുള്ള അനോമലി, ലൈഫ് പദ്ധതി വരുന്നതോടുകൂടി ഓവർലാപ്പിംഗ് തുടരാതെ പരിഹരിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി ഭവനനിർമ്മാണത്തിനുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

6. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അനധികൃതമായി വീടുകൾ നിർമ്മിച്ചത് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ഓരോ തലത്തിലുമുള്ള പഞ്ചായത്തിനും കൈമാറിയിട്ടുള്ള ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ചുമതലകൾ ഒന്നിനോടൊന്ന് വ്യത്യസ്തവും ഒരേ ചുമതല വ്യത്യസ്ത തലങ്ങൾ കൈകാര്യം ചെയ്യാൻ പാടില്ലാത്തതുമാണെങ്കിലും ഇതിനു വിരുദ്ധമായി ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തിഗത ഗുണഭോക്താക്കൾക്കുവേണ്ടി പഞ്ചായത്ത്‌രാജ് നിയമത്തിനനുസൃതമായിട്ടല്ലാത്ത സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിലയിരുത്തുകയും ഇത് സംബന്ധിച്ച് എന്താണ് പറയുവാനുള്ളതെന്ന് ആരായുകയും ചെയ്തു. സാങ്കേതികമായി അങ്ങനെ ചെയ്യാൻ പാടില്ലെന്നും പ്രസ്തുത തീരുമാനം നിയമപ്രകാരമല്ലെങ്കിലും മാർച്ച് മാസത്തിന്റെ അവസാനമാകുമ്പോഴേയ്ക്കും ഭവനനിർമ്മാണ പദ്ധതികളുടെ നാല് ഗഡുവും കൊടുത്ത് തീരുകയില്ലെന്നും പിന്നീട് മൾട്ടി ഇയർ പ്രോജക്ടായി എടുക്കുക എന്നുള്ള കൺസെപ്റ്റ് ഉണ്ടായിട്ടുണ്ടെന്നും ഇപ്പോഴാണ് സ്പിൽ ഓവർ കൂടുതലായി അനുവദിച്ചു തുടങ്ങിയതെന്നും മാർച്ച് 31 കഴിയുമ്പോഴേയ്ക്കും നാല് ഗഡുവും കൊടുത്തില്ലെങ്കിൽ പണം ലാപ്സായിപോകുമായിരുന്നുവെന്നും ഒരു വർഷം കൊണ്ട് തീരുകയില്ലെന്ന് അസസ്സ് ചെയ്തപ്പോൾ വരുംവർഷങ്ങളിൽ വരാൻ അർഹതയുള്ള ഗുണഭോക്താക്കളുടെയും ആദ്യ രണ്ടു ഗഡുക്കൾ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുവാദം വാങ്ങി കൊടുക്കാൻ തീരുമാനിക്കുകയായിരുന്നുവെന്നും പുനരധിവാസ ഭവന നിർമ്മാണ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ മാത്രം പണം കൊണ്ട് തീരാത്തതുകൊണ്ടും നാല്പത് (40) ശതമാനത്തോളം വിഹിതം സേവന മേഖലയിൽ ജില്ലാ പഞ്ചായത്തും വയ്ക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്തിന്റെ സേവന മേഖലയിൽ പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ വരുന്നുണ്ടെന്നും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മൂന്ന് തലങ്ങളിലും സ്ഥാപനങ്ങളുള്ളതുകൊണ്ട് ഫണ്ട് കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും ഭവന നിർമ്മാണത്തിൽ അങ്ങനെയില്ലാത്തതിനാൽ സംസ്ഥാന തലത്തിൽ തീരുമാനമെടുത്ത്

ബ്ലോക്ക് പഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും പദ്ധതി നിർവ്വഹിക്കാൻ അനുവദിച്ചിരുന്നുവെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭയിൽ നിന്നായിരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. പല പദ്ധതികൾ പ്രകാരം പല ഗഡു പണം വാങ്ങിയിട്ടും പൂർണ്ണമാകാത്ത വീടുകൾ മുഴുവൻ ഈ വർഷം തന്നെ പൂർത്തിയാക്കുക എന്ന സമീപനത്തോടുകൂടി ഈ വർഷത്തെ പ്ലാൻ ഫണ്ടും ലൈഫ് പദ്ധതിയിൽ നിന്ന് ബാക്കി ഫണ്ടും എടുത്ത് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനും ആയതിനായി ഒരു തേഡ് പാർട്ടി ടെക്നിക്കൽ ഏജൻസി ഓരോ വീടും അസസ്സ് ചെയ്യുന്നത് ഡിജിറ്റൽ റെക്കോർഡിംഗും ജിയോടാഗിംഗും പോലുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ഓവർസീ ചെയ്ത് കൃത്യമായ മോണിറ്ററിംഗ് നടത്തുമെന്നും ആയതിനായി കേന്ദ്ര ഗവൺമെന്റ് ആവാസ് സോഫ്റ്റ് എന്നൊരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

ഗുണഭോക്താവിന് ധനസഹായമായി നൽകുന്നതിനെക്കാൾ കൂടുതൽ തുകയുള്ള വീടാണ് അവർ പ്ലാൻ ചെയ്യുന്നതെന്നും അതിനാലാണ് അവർക്ക് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതെന്നും സമിതി നിരീക്ഷിച്ചു. വീട് പണിയുന്നതിനുള്ള മുഴുവൻ തുകയും കൊടുക്കുന്ന സ്കീമുകൾ ഒന്നും നിലവിലില്ലായെന്നും ഗുണഭോക്തൃവിഹിതം കൂടി വന്നെങ്കിൽ മാത്രമേ വീട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുള്ളൂവെന്നും പണം/ലേബർ/മെറ്റീരിയൽ അല്ലെങ്കിൽ മൂന്നും ചേർന്നുള്ള കോമ്പിനേഷൻ ആയി മുൻകാലങ്ങളിൽ ഗുണഭോക്തൃ വിഹിതം അനുവദിച്ചിരുന്നുവെന്നും ടോയ്‌ലറ്റിന് സ്വച്ഛ് ഭാരത് മിഷൻ-ന്റെ സഹായം കൊടുക്കാമെന്നും ടി 15,400 രൂപ പുതിയ വീടുകൾക്കുള്ള ധനസഹായത്തിന്റെ കൂടെ കമ്പയിൻ ചെയ്യുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. ഗുണഭോക്തൃ വിഹിതമായി 50,000 രൂപ അടയ്ക്കേണ്ട ഭവന നിർമ്മാണ പദ്ധതി നിലവിലുണ്ടെന്നും ഗവൺമെന്റ് നയം ദേശീയതലത്തിലും സംസ്ഥാനതലത്തിലും വ്യത്യസ്തമാണെന്നും ഗുണഭോക്താക്കൾ വീടിന്റെ പ്ലാൻ സബ്മിറ്റ് ചെയ്യണമെന്നും വീക്കർ സെക്ഷൻ ഹൗസിംഗ് സ്കീമുകളിലും ലൈഫ് പദ്ധതിയിലും സിംഗിൾ ഡേ പെർമിറ്റ് കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുന്നുണ്ടെന്നും സർക്കാർ നൽകുന്ന തുകയ്ക്കുള്ളിൽ നില്ക്കുന്ന പ്ലാൻ വേണമെന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

8. കേന്ദ്ര പദ്ധതി നമ്മുടെ സംസ്ഥാനത്തിനനുസരിച്ച് മാറ്റിയെടുക്കുന്നതു പോലെ ഇക്കാര്യത്തിൽ അഡാപ്റ്റേഷനാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

9. സഹകരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ആദ്യകാലങ്ങളെ സംബന്ധിച്ച് ശരിയാണെന്നും വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ കാലഘട്ടത്തിൽ ഫോക്കസ് ചെയ്തിരുന്നത് വ്യക്തിഗതാനുകൂല്യങ്ങൾ

കൊടുക്കാനും വീട്, ടോയ്ലെറ്റ്, കുടിവെള്ളം തുടങ്ങിയവയുമാണെന്നും പിന്നീടാണ് കുറച്ചുകൂടി ഉയർന്ന തലത്തിലുള്ള പ്രോജക്ടുകൾ വന്നതെന്നും ഓഹരി പങ്കാളിത്തത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വന്നപ്പോൾ സഹകരണ നിയമം ആദ്യം തടസ്സമായി നിന്നുവെന്നും ഷെയർ ഹോൾഡേഴ്സിന് മാത്രമേ ഓഹരിയെടുക്കാൻ പറ്റുമായിരുന്നുള്ളുവെന്നും പിന്നീട് ഇതിന് എക്സംപ്ഷൻ കൊടുത്തിട്ടാണ് സംസ്ഥാന ഗവൺമെന്റിന് ഓഹരി കൊടുക്കാമെന്ന് പറഞ്ഞതെന്നും ഓഹരി പങ്കാളിത്തം, റിവോൾവിംഗ് ഫണ്ട്, സ്പെഷ്യൽ പ്രോജക്ടുകൾക്ക്/ സ്പെസിഫൈഡ് പ്രോജക്ടുകൾക്ക് നിശ്ചിത ശതമാനം സബ്സിഡി എന്നീ മൂന്ന് കാര്യങ്ങളാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നതെന്നും ഇപ്പോൾ അതിന്റെ മാർക്കറ്റിംഗ്, സ്ഥിരം മാർക്കറ്റിംഗ് സംവിധാനമുണ്ടാക്കൽ, വിപണന മേളകളിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് എന്നിവ വകുപ്പ് നിർവ്വഹിക്കുന്നുണ്ടെന്നും കൺസ്യൂമബിൾ ഐറ്റം വാങ്ങുന്നതിനും ശമ്പളം കൊടുക്കുന്നതിനും മാത്രമേ ഇപ്പോഴും സാധിക്കാതെയുള്ളുവെന്നും 2017-18 മുതൽ ഗൈഡ് ലൈൻസിൽ ഇന്നൊവേറ്റീവ് പ്രോജക്ട് എന്നൊരു പ്രത്യേക വിഭാഗം തന്നെ കൊണ്ടുവന്നിട്ടുണ്ടെന്നും സഹകരണ മേഖലയെ സപ്പോർട്ട് ചെയ്യുമെന്നതിനാൽ പ്രസ്തുത പ്രോജക്ടുകൾക്ക് പഞ്ചായത്തിന്റെ ഫണ്ട് ആന്വൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാന്റോ റിവോൾവിംഗ് ഫണ്ടോ ആയി നൽകാമെന്നും പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥൻ കൃത്യമായ ഇംപ്ലിമെന്റേഷൻ പ്രോഗ്രസ് റിപ്പോർട്ട് സർക്കാരിന് കൊടുക്കണമെന്നും പ്രസ്തുത പ്രോജക്ട് ലോക്കൽ ഫണ്ട് ആഡിറ്റിന് വിധേയമാണെന്നും സഹകരണ സംഘങ്ങൾ പ്രോജക്ട് സമർപ്പിച്ച് പഞ്ചായത്ത് അപ്രൂവ് ചെയ്താൽ പ്രാഥമിക സംഘങ്ങളുടേത് ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലോ എടുക്കാമെന്നും ഉയർന്ന സംഘങ്ങളുടേത് ജില്ലാ പഞ്ചായത്തിലാണ് എടുക്കുന്നതെന്നും കാർഷിക/മത്സ്യബന്ധന മേഖലകളെക്കാൾ കൂടുതലായി ക്ഷീര മേഖലയിലാണ് പ്രോജക്ടുകൾ നല്ല രീതിയിൽ നടക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്താത്തത് എന്ന ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി യാതൊരു വിധ പ്രവർത്തനങ്ങളും നടക്കാത്ത മേഖലയാണിതെന്നും ഒരു പഞ്ചായത്തും അതിൽ ഇടപെട്ടിട്ടില്ലെന്നും നിരീക്ഷിച്ചു. തെരഞ്ഞെടുത്ത കുറച്ച് പഞ്ചായത്തുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ അനോമലി ഉണ്ടാകാത്ത രീതിയിൽ നടപ്പാക്കിയിരുന്ന ഭക്ഷ്യ ധാന്യ വിതരണ പദ്ധതി നിന്നുപോയത് സിവിൽ സപ്ലൈസ് വകുപ്പിന് താത്പര്യമില്ലാത്തതുകൊണ്ടായിരുന്നെന്നും ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ Door Delivery System നിലവിൽ വന്ന സ്ഥലങ്ങളിൽ ഇല്ലെന്നും അർഹതയുള്ള ആളുകൾ റേഷൻ വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ IT Enabled Service-ന് കഴിയുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

10. പൊതുവിതരണ സമ്പ്രദായത്തിൽ ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെങ്കിലും അവർക്ക് അധികാരം കൊടുക്കുകയോ അധികാരം ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യാത്ത അവസ്ഥയാണുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടു.

11. ഉപയോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കാതെയുള്ള നിർമ്മാണം (ഖ.3.3.7.3) എന്ന ഓഡിറ്റ് നിരീക്ഷണം സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശത്തിൽ നിന്നും പ്രസ്തുത ഖണ്ഡിക ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

12. പദ്ധതികളുടെ കൈമാറ്റം (ഖ.3.3.8) എന്ന ഓഡിറ്റ് നിരീക്ഷണം സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശത്തിൽ നിന്നും പ്രസ്തുത ഖണ്ഡിക ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട് ആദ്യകാലത്ത് കൈമാറാതിരുന്ന പല പദ്ധതികളും ഇപ്പോൾ കൈമാറിയിട്ടുണ്ടെന്നും ആദ്യകാലത്ത് സ്റ്റാഫിനെ കൈമാറ്റം ചെയ്തിട്ടുണ്ടായിരുന്നില്ലെന്നും 2009-ൽ എഞ്ചിനീയറിംഗ് വിംഗ് വന്നതോടെ പഴയതിനെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി നിലവിൽ പഞ്ചായത്തുകൾ നേടിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

14. സർക്കാർ നിലനിർത്തിയ മുഖ്യപദ്ധതികൾ (ഖ.3.3.8.2) എന്ന ഖണ്ഡിക ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

15. വനിതാ വ്യവസായ പരിപാടി ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കാത്തത് എന്ന ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും ഗവൺമെന്റ് ഫണ്ട് കൊടുക്കാത്തതിനുള്ള കാരണം ആരായുകയും ചെയ്തു.

16. ആദ്യകാലത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പദ്ധതി രൂപീകരിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടായിരുന്നുവെന്നും ഗ്രൂപ്പുകളിൽ നിന്ന് വനിതാ വ്യവസായത്തിന് പ്രസക്തമായ പ്രൊപ്പോസലുകൾ വന്നിരുന്നില്ലെന്നും വ്യവസായത്തിന് താല്പര്യമുള്ള ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനവും അവബോധവും കൊടുക്കേണ്ടതുണ്ടെന്നും പല ജില്ലാ പഞ്ചായത്തുകളും തദ്ദേശ ഗവൺമെന്റുകളും കുടുംബശ്രീയുടെ സംരംഭകഗ്രൂപ്പുകളെ സപ്പോർട്ട് ചെയ്യുന്നുണ്ടെന്നും വ്യവസായത്തിനുള്ള ഫണ്ട് അനുവദിച്ചിരുന്നത് ഇപ്പോഴത്തേതിനെ അപേക്ഷിച്ച് മുൻവർഷങ്ങളിൽ കുറവായിരുന്നുവെന്നും അതു കാരണം ഗ്രാമസഭകളിൽ നിന്ന് പലപ്പോഴും വ്യവസായ സംബന്ധമായ ആവശ്യങ്ങൾ വരാറില്ലായിരുന്നുവെന്നും വീട്, റോഡ്, കുടിവെള്ളം, ടോയ്‌ലെറ്റ് എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ഗ്രാമസഭകളിൽ കൂടുതലായി വരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

17. ഗ്രാമസഭകൾ പലപ്പോഴും കൂടുന്നില്ലെന്നും മിക്കതും പേപ്പറിലുള്ള ഗ്രാമസഭകളാണെന്നും സമിതി നിരീക്ഷിക്കുകയും ഗ്രാമസഭകൾ നാല് തവണ സ്റ്റാറ്റ്യൂട്ടറിയായി കൂടേണ്ടതാണെന്നും ആളുകളുടെ പങ്കാളിത്തം വളരെ കുറവാണെന്നും പാവപ്പെട്ട നിരവധി ഗുണഭോക്താക്കൾക്ക് അത് സംബന്ധിച്ച വിവരങ്ങളൊന്നും അറിയില്ലെന്നും അതുകൊണ്ടാണ് പഞ്ചായത്തുകൾ അവരുടെതായ താല്പര്യങ്ങൾക്കനുസരിച്ച് ലിസ്റ്റുകൾ തയ്യാറാക്കുന്നതെന്നും അഭിപ്രായപ്പെടുകയും ഓൺലൈൻ സംവിധാനങ്ങൾ ശ്രദ്ധിക്കാത്ത ദരിദ്രരായ ആളുകൾ ഇപ്പോഴുമുണ്ടെന്നും അവരുടെ വീടുകളിൽ പോയി അതിന്റെ പ്രാധാന്യം സംബന്ധിച്ച് പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നത് നന്നായിരിക്കുമെന്നും ലൈഫ് പദ്ധതിയെ സംബന്ധിച്ചും അപ്പീൽ കൊടുക്കുന്നത് സംബന്ധിച്ചും ആളുകൾക്ക് അറിയില്ലെന്നും പദ്ധതി വിട്ടുപോകുന്നവർ നിരവധിയുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

18. പദ്ധതി തുക ഉപയോഗിക്കാത്തത്/പാഴായിപ്പോയത് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് മുൻകാലങ്ങളിൽ തുടക്കത്തിലുണ്ടായ പാളിച്ചയാണിതെന്നും നിലവിൽ അത് ഒഴിവാക്കിയിട്ടുണ്ടെന്നും ഒൻപത് മാസം ആസൂത്രണപ്രവർത്തനം മൂന്ന് മാസം നിർവ്വഹണം എന്ന രീതി മാറി നിലവിലെ സാമ്പത്തികവർഷം ആദ്യ രണ്ട് മാസംകൊണ്ട് ആസൂത്രണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് തുടർന്ന് നിർവ്വഹണ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണെന്നും അതാണ് ഇപ്പോൾ തുടർന്നു വരുന്നരീതിയെന്നും കഴിഞ്ഞ വർഷം 6 ശതമാനത്തിന് താഴെയാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് എക്സ്പെന്റിച്ചറെങ്കിൽ നിലവിലെ വർഷം അത് 18 ശതമാനത്തോളം എത്തിയിട്ടുണ്ടെന്നും എല്ലാ പഞ്ചായത്തുകളിലും എക്സ്പെൻഡിച്ചർ ശരാശരി 20 ശതമാനത്തോളം ആയിട്ടുണ്ടെന്നും എന്നാൽ കുറച്ചു പഞ്ചായത്തുകളിൽ എക്സ്പെന്റിച്ചർ വളരെ മോശമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

19. ചില പഞ്ചായത്തുകൾ പദ്ധതി നിർവ്വഹണം ഗൗരവമായി എടുക്കുന്നില്ലെന്ന് നിരീക്ഷിച്ച സമിതി നിലവിലെ വർഷം പ്ലാൻ എക്സ്പെന്റിച്ചർ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുമോയെന്ന് ആരാഞ്ഞു.

20. ആഗസ്റ്റ് 25 കൊണ്ട് പ്ലാൻ എക്സ്പെന്റിച്ചർ 60% ലേക്ക് എത്തിച്ച ചില പഞ്ചായത്തുകളുണ്ടെന്നും മുൻ വർഷങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്ത് അംഗീകാരം കൊടുക്കാൻ വൈകി എന്നതായിരുന്നു ബുദ്ധിമുട്ടെന്നും നിലവിലെ വർഷം പദ്ധതി ആസൂത്രണം നേരത്തെ തുടങ്ങാൻ കഴിഞ്ഞുവെന്നും ഇതിനോടകം നല്ലൊരു ശതമാനം ടെണ്ടറും നടന്നുകഴിഞ്ഞുവെന്നും നിലവിൽ ഭരണാനുമതി കൊടുത്ത തുക ജി.എസ്.ടി. മൂലം 5-5.5 ശതമാനം കൂടുന്നതുകൊണ്ട് ആയത് കൊടുക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലെന്നും 5 ശതമാനം വരെ എക്സ്ട്രാ കൊടുക്കാമെന്ന് ധനകാര്യ

വകുപ്പ് മന്ത്രി പറഞ്ഞിരുന്നുവെന്നും അത് ഓർഡറായി തുക വാങ്ങി കൊടുക്കേണ്ടതുണ്ടെന്നും സ്പിൽ ഓവറാകുന്ന പദ്ധതികൾക്ക് തൊട്ടടുത്ത വർഷത്തെ ഫണ്ടിൽ നിന്ന് തുക എടുക്കേണ്ടി വരുമെന്നും അതു സംബന്ധിച്ച് വ്യക്തമായ അറിയിപ്പ് കൊടുത്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു.

21. പൊതുമരാമത്ത് ജലസേചന വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരുടെ വിന്യാസത്തിലുണ്ടായ കുറവ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞു. ആയതിന് ഓഡിറ്റ് കാലയളവിനു ശേഷം ലോക്കൽ സെൽഫ് ഗവൺമെന്റ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വിംഗ് രൂപീകരിച്ചുവെന്നും ക്ലറിക്കൽ കാറ്റഗറിയിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് ഡിപ്ലോയ്മെന്റിൽ വന്നവരുടെയും സമാനമായ തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം പി.എസ്.സി. മുഖാന്തരം ആളുകൾ ജോയിൻ ചെയ്യുന്ന മുറയ്ക്ക് ഡിപ്ലോയ്മെന്റ് അവസാനിപ്പിക്കാൻ തീരുമാനമെടുത്തുവെന്നും അത് പൂർത്തിയായി വരികയാണെന്നും ആയതിനാൽ പ്രസ്തുത പ്രശ്നം പ്രായോഗികമായി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി, അറിയിച്ചു.

22. ഉദ്യോഗസ്ഥരുടെ മേൽ അപര്യാപ്തമായ ഭരണ നിയന്ത്രണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിലവിലും തടസ്സങ്ങളുണ്ടെന്നും ചില വകുപ്പുകളിൽ നിന്ന് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ പഞ്ചായത്ത് നിർദ്ദേശിക്കുന്ന ജോലികൾ ചെയ്യാൻ വിസമ്മതിക്കുകയും ടി ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാറുണ്ടെന്നും പക്ഷേ വകുപ്പുകളും ചില വകുപ്പുകളിലെ ജീവനക്കാരുടെ സംഘടനകളും അതിനെ എതിർക്കുന്നുണ്ടെന്നും ഡിസിപ്ലിനറി ആക്ഷൻ എന്നത് വകുപ്പുതല നടപടിക്രമമാണെന്നും അതിനനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും ലോക്കൽ ഗവൺമെന്റുകൾക്ക് മേജർ പെനാലിറ്റിയിലേക്ക് പോകാൻ ബുദ്ധിമുട്ടുണ്ടാകുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

23. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പാക്കിയില്ല/നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു എന്ന ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും വിശദാംശങ്ങൾ ആരായുകയും ചെയ്തു. റൂൾ ഇംപ്ലിമെന്റ് ചെയ്യുന്നതിനപ്പുറം ടീം വർക്ക് ഉണ്ടാവുക യെന്നുള്ളതാണ് വിജയത്തിനാവശ്യമെന്നും അച്ചടക്ക നടപടി കൊണ്ടുമാത്രം ഒരു പ്രശ്നവും തീരുന്നില്ലെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മേലിൽ സഹകരിക്കണമെന്ന താക്കീത് നൽകാവുന്നതാണെന്നും ജില്ലാ ആസൂത്രണ സമിതി. ടീം കുറച്ചുകൂടി ഇഫക്ടീവായാൽ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നും അറിയിച്ചു. അതോടൊപ്പം ഡി.പി.സി.-യിൽ പറ്റാതെ വരുന്ന കാര്യങ്ങൾ മാത്രം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ കൊണ്ടുവരണമെന്ന സമീപനം സ്വീകരിച്ചിട്ടുണ്ടെന്നും ഒരു വർഷത്തെ ഡി.പി.സി. മീറ്റിംഗിലെ കളക്ടർമാരുടെ

ഹാജർനില വാർഷിക അവലോകനത്തിൽ കൃത്യമായി രേഖപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ടി മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

24. കൈമാറിയ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ് എന്ന ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞു. ആയതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിയമപ്രകാരമുള്ള തസ്തികകൾ സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക ബുദ്ധിമുട്ടുമൂലം ക്രിയേറ്റ് ചെയ്തിരുന്നില്ലെന്നും കഴിഞ്ഞ 20 വർഷമായി ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലാണ് ഗവൺമെന്റ് ശ്രദ്ധിച്ചിരുന്നതെന്നും കിടത്തി ചികിത്സാ സൗകര്യം ആവശ്യമുള്ള ആശുപത്രികളിൽ രണ്ട് ഷിഫ്റ്റ് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനും ഓരോ പി.എച്ച്.സി.കളിലും രണ്ടാമത്തെ ഷിഫ്റ്റിലേക്ക് ഒരു അധിക ഡോക്ടറെയും നഴ്സിനെയും നിയമിക്കുന്നതിനുള്ള പണം ലോക്കൽ ഗവൺമെന്റുകളുടെ പ്ലാൻ ഫണ്ടിൽ നിന്ന് കൊടുക്കുന്നതിനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ടെന്നും അതോടൊപ്പം ആവശ്യമായ സ്റ്റാഫിനെ ഡി.എം.ഒ., കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് കണ്ടെത്തുന്നതിനും എൻ.ആർ.എച്ച്.എം. മാനദണ്ഡമനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നതിനും അനുവാദം നല്കിയിട്ടുണ്ടെന്നും താലൂക്ക് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എം.എൽ.എ./എം.പി. ഫണ്ടുകളും ഉപയോഗിക്കുന്നുണ്ടെന്നും രണ്ട് വർഷമായി പി.എച്ച്.സി.കളെയും സി.എച്ച്.സി.കളെയും മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകളും മാനേജ്മെന്റ് ഗൈഡ്ലൈൻസും ഉണ്ടാക്കാൻ ശ്രമിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

25. ഉദ്യോഗസ്ഥരുടെ അപര്യാപ്തമായ കൈമാറ്റം നിയമാനുസൃത ചുമതലകളുടെ നിർവ്വഹണത്തെ ബാധിച്ചു എന്ന ഓഡിറ്റ് പരാമർശം സമിതി പരിഗണിക്കുകയും ആയതിന് പഞ്ചായത്തുകളിൽ ഒരു അസിസ്റ്റന്റ് സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റെയും പുതിയ രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും പഞ്ചായത്തുകളിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി ചെറിയ വ്യത്യാസങ്ങൾ വേണമെന്നാണ് നിലവിൽ ശിപാർശ ചെയ്യുന്നതെന്നും 2005-06 കാലഘട്ടത്തിലേതിനെ അപേക്ഷിച്ച് കാര്യങ്ങൾ വളരെയേറെ മാറിയിട്ടുണ്ടെന്നും പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റിയിലും ഒരു അക്കൗണ്ടിംഗ് കേഡർ ആവശ്യമാണെന്നും അക്കൗണ്ട്സുകൾ അവർ തന്നെ കൈകാര്യം ചെയ്യണമെന്നും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ അക്കൗണ്ടന്റും ബ്ലോക്ക് പഞ്ചായത്തുകളിൽ അക്കൗണ്ട്സ് ഓഫീസറും കോർപ്പറേഷനുകളിൽ ഫിനാൻസ് ഓഫീസറും വേണമെന്നും പ്രൊഫഷണൽ ബിരുദമുള്ള ചാർട്ടേഡ് അക്കൗണ്ടന്റായ

ആളുകളെയാണ് കോർപ്പറേഷനുകളിൽ വേണ്ടതെന്നുമാണ് വകുപ്പ് ശിപാർശ ചെയ്തിരിക്കുന്നതെന്നും ഇതിലേയ്ക്കായി ഒരു ക്ലാർക്കിന്റെ പോസ്റ്റ് അതിനായി മാറ്റിയിട്ട് നിലവിലുള്ളവരിൽ നിന്ന് കൊമേഴ്സ് ഡിഗ്രിയുള്ളവരെ കണ്ടെത്തി കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിലും പരിശീലനം കൊടുത്താൽ മതിയാകുമെന്നും പ്രൊഫഷണലുകളുണ്ടെങ്കിൽ ഓഡിറ്റ് ചെയ്യുന്നതിന് വേണ്ട മെറ്റീരിയൽസ് കൊടുക്കുക, അക്കൗണ്ട്സ് കൃത്യമായി മാസാവസാനം തന്നെ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിലൂടെ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ എളുപ്പമായിരിക്കും എന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

26. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞു.

27. ആന്തരിക നിയന്ത്രണ തുടർ നിരീക്ഷണ സംവിധാനങ്ങൾ നിലവിൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഐ.കെ.എം. (Information Kerala Mission)-ന്റെ സിസ്റ്റം ഉപയോഗിച്ചുകൊണ്ട് ആഴ്ചതോറും അവരുടെ പ്രശ്നങ്ങളും പ്രോഗ്രസ്സും മനസ്സിലാക്കുകയും അതിന് മേൽനോട്ടം വഹിക്കുകയും അവ പബ്ലിഷ് ചെയ്യുകയും ചെയ്യുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്ലാൻ ഫണ്ട് യൂട്ടിലൈസേഷന്റെ പ്രോഗ്രസ്സ് ഓരോ ദിവസവും മണിക്കൂറിൽ ഓരോന്നുവീതം അപ്ഡേറ്റ് ചെയ്യുന്ന രീതിയിലുള്ള സംവിധാനമായിട്ടുണ്ടെന്നും ജില്ലാ ആസൂത്രണ സമിതി ശക്തമായാൽ പ്രാഥമിക തലത്തിലുള്ള പല പ്രശ്നങ്ങൾക്കും ഉത്തരമാകുമെന്നും നിലവിൽ അത് സാമാന്യം നന്നായി പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

28. പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നല്കിയത് എന്ന ഓഡിറ്റ് പരാമർശം നിലവിൽ ശരിയായിട്ടുണ്ടെന്നും ട്രഷറികൾ കമ്പ്യൂട്ടറൈസ് ചെയ്ത് ഓൺലൈൻ സംവിധാനങ്ങൾ നിലവിൽ വന്നതിനാൽ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര ബില്ലുകൾ പെൻഡിംഗ് ഉണ്ടെന്ന് അറിയാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**വികേന്ദ്രീകരണ സെൽ രൂപീകരിക്കാത്തത്**

29. പ്രസ്തുത പരാമർശം സംബന്ധിച്ച് നിലവിൽ പ്രശ്നങ്ങളില്ല എന്ന മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**30. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ധനസഹായം നൽകുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള ചുമതലയാണെങ്കിലും നിലവിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ, ജില്ലാ/ബ്ലോക്ക്**

പഞ്ചായത്തുകൾ മുഖേനയും പ്രസ്തുത ധനസഹായ വിതരണം നടക്കുന്നതായും ആയത് ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നതായും സമിതി വിലയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭ മുഖേനയായതിനാൽ ആയത് കൂടുതൽ സുതാര്യവും ജനകീയവുമാണെന്ന് സമിതി കരുതുന്നു. കൂടാതെ വിവിധ ഏജൻസികൾ ഓരോ പദ്ധതി നടപ്പിലാക്കുമ്പോൾ അത് പദ്ധതിയുടെ ഇടകലരലിനും സമാന്തര നിർവ്വഹണത്തിനും ഇടയാക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഭവന നിർമ്മാണ പദ്ധതികൾ വിവിധ വിഭാഗങ്ങൾ നടത്തുന്നതിന് ഏകോപനമുണ്ടാക്കണ മെന്നും പദ്ധതി നടത്തിപ്പിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഗ്രാമപഞ്ചാ യത്തുകളെയും നഗര സ്വയംഭരണസ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഭവന നിർമ്മാണം സംബന്ധിച്ച നയം സംസ്ഥാനതലത്തിലും ദേശീയതലത്തിലും വ്യത്യസ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭവന നിർമ്മാണത്തിനുള്ള കേന്ദ്രപദ്ധതി നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. പൊതുവിതരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്വങ്ങൾ ഒന്നുംതന്നെ പ്രസ്തുത സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതായി കാണാൻ കഴിയുന്നില്ലെന്നും ഇത്തരം ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന അനേകം ക്രമക്കേടുകൾ താലൂക്ക് തല ഉദ്യോഗസ്ഥർ പിന്നീട് കണ്ടെത്തുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട് കൈമാറിയ അധികാരം വിനിയോഗിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്ന് കണ്ടെത്തി ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ/ഭക്ഷ്യ പൊതുവിതരണ വകുപ്പുകൾ സംയുക്തമായി കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണമെന്നും കൈമാറിക്കിട്ടിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത പ്പെടുത്തണമെന്നും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

32. സഹകരണ മേഖലയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതായി ഓഡിറ്റിൽ കണ്ടെത്തിയ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

33. വിവിധ പദ്ധതികൾക്കായി നടപ്പിലാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ, സാധാരണക്കാരായ ഗുണഭോക്താക്കൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു.

34. പദ്ധതി തുക ഉപയോഗിക്കാത്തതിനാൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2004 മാർച്ചിൽ 581.20 കോടി രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി തുക ഉപയോഗിക്കാത്തതും പാഴായിപ്പോയതും പദ്ധതി നിർവ്വഹണം സംബന്ധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണമില്ലായ്മയാണെന്ന് നിരീക്ഷിച്ച സമിതി പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ടതാണെന്നും ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പ് നൽകണമെന്നും നിർദ്ദേശിക്കുന്നു.

35. ഉദ്യോഗസ്ഥരുടെ മേലുള്ള അപര്യാപ്തമായ ഭരണ നിയന്ത്രണം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണെന്ന് നിരീക്ഷിച്ച സമിതി മറ്റ് വകുപ്പുകളിൽ നിന്ന് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ജോലി ചെയ്യുന്നതുമായ ഉദ്യോഗസ്ഥരുടെ ഭരണ-സാമ്പത്തിക നിയന്ത്രണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

36. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 79 ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള വാർഡുകൾ നിർമ്മിച്ച എങ്കിലും ഡോക്ടർമാരെയും അനുബന്ധ ഉദ്യോഗസ്ഥരെയും നിയമിക്കാത്തതുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാത്തതുകൊണ്ടും ആയവ പ്രവർത്തനക്ഷമമല്ലാതെ അടഞ്ഞ് കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വാർഡുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. പി.എച്ച്.സി./സി.എച്ച്.സി.കളിൽ മാലിന്യ നിർമ്മാർജ്ജനത്തിനും വൃത്തിയായ പരിസരവും ടോയ്‌ലെറ്റും കുടിവെള്ളവും ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനും സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ചുമതലകൾ സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സമിതി തെളിവെടുപ്പുവേളയിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടി റിപ്പോർട്ടും രൂപീകരിച്ച ചട്ടങ്ങളും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഖണ്ഡിക 3.4

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതികൾ

### 3.4.1 ആമുഖം

സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ആവിർഭാവത്തെ തുടർന്ന് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നിർവ്വഹിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ 1997-98 മുതൽ അനുവദിക്കുകയുണ്ടായി. ഈ പദ്ധതികൾ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി. കേരള ജല അതോറിറ്റി, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുതലായ നിർവ്വഹണ ഏജൻസികളെ 'അംഗീകൃത ഏജൻസികളെന്നും' അവരെ ഏല്പിക്കുന്ന പണികളെ 'ഡെപ്പോസിറ്റ് വർക്കുകൾ' എന്നും വിളിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതികൾ ഓഡിറ്റ് അവലോകനം ചെയ്യുകയും അതിന്റെ ഫലം തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു.

### 3.4.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ.

- ഡെപ്പോസിറ്റ് വർക്കുകൾ ഏല്പിക്കുന്നതിനുമുമ്പ് വേണ്ടത്ര ആസൂത്രണം നടത്തിയിരുന്നോ
- കൈമാറിയ തുകകൾ പര്യാപ്തമായിരുന്നോ
- ഉപയോഗിക്കാത്ത തുക എന്തെങ്കിലും ഉണ്ടെങ്കിൽ തിരിച്ചടച്ചോ
- ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം ഫലപ്രദമായി നിരീക്ഷിച്ചിട്ടുണ്ടോ
- ആന്തരിക നിയന്ത്രണ നിരീക്ഷണ സംവിധാനം ഫലപ്രദമായിരുന്നോ

### 3.4.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പ്രത്യവലോകനത്തിന് ഉപയോഗിച്ചത്.

- ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലേയും വ്യവസ്ഥകൾ
- പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്തു പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങളുടെ വാങ്ങലും) ചട്ടങ്ങളും.

➤ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ വ്യവസ്ഥകൾ

➤ ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച് 1997-98-ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും

➤ ഡെപ്പോസിറ്റ് വർക്കുകളുടെ പദ്ധതി റിപ്പോർട്ടുകളും രൂപകല്പനയും എസ്റ്റിമേറ്റും

### 3.4.4 ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും

മൂന്ന് നഗരസഭകൾ[1], രണ്ട് ജില്ലാപഞ്ചായത്തുകൾ[2], തിരുവനന്തപുരത്തെ കേരള ജലഅതോറിറ്റിയുടെ ഓഫീസ്, കേരള ജല അതോറിറ്റി, വിദ്യുച്ഛക്തി ബോർഡ് എന്നിവയുടെ നാല് വീതം ഡിവിഷൻ ഓഫീസുകൾ[3] നിർമ്മിതികേന്ദ്രയുടെ തിരുവനന്തപുരം ജില്ലാ ഓഫീസ് എന്നിവയുടെ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലെ രേഖകളെ ആധാരമാക്കിയാണ് 2006 ജൂൺ, ജൂലൈ മാസങ്ങളിൽ ഈ പ്രത്യവലോകനം നടത്തിയത്. കേരള ജല അതോറിറ്റിയെ സംബന്ധിച്ചിടത്തോളം, 1997-98 മുതലുള്ള രേഖകളും പരിശോധിച്ചു. പദ്ധതിരേഖകൾ, ചെലവ് സ്റ്റേറ്റ്മെന്റുകൾ, വിനിയോഗ സർട്ടിഫിക്കറ്റുകൾ, അംഗീകൃത ഏജൻസികൾ നൽകിയ വിവരങ്ങൾ, മേൽസ്ഥാപനങ്ങളിലെ ഫയലുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് കണ്ടെത്തലുകൾ/ നിരീക്ഷണങ്ങൾക്ക് ഉപോദ്ബലകമായ തെളിവുകൾ ശേഖരിച്ചത്.

### 3.4.5 ഓഡിറ്റിന്റെ കണ്ടെത്തലുകൾ

തുടർന്നുള്ള ഖണ്ഡികകളിൽ പ്രത്യവലോകന ഫലങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

### 3.4.6 ആസൂത്രണം

അംഗീകൃത ഏജൻസിയെ ഒരു പദ്ധതി ഏല്പിക്കുന്നതിന് മുൻപ് നടത്തേണ്ട പ്രവർത്തനങ്ങൾ ശരിയായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. സാദ്ധ്യതാപഠനം, വിവര സമാഹരണം, രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കൽ, തുക നൽകൽ, ഗുണഭോക്താക്കളെ കണ്ടെത്തൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഗുണഭോക്താക്കളെ കണ്ടെത്താതെ സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി ഭവനനിർമ്മാണം ഏല്പിച്ചതിനെ സംബന്ധിച്ച് 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി.എ.ജി.യുടെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച) റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. കേരള ജല അതോറിറ്റിയെ ഏല്പിച്ച

---

1 കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം

2 കൊല്ലം, പത്തനംതിട്ട

3 കൊല്ലം, കോഴിക്കോട്, പത്തനംതിട്ട, തിരുവനന്തപുരം.

75 പ്രവൃത്തികൾ പ്രായോഗികമല്ലാത്തതുകൊണ്ട് ഉപേക്ഷിച്ചുവെന്നും വേണ്ടത്ര പണം നൽകാത്തതുകൊണ്ടും വൈദ്യുതി ലഭ്യമാക്കാത്തതുകൊണ്ടും ജല അതോറിറ്റിക്ക് സാധനങ്ങൾ നൽകുന്നതിലുള്ള കാലതാമസം കൊണ്ടും 579 പ്രവൃത്തികൾ അപൂർണ്ണമായി അവശേഷിക്കുന്നുവെന്നും ഓഡിറ്റ് പരിശോധനയിൽ വെളിവായി. പ്രവൃത്തികൾ അംഗീകൃത ഏജൻസികളെ ഏല്പിക്കുന്നതിനുമുമ്പുള്ള അപര്യാപ്തമായ ആസൂത്രണം അവ ഉപേക്ഷിക്കുന്നതിലും പൂർത്തിയാകാതിരിക്കുന്നതിലും എത്തിച്ചു. തന്മൂലം അവയ്ക്കുവേണ്ടി ചെലവായ തുക വ്യർത്ഥമാകുകയും ചെയ്തു.

### 3.4.7 പണംകൈമാറ്റം

ജനകീയാസൂത്രണ പരിപാടിയിൻ കീഴിൽ ഡെപ്പോസിറ്റ് വർക്കുകൾ നിർവ്വഹിക്കുന്നതിനുവേണ്ടി അംഗീകൃത ഏജൻസികൾക്ക് പണം കൈമാറുന്നത് 1997 ഓഗസ്റ്റിൽ പുറപ്പെടുവിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ്. സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ അംഗീകൃത ഏജൻസികളുമായി ഒരു കരാർ വച്ചതിനുശേഷം മാത്രമേ ചെക്കുകളിലൂടെ പണം കൈമാറാവൂ. കൈമാറിയ തുകയും അതിൽ നിന്നുള്ള ചെലവും സംബന്ധിച്ച കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് പരിശോധന ഇനി പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി.

#### 3.4.7.1 ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിക്കാത്തത്

അംഗീകൃത ഏജൻസികൾക്ക് കൈമാറിയ തുകകൾ ഉൾപ്പെടെയുള്ള ഡെപ്പോസിറ്റ് വർക്കുകളുടെ മുഴുവൻ വിവരങ്ങളും കാണിക്കുന്ന രേഖകൾ പരിശോധിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്നില്ല. 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ മുൻകൂറുകളും മുൻകൂർ ലെഡ്ജറുകളിൽ ചേർക്കേണ്ടിയിരുന്നെങ്കിലും അങ്ങിനെ ചെയ്തില്ല. ഡെപ്പോസിറ്റ് വർക്കുകളുടെ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ രേഖകൾ സൂക്ഷിക്കാത്തതു കൊണ്ട് ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ അംഗീകൃത ഏജൻസികളുടെ രേഖകൾ ഓഡിറ്റിന് പരിശോധിക്കേണ്ടിവന്നു.

#### 3.4.7.2 ഡെപ്പോസിറ്റ് ചെയ്ത തുക അന്തിമ ചെലവായി കാണിച്ചത്

ഓരോ വർഷവും ജനകീയാസൂത്രണ പദ്ധതിയ്ക്കു കീഴിൽ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം സാമ്പത്തിക ലക്ഷ്യം സർക്കാർ നിശ്ചയിച്ചിരിക്കുന്നു (1997). ലക്ഷ്യം കൈവരിക്കാത്ത സ്ഥാപനങ്ങൾക്ക് ലക്ഷ്യത്തിൽനിന്നും കുറവുവന്ന തുക തുടർന്നുള്ള വർഷം തങ്ങൾക്ക്

അനുവദിച്ചുകിട്ടുന്ന പദ്ധതി തുകയിൽ നിന്ന് നഷ്ടപ്പെട്ടുമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. ഡെപ്പോസിറ്റ് വർക്കുകൾ നടപ്പിലാക്കുന്നതിനുവേണ്ടി കൈമാറിയ തുക സ്ഥാപനത്തിന്റെ യഥാർത്ഥ ചെലവായി കണക്കാക്കണമെന്നും സർക്കാർ ഉത്തരവിറക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് യഥാർത്ഥത്തിൽ ഒരു ചെലവും നടന്നില്ലെങ്കിൽ കൂടി ഇങ്ങനെയുള്ള തുകകൾ ചെലവുകളായി കണക്കുകളിൽ പ്രദർശിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇത് പ്രാപ്തമാക്കി. സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായി ആസൂത്രണം നടത്താതെയും പണികളെ സംബന്ധിച്ച വിശദാംശങ്ങൾ പഠിക്കാതെയും ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം അംഗീകൃത ഏജൻസികൾക്ക് തുകകൾ കൈമാറി ഡെപ്പോസിറ്റ് ചെയ്ത തുക അന്തിമ ചെലവായി കണക്കാക്കുന്നത് മുൻകൂറുകൾ നല്കുന്നതിനെ സംബന്ധിക്കുന്ന അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ക്രമരഹിതമായിരുന്നു. ഈ തുകകൾ അന്തിമ ചെലവുകളായി കണക്കാക്കിയതുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകളുടെ തുടർ നിരീക്ഷണം നടത്തിയില്ല. തത്ഫലമായി താഴെ വിവരിക്കുന്നതുപോലെ തുകകളുടെ ഒഴിവാക്കാമായിരുന്ന നിഷ്ക്രിയ നിക്ഷേപത്തിന് ഇത് ഇടയാക്കി.

### 3.4.7.3 കേരള ജല അതോറിറ്റിയെ ഏല്പിച്ച ഡെപ്പോസിറ്റ് വർക്കുകൾ തുടർനിരീക്ഷണം നടത്തിയില്ല

കേരള ജല അതോറിറ്റിയുടെ രേഖകളനുസരിച്ച് 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 4009 ഡെപ്പോസിറ്റ് വർക്കുകൾ അവരെ ഏല്പിക്കുകയുണ്ടായി. 2006 ജൂലൈയിൽ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ ജല അതോറിറ്റി 3387 പ്രവൃത്തികൾ പൂർത്തിയാക്കി.

| വർഷം | പദ്ധതികൾ | | | | | തുക (രൂപ കോടിയിൽ) | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഏല്പിച്ചത് | പൂർത്തിയാക്കിയത് | ശതമാനം | ഉപേക്ഷിച്ചത് | പൂർത്തീകരിക്കാനുള്ളത് | ഡെപ്പോസിറ്റ് ചെയ്തത് | വിനിയോഗിച്ചത് | ശതമാനം | ബാക്കി | വരുമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 2000-01 വരെ | 1667 | 1540 | 92.38 | 54 | 73 | 40.74 | 34.00 | 83.46 | 6.74 | 1654 |
| 2001-02 | 305 | 281 | 92.13 | 1 | 23 | 6.60 | 6.41 | 97.12 | 0.19 | 288 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 2002-03 | 486 | 394 | 81.06 | 6 | 86 | 10.03 | 6.82 | 68.00 | 3.21 | 32.00 |
| 2003-04 | 710 | 589 | 82.96 | 12 | 109 | 21.56 | 13.72 | 63.64 | 7.84 | 36.36 |
| 2004-05 | 577 | 454 | 78.68 | 2 | 121 | 11.75 | 7.73 | 65.79 | 4.02 | 34.21 |
| 2005-06 | 264 | 79 | 29.92 | - | 185 | 7.15 | 2.11 | 29.51 | 5.04 | 70.49 |
| **ആകെ** | **4009** | **3337** | **83.24** | **75** | **597** | **97.83** | **70.79** | **72.36** | **27.04** | **27.64** |

പ്രവൃത്തികളുടെ നടത്തിപ്പിനുവേണ്ടി കൈമാറിയ 97.83 കോടി രൂപയിൽ, 70.79 കോടി രൂപ ജല അതോറിറ്റി വിനിയോഗിച്ചു (പൂർത്തിയാകാത്ത പദ്ധതികളുടെ ചെലവുൾപ്പെടെ) ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം തുടർനിരീക്ഷണം നടത്താത്തതുകൊണ്ട്, 1997-98 മുതലിങ്ങോട്ടുള്ള കാലയളവിലേതുമായി ബന്ധപ്പെട്ട ബാക്കി തുകയായ 27.04 കോടി രൂപ തിരികെ നൽകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടില്ല. ഡെപ്പോസിറ്റ് തുകകൾ യഥാർത്ഥ ചെലവുകളായി പരിഗണിച്ചത്, ജല അതോറിറ്റിയുടെ ധനവിനിയോഗം തുടർനിരീക്ഷിക്കാതിരുന്നതിന് കാരണമായി. പൂർത്തിയായ 3337 പ്രവൃത്തികളിൽ 1045 എണ്ണത്തിന്റെ യഥാർത്ഥ ചെലവ് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്ന് കുറവായിരുന്നപ്പോൾ 189 പ്രവൃത്തികളുടെ യഥാർത്ഥ ചെലവ് കൂടുതലുമായിരുന്നു. തത്ഫലമായി ജല അതോറിറ്റി 2.90 കോടി രൂപ തങ്ങളുടെ കൈവശം അധികമായി നിലനിറുത്തി ഉപേക്ഷിക്കപ്പെട്ട 75 പണികൾക്കുവേണ്ടി മുൻകൂറായി അതോറിറ്റിക്ക് നൽകിയ തുക തിരിച്ചുപിടിക്കാൻ ഒരു നടപടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചില്ല. ഉപേക്ഷിച്ച പ്രവൃത്തികൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്ത യഥാർത്ഥ തുകയുടെ വിവരം അതോറിറ്റിയുടെ പക്കൽ ലഭ്യമല്ലായിരുന്നു.

### 3.4.7.4 സെന്റേജ് ചാർജ് ഈടാക്കാനുള്ള ജല അതോറിറ്റിയുടെ തെറ്റായ തീരുമാനം

കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ്, സർക്കാർ ഉത്തരവുകൾ[1] മാർഗ്ഗ നിർദ്ദേശങ്ങൾ[2] എന്നിവ അനുസരിച്ചാണ് ജല അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ നിർവ്വഹിക്കുന്നത്. ഇവയിലെ വ്യവസ്ഥകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് (ഡെപ്പോസിറ്റ് വർക്കുകളുടെ ഭരണപരമായ ചെലവുകൾക്കുള്ള തുക) ഈടാക്കാവുന്നതല്ല. പൊതുമരാമത്ത്

1 ജി.ഒ. (പി)676/97/ഫിൻ1997 ഓഗസ്റ്റ് 6

2 ജി.ഒ. (എം.എസ്) 29/98 ഐ.ആർ.ഡി.1988 മാർച്ച് 19

1. കോട്ടയം പത്തനംതിട്ട ജില്ലാ പഞ്ചായത്തുകൾ 'മാവേലിക്കര മുനിസിപ്പാലിറ്റി', കുമരകം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾ

അക്കൗണ്ട് കോഡിലെ 16.2.6 ഖണ്ഡികയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് ഈടാക്കുന്നത് നിരോധിച്ചിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തി സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ ജല അതോറിറ്റി പാലിക്കണമെന്ന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് ഈടാക്കാൻ പാടില്ല എന്ന് സംസ്ഥാന ആസൂത്രണ ബോർഡും വ്യക്തമാക്കിയിട്ടുണ്ട് (2002 സെപ്റ്റംബർ). കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും സെന്റേജ് ചാർജ് നൽകുന്നതിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, കേരള ജല അതോറിറ്റി തങ്ങൾ ഏറ്റെടുക്കുന്ന എല്ലാ ഡെപ്പോസിറ്റ് വർക്കുകൾക്കും 12.50 ശതമാനം നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കുവാൻ തീരുമാനിക്കുകയാണ് ചെയ്തത്. അങ്ങനെ 2002-03 മുതൽ 2005-06 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനുള്ള ജല അതോറിറ്റിയുടെ തീരുമാനം കോഡിലെ വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായിരുന്നു.

### 3.4.7.5 വിനിയോഗിക്കാത്ത തുക അംഗീകൃത ഏജൻസികളിൽ നിന്ന് തിരിച്ച് പിടിക്കാത്തത്

തിരുവനന്തപുരം വികസന അതോറിറ്റി, വിദ്യുച്ഛക്തി ബോർഡ്, നിർമ്മിതി-കേന്ദ്ര എന്നീ അംഗീകൃത ഏജൻസികൾ മുഖേന വളരെയേറെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും അതിനുവേണ്ടി 1997-98 മുതൽ 2004-05 വരെയുള്ള കാലയളവിൽ 2.71 കോടി രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഏജൻസികൾ വിനിയോഗിച്ച തുക ഡെപ്പോസിറ്റ് ചെയ്തതിനേക്കാൾ കുറവായതുകൊണ്ട് താഴെ കാണിക്കും പ്രകാരം 31.53 ലക്ഷം രൂപ ചെലവാകാതെ ബാക്കി നില്പുണ്ടായിരുന്നു:

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | തസ്വഭവ സ്ഥാപനത്തിന്റെ പേര് | പദ്ധതികളുടെ എണ്ണം | പ്രവൃത്തി ഏറ്റെടുത്ത അംഗീകൃത ഏജൻസി | തുക | | | ഡെപ്പോസിറ്റ് ചെയ്ത കാലയളവ് |
|---|---|---|---|---|---|---|---|
| | | | | ഡെപ്പോസിറ്റ് ചെയ്തത് | വിനിയോഗിച്ചത് | വിനിയോഗിക്കാത്ത ബാക്കി | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | തിരുവനന്തപുരം നഗരസഭ | 2 | തിരുവനന്തപുരം വികസന അതോറിറ്റി | 57.00 | 40.71 | 16.29 | മാർച്ച് 2000 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 2 | കോഴിക്കോട് നഗരസഭ | 27 | വിദ്യുച്ഛക്തി ബോർഡ് | 175.54 | 169.67 | 5.87 | 1997-98 മുതൽ 2002-03 വരെ |
| 3 | അഞ്ച് തസ്വഭ സ്ഥാപനങ്ങൾ | 7 | നിർമ്മിതി കേന്ദ്രം | 38.25 | 28.88 | 9.37 | 1997-98 മുതൽ 2004-05 വരെ |
| ആകെ | | 36 | | 270.79 | 239.26 | 31.53 | |

അംഗീകൃത ഏജൻസികൾ പദ്ധതികൾ നിർവ്വഹിച്ചതും ധന വിനിയോഗം നടത്തിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർ നിരീക്ഷണം നടത്താത്തതുകൊണ്ട് വിനിയോഗിക്കാത്ത ബാക്കി തുകകൾ കമിഞ്ഞുകൂടി. ഈ തുക തിരിച്ചുപിടിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികളൊന്നും കൈക്കൊണ്ടില്ല.

### 3.4.8 ഡെപ്പോസിറ്റ് വർക്കകളുടെ തെറ്റായ നിർവ്വഹണം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ നിഷേധിക്കത്തക്ക രീതിയിൽ ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലെന്ന് അംഗീകൃത ഏജൻസികൾ നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകൾ പരിശോധിച്ചപ്പോൾ വ്യക്തമായി. തന്നെയുമല്ല, അവ നടപ്പാക്കിയതിൽ ന്യൂനതകളും ഉണ്ടായിരുന്നു. കൃത്യസമയത്ത് പണികൾ നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ സഹായകമായ വ്യവസ്ഥകൾ കരാറിൽ ഉണ്ടായിരുന്നെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏജൻസികൾക്കെതിരെ യാതൊരു നടപടിയും കൈക്കൊണ്ടില്ല.

#### 3.4.8.1 തൃക്കണ്ണാപുരം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസം

പ്രദേശത്തെ 25000 ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളം വലിച്ചെടുക്കുന്നതിനുള്ള കിണർ, പമ്പ്ഹൗസ്, വെള്ളമെത്തിക്കുന്നതിനുള്ള മുഖ്യപൈപ്പ് ലൈൻ, ശുദ്ധീകരണ സംവിധാനം, വിതരണ പൈപ്പ് ലൈൻ മുതലായവ നിർമ്മിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം നഗരസഭ 5.93 കോടി രൂപ അടങ്കലിൽ 1997-98-ൽ ആവിഷ്കരിച്ച പദ്ധതിയാണ് തൃക്കണ്ണാപുരം ശുദ്ധജല വിതരണ പദ്ധതി. 1998 ജൂൺ മുതൽ 2006 മാർച്ച് വരെ ഒമ്പത് തവണകളിലായി നഗരസഭ 4.15 കോടി രൂപ കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റുചെയ്തു. ഇതിൽ 2.20 കോടി രൂപ 2000 ഒക്ടോബറിൽ പണി തുടങ്ങുന്നതിന്

വളരെ മുമ്പുതന്നെ നൽകിയിരുന്നു. ശുദ്ധീകരണ സംവിധാനം, വിതരണ പൈപ്പ് ലൈനുകൾ, ജലം ശുദ്ധീകരിക്കാനുള്ള സംഭരണികൾ മുതലായ 1.76 കോടി രൂപ ചെലവ് വരുന്ന പ്രവൃത്തിയുടെ ഘടകങ്ങൾ പൂർത്തീകരിക്കാനുണ്ടായിരുന്നെങ്കിലും 3.57 കോടി രൂപ ചെലവഴിച്ചശേഷം 2005 ഓഗസ്റ്റ് 24-ന് നഗരസഭ ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. തുക നൽകിയതിനുശേഷം എട്ട് വർഷത്തെ കാലതാമസം നീതികരിക്കത്തക്കതല്ല, വിശേഷിച്ചും ആവശ്യമായി വരുന്നതിനും വളരെ മുമ്പുതന്നെ വേണ്ടത്ര തുകകൾ കൈമാറിയ സാഹചര്യത്തിൽ.

### 3.4.8.2 കോഴിക്കോട് വികസന അതോറിറ്റിയിലൂടെ പദ്ധതികളുടെ വ്യർത്ഥമായ നിർവ്വഹണം

ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ 1.40 കോടി രൂപ മൊത്തം അടങ്കലുള്ള മൂന്ന് നഗരസൗന്ദര്യവത്ക്കരണ പദ്ധതികൾ കോഴിക്കോട് വികസന അതോറിറ്റിയെ 1999-2000-ൽ കോഴിക്കോട് നഗരസഭ ഏല്പിച്ചു. നഗരസഭ 2000 മാർച്ച് 30-ന് മുഴുവൻ തുകയായ 1.40 കോടി രൂപ വികസന അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ഒരു പദ്ധതി മാത്രമേ പൂർത്തീകരിച്ചുള്ളൂ. ഒരു പദ്ധതി അപൂർണ്ണമായി അവശേഷിച്ചപ്പോൾ മൂന്നാമത്തെ പദ്ധതിയിലെ ജോലികൾ മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധംമൂലം ഉപേക്ഷിക്കുകയാണ് ചെയ്തത്. പൂർത്തിയാക്കാത്ത ജോലികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു:

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗിച്ച തുക | ബാക്കി | ആരംഭിച്ച തീയതി |
|---|---|---|---|---|---|---|
| 1 | ഭട്ട് റോഡ് ജംഗ്ഷനിൽ കടലോര സൗന്ദര്യ വത്ക്കരണം | 50.00 | 50.00 | 15.00 | 35.00 | 27-12-2001 |
| 2 | ഗാന്ധി റോഡിൽ കടലോര സൗന്ദര്യ വത്ക്കരണം | 50.00 | 50.00 | .... | 50.00 | ആരംഭിച്ചില്ല |
| | ആകെ | 100 | 100 | 15.00 | 85.00 | |

തീരദേശ നിയന്ത്രണ മേഖലയിൽ നിർമ്മാണം നടത്തുന്നതിനുവേണ്ട അനുമതി വാങ്ങാത്തതുകൊണ്ട് ക്രമനമ്പർ 1-ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തി 15 ലക്ഷം രൂപ ചെലവഴിച്ചതിനുശേഷം നിർത്തിവയ്ക്കേണ്ടിവന്നു. അങ്ങിനെ അംഗീകൃത ഏജൻസികളെ പ്രവൃത്തികൾ ഏല്പിക്കുന്നതിനുമുമ്പേയുള്ള ആസൂത്രണത്തിന്റെ അപര്യാപ്തത 15 ലക്ഷം രൂപയുടെ ചെലവ് വ്യർത്ഥമാകുന്നതിനിടയാക്കി. വിനിയോഗിക്കാത്ത 85 ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് ഒരു നടപടിയും കോഴിക്കോട് നഗരസഭ സ്വീകരിച്ചില്ല.

### 3.4.8.3 കരാർ വ്യവസ്ഥകൾ നടപ്പിലാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുമ്പായി അംഗീകൃത ഏജൻസികൾ അവയുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന നിശ്ചിത തീയതികൾക്കും അവ നിർദ്ദേശിക്കുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പദ്ധതി പൂർത്തിയാക്കണമെന്ന വ്യവസ്ഥകൾ സർക്കാർ നിർദ്ദേശിച്ച മാതൃകാ കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി പ്രവൃത്തി നിർവ്വഹണത്തിലും കണക്കുകൾ സമർപ്പിക്കുന്നതിലും കാലതാമസമുണ്ടായി.

### 3.4.8.4 കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ 2.18 കോടി രൂപ അടങ്കലിൽ കൊല്ലത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാൻ കൊല്ലം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു. (1997-98) ഈ പദ്ധതിയുടെ നിർവ്വഹണം ജില്ലാ പഞ്ചായത്ത് കൊല്ലം ജില്ലാ കളക്ടറെ ഏല്പിച്ചു. ഒരു സ്വകാര്യ ആർക്കിടെക്റ്റിനെകൊണ്ട് 2000 സെപ്റ്റംബറിൽ രൂപകല്പനയും അടങ്കലും തയ്യാറാക്കിയ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി 2000 ഡിസംബറിൽ ലഭിക്കുകയും ചെയ്തു. രൂപകല്പനയനുസരിച്ച് 690 മീറ്റർ മൊത്തം നീളം വരുന്ന 70 പൈലുകൾ അടിക്കണമായിരുന്നു. 2002 ഏപ്രിലിൽ ഈ പണി ഒരു കരാറുകാരനെ ഏല്പിച്ചു. അദ്ദേഹം പണി തുടങ്ങുകയും അംഗീകരിച്ച രൂപകല്പന പ്രകാരം പൈലുകൾ അടിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പൈൽ ഫൗണ്ടേഷന്റെ ഭാരവാഹകശേഷി പരിശോധനയിൽ അത് വളരെ ദുർബ്ബലമാണെന്ന് തെളിഞ്ഞു. ശക്തമായ ഒരു അടിത്തറ ഉണ്ടാക്കുന്നതിന് 690 മീറ്ററിന്റെ സ്ഥാനത്ത് 1779 മീറ്റർ പൈലുകൾ ആവശ്യമാണെന്ന് എൽ.ബി.എസ്. ശാസ്ത്ര സാങ്കേതിക കേന്ദ്രം നടത്തിയ പുനഃപരിശോധനയിൽ തെളിഞ്ഞു. നിലവിലുള്ള നിരക്കിൽ അധികമായി വരുന്ന പൈലുകൾ അടിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുവാൻ കരാറുകാരന് സമ്മതമല്ലായിരുന്നതുകൊണ്ട് 2003 ജനുവരിയിൽ പണി നിർത്തിവച്ചു. പ്രസ്തുത പണിയ്ക്കുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയായ 8.06 ലക്ഷം രൂപ വ്യർത്ഥമായി.

കൊല്ലം ജില്ലാ പഞ്ചായത്ത് 2002-03-ലും 2003-04-ലുമായി 54.46 ലക്ഷം രൂപ കളക്ടർക്ക് ഡെപ്പോസിറ്റായി നൽകിയിരുന്നു. ഇതിൽ 44.46 ലക്ഷം രൂപ കൊല്ലം നഗരസഭ നൽകിയതായിരുന്നു. ജില്ലയിലെ മുഴുവൻ നഗരസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഭാവനം ചെയ്യപ്പെട്ട വിഹിതം 24 ലക്ഷം രൂപ മാത്രമായിരുന്നെങ്കിലും കൊല്ലം നഗരസഭമാത്രം 44.46 ലക്ഷം രൂപ നൽകി. 2003-04-ൽ പണി നിർത്തിവച്ചതിനുശേഷമാണ് 44.46 ലക്ഷം രൂപയിൽ 34.46 ലക്ഷം രൂപയും നഗരസഭ നൽകിയതെന്ന് ഓഡിറ്റ്

പരിശോധനയിൽ വ്യക്തമായി. 2007 മാർച്ചിൽ ജില്ലാ കളക്ടറുടെ കൈവശം 46.40 ലക്ഷം രൂപ വിനിയോഗിക്കാതെ ബാക്കി നില്പുണ്ട്. സ്വകാര്യ ആർക്കിടെക്റ്റ് തയ്യാറാക്കിയ തെറ്റായ രൂപകല്പനയും അത് വേണ്ട രീതിയിൽ സൂക്ഷ്മപരിശോധന നടത്തുന്നതിൽ വന്ന പിഴവും പദ്ധതി ഉപേക്ഷിക്കുന്നതിൽ കലാശിച്ചു.

### 3.4.9 ആന്തരിക നിയന്ത്രണവും തുടർ നിരീക്ഷണവും

ഡെപ്പോസിറ്റ് വർക്കുകൾ ഫലപ്രദമായും കാര്യക്ഷമമായും നിശ്ചിത സമയത്ത് അംഗീകൃത ഏജൻസികളെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ഫലപ്രദമായ ഒരു തുടർനിരീക്ഷണ സംവിധാനം ഇല്ലായിരുന്നു. ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച ആന്തരിക നിയന്ത്രണ വ്യവസ്ഥയും ഫലപ്രദമായി നടപ്പാക്കിയില്ല. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പായി രൂപകല്പനയും വിശദമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നത് പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല. ഇത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം സംഭവിക്കുവാനിടയാക്കി. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം നിരീക്ഷിക്കാത്തതുകൊണ്ട് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയില്ലായിരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടർനിരീക്ഷണം നടത്താതിരുന്നതുകൊണ്ട് പ്രവൃത്തികൾ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്തു.

### 3.4.10 നിഗമനം

➢ ഡെപ്പോസിറ്റ് വർക്കുകളുടെ ആസൂത്രണം ന്യൂനതകൾ നിറഞ്ഞതായിരുന്നു.

➢ ഡെപ്പോസിറ്റ് ചെയ്ത തുകകൾ അന്തിമചെലവായി കണക്കാക്കിയതു കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകൾ ശരിയാംവണ്ണം തുടർനിരീക്ഷണം നടത്തിയില്ല. തത്ഫലമായി വിനിയോഗിക്കാത്ത വലിയ തുകകൾ അംഗീകൃത ഏജൻസികളുടെ കൈവശം നിലനിന്നു.

➢ പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്ത വിധത്തിൽ ആന്തരിക നിയന്ത്രണ തുടർനിരീക്ഷണ വ്യവസ്ഥകൾ ദുർബ്ബലമായിരുന്നു.

### 3.4.11 ശിപാർശകൾ

➢ ഒരു ഡെപ്പോസിറ്റ് വർക്ക് ഒരു അംഗീകൃത ഏജൻസിയെ ഏല്പിക്കുന്നതിന് മുമ്പായി ആസൂത്രണത്തെ സംബന്ധിച്ച എല്ലാകാര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

➢ ഡെപ്പോസിറ്റ് ചെയ്ത തുകകൾ മുൻകൂർ രജിസ്റ്ററുകളിലൂടെ നിരീക്ഷിക്കുകയും വിനിയോഗിക്കാത്ത ബാക്കി തുകകൾ സമയത്തിന് തിരിച്ച് പിടിക്കുകയും ചെയ്യുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

➢ ഡെപ്പോസിറ്റ് വർക്കുകൾ കൃത്യസമയത്ത് തീർക്കത്തക്ക രീതിയിൽ ആന്തരിക നിയന്ത്രണ തുടർനിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സർക്കാർ പരിഗണിക്കണം.

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. ഡെപ്പോസിറ്റ് വർക്കിന്റെ കാര്യത്തിൽ ചിലയിടത്തെല്ലാം പ്രശ്നങ്ങൾ ഉണ്ടെന്നും കൈമാറ്റം ചെയ്യപ്പെട്ട ഡെപ്പോസിറ്റ് വർക്കുകൾ നിലവിലും നടക്കുന്നൊരു പ്രക്രിയയാണെന്നും വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയ്ക്ക് ഡെപ്പോസിറ്റ് വർക്കുകൾ നിലവിൽ നടക്കുന്നുണ്ടെന്നും ചെലവാകാതെ വരുന്ന പണം മുഴുവൻ പ്ലാനിംഗില്ലാതെ സാമ്പത്തിക വർഷത്തിന്റെ അവസാനം ഡെപ്പോസിറ്റ് വർക്കായി കൊടുക്കുന്നൊരു പ്രവണത മുൻപുണ്ടായിരുന്നുവെന്നും അത് നിരുൽസാഹപ്പെടുത്തുന്നുണ്ടെന്നും ഏതെങ്കിലും വർക്ക് ഡെപ്പോസിറ്റ് വർക്കായി എടുക്കണമെങ്കിൽ ആദ്യം അപ്രൂവ്ഡ് പ്ലാനിൽ അത് ചേർക്കണമെന്നും ഫസ്റ്റ് ക്വാർട്ടറിൽത്തന്നെ കൊടുത്തിരിക്കണമെന്നും അവസാനത്തെ ക്വാർട്ടറിൽ കൊടുത്താൽ മതിയാകില്ലെന്നുമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും നിലവിൽ നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു.

40. സംസ്ഥാനത്ത് ജലവിതരണത്തിന്റെ കാര്യത്തെക്കുറിച്ച് വാട്ടർ അതോറിറ്റി ഒഴികെ വേറെ ആർക്കും അറിയില്ലെന്നും ലോക്കൽ ഗവൺമെന്റിന്റെ എഞ്ചിനീയർക്ക് വാട്ടർ സപ്ലൈ സ്കീമുകൾ ഡിസൈൻ ചെയ്യാനോ ഇംപ്ലിമെന്റ് ചെയ്യാനോ മോണിറ്റർ ചെയ്യാനോ സാധിക്കുകയില്ലെന്നും അത്തരം വർക്കുകളിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കണമെന്നും ആസൂത്രണം നന്നായി നടത്താതെ വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചുവെന്ന് പറഞ്ഞതുകൊണ്ട് മാത്രം അവരെ കുറ്റപ്പെടുത്താനാകില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

41. പൈപ്പിടൽ, ടാങ്ക് നിർമ്മാണം, പഞ്ചായത്തിലെ ജലവിതരണം തുടങ്ങിയ ജോലികളാണ് വാട്ടർ അതോറിറ്റിക്ക് നൽകിയതെന്നും വർഷത്തിന്റെ അവസാനം ഏതെങ്കിലും പണം ലാപ്സായിപ്പോകുമെന്ന് തോന്നിയാൽ മാർച്ച് മാസത്തിന്റെ അവസാനത്തെ ആഴ്ചയിൽ ഫീസിബിലിറ്റി സ്റ്റഡി, സോഴ്സ് അനാലിസിസ്, നിലവിലുള്ള കപ്പാസിറ്റി എന്നിവയൊന്നും നോക്കാതെ ഡെപ്പോസിറ്റ് കൊടുക്കുന്നൊരു പ്രവണത പണ്ട് ഉണ്ടായിരുന്നെന്നും നിലവിൽ ഒരു സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിവഴി ചെയ്യാൻ ഉദ്ദേശിക്കുന്നതും കെ.എസ്.ഇ.ബി. വഴി ചെയ്യാൻ ഉദ്ദേശിക്കുന്നതുമെല്ലാം പ്ലാൻ ഫണ്ടിൽ തന്നെ വരണമെന്ന് ഡിപ്പാർട്ട്മെന്റ് നിഷ്കർഷിച്ചിട്ടുണ്ടെന്നും അനുബന്ധ പഠനങ്ങൾ നടത്താതെ ഡെപ്പോസിറ്റ് കൊടുക്കരുതെന്ന് നിബന്ധന വച്ചിട്ടുണ്ടെന്നും ഓഡിറ്റിൽ പരാമർശിച്ച വർക്കുകൾ ആദ്യകാലത്തേതാണെന്നും പഴയകാലത്തെ ഡെപ്പോസിറ്റുകൾ റെക്റ്റിഫൈ ചെയ്യാൻ സാധിക്കില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയിൽ ബോധിപ്പിച്ചു.

42. 2006 വരെയുള്ള കണക്ക് പ്രകാരം വിവിധ പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ചെറുതും വലുതുമായ 3669 വർക്കുകളുണ്ടെന്നും അതിൽ 3,000 രൂപ മുതൽ 3 കോടി രൂപ വരെയുള്ളതുണ്ടെന്നും 2006-ലെ ആഡിറ്റിൽ പരാമർശിച്ച പീരീഡിലുള്ളതെല്ലാം പൂർത്തിയാക്കുമെന്നും ഫീസിബിളല്ലാത്ത 104 പ്രോജക്ടുകളുടെ ഫണ്ട് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയോ അല്ലെങ്കിൽ അവർ റെസല്യൂഷൻ പാസ്സാക്കി മറ്റേതെങ്കിലും വർക്കുകളിലേയ്ക്ക് മാറ്റുകയോ ചെയ്തിട്ടുണ്ടെന്നും അതാണ് നിലവിലെ അവസ്ഥയെന്നും കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ സമിതിയെ അറിയിച്ചു.

43. ഭവന നിർമ്മാണ ബോർഡിനെ ഏല്പിച്ച വർക്കുകളുടെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് 2001-2005 കാലഘട്ടത്തിൽ നടന്ന കാര്യമാണിതെന്ന് സെക്രട്ടറി വ്യക്തമാക്കുകയും വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.-യുമല്ലാതെ വേറെയൊന്നിനും നിലവിൽ ഏജൻസിയും ഡെപ്പോസിറ്റ് വർക്കും അനുവദനീയമല്ലെന്നും പ്രസ്തുത ഓഡിറ്റ് പീരീഡിൽ ചില പഞ്ചായത്തുകൾ ഭവനനിർമ്മാണ ബോർഡിൽ പണം ഡെപ്പോസിറ്റ് ചെയ്തതാണെന്നും ആദ്യത്തെ വാർഷിക പദ്ധതിയിൽ അക്കാര്യം ഉണ്ടായിരുന്നില്ലെന്നും, ഭവനനിർമ്മാണത്തിന് ടെക്നിക്കൽ ഫീസിബിലിറ്റി സ്റ്റഡിയുടെ പ്രശ്നം വരുന്നില്ലെന്നും സെക്രട്ടറി മറുപടി നൽകി.

44. ഇപ്രകാരം നിക്ഷേപിച്ച തുകയുടെ വിനിയോഗം നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വിനിയോഗം പൂർണ്ണമായും നടന്നിട്ടില്ലെന്നും പണം ഡെപ്പോസിറ്റ് ചെയ്താൽ അതൊരു എക്സ്പെന്റിച്ചറായി മുൻപ് ട്രീറ്റ്ചെയ്യുമായിരുന്നുവെന്നും മൂന്നോ നാലോ ഇൻസ്റ്റോൾമെന്റായി ലോക്കൽ ബോഡികളുടെ പി.ഡി.അക്കൗണ്ടിലേക്ക് പണം കൊടുക്കുകയും അവർ ചെക്ക് അല്ലെങ്കിൽ ഡെപ്പോസിറ്റ് കൊടുത്താൽ എക്സ്പെന്റിച്ച റായിയെന്നും നിലവിൽ വർക്ക് നടത്തിക്കഴിഞ്ഞതിനുശേഷം ബിൽ കൊണ്ടുചെന്നാൽ മാത്രമേ എക്സ്പെന്റിച്ചർ ആവുകയുള്ളൂവെന്നും എന്നാൽ പഴയ കേസുകളിൽ അവ പൂർണ്ണമായും റെക്റ്റിഫൈ ചെയ്തിട്ടില്ലെന്നും ഡെപ്പോസിറ്റ് കൊടുത്താലുടൻ മുഴുവൻ തുകയും എക്സ്പെന്റിച്ചറായി കണക്കാക്കുമായിരുന്നുവെന്നും അതിൽ തെറ്റ് ഉണ്ടായിട്ടുണ്ടെന്നും നിലവിൽ അങ്ങനെ ചെയ്യാൻ അനുവദിക്കുന്നില്ലെന്നും മുൻപ് നൽകിയ വർക്കുകളിൽ ഫീസിബിലിറ്റി സ്റ്റഡി ഇല്ലാതെ ഡെപ്പോസിറ്റ് ചെയ്ത പണം വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ചെടുക്കുകയും വർക്ക് ചെയ്യാൻ പറ്റുന്നത് ചെയ്യാൻ പറയാനും മാത്രമേ നിലവിൽ സാധിക്കുകയുള്ളൂവെന്നും അവർ കുറേ വർക്ക് ചെയ്തിട്ടുണ്ടെന്നും 1995-2001 വരെയുള്ള കാലഘട്ടങ്ങളിൽ കൊടുത്ത തുകയ്ക്ക് ഇപ്പോൾ ആ പണികൾ പൂർത്തീകരിക്കാൻ കഴിയുകയില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

45. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ പ്രോജക്ടുകളിൽ 104 പ്രോജക്ടുകൾ ഇനി ചെയ്യാൻ സാധിക്കില്ലെന്നും ആയത്ത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ടുകൾക്കു വേണ്ടി നല്കിയ തുക വാട്ടർ അതോറിറ്റി തിരിച്ചുനൽകുമെന്നും കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചു.

46. വാട്ടർ അതോറിറ്റിയുടെ സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും ഒഴിവാക്കണമെന്നുള്ളതാണ് ഓഡിറ്റിന്റെ നിർദ്ദേശമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അത് ശക്തമായി ആവശ്യപ്പെടുകയാണെന്നും അത് സംബന്ധിച്ച് സർക്കാർ ഓർഡറുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ ഫിനാൻഷ്യൽ സ്റ്റാറ്റസ് കൂടി നോക്കിയാൽ മാത്രമേ അക്കാര്യം നിശ്ചയിക്കാൻ പറ്റുകയുള്ളുവെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി പറഞ്ഞതിന് അത് ലോക്കൽ ബോഡിയുടെ ഹെഡ്ഡിലേക്ക് കൊടുക്കരുതെന്നും എല്ലാ ഡെപ്പോസിറ്റിലും തങ്ങൾ 12.5 ശതമാനമാണ് വാങ്ങുന്നതെന്നും അത് റദ്ദാക്കാതിരിക്കണമെന്നുള്ളതാണ് തങ്ങളുടെ ആവശ്യമെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചപ്പോൾ അത് പാടില്ലെന്നാണ് ഓഡിറ്റിന്റെ സജഷനെന്നും വകുപ്പ് അതിനോട് ശക്തമായി യോജിക്കുകയാണെന്നും വാട്ടർ അതോറിറ്റിയുടെ ഉല്പാദന ചെലവ് 21 രൂപയാണെന്നും ലോകത്ത് ഒരിടത്തും ഇത്രയും കുറഞ്ഞ വിലയ്ക്ക് വെള്ളം കൊടുക്കുന്നില്ലെന്നും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലെല്ലാം വെള്ളത്തിന്റെ റേറ്റ് ഇതിനേക്കാൾ വളരെ കൂടുതലാണെന്നും മറ്റ് സംസ്ഥാനങ്ങളിലെ വെള്ളത്തിന്റെ പ്രൊഡക്ഷൻ കോസ്റ്റും ഡിസ്ട്രിബ്യൂഷൻ ചാർജ്ജും വാട്ടർ അതോറിറ്റി ഗവൺമെന്റ് തലത്തിൽ ബോധ്യപ്പെടുത്തി കൊടുക്കണമെന്നും അത് സംബന്ധിച്ച ചർച്ചകൾ തുടങ്ങിയിട്ടുണ്ടെന്ന് ടെക്നിക്കൽ മെമ്പർ പറഞ്ഞതിന് സെന്റേജ് ചാർജ്ജിൽ നിന്ന് തദ്ദേശ വകുപ്പ് സ്ഥാപനങ്ങളെ ഒഴിവാക്കണമെന്നുള്ള ശിപാർശ ആവർത്തിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു.

47. വിനിയോഗിക്കാത്ത തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിനോട് സമിതി വിശദീകരണമാരാഞ്ഞു. 1997-98 കാലയളവിൽ വസ്ത്രനിർമ്മാണ യൂണിറ്റിനുവേണ്ടി 50,000 രൂപ നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും പണി തുടങ്ങിയ ശേഷം സൈറ്റിലുണ്ടായ പ്രശ്നങ്ങൾ കാരണം വർക്ക് പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും മറ്റൊരു സ്ഥലം കണ്ടെത്തി 2013-14-ൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും ഇനി തുക തിരിച്ചുപിടിയ്ക്കാനില്ലെന്നും വസ്ത്ര നിർമ്മാണ യൂണിറ്റിനുള്ള കെട്ടിടം നിർമ്മിച്ചതിനുശേഷമാണ് മറ്റ് കാര്യങ്ങളിലേക്ക് കടന്നതെന്നും തിരിച്ചാണ് ചെയ്യേണ്ടിയിരുന്നതെന്നും പദ്ധതിക്കാവശ്യമായ കെട്ടിടമുണ്ടെങ്കിലും ഗുണഭോക്താക്കളെ കണ്ടുപിടിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

48. വസ്ത്ര നിർമ്മാണത്തിൽ പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റിനോ രണ്ട് യൂണിറ്റുകൾക്കോ കെട്ടിടം നോമിനൽ റെന്റിന് കൊടുക്കണമെന്നും സൗജന്യമായി കൊടുക്കരുതെന്നും ഓരോ വാർഡിലും ഓരോ യൂണിറ്റുകളുണ്ടായാൽ റെന്റ് കൊടുത്താൽ

തെറ്റില്ലായിരുന്നുവെന്നും നിലവിൽ ചെയ്തിരിക്കുന്നത് വിശദമായ പ്ലാനിംഗാണെന്നും സി.ഡി.എസ്.-നോട് ആവശ്യപ്പെട്ട് പരിശീലനം ലഭിച്ചിട്ടുള്ള ഗ്രൂപ്പുകൾക്ക് മുൻഗണനാ ക്രമത്തിൽ കൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. പഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിത്തം ഏറ്റെടുത്ത് പരിശീലനം ലഭിച്ച ആളുകളെ നിയമിച്ച് നിലവിലെ വർഷംതന്നെ പ്രോജക്ട് നടപ്പാക്കുമെന്നും ഡിസൈനിംഗിലും കട്ടിംഗിലും അഡീഷണലായി ട്രെയിനിംഗ് കൊടുക്കാവുന്നതാണെന്നും അതിന് DDU-GKY യിലെ ഫണ്ടും കൂടി പദ്ധതിയിലേക്ക് യോജിപ്പിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

49. കുമരകം ഗ്രാമപഞ്ചായത്തിൽ വിനിയോഗിക്കാത്ത തുക തിരിച്ചടക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ പദ്ധതികളുടെ നടത്തിപ്പിന് അംഗൻവാടി ഒന്നിന് 1,25,000 രൂപ വീതം നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെന്നും 3 കെട്ടിടം നിർമ്മിക്കുകയും ബാക്കി തുക തിരിച്ച് തന്നിട്ടില്ലെന്നും സ്ഥലം കുറവാണെന്ന കാരണത്താൽ മൂന്നെണ്ണത്തിന്റെ പണി ഭാഗികമായിട്ടാണ് പൂർത്തിയാക്കിയതെന്നും കുമരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബാക്കിയുള്ളതിന്റെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് ആയവ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കത്ത് കൊടുത്തപ്പോൾ അത് സംബന്ധിച്ച ഫയലുകളൊന്നും അവിടെ കാണുന്നില്ലെന്നും ഫയലും എം.ബുക്കും നിർമ്മിതി കേന്ദ്രം കൈപ്പറ്റിയതിന്റെ രേഖകൾ പഞ്ചായത്തിന്റെ കൈവശമുണ്ടെന്നും ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ ചെയർമാനായ ജില്ലാ കളക്ടറോട് കാര്യങ്ങൾ പറഞ്ഞ് പലിശ സഹിതം തുക തിരികെ നൽകാൻ ആവശ്യപ്പെടുന്നതിനും നിർദ്ദേശിച്ചു. പഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി കൊടുത്തിരുന്നെന്നും അത് സംബന്ധിച്ച ഫയലുകളും എം.ബുക്കും മറ്റും നിർമ്മിതി കേന്ദ്രം കൈപ്പറ്റിയതിന്റെ രേഖകൾ പഞ്ചായത്തിലുണ്ടെന്നും അക്കാര്യങ്ങൾ കാണിച്ച് കളക്ടർക്ക് കത്തെഴുതാമെന്നും സെക്രട്ടറി, കുമരകം ഗ്രാമപഞ്ചായത്ത് അറിയിച്ചു.

50. പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഡെപ്പോസിറ്റ് തുക തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 1997-98 മുതൽ 2003-04 കാലയളവിൽ 9 സ്കൂളുകൾക്ക് വേണ്ടിയാണ് 75,40,650 രൂപ കൊടുത്തതെന്നും, സ്കൂളിന്റെ പദ്ധതി പൂർണ്ണമായും നടപ്പാക്കിയെന്നും പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിയാണ് ഭാഗികമായി നടപ്പാക്കിയതെന്നും 56 വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ 20 വീടുകൾ മാത്രമേ നിർമ്മിച്ചിട്ടുള്ളുവെന്നും ബാക്കിയുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക തിരിച്ചടച്ചിട്ടുണ്ടെന്നും സീനിയർ സൂപ്രണ്ട്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അറിയിച്ചു.

51. കോഴിക്കോട് കോർപ്പറേഷനിൽ സമിതി ആരാഞ്ഞ 5.47 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് മാത്രമേയുള്ളുവെന്നും സ്ട്രീറ്റ് ലൈറ്റിന്റെ പ്രസ്തുത രണ്ട് വർക്കുകൾ ചെയ്തിട്ടില്ലെങ്കിൽ തുക തിരിച്ചുനൽകാനായി കത്ത് കൊടുത്തിരുന്നുവെന്നും സാധനങ്ങൾ വാങ്ങുന്നതിന് ഡിപ്പാർട്ട്മെന്റിൽ കാലതാമസം ഉണ്ടായതുകൊണ്ടാണ് വർക്ക് പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടായതെന്നും ഉടൻ പൂർത്തീകരിക്കാമെന്ന് കെ.എസ്.ഇ.ബി.യുടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കോഴിക്കോട് അറിയിച്ചിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ പറഞ്ഞു.

52. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി നൽകിയ 5.47 ലക്ഷം രൂപ കൊണ്ട് പ്രസ്തുത വർക്ക് ചെയ്യാൻ പറ്റുമെന്ന് കരുതുന്നില്ലെന്നും കോർപ്പറേഷന്റെ ഓൺ ഫണ്ടിൽ നിന്ന് ആവശ്യമെങ്കിൽ ബാക്കി തുക നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

53. തിരുവനന്തപുരം കോർപ്പറേഷനിൽ വിനിയോഗിക്കാത്ത ഡെപ്പോസിറ്റ് തുക എത്രയെന്ന് സമിതി ചോദിച്ചതിന് തിരുവനന്തപുരം കോർപ്പറേഷൻ 3 വർക്കുകൾക്കായി 57 ലക്ഷം രൂപ ട്രിഡയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 40,71,296 രൂപ ചെലവഴിച്ചതായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബാക്കി തുകയിൽ 16 ലക്ഷം രൂപ സെന്റേജ് ചാർജ്ജിനത്തിൽ വകകൊള്ളിച്ചിട്ടുണ്ടെന്നും അതിന് കത്ത് കൊടുത്തിട്ടുണ്ടെന്നും നിലവിൽ ട്രിഡയെ വർക്കുകളൊന്നും ഏൽപ്പിക്കുന്നില്ലെന്നും കോർപ്പറേഷൻ തന്നെയാണ് ചെയ്യുന്നതെന്നും കിഴക്കേകോട്ട ഭാഗത്തെ വെള്ളപ്പൊക്ക നിവാരണം, എം. ജി. റോഡ് വികസനം, കിഴക്കേകോട്ടയിൽ ബസ് ബേ നിർമ്മാണം എന്നീ പദ്ധതികൾക്കാണ് ട്രിഡയിൽ ഡെപ്പോസിറ്റ് ചെയ്തതെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. വെള്ളപ്പൊക്ക നിവാരണ പദ്ധതി നടന്നിട്ടില്ലെന്നും ഓഡിറ്റ് ഒബ്ജക്ഷനെത്തുടർന്ന് പ്രസ്തുത തുക റീഫണ്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോഴാണ് സെന്റേജ് ചാർജ്ജിനത്തിൽ വകകൊള്ളിക്കാമെന്ന് അറിയിച്ചതെന്നും പ്ലാൻ ഫണ്ട് സ്റ്റാഫ് സാലറിക്ക് ഉപയോഗിക്കാൻ സാധിക്കാത്തതിനാലാണ് സെന്റേജ് ചാർജ്ജിനത്തിൽ വകകൊള്ളിച്ചതെന്നും അതിന് ഈ മാസം തന്നെ പ്രൊസീഡിംഗ്സ് കൊടുക്കാമെന്നും സെക്രട്ടറി മറുപടി നൽകി.

54. തൃക്കണ്ണാപുരം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആദ്യം നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കോർപ്പറേഷന് 7.16 കോടി രൂപയ്ക്കാണ് പദ്ധതി കൊടുക്കാനിരുന്നതെന്നും വാട്ടർ അതോറിറ്റി അത് 4.66 കോടി രൂപയ്ക്ക് ചെയ്യാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ ശിപാർശ ചെയ്ത് വാട്ടർ അതോറിറ്റിയെക്കൊണ്ട് ചെയ്യിപ്പിച്ചുവെന്നും 5 എം.എൽ.ഡി.-യുടെ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് അവിടെ പൂർത്തീകരിച്ചിട്ടുണ്ടെന്നും 2006-ൽ പദ്ധതി പൂർത്തീകരിച്ച് യു.സി. കൊടുത്തിട്ടുണ്ടെന്നും പദ്ധതി വാട്ടർ അതോറിറ്റിയാണ് ചെയ്തതെന്നും അവർ തന്നെയാണ് അത് നടത്തുന്നതെന്നും സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ അറിയിച്ചു.

55. കോഴിക്കോട് വികസന അതോറിറ്റിയുടെ ഡെപ്പോസിറ്റുമായി ബന്ധപ്പെട്ടാണ് ആഡിറ്റ് പരാമർശം വന്നിരിക്കുന്നതെന്നും 2000 കാലയളവിൽ ഗരുഡൻകുളം നവീകരണം, ഭട്ട് റോഡ് ജംഗ്ഷനിലും ഗാന്ധി റോഡ് ജംഗ്ഷനിലുമുള്ള ബീച്ച് നവീകരണം എന്നിങ്ങനെയുള്ള 3 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി കോഴിക്കോട് കോർപ്പറേഷൻ 1.40 കോടി രൂപ സി.ഡി.എ.യ്ക്ക് കൈമാറിയെന്നും ഗരുഡൻകുളം നവീകരണത്തിന് 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെന്നും പ്രസ്തുത പ്രവൃത്തി സി.ഡി.എ. യഥാസമയം തന്നെ നിർവ്വഹിക്കുകയുണ്ടായിയെന്നും ഭട്ട് റോഡ് ബീച്ച് നവീകരണവും ഗാന്ധിറോഡ് ബീച്ച് നവീകരണവും 50 ലക്ഷം രൂപ വീതമുള്ള പ്രോജക്ടായിരുന്നുവെന്നും ഭട്ട് റോഡ് ബീച്ച് നവീകരണം യഥാസമയം സി.ഡി.എ. ടെണ്ടർ ചെയ്തെങ്കിലും വർക്ക് ആരംഭിച്ചപ്പോൾ 2002 കാലയളവിൽ കടലോരപ്രദേശത്തെ വർക്കായതിനാൽ CRZ ഇഷ്യൂ ഉള്ളതുകൊണ്ട് പ്രസ്തുത പ്രവൃത്തി ഉടനടി നിർത്തിവയ്ക്കേണ്ടതാണെന്ന് സി.ആന്റ് എ.ജി. ഓഡിറ്റിൽ പരാമർശം വന്നപ്പോൾ പ്രവൃത്തി നിർത്തിവയ്ക്കുകയാണുണ്ടായതെന്നും അഡീഷണൽ സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ അറിയിച്ചു.

56. 2004-ൽ ഓംബുഡ്സ്മാൻ സ്വമേധയാ കേസെടുക്കുകയും പെർമനന്റ് കൺസ്ട്രക്ഷനല്ല നടക്കുന്നത് എന്നതുകൊണ്ട് പ്രവൃത്തി തുടരുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവെങ്കിലും കോൺട്രാക്ടർ 80 ശതമാനത്തിൽ കൂടുതൽ റേറ്റ് ആവശ്യപ്പെട്ടതിനാൽ പിന്നീട് വർക്ക് നടന്നില്ലെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

57. ലാന്റ് ഫില്ലിംഗിനുവേണ്ടി ചെലവഴിച്ച 15 ലക്ഷം രൂപയും കോർപ്പറേഷന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ഡെപ്പോസിറ്റ് നൽകിയ പണത്തിൽ 35 ലക്ഷം രൂപ ബാക്കിയുണ്ടെന്നും അത് തിരിച്ചുകിട്ടിയിട്ടില്ലെന്നും പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുക്കുകയുണ്ടായെന്നും പാർട്ട് വർക്ക് ചെയ്തുകഴിഞ്ഞെങ്കിലും മെഷർ ചെയ്ത് അന്ന് എഗ്രി ചെയ്ത റേറ്റനുസരിച്ചുള്ള തുക നൽകേണ്ടതാണെന്നും സി.ഡി.എ.-യിൽ നിന്ന് ആ തുക താമസംവിനാ തിരിച്ചുപിടിക്കേണ്ടതാണെന്നും ഗാന്ധി റോഡിൽ കടലോര വികസനവുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ നൽകിയിട്ടുണ്ടായിരുന്നുവെന്നും ലോക്കൽ പ്രൊട്ടസ്റ്റ് ഉണ്ടായതിന്റെ ഭാഗമായി സി.ഡി.എ.യ്ക്ക് ആ വർക്കും ചെയ്യാൻ സാധിച്ചില്ലെന്നും പ്രസ്തുത 50 ലക്ഷവും ഭട്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബാക്കിയുള്ള 35 ലക്ഷവും ചേർന്ന് 85 ലക്ഷം രൂപയായിരുന്നു സി.ഡി.എ.യിൽ ഉണ്ടായിരുന്നതെന്നും 2012-ൽ സി.ഡി.എ.യെ കാലിക്കറ്റ് കോർപ്പറേഷനോട് കൂട്ടിച്ചേർത്തുവെന്നും 2013 കാലയളവിൽ അത് രണ്ട് അക്കൗണ്ടാക്കി മാറ്റുകയും 85 ലക്ഷം രൂപ സി.ഡി.എ.യുടെ അക്കൗണ്ടിലേക്ക് തന്നെ നിലനിർത്തുകയും ചെയ്തുവെന്നും സി.ഡി.എ.യിലുണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിമൂലം

ശമ്പളം കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ അന്നത്തെ ചെയർമാന്റെ നിർദ്ദേശാനുസരണം പ്രസ്തുത തുക ശമ്പളം നൽകുന്നതിനായി വിനിയോഗിക്കുകയാണുണ്ടായതെന്നും സി.ഡി.എ.-യ്ക്ക് കോർപ്പറേഷനിൽ നിന്ന് വരുമാനത്തിന്റെ 2 ശതമാനം സെന്റേജ് ചാർജ്ജ് നൽകാനുണ്ടായിരുന്നത് കാലാകാലങ്ങളായി നൽകാതെ 4 കോടി രൂപയായി അക്യുമുലേറ്റ് ചെയ്തിരുന്നുവെന്നും പ്രസ്തുത തുക അതിലേയ്ക്കായി വരവ് വയ്ക്കണം എന്ന് കാണിച്ച് സർക്കാരിലേക്ക് കത്ത് നൽകുകയാണുണ്ടായതെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

58. ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ എ.ജി. ജോലി നിർത്തിവയ്ക്കാനുള്ള നിർദ്ദേശം നൽകാറില്ലെന്നും അതൊരു ഓഡിറ്റ് എൻക്വയറി മാത്രമാണെന്നും യഥാസമയം മറുപടി നൽകിക്കഴിഞ്ഞാൽ തീരുന്ന പ്രശ്നമേയുള്ളൂവെന്നും ഓഡിറ്റ് അറിയിച്ചു.

**കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

59. ഡെപ്പോസിറ്റ് വർക്കുകൾ കൃത്യമായി പ്ലാൻ ചെയ്ത് ഫീസിബിലിറ്റിയും വയബിലിറ്റിയും പഠിച്ചതിനുശേഷമാണ് നിലവിൽ ചെയ്യുന്നതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

60. ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഇൻഡോർ സ്റ്റേഡിയത്തിനുവേണ്ടി 44,46,453 രൂപ 2002, 2003, 2004 സാമ്പത്തിക വർഷങ്ങളിൽ മൂന്ന് ഗഡുക്കളായി കൊടുത്തിരുന്നുവെന്നും പിന്നീട് ആ വർക്ക് നടന്നില്ലെന്നും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചില്ലെന്നും 2,17,50,000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ആധുനിക സൗകര്യത്തോടുകൂടിയ ഇൻഡോർ സ്റ്റേഡിയം പണിയാനാണ് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

61. സംയുക്ത പ്രോജക്ടായി സ്റ്റേഡിയം നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ടെന്നും അതിന്റെ നിർമ്മാണത്തിനായി സ്പോർട്സ് കൗൺസിലിന് ഒന്നര ഏക്കർ സ്ഥലം വിട്ടുകൊടുത്തിരുന്നുവെന്നും 2.18 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 1998-99-ൽ വന്ന പ്രോജക്ടാണിതെന്നും കൊല്ലം മുനിസിപ്പാലിറ്റിക്ക് വലിയ ബഡ്ജറ്റിലുള്ള വർക്ക് ഏറ്റെടുക്കാൻ സാധിക്കാതിരുന്നതിനാൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് പദ്ധതി ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുകയായിരുന്നുവെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചു

62. കോർപ്പറേഷൻ ഏരിയയിൽ ഒരു ഇൻഡോർ സ്റ്റേഡിയം വരേണ്ടതാണെന്നും നിലവിലുള്ള പദ്ധതി റിവൈസ് ചെയ്തെടുക്കാൻ പ്രസ്തുത വിഷയം കൗൺസിലിൽ

വയ്ക്കാമെന്നും പദ്ധതി റിവൈസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ലീസ് അടിയന്തരമായി പുതുക്കിയെടുക്കുന്നതിനും ടി പ്രോജക്ട് ഡി.പി.സി.-യിൽ അവതരിപ്പിച്ച് കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി പണം മൊബിലൈസ് ചെയ്ത് നടപ്പാക്കണമെന്നും ഒക്ടോബർ 31-നകം തീരുമാനമെടുത്ത് ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം ഗവൺമെന്റിലേക്ക് അറിയിക്കുന്നതിനും പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചതിൻപ്രകാരം നടപടി സ്വീകരിക്കാമെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**63. കേരള പൊതുമരാമത്ത് വകുപ്പ് അക്കൗണ്ട് കോഡ്, സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് ജല അതോറിറ്റി നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിനുള്ള ജല അതോറിറ്റിയുടെ തീരുമാനം കോഡിലെ വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**64. ഡെപ്പോസിറ്റ് വർക്ക് നിർവ്വഹണത്തിൽ വിനിയോഗിക്കാത്ത തുക അംഗീകൃത ഏജൻസികളിൽ നിന്ന് തിരിച്ചുപിടിക്കാത്ത സംഭവങ്ങൾ ആവർത്തിക്കാ തിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വിനിയോഗിക്കാത്ത തുക തിരിച്ചെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്നും വർക്കിന്റെ ഫീസിബിലിറ്റി പരിശോധിക്കാതെ ഡെപ്പോസിറ്റ് വർക്ക് കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**65. കുമരകം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനുള്ളവ പൂർത്തിയാക്കുകയോ, ഡെപ്പോസിറ്റ് തുക തിരിച്ചടയ്ക്കുകയോ ചെയ്തിരിക്കണമെന്നും, പണം തിരിച്ചടയ്ക്കുകയാണെങ്കിൽ 2017 ഡിസംബർ 31-നകം തിരിച്ചടച്ച് അക്കാര്യം ഗവൺമെന്റിലേക്ക് സെക്രട്ടറി റിപ്പോർട്ട് ചെയ്യണമെന്നും ഇത് സംബന്ധിച്ച തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ടി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**66. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിനായി അംഗീകൃത ഏജൻസികൾക്ക് മുൻകൂർ തുക നൽകിയത് സംബന്ധിച്ച ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തത് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള**

ഗുരുതര വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഡെപ്പോസിറ്റ് തുക ചെക്കായി നൽകിയതിനാൽ ട്രഷറി റീകൺസിലിയേഷൻമുഖേന ഡെപ്പോസിറ്റും അഡ്വാൻസും സ്വീകരിച്ചവരുടെ രജിസ്റ്റർ പരിശോധിച്ച് അഡ്വാൻസ് രജിസ്റ്ററും ഡെപ്പോസിറ്റ് രജിസ്റ്ററും തയ്യാറാക്കണമെന്നും തുക തിരിച്ച് പിടിക്കാനുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

67. കൊല്ലം കോർപ്പറേഷൻ പരിധിയിൽ സ്റ്റേഡിയം നിർമ്മിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ലീസ് അടിയന്തരമായി പുതുക്കി യെടുക്കുന്നതിനും ടി പ്രോജക്ട് ഡി.പി.സി.-യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയശേഷം പണം മൊബിലൈസ് ചെയ്ത് നടപ്പാക്കണമെന്നും ഈ വിഷയത്തിൽ അടിയന്തരമായി തീരുമാനമെടുത്ത് ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം ഗവൺമെന്റിലേക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

68. ഡെപ്പോസിറ്റ് വർക്കുകൾ കൃത്യസമയത്ത് തീർക്കത്തക്ക രീതിയിൽ ആന്തരിക നിയന്ത്രണ ഇടർ നിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 104 പ്രോജക്ടുകൾ ഇനി ചെയ്യാൻ സാധിക്കില്ലെന്നും പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി നൽകിയ തുക വാട്ടർ അതോറിറ്റി തിരിച്ച് നൽകുമെന്നും കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ ബോധിപ്പിച്ചിട്ടുള്ളതിനാൽ ടി തുക വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2019, നവംബർ 21.

അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 30 | തദ്ദേശസ്വയംഭരണ വകുപ്പ് | ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ധനസഹായം നൽകുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള ചുമതലയാണെങ്കിലും നിലവിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ, ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയും പ്രസ്തുത ധന സഹായ വിതരണം നടക്കുന്നതായും ആയത് ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നതായും സമിതി വിലയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭ മുഖേനയായതിനാൽ ആയത് കൂടുതൽ സുതാര്യവും ജനകീയവുമാണെന്ന് സമിതി കരുതുന്നു. കൂടാതെ വിവിധ ഏജൻസികൾ ഓരോ പദ്ധതി നടപ്പിലാക്കുമ്പോൾ അത് പദ്ധതിയുടെ ഇടകലരലിനും സമാന്തര നിർവ്വഹണത്തിനും ഇടയാക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഭവന നിർമ്മാണ പദ്ധതികൾ വിവിധ വിഭാഗങ്ങൾ നടത്തുന്നതിന് ഏകോപനമുണ്ടാക്കണമെന്നും പദ്ധതി നടത്തിപ്പിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെയും നഗര സ്വയംഭരണസ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഭവന നിർമ്മാണം സംബന്ധിച്ച നയം സംസ്ഥാനതലത്തിലും ദേശീയതലത്തിലും വ്യത്യസ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭവന നിർമ്മാണത്തിനുള്ള കേന്ദ്ര പദ്ധതി നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 31 | തദ്ദേശസ്വയംഭരണ വകുപ്പ് | പൊതുവിതരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങൾ ഒന്നുംതന്നെ പ്രസ്തുത സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതായി കാണാൻ കഴിയുന്നില്ലെന്നും ഇത്തരം ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന അനേകം ക്രമക്കേടുകൾ താലൂക്ക്തല ഉദ്യോഗസ്ഥർ പിന്നീട് കണ്ടെത്തുകയും ചെയ്തുവെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട് കൈമാറിയ അധികാരം വിനിയോഗിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്ന് കണ്ടെത്തി ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ/ഭക്ഷ്യ പൊതുവിതരണ വകുപ്പുകൾ സംയുക്തമായി കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണമെന്നും കൈമാറിക്കിട്ടിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്തപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 32 | തദ്ദേശസ്വയംഭരണ വകുപ്പ് | സഹകരണ മേഖലയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഓഡിറ്റിൽ കണ്ടെത്തിയ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 33 | തദ്ദേശസ്വയംഭരണ വകുപ്പ് | വിവിധ പദ്ധതികൾക്കായി നടപ്പിലാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ, സാധാരണ ക്കാരായ ഗുണഭോക്താക്കൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. |
| 5 | 34 | ,, | പദ്ധതി തുക ഉപയോഗിക്കാത്തതിനാൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2004 മാർച്ചിൽ 581.20 കോടി രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിതുക ഉപയോഗിക്കാത്തതും പാഴായിപ്പോയതും പദ്ധതി നിർവ്വഹണം സംബന്ധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണമില്ലായ്മയാണെന്ന് നിരീക്ഷിച്ച സമിതി പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ടതാണെന്നും ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്നും നിർദ്ദേശിക്കുന്നു. |
| 6 | 35 | ,, | ഉദ്യോഗസ്ഥരുടെ മേലുള്ള അപര്യാപ്തമായ ഭരണ നിയന്ത്രണം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണെന്ന് നിരീക്ഷിച്ച സമിതി മറ്റ് വകുപ്പുകളിൽ നിന്ന് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടതും തദ്ദേശ സ്വയംഭരണ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് കീഴിൽ ജോലി ചെയ്യുന്നതുമായ ഉദ്യോഗസ്ഥരുടെ ഭരണ-സാമ്പത്തിക നിയന്ത്രണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ശിപാർശ ചെയ്യുന്നു. |
| 7 | 36 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 79 ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള വാർഡുകൾ നിർമ്മിച്ചു എങ്കിലും ഡോക്ടർമാരെയും അനുബന്ധ ഉദ്യോഗസ്ഥരെയും നിയമിക്കാത്തത് കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാത്തത് കൊണ്ടും ആയവ പ്രവർത്തന ക്ഷമമല്ലാതെ അടഞ്ഞ് കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വാർഡുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 37 | ,, | പി.എച്ച്.സി./സി.എച്ച്.സി.കളിൽ മാലിന്യ നിർമ്മാർജ്ജനത്തിനും വൃത്തിയായ പരിസരവും ടോയ്‌ലെറ്റും കുടിവെള്ളവും ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനും സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 38 | ,, | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ചുമതലകൾ സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കണമെന്നും സമിതി തെളിവെടുപ്പു വേളയിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടി റിപ്പോർട്ടും രൂപീകരിച്ച ചട്ടങ്ങളും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 63 | തദ്ദേശസ്വയംഭരണ വകുപ്പ് | കേരള പൊതുമരാമത്ത് വകുപ്പ് അക്കൗണ്ട് കോഡ്, സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് ജല അതോറിറ്റി നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിനുള്ള ജല അതോറിറ്റിയുടെ തീരുമാനം കോഡിലെ വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 64 | ,, | ഡെപ്പോസിറ്റ് വർക്ക് നിർവ്വഹണത്തിൽ വിനിയോഗിക്കാത്ത തുക അംഗീകൃത ഏജൻസികളിൽ നിന്ന് തിരിച്ചുപിടിക്കാത്ത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വിനിയോഗിക്കാത്ത തുക തിരിച്ചെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്നും വർക്കിന്റെ ഫീസിബിലിറ്റി പരിശോധിക്കാതെ ഡെപ്പോസിറ്റ് വർക്ക് കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 65 | തദ്ദേശസ്വയംഭരണ വകുപ്പ് | കുമരകം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനുള്ളവ പൂർത്തിയാക്കുകയോ, ഡെപ്പോസിറ്റ് തുക തിരിച്ചടയ്ക്കുകയോ ചെയ്തിരിക്കണമെന്നും, പണം തിരിച്ചടയ്ക്കുകയാണെങ്കിൽ 2017 ഡിസംബർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 31-നകം തിരിച്ചടച്ച് അക്കാര്യം ഗവൺമെന്റിലേക്ക് സെക്രട്ടറി റിപ്പോർട്ട് ചെയ്യണമെന്നും ഇത് സംബന്ധിച്ച തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ടി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 66 | തദ്ദേശസ്വയംഭരണ വകുപ്പ് | പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിനായി അംഗീകൃത ഏജൻസികൾക്ക് മുൻകൂർ തുക നൽകിയത് സംബന്ധിച്ച ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തത് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഡെപ്പോസിറ്റ് തുക ചെക്കായി നൽകിയതിനാൽ ട്രഷറി റീകൺസിലിയേഷൻ മുഖേന ഡെപ്പോസിറ്റും അഡ്വാൻസും സ്വീകരിച്ചവരുടെ രജിസ്റ്റർ പരിശോധിച്ച് അഡ്വാൻസ് രജിസ്റ്ററും ഡെപ്പോസിറ്റ് രജിസ്റ്ററും തയ്യാറാക്കണമെന്നും തുക തിരിച്ച് പിടിക്കാനുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 14 | 67 | " | കൊല്ലം കോർപ്പറേഷൻ പരിധിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ലീസ് അടിയന്തരമായി പുതുക്കിയെടുക്കുന്നതിനും ടി പ്രോജക്ട് ഡി.പി.സി.-യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയശേഷം പണം മൊബിലൈസ് ചെയ്ത് നടപ്പാക്കണമെന്നും ഈ വിഷയത്തിൽ അടിയന്തരമായി തീരുമാനമെടുത്ത് ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം ഗവൺമെന്റിലേക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 68 | തദ്ദേശസ്വയംഭരണ വകുപ്പ് | ഡെപ്പോസിറ്റ് വർക്കുകൾ കൃത്യസമയത്ത് തീർക്കത്തക്ക രീതിയിൽ ആന്തരിക നിയന്ത്രണ തുടർ നിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 69 | ,, | കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 104 പ്രോജക്ടുകൾ ഇനി ചെയ്യാൻ സാധിക്കില്ലെന്നും പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി നൽകിയ തുക വാട്ടർ അതോറിറ്റി തിരിച്ച് നൽകുമെന്നും കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ ബോധിപ്പിച്ചിട്ടുള്ളതിനാൽ ടി തുക വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | 3.3. | ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള കൈമാറ്റം<br><br>**സവിശേഷതകൾ**<br>1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റേയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെയും പട്ടികകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ 1995 ഒക്ടോബർ മുതൽ തദ്ദേശ സ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള കൈമാറ്റം ഏകോപിപ്പിക്കുന്നതിൽ വീഴ്ചയുണ്ടായി, വിവക്ഷിച്ചതുപോലെ ചുമതലകൾ കൈമാറ്റം ചെയ്യാത്തതും, ചുമതലകളും പ്രവർത്തനങ്ങളും വിവിധതലങ്ങൾ തമ്മിൽ ഇടകലരുന്നതും, കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ ശരിയായി പ്രവർത്തിക്കാത്തതും, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്ക് ആനുപാതികമായി തുക കൈമാറ്റം ചെയ്യാത്തതും തത്ഫലമായിട്ടാണ്.<br><br>➢ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ ചുമതലയായ പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പിന് തുക അനുവദിക്കുന്നത് (181 കോടി രൂപ) സർക്കാർ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ തുടർന്നു. ഇത് ഭവന നിർമ്മാണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും സമാന്തരമായി നിർവ്വഹിക്കുന്നതിനിടയാക്കി.<br><br>➢ തങ്ങൾക്ക് കൈമാറികിട്ടിയ ചുമതലകളുമായി | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | ബന്ധമില്ലാത്ത 176 പദ്ധതികൾ 9.89 കോടി രൂപ ചെലവിൽ മൂന്നു ജില്ലാ പഞ്ചായത്തുകളും അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളും നടപ്പാക്കി.<br><br>➢ കൈമാറ്റം ചെയ്യപ്പെട്ട നാലു സ്ഥാപനങ്ങൾക്ക് ലഭിച്ച ഒരു കോടി രൂപയുടെ വരുമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ടതിനു പകരം സർക്കാരിൽ അടച്ചു.<br><br>➢ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളുടെ നിർവ്വഹണം അതാത് വകുപ്പുകളിൽ തന്നെ തുടർന്നു 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ അങ്ങിനെ നടപ്പാക്കിയ 11 പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തമില്ലാതെയാണ് 308.47 കോടി രൂപ ചെലവു ചെയ്തത്.<br><br>➢ 2001-02 ലെ സംസ്ഥാന ബജറ്റിൽ പട്ടിക വർഗ്ഗ ഉപ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സഹായധനമായി വകയിരുത്തിയ 40 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനു പകരം പട്ടിക വർഗ്ഗ വികസനത്തിനു കീഴിലെ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിർവ്വഹിക്കാൻ കഴിഞ്ഞില്ല.<br><br>➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 79 ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ കിടത്തിചികിത്സിക്കാനുള്ള വാർഡുകൾ നിർമ്മിച്ചുവെങ്കിലും ഡോക്ടർമാരും അനുബന്ധ ഉദ്യോഗസ്ഥരും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതു കാരണം അവ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. | |

| | | | |
|---|---|---|---|
| | | ➢ അധികാര വികേന്ദ്രീകരണ സെൽ രൂപീകരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മോണിറ്ററിംഗ് സമിതി പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ, ത്രൈമാസ റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കുകയും ചെയ്യാതിരുന്നതുകൊണ്ട് ആന്തരിക നിയന്ത്രണ നിരീക്ഷണസംവിധാനം ഫലപ്രദമായില്ല. | |
| | 3.3.1. | ആമുഖം<br>➢ ഭരണഘടനയുടെ എഴുപത്തി മൂന്നാമത്തെയും എഴുപത്തിനാലാമത്തെയും ഭേദഗതി നിയമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്വയംഭരണ സർക്കാരുകളായി കല്പിച്ചുകൊണ്ട് അധികാരകൈമാറ്റം ഏതളവുവരെ വേണമെന്നുള്ളത് സംസ്ഥാന നിയമസഭകളുടെ ഇംഗിതത്തിന് വിട്ടുകയാണ് ചെയ്തത്. ചുമതലകൾ, ഉദ്യോഗസ്ഥർ, ഫണ്ട് എന്നിവയുടെ കൈമാറ്റം , ഉദ്യോഗസ്ഥരുടെ മേൽ ഭരണപരമായി നിയന്ത്രണം, തദ്ദേശ തലത്തിൽ സാമ്പത്തികവും ഭരണപരമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം എന്നിവയാണ് അധികാര കൈമാറ്റത്തിന്റെ മുഖ്യഘടകങ്ങൾ. ഭരണ ഘടനയുടെ 243 ജി വകുപ്പനുസരിച്ച് സംസ്ഥാനനിയമസഭ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമവും പാസ്സാക്കി. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്നതിനുവേണ്ട ഉദ്യോഗസ്ഥർ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് ഈ നിയമങ്ങൾ മറ്റു കാര്യങ്ങൾക്കൊപ്പം അനുശാസിക്കുന്നുണ്ട്. | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | അതനുസരിച്ച് പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നും നാലും അഞ്ചും പട്ടികകളിലും മുനിസിപ്പാലിറ്റി നിയമത്തിന്റെ ഒന്നാം പട്ടികയിലും പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ യഥാക്രമം ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2 മുതൽ കൈമാറി. ചുമതലകളുടെ കൈമാറ്റവും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും ഓഡിറ്റ് പ്രത്യവലോകനം നടത്തിയതിന്റെ ഫലങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു. | |
| | 3.3.2. | **ഓഡിറ്റ് ലക്ഷ്യങ്ങൾ**<br>താഴെ പറയുന്ന കാര്യങ്ങൾ വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ<br>➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യുവാൻ വിഭാവനം ചെയ്യപ്പെട്ട ചുമതലകളും ഉദ്യോഗസ്ഥരും യഥാർത്ഥത്തിൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ<br>➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറിയത് ഫലപ്രദമായിരുന്നോ<br>➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥരെ കൈമാറിയ ചുമതലകൾക്ക് ആനുപാതികമായാണോ<br>➢ കൈമാറിയ ചുമതലകൾ ഫലപ്രദമായും കാര്യക്ഷമമായും നിർവ്വഹിച്ചോ<br>➢ ചുമതലകളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനും പര്യാപ്തമായ | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | തുടർ നിരീക്ഷണ ആന്തരിക നിയന്ത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടോ | |
| | 3.3.3. | **ഓഡിറ്റ് മാനദണ്ഡങ്ങൾ**<br>ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ ഫലപ്രാപ്തി പരിശോധിക്കുന്നതിനുപയോഗിച്ച മാനദണ്ഡങ്ങൾ താഴെ പറയുന്നു.<br>➢ ചുമതലകളുടെ കൈമാറ്റം സംബന്ധിച്ച കേരള പഞ്ചായത്തു രാജ് നിയമത്തിലെയും മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾ<br>➢ പഞ്ചായത്തു രാജ് നിയമത്തിന്റെ മൂന്നും നാലും അഞ്ചും പട്ടികകളും മുനിസിപ്പാലിറ്റി നിയമത്തിന്റെ ഒന്നാം പട്ടികയും<br>➢ ചുമതലകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, ഉദ്യോഗസ്ഥർ, ഫണ്ട് മുതലായവ കൈമാറിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ<br>➢ ചുമതലകൾ കൈമാറുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ<br>➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ രേഖകൾ | (പ്രത്യേക പരാമർശമില്ല ) |
| | 3.3.4. | **ഓഡിറ്റ് രീതിയും വ്യാപ്തിയും**<br>➢ മുപ്പത്തിരണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (നാലു ജില്ലാ പഞ്ചായത്തുകൾ, എട്ടു ബ്ലോക്ക് പഞ്ചായത്തുകൾ, പതിനാറ് ഗ്രാമ പഞ്ചായത്തുകൾ ,നാലു മുനിസിപ്പാലിറ്റികൾ) 2001-02 മുതൽ 2005-06 വരെയുള്ളകാലയളവിലെ രേഖകളെ ആധാരമാക്കി 2006 മെയ് മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിലാണ് പ്രത്യവലോകനം | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | നടത്തിയത്. ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച രേഖകൾ, ജീവനക്കാരുടെ വിന്യാസവും അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവും സംബന്ധിച്ച ഫയലുകൾ, സർക്കാർ ഉത്തരവുകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ മുതലായവയിൽ നിന്നാണ് തെളിവുകൾ ശേഖരിച്ചത്. ഇത് കൂടാതെ കൃഷി, മൃഗ സംരക്ഷണം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം. വ്യവസായവും വാണിജ്യവും എന്നി വകുപ്പുകളുടെ തലവൻമാരുടെ ഓഫീസിലെ രേഖകളും പരിശോധിക്കുകയുണ്ടായി. | |
| | 3.3.5. | **ഓഡിറ്റ് കണ്ടെത്തലുകൾ**<br>ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നു. | (പ്രത്യേക പരാമർശമില്ല ) |
| | 3.3.6. | **ചുമതലകളുടെ കൈമാറ്റം** | (പ്രത്യേക പരാമർശമില്ല ) |
| | 3.3.6.1. | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളുടെ മാപ്പിംഗ്**<br>സ്വയംഭരണ സർക്കാരുകളുടെ വിവിധ തലങ്ങൾ ഒരേ സമയം നിലനില്ക്കുന്നത് അവയ്ക്കിടയിൽ സന്തുലിതമായ രീതിയിൽ അധികാരങ്ങളും ചുമതലകളും വീതിക്കുന്ന എന്ന മുൻധാരണയോടെയാണ്. ഇങ്ങനെ വീതിക്കുന്നതിന്റെ അടിസ്ഥാന മാനദണ്ഡം ഒരു ചുമതല അതേല്പിക്കപ്പെട്ട തലത്തിലുള്ള സ്ഥാപനം തന്നെ നിർവ്വഹിക്കണമെന്നും ചുമതലകൾ ഇടകലരുന്നെങ്കിൽ വിവിധ തലങ്ങൾ തമ്മിലുള്ള ഏകോപനത്തിന് ഒരു സംവിധാനം വേണമെന്നും ആ... 1999-ൽ ഭേദഗതിചെയ്യപ്പെട്ടതനുസരിച്ചുള്ള പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റി നിയമവും 26 വിഷയങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ പഞ്ചായത്തുകളുടെ മൂന്ന തലങ്ങൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും വീതിച്ച നൽകി... പറഞ്ഞ | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | വിഷയങ്ങളുമായി ബന്ധപ്പെട്ട 19 പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.(പട്ടിക-അനുബന്ധം14) അനുബന്ധം VI ൽ കൊടുത്തിട്ടുള്ള പ്രവർത്തന മാപ്പിംഗ് ചാർട്ടിൽ വിശദമാക്കിയതുപോലെ, ഒരു പ്രത്യേക തലത്തിലുള്ള പഞ്ചായത്തിന് കൈമാറിയ ചുമതല മറ്റൊന്നിന്റേതുമായി ഇടകലരാത്ത രീതിയിലാണ് വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകൾക്ക് ചുമതലകൾ കൈമാറിയിട്ടുള്ളത്. | |
| | 3.3.6.2. | **ചുമതലകളുടെ അപര്യാപ്തമായ കൈമാറ്റം**<br>ചെറു വനവിഭവങ്ങൾ, വൈദ്യുതി വിതരണം , ഭൂപരിഷ്കരണം നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ ഭരണ ഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നതിന് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അവ കൈമാറിയിട്ടില്ല. അതുപോലെ, 74- മത് ഭരണ ഘടന ഭേദഗതിയുടെ അടിസ്ഥാനത്തിൽ നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 18 വിഷയങ്ങളിൽ ഒന്നായ അഗ്നിശമനവുമായി ബന്ധപ്പെട്ട ഒരു ചുമതലയും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. | ചെറു വനവിഭവങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിന് വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അവ കൈമാറിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| | 3.3.6.3. | **ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട കൈമാറിയ ചുമതല നിർവ്വഹിക്കുന്നതിലെ പോരായ്മകൾ**<br>പഞ്ചായത്ത് രാജ് നിയമപ്രാകരവും ,മുനിസിപ്പാലിറ്റി നിയമപ്രകാരവും വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയെന്നത് ഗ്രാമ പഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുള്ള ഒരു ചുമതലയാണ്. എന്നിരുന്നാലും, സർക്കാരും മറ്റുതലങ്ങളിലുള്ള പഞ്ചായത്തുകളും ഈ ചുമതല നിർവ്വഹിച്ചു എന്ന് ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ വ്യക്തമായി തത്ഫലമായി തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, ഭവന | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിന് നിശ്ചയിച്ചു നൽകപ്പെട്ട പ്രവർത്തന മേഖലകളിൽനിന്നുകൊണ്ടുതന്നെ പ്രവർത്തിക്കുവാൻ കടപ്പെട്ടിരിക്കുന്നു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റു തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല ഏറ്റെടുത്ത് നടപ്പിലാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ചില പ്രത്യേക മേഖലയിലെ ആവശ്യങ്ങളെ മുൻനിർത്തിയും വിഭവ വിതരണത്തിലെ അസമാനതകൾകൊണ്ടും ചിലപ്പോൾ അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.ഇത്തരം പ്രവണതകളെ നിയന്ത്രിക്കുന്നതിന് വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | നിർമ്മാണ പദ്ധതിയുടെ സമാന്തര നിർവ്വഹണത്തിനും ചുമതലകളുടെ ഇടകലിനും ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ വികലമായ നിർവ്വഹണത്തിനും ഇടയാക്കി. | സംയുക്തമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നത് വിഭാവനം ചെയ്യുകയും ഇതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>പരാമർശിത ഖണ്ഡികകൾക്ക് തുടർന്നുള്ള 3.3.6.4, 3.3.6.7 എന്നീ ഖണ്ഡികയിൽ വിശദമായ മറുപടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| | 3.3.6.4. | **സമാന്തര നിർവ്വഹണം**<br>പട്ടിക ജാതി ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരുന്ന 181 കോടി രൂപയിൽ 138.07 കോടി രൂപ പട്ടികജാതി വികസന വകുപ്പ് 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ചെലവഴിച്ചു. ഈ കാലയളവിൽതന്നേ ഇതേ ചുമതല ഗ്രാമ പഞ്ചായത്തുകളും നഗര സ്വയംഭരണ സ്ഥാപനങ്ങളും നിർവ്വഹിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതിക്ക് വീടൊന്നിന് അനുവദിച്ച 35,000/- രൂപയുടെ സ്ഥാനത്ത്, സർക്കാർ നടപ്പിലാക്കിയ പദ്ധതിക്കുള്ള ധനസഹായം70,000/- രൂപയായിരുന്നു. വർക്കല ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തു നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികളിൽ ദൃശ്യമായതുപോലെ, നിരക്കിലുള്ള സാരമായ ഈ വ്യതിയാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഭവന നിർമ്മാണ പദ്ധതികളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. സർക്കാരും ഈ ബ്ലോക്ക പഞ്ചായത്തും 2002-03 ൽ ഒരേ സമയത്തുതന്നെ ഈ പ്രദേശത്ത് ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുത്ത 22 ഗുണഭോക്താക്കളിൽ മൂന്നുപേർ (13.64 ശതമാനം) മാത്രമാണ് പണി പൂർത്തിയാക്കിയത്. എന്നാൽ പട്ടികജാതി വികസന വകുപ്പ നടപ്പിലാക്കിയ പദ്ധതി അനുസരിച്ച 67 ഗുണഭോക്താക്കളിൽ 63 പേർ വീട്ടുപണി പൂർത്തിയാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതിയിലെ ഗുണഭോക്തൃ | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണത്തിനായി 70,000/ രൂപയാണ് ടി കാലയളവിൽ ധനസഹായമായി അനുവദിച്ചിരുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി പദ്ധതിയ്ക്ക് 35,000/ രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യമായ ഉത്തരവുകൾ യഥാസമയം നൽകാൻ കഴിയാതെ പോയതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തൻവർഷ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ച് നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിലായിരുന്നതിനാലുമാണ് പട്ടികജാതി വികസന വകുപ്പ് നൽകിയ അതേ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുവാൻ കഴിയാതെ പോയത് എന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ഭവന നിർമ്മാണ ധനസഹായം 17 പേർക്ക് നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 7 പേർ മാത്രമാണ് ധനസഹായം കൈപ്പറ്റിയത്. ടി 7 പേരും ഇപ്പോൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. 35,000/ രൂപയ്ക്ക് വീട് പണി പൂർത്തിയാക്കുവാൻ സാധിക്കില്ലെന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും വർദ്ധിച്ച നിരക്കിലുള്ള ആനുകൂല്യം കൈപ്പറ്റുന്നതിന് തടസ്സമില്ലെന്നും കണ്ട സാഹചര്യത്തിലാണ് മറ്റുള്ള 10 ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റാൻ വിസമ്മതിച്ചത്. അതുകൊണ്ടാണ് പദ്ധതി പൂർത്തിയാക്കുവാമൻ സാധിക്കാതിരുന്നത്. 10.02.2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ |

| | | | |
|---|---|---|---|
| | | തെരഞ്ഞെടുപ്പ് സുതാര്യമായ രീതിയിൽ ഗ്രാമസഭ നടത്തിയപ്പോൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമ സഭയാണ് നടത്തേണ്ടത് എന്ന മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി വകുപ്പുതല ഉദ്യോഗസ്ഥരാണ് സർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. | 122/03/പ.ജ.പ.വ.വി.വ. പ്രകാരം രൂപീകൃതമായിട്ടുള്ള ഒരു കമ്മിറ്റിയാണ് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തിരുന്നത്. ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറായ പ്രസ്തുത കമ്മിറ്റിയിൽ അതാത് ബ്ലോക്ക് പ്രദേശം ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിലെ എം.എൽ.എ-യും, സംസ്ഥാന പട്ടികജാതി ഉപദേശക സമിതി അംഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. |
| | 3.3.6.5. | **ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അനധികൃതമായി വീടുകൾ നിർമ്മിച്ചത്**<br>ഓരോ തലത്തിലുള്ള പഞ്ചായത്തിനും കൈമാറിയിട്ടുള്ള ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതലകൾ ഒന്നിനോടൊന്ന് വ്യത്യസ്തവും ഒരേ ചുമതല വ്യത്യസ്ത തലങ്ങൾ കൈകാര്യം ചെയ്യാൻ പാടില്ലാത്തതുമാണ്. എല്ലാ വിഭാഗങ്ങളിലുംപെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് വീടുകൾ നൽകുക എന്ന ചുമതല ഗ്രാമ പഞ്ചായത്തുകൾക്കു മാത്രമായി കൈമാറിയിട്ടുള്ള ഒന്നാണ്. ഇതിനു വിരുദ്ധമായി രണ്ടു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ( വർക്കല ബ്ലോക്ക് പഞ്ചായത്തും ആലപ്പുഴ ജില്ലാ പഞ്ചായത്തും) താഴെ വിവരിക്കുന്ന പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്കുവേണ്ടി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.(പട്ടിക-അനുബന്ധം15)<br><br>സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് മേൽ നടപടികൾ നടപ്പിലാക്കിയത്. പഞ്ചായത്ത് രാജ് നിയമത്തിനനുസൃതമായിട്ടല്ല സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് ഇത് സൂചിപ്പിക്കുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ 70 ആയിരുന്നെങ്കിലും ധനസഹായത്തിന്റെ ആദ്യ ഗഡു ഗ്രാമ സഭ | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച 18.09.2005-ലെ ജി.ഒ.(പി) നം.189/05/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണം എന്ന വിഷയം ഗ്രാമ പഞ്ചായത്തുകൾക്ക് പുറമേ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽക്കൂടി ഉൾപ്പെടുന്നുണ്ട്. ടി ഉത്തരവു പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതിക്കാർക്കായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>ഭവനം, പുനരധിവാസ പദ്ധതികൾ എന്നിവ ജില്ലാ പഞ്ചായത്തിന് നടപ്പിലാക്കുവാൻ പ്രത്യേക അനുമതിയുണ്ടായിരുന്നു. പ്രോജക്ട് പ്രകാരം 70 പേർക്ക് തുക വകയിരുത്തിയിരുന്നുവെങ്കിലും ഗ്രാമസഭാലിസ്റ്റിൽ വന്ന ഭൂരിപക്ഷം ഗുണഭോക്താക്കൾക്കും അന്വേഷണഘട്ടത്തിൽ അർഹതയില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ അർഹതയുള്ള അപേക്ഷകരെ കണ്ടെത്തി ലിസ്റ്റ് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കി. ഭൗതികലക്ഷ്യം 70-ൽ നിന്നും 252 ആയി വർദ്ധിപ്പിക്കുവാനുള്ള കാരണം മാർച്ച് മാസം ആസന്നമായ |

| | | | |
|---|---|---|---|
| | | തെരഞ്ഞെടുക്കാത്തവരുൾപ്പെടെ 252 പേർക്ക് നല്കി (2006 ഡിസംബർ). | കാലയളവിൽ 4 ഗഡുക്കളും പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൈപ്പറ്റുവാൻ കഴിയില്ല. എന്ന സാഹചര്യത്തിൽ പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കുവാൻ വേണ്ടിയാണ്. ടി സാമ്പത്തിക ലക്ഷ്യത്തിൽ നിജപ്പെടുത്തിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ഭൗതികലക്ഷ്യം 252 ആക്കിയത് തുടർവർഷങ്ങളിൽ വീട് പണി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് സ്പിൽ ഓവർ പ്രോജക്ട് ആയി ഉൾപ്പെടുത്തി ധനസഹായം നൽകിയിരുന്നു. |
| | 3.3.6.6. | **ചുമതലകളുടെ ഇടകലരൽ**<br>വിവിധ തലങ്ങളിലേയ്ക്കുള്ള ചുമതലകളുടെ കൈമാറ്റത്തിനു പിന്നിലുള്ള മൗലിക തത്വം, ഒരു പ്രത്യേക തലത്തിന് അനുയോജ്യമായത് ആ തലത്തിലുള്ള പഞ്ചായത്താണ് നിർവ്വഹിക്കേണ്ടത് എന്നും ഉയർന്ന തലത്തിലുള്ളവയല്ല എന്നും ആണ്. പ്രത്യേകമായതും തങ്ങൾക്കുമാത്രം ബാധകമായിട്ടുള്ളതുമായ ചുമതലകളാണ് അവയുടെ ഭരണാധികാരമുൾപ്പെടെ ഓരോ തലത്തിലുള്ള പഞ്ചായത്തുകൾക്കും പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നും നാലും അഞ്ചും പട്ടികകൾ പ്രകാരം കൈമാറിയിട്ടുള്ളത്. പരിശോധിച്ച മൂന്നു ജില്ലാ പഞ്ചായത്തുകളിൽ, ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ള ചുമതലകളുമായി മാത്രം ബന്ധപ്പെട്ട 101 പദ്ധതികൾ താഴെ വിവരിക്കുന്നതുപ്രകാരം 2001-02 മുതൽ 2005-06 വരെ 8.99 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുകയുണ്ടായി.(**പട്ടിക-അനുബന്ധം16**) | **ആലപ്പുഴ ജില്ലാ പഞ്ചായത്ത്**<br>കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(2) വകുപ്പ് അനുസരിച്ച് നിയമത്തിലെ മറ്റ് വകുപ്പുകൾക്കും, സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് മൂന്നാം ഷെഡ്യൂളിലെ കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണ അധികാരം (എക്സ്ക്ലൂസീവ് പവർ) നൽകിയിരിക്കുന്നത് അതായത് നിയമത്തിലെ മറ്റ് ഏതെങ്കിലും വകുപ്പുകളിലോ സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിലോ മറ്റ് ഏതെങ്കിലും തലത്തിലുള്ള തദ്ദേശ സ്ഥാപനത്തിന് മൂന്നാം ഷെഡ്യൂളിലെ കാരണങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും അധികാരം നൽകുന്നുവെങ്കിൽ അത് നിയമാനുസൃതമാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(4) വകുപ്പ് പ്രകാരം സർക്കാരും ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും വിഭവങ്ങളുടെ ലഭ്യത അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ ചുമതല നിർവ്വഹിക്കുന്നതിന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവും മറ്റ് തരത്തിലുള്ള സഹായം നൽകേണ്ടതാണ്. അതനുസരിച്ച് പ്രോജക്ടുകൾക്കായി ചെയ്ത ചെലവ് ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ സഹായമായി കണക്കാക്കാവുന്നതാണ്.<br>**കണ്ണൂർ ജില്ലാ പഞ്ചായത്ത്** |

| | | | |
|---|---|---|---|
| | | | പഞ്ചായത്തി രാജ് ആക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് കൈകാര്യം ചെയ്യേണ്ട 3-ാം പട്ടികയിലെ വിഷയത്തിൽപ്പെട്ട ഭവന നിർമ്മാണം, വൈദ്യുതികരണം എന്നി കാര്യങ്ങൾക്കാണ് പ്രധാനമായും ഫണ്ട് വിനിയോഗിച്ചത്. ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പരിമിതമായ ഫണ്ട് വിനിയോഗിച്ച് ഭാരിച്ച തുക വകയിരുത്തി ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പലപ്പോഴും കഴിയാറില്ല. എന്നാൽ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രദേശത്തിന്റെ വികസനത്തിനും അത്യന്താപേക്ഷിതമായതിനാൽ ജില്ലയുടെ മൊത്തത്തിലുള്ള വികസനത്തിന് വേണ്ടി നിലകൊള്ളുന്ന ജില്ലാ പഞ്ചായത്തിന് വിവിധ മേഖലകളിൽ നിന്നുള്ള സമ്മർദ്ദത്തെ തുടർന്നാണ് പദ്ധതികൾ ഏറ്റെടുക്കേണ്ടി വന്നിട്ടുള്ളത്.<br>ജില്ലാ പഞ്ചായത്ത് ഇത്തരം വിഷയങ്ങളിൽ നേരിട്ട് പ്രോജക്ട് ഏറ്റെടുക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം മാച്ചിംഗ് ഗ്രാന്റ് നൽകുകയും ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടുകൾക്ക് ധനസഹായം നൽകുകയും ചെയ്യുന്ന നടപടികളാണ്.ഇപ്പോൾ സ്വീകരിച്ച് വരുന്നത്. ജില്ലാ പഞ്ചായത്തിന്റെ സദുദ്ദേശം പരിഗണിച്ച് ഓഡിറ്റ് തടസ്സ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br><u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u><br>മറ്റുതലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില പ്രത്യേക മേഖലകളിൽ പദ്ധതികള് നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ഇല്ലാതിരുന്നതിനാലും കൂടാതെ ഈ മേഖലകളിൽ പ്രസ്തുത സമയത്ത് അത്തരത്തിലുള്ള ഇടപെടൽ അത്യന്താപേക്ഷിതമായിരുന്നതിനാലുംപ്രസ്തുത തലത്തിലെ പഞ്ചായത്തുകളും ആവശ്യമുന്നയിച്ചതിനാലാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഇടപെടല് പിന്നീടുള്ള വർഷങ്ങളില് ഒഴിവാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ആയതിനാല് പദ്ധതികൾ നടപ്പിലാക്കിയത് സദുദ്ദേശത്തോടെയായതിനാല് നടപടി സാധൂകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.<br>26.03.2008 ലെ LBA (HQ)III/8A – 1064/475 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| | 3.3.6.7. | താഴെ പറയുന്ന അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രമായി കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട 75 പദ്ധതികൾ 0.90 കോടി രൂപ ചെലവിൽ നടപ്പിലാക്കി.**(പട്ടിക-അനുബന്ധം-17)**<br>മേൽ കാണിച്ച ജില്ല പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും 9.89 കോടി രൂപ താഴെതലത്തിലുള്ള പഞ്ചായത്തുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി ചെലവഴിക്കുന്നതിനു പകരം തങ്ങൾക്ക കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ നിർവ്വഹിക്കുന്നതിന് വിനിയോഗിക്കാമായിരുന്നു. | <u>അമ്പലപ്പുഴ.</u><br>പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് ഗ്രാമ സഭയിലും വർക്കിംഗ് ഗ്രൂപ്പിലും ഉയർന്നു വന്ന നിർദ്ദേശങ്ങൾ തള്ളിക്കളയാനാകാതെ വന്നപ്പോഴാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത്. ഓഡിറ്റ് നിർദ്ദേശമനുസരിച്ച് മേലിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള പ്രവർത്തികൾ മാത്രം ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ച കൊള്ളാമെന്ന് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>കഞ്ഞിക്കുഴി.</u><br>ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതു കൊണ്ടാണ് മേൽ പദ്ധതികൾ നടപ്പാക്കിയതെന്നും ബ്ലോക്ക് പഞ്ചായത്ത് മേലിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ ചുമതലകൾ നിർവ്വഹിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന പദ്ധതികൾ മാത്രം നടപ്പാക്കാമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>എടക്കാട്.</u><br>മുൻകാലങ്ങളിൽ ഇത്തരം വീഴ്ചകൾ വന്നിട്ടുണ്ടെങ്കിലും ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന് മാത്രമായി ചുമതലപ്പെട്ട പദ്ധതികൾ മാത്രമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ അനുബന്ധം IV-ൽ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിച്ചിരിക്കുന്നു.<br><u>മലമ്പുഴ.</u><br>പരാമർശ ഖണ്ഡിക പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളുടെ ഭാഗമായാണ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കൂടി വിഹിതം നൽകി ഗ്രാമ പഞ്ചായത്തുകളുടെ വീട് നിർമ്മാണം പൂർത്തീകരിക്കണം എന്നാണ്. ആയതിനാലാണ് ഗ്രാമ പഞ്ചായത്തുകളുടെ ഗ്രാമ സഭാ ലിസ്റ്റ് പരിഗണിച്ച് ഗുണഭോക്താക്കൾക്കായി വീട് നിർമ്മിക്കുന്നതിനുള്ള വിഹിതം നീക്കി വയ്ക്കുന്നത്. ഈ രീതിയിൽ വീട് നിർമ്മാണ ചുമതല ബ്ലോക്ക് പഞ്ചായത്തിന് കൂടി ഉള്ളതിനാലാണ് പ്രസ്തുത പ്രവർത്തി ഏറ്റെടുത്തത് എന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. |
| | 3.3.6.8. | **സഹകരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം**<br>സഹകരണ സംഘങ്ങളുടെ സംഘാടനവും ശാക്തീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള പ്രധാനപ്പെട്ട ചുമതലയാണ്. എന്നാൽ മൂന്നുവിതം ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ ചുമതലയുമായി ബന്ധപ്പെട്ട ഒരു പദ്ധതിയും തങ്ങളുടെ വാർഷിക പദ്ധതിയിൽ 2001-02 മുതൽ 2005-06 വരെയുള്ളകാലയളവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയിൽ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2002-03 വരെ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. താഴെ തട്ടിലുള്ള ശേഷി വികസനത്തിന്റെ, സാമൂഹ്യ പ്രധാന്യമേറിയ ഒരു സുപ്രധാനമേഖലയിൽ ഇടപെടുന്നതിന് ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. | <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u><br>മാർഗ്ഗരേഖപ്രകാരം കോ-ഓപ്പറേറ്റീവ് മേഖലയിൽ ഏറ്റെടുക്കുവാൻ പറ്റുന്ന പദ്ധതികൾ സംബന്ധിച്ച് ഗ്രാമസഭയിലോ വർക്കിംഗ് ഗ്രൂപ്പിലോ നിർദ്ദേശങ്ങൾ ഒന്നും തന്നെ വന്നിരുന്നില്ല. പാൽസൊസൈറ്റികൾക്ക് റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 2016-17 കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയതിനാൽ 2017-18 ടി പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.<br><br><u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u><br>ഓഡിറ്റ് ഖണ്ഡികയിലെ പരാമർശം ഗൗരവപൂർവ്വം ഉൾക്കൊള്ളുന്നു. തുടർ വർഷങ്ങളിൽ സഹകരണമേഖലയ്ക്ക് ഊന്നൽ നല്കുന്ന പദ്ധതികൾ നടപ്പിലാക്കി വന്നിട്ടുണ്ടെന്ന് |

| | | | |
|---|---|---|---|
| | | | ബോധിപ്പിക്കുന്നു. ഉദാഹരണത്തിന് 2008-09 വർഷത്തിൽ ഖാദി മൊബൈൽ യൂണിറ്റിന് വേണ്ടിയും 2009-10 വർഷത്തിൽ അമ്പലപ്പാറ ഖാദി നെയ്ത്ത് കേന്ദ്രം, ഊർജ്ജിത ഖാദി നെയ്ത്ത് വികസനം എന്നിവയ്ക്ക് വേണ്ടിയും തുക വകയിരുത്തുകയും അവ നടപ്പിലാക്കുകയും ഇപ്പോൾ പ്രവർത്തനം തുടരുകയും ചെയ്യുന്നുണ്ട്. 2010-11 വർഷത്തിൽ ഊർജ്ജിത നെയ്ത്ത് നൂൽനൂൽപ്പ് വികസനത്തിന് വേണ്ടി 10 ലക്ഷം രൂപ വകയിരുത്തുകയും ആയതിന് വേണ്ട തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ടെന്നും ബോധിപ്പിക്കുന്നു.<br>22.04.2014 തീയതിയിൽ കോപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമർപ്പിച്ച മറുപടി താഴെ കൊടുക്കുന്നു.<br>സഹകരണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആവിഷ്കരണത്തിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.ടി) ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ, സഹകരണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി തസ്തിക ഇപ്പോൾ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിന് കീഴിലാണ്. കൂടാതെ സംസ്ഥാന പദ്ധതി പ്രകാരവും, എൻ.സി.ഡി.സി പദ്ധതി പ്രാകരവും എസ്.സി/എസ്.ടി ഫെഡറേഷൻ മുഖാന്തിരവും സഹകരണ മേഖലയ്ക്ക് വേണ്ട ധനസഹായങ്ങൾ ലഭിക്കുന്നതിനാലാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ധന സഹായം ലഭിക്കുന്നതിനായി പദ്ധതികൾ ഒന്നും സമർപ്പിക്കാതിരുന്നത് എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.<br>മേൽ മറുപടികൾ പരിഗണിച്ച് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.<br>**കണ്ണൂർ ജില്ലാ പഞ്ചായത്ത്**<br><br>കണ്ണൂർ ജില്ലാ പഞ്ചായത്ത് പദ്ധതികൾ സംബന്ധിച്ച് 2006 CAG ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3.6.8 ൽ സഹകരണ |

104

| | | | |
|---|---|---|---|
| | | | മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ അഭാവം സംബന്ധിച്ച് മേൽ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചതിനെ തുടർന്നുള്ള വർഷങ്ങളിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് സഹകരണ മേഖലയിലുള്ള വിവിധ സ്ഥാപനങ്ങളുടെ വികസനത്തിനും പ്രോത്സാഹനത്തിനും . പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1.കണ്ണൂർ ജില്ലാ പഞ്ചായത്ത് 2007-08 വർഷം മുതൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന് കാർഷിക പരമ്പരാഗത വ്യവസായ ഉല്പന്ന പ്രദർശന വിപണന മേള എന്ന പദ്ധതി സഹകരണ മേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. വിഷു, ഓണം, ക്രിസ്തുമസ്- ന്യൂഇയർ എന്നിങ്ങനെ വർഷത്തിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന വിപണന മേളയിൽ ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും മറ്റും ധാരാളമായി വിറ്റഴിക്കുന്നുണ്ട്. നടപ്പുവർഷവും മേൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>2. ഖാദി വകുപ്പ് മുഖേന ധാരാളം പദ്ധതികൾ ഖാദി ഉല്പാദൻ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിന് വേണ്ടി ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിലുള്ള ഖാദി ഉല്പാദക കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം മികച്ച. തൊഴിൽ അന്തരീക്ഷം, തൊഴിലാളികളുടെ ക്ഷേമം എന്നിവ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണാ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളത്. നടപ്പു വർഷവും ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട.<br>3. കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ മത്സ്യബന്ധന മേഖലയിലെയും സഹകരണ സംഘങ്ങളുടെ ഉന്നമനത്തിന് വേണ്ടി ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അലങ്കാര മത്സ്യ കൃഷി, കല്ലുമ്മക്കായ കൃഷി തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് കൃഷി ചെലവിന്റെ 50 % സബ്സിഡി അനുവദിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതിയും മത്സ്യബന്ധന മേഖലയിലുള്ള സഹകരണ സംഘങ്ങൾക്ക് വല വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>4. ജില്ലാ പഞ്ചായത്തിൽ 2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് വികസന കേന്ദ്രം കെട്ടിടത്തിൽ ആധുനിക ഫിഷ്മാർട്ടും വിഷരഹിത പച്ചക്കറി സ്റ്റാളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷ്മാർട്ടിന്റെയും വിഷരഹിത പച്ചക്കറി സ്റ്റാളിന്റേയും നടത്തിപ്പ് ചുമതല ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കാണ്. |
| | 3.3.6,9. | **പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്താത്തത്**<br>പൊതുവിതരണ സമ്പ്രദായത്തകുറിച്ചുള്ള പരാതികൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക, അളവുതൂക്കങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിപ്പിക്കുക, റേഷൻ കടകളുടെ പൊതുമേൽനോട്ടം വഹിക്കുകയും അവയ്ക്ക് മാർഗ്ഗ നിർദ്ദേശം നല്കുകയും ചെയ്യുക മുതലായവയാണ് ഗ്രാമസഭകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട കൈമാറിയ പ്രവർത്തനങ്ങൾ. പരിശോധിച്ച പത്ത് ഗ്രാമപഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിയ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല. ഗ്രാമ പഞ്ചായത്തു തലത്തിൽ ഇടപെടൽ ആവശ്യമായിരുന്ന അനേകം ക്രമക്കേടുകൾ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു സ്ഥിതിവിശേഷം ഇതു സൃഷ്ടിച്ചു. താലൂക്ക്തല ഉദ്യോഗസ്ഥർ പരിശോധനക്കിടയിൽ പിന്നീട് ഇവ കണ്ടുപിടിക്കുകയുണ്ടായി. നിയമങ്ങൾ നൽകിയ അധികാരങ്ങൾ പ്രയോഗിച്ച് പൊതുവിതരണ സമ്പ്രദായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജ്ജിതമായ ഇടപെടൽ ആ | <u>പഞ്ചായത്ത് ഡയറക്ടർ</u><br>പൊതുവിതരണ സമ്പ്രദായത്തിൽ ഇടപെടുകയും, ആയതിന്റെ കാര്യക്ഷമതയും, ഗുണ നിലവാരവും, നിലനിർത്തുന്നതിന് പഞ്ചായത്തുകൾക്ക് മതിയായ ഒരു പങ്ക് നിർവ്വഹിക്കുവാനുണ്ട്. എന്നാൽ ഈ ദിശയിൽ നമ്മുടെ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ നടപടിയൊന്നും സ്വീകരിച്ചുവരുന്നില്ല. വിശദമായ നയരൂപീകരണം ആവശ്യമായ മേഖലയാണിത്. സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | പ്രദേശത്തെ ഉപഭോക്താക്കളുടെ താല്പര്യ സംരക്ഷണത്തിൽ വലിയ സ്വാധീനം ചെലുത്തുകയും അധികാര വികേന്ദ്രീകരണത്തിന്റെ ഗുണഫലത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യുമായിരുന്നു. | |
| | 3.3.6.10. | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാത്ത പ്രവർത്തനങ്ങൾ**<br>പരിശോധിച്ച രണ്ടു ജില്ലാ പഞ്ചായത്തുകളും മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, ക്ഷീര വികസനം, കൃഷി എന്നീ മേഖലകളിൽ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങളും ഉപപ്രവർത്തനങ്ങളും താഴെ വിവരിക്കും പ്രകാരം ഏറ്റെടുത്ത് നടത്തിയില്ല.(പട്ടിക-അനുബന്ധം-18)<br>ഗ്രാമീണ ജനവിഭാഗങ്ങളുടെ വികസനത്തിൽ നേരിട്ട് സ്വാധീനം ചെലുത്തുന്ന കാതലായ ഈ മേഖലകളെ ഒഴിവാക്കിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുള്ള വിവേചനരാഹിത്യമാണ് സൂചിപ്പിക്കുന്നത്. മേൽ കൊടുത്തിട്ടുള്ള ചുമതലകൾക്ക് കീഴിൽ പദ്ധതികളൊന്നും ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണങ്ങൾ ആവശ്യപ്പെട്ടത് ലഭിച്ചിട്ടില്ല ( 2007 മാർച്ച്) | **ഗ്രാമ വികസന കമ്മീഷണർ**<br>**അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്**<br>ഗ്രാമസഭ, വർക്കിങ് ഗ്രൂപ്പ് നിർദ്ദേശങ്ങളെ ആധാരമാക്കിയാണ് പദ്ധതികൾ തയ്യാറാക്കിയത്. പരാമർശങ്ങളിൽ സൂചിപ്പിച്ച പ്രവർത്തികൾ നിർദ്ദേശങ്ങളായി വരാതിരുന്നതിനാലാണ് ടി വിഭാഗത്തിൽപ്പെട്ട പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാതെ വന്നത്. എന്നാൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കൃഷിക്കാരുടെ പരിശീലനം, കാർഷിക പ്രദർശനം തുടങ്ങിയ പ്രവർത്തികൾക്ക് പ്രാമുഖ്യം നൽകുന്ന പദ്ധതികൾ ടി ബ്ലോക്കിൽ തയ്യാറാക്കി വരുന്നുണ്ട്.<br>**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**<br>ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നതായും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചവർഷത്തിനു ശേഷം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, ക്ഷീര വികസനം, കൃഷി എന്നീ മേഖലകളിൽ കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്**<br>പ്രസ്തുത ഓഡിറ്റിന് ശേഷമുള്ള സാമ്പത്തിക വർഷങ്ങളിൽ കൃഷി മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കുന്നുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br><br>**ആലപ്പുഴ ജില്ലാ പഞ്ചായത്ത്** |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് അഞ്ചാം ചട്ടപ്രകാരമുള്ള പ്രവർത്തനങ്ങളിൽ പെട്ട ജില്ലാ മൃഗാശുപത്രി നടത്തിപ്പും മറ്റ് അനുബന്ധ പ്രവർത്തികളും നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഓഡിറ്റിൽ പരാമർശിക്കുന്ന പ്രകാരമുള്ള മൃഗങ്ങളുടെക്കുമുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിരുന്നില്ല. എങ്കിൽ കൂടി അടുത്ത കാലത്ത് താറാവുകൾക്ക് സാക്രമികരോഗം ബാധിച്ചപ്പോൾ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഒരു ജില്ലാ ഭരണകൂടം എന്ന നിലയ്ക്ക് ഗ്രാമപഞ്ചായത്തുകളെ ഏകോപിപ്പിച്ച് രോഗപ്രതിരോധത്തിനായി നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ച വച്ചിരുന്നു. താറാവുകൾക്ക് ജില്ലയിൽ അടിക്കടി രോഗങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**പാലക്കാട് ജില്ലാ പഞ്ചായത്ത്**<br>മണ്ണ് സംരക്ഷണ മണ്ണ് പരിശോധന പ്രവർത്തികൾ ജില്ലാ പഞ്ചായത്തിന് വിട്ടുതന്നിട്ടുള്ള പദ്ധതികൾ മുഖാന്തിരം കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഏറ്റെടുത്ത് നടത്തിയിരുന്നു. കൂടാതെ പിന്നീടുള്ള വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും നടത്തിവരുന്നുണ്ട്. ക്ഷീര വികസന പ്രവൃത്തികൾ ഊർജ്ജിതപ്പെടുത്തുന്നതിന് പിന്നീടുള്ള വർഷങ്ങളിൽ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ പരാമർശങ്ങൾ പൂർണ്ണമായും ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നു. |
| | 3.3.7. | സ്ഥാപനങ്ങളുടെ കൈമാറ്റം | (പ്രത്യേക പരാമർശമില്ല ) |

| | | | |
|---|---|---|---|
| | | ചുമതലകളും ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ( 1995 സെപ്റ്റംബർ) കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും കൈമാറ്റം വിഭാവനം ചെയ്തിരുന്നു. അങ്ങിനെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ, കൃഷിത്തോട്ടങ്ങൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മൃഗാശുപത്രികൾ മുതലായവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതായിരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനമായി കണക്കാക്കേണ്ടതാണ്. ഓരോ തലത്തിലുള്ള പഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം VII ൽ കൊടുത്തിരിക്കുന്നു. | |
| | 3.3.7.1. | **കൈമാറിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കാത്തത്**<br><br>കൈമാറിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനമായി കണക്കാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ( 2003 ഫെബ്രുവരി) . താഴെപറയുന്ന കൈമാറിയ സ്ഥാപനങ്ങൾ 2003-04 മുതൽ 2005-06 വരെയുള്ള കാലയളവിൽ ആർജ്ജിച്ച ഒരു കോടി രൂപയുടെ വരുമാനം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തില്ല എന്ന് രണ്ട് ജില്ലാ പഞ്ചായത്തുകളുടെ കണക്കുകൾ പരിശോധിച്ചപ്പോൾ വെളിവായി. (പട്ടിക-അനുബന്ധം19) മേല്പറഞ്ഞ തുകയിൽ 87.70 ലക്ഷം രൂപ സർക്കാരിൽ അടച്ചു. വീയപുരം വിത്തുല്പാദന കേന്ദ്രത്തിനെതിരെ കാണിച്ചിട്ടുള്ള 14.44 ലക്ഷം രൂപ സംസ്ഥാന വിത്തുല്പാദന | <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u><br>വീയപുരം വിത്തുല്പാദനകേന്ദ്രത്തിൽ നിന്നും സീഡ് അതോറിറ്റിക്ക് വിത്ത് നൽകിയ വകയിൽ ലഭിക്കുവാനുള്ള 14,43,749/- രൂപ നൽകുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി ജോയിന്റ് ഡയറക്ടർക്കും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും ഗവൺമെന്റ് സെക്രട്ടറിമാർക്കും കത്ത് നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശാനുസരണം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.<br><u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u><br>ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സംസ്ഥാന സീഡ് ഫാം, കാങ്കോൽ, ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ്, കാക്കനാട്ട് നഴ്സറി, പാലയാട് എന്നീ സ്ഥാപനങ്ങളിലെ വരുമാനം ജില്ലാ പഞ്ചായത്തിൽ അടയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഫാമുകളിലെ വരുമാനം |

| | | | |
|---|---|---|---|
| | | അതോറിറ്റിക്ക് വിത്ത് നൽകിയതിന്റെ വിലയാണ്. അത് ഈടാക്കിയിട്ടില്ല ( 2007 മാർച്ച്). കൈമാറി കിട്ടിയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ആദായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. | പൂർണ്ണമായും ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | 3.3.7.2. | *പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ കൈമാറാത്തത്*<br><br>പട്ടിക ജാതി വിദ്യാർത്ഥികളെ താമസിപ്പിക്കാനുദ്ദേശിച്ചുള്ളതും പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ളതായ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്കും നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും 1995 ഒക്ടോബർ 2 മുതൽ കൈമാറുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിറക്കി 11 വർഷം കഴിഞ്ഞിട്ടും 15 ഹോസ്റ്റലുകളിൽ ഒന്നുപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയില്ല ( 2006 ഡിസംബർ). 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഈ ഹോസ്റ്റലുകൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന ബജറ്റിൽ 14.34 കോടി രൂപ സർക്കാർ വകയിരുത്തിയ സ്ഥാനത്ത്, വകുപ്പ് ചെലവാക്കിയ തുക 9.36 കോടി രൂപയായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്തേവാസികളുടെ തെരഞ്ഞെടുപ്പിലോ അതിന്റെ നടത്തിപ്പിലോ ഒരു പങ്കുമില്ലായിരുന്നു. ഇത് അധികാര വികേന്ദ്രീകരണ തത്വങ്ങൾക്കെതിരായിരുന്നു. | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നില്ല പകരം പട്ടിക ജാതി. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നല്ല വിദ്യാഭ്യാസം പഠനോപകരണങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് ബെറ്റർ എഡ്യൂക്കേഷൻ പ്രോഗ്രാം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൻ കീഴിൽ ജില്ലാ പഞ്ചായത്ത്, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ എന്നിവർ ചേർന്ന് കണ്ടെത്തുന്ന പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന കുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് അവരുടെ എല്ലാ ചെലവുകളും വഹിക്കുന്നതിനും ജില്ലാ പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കാറുണ്ട്. |
| | 3.3.7.3. | *ഉപയോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കാതെയുള്ള നിർമ്മാണം.*<br>കൈമാറിയ സ്ഥാപനങ്ങളിൽ എം.പി /എം.എൽ.എ പ്രാദേശിക വികസന പദ്ധതിയിൻ കീഴിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിക്കുകയുണ്ടായി. ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥരായ ജില്ലാ കളക്ടർമാർ അവ | എം.പി., എം.എൽ.എ. മാരുടെ പ്രാദേശിക ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രാദേശികമായ ആവശ്യങ്ങളെ മുൻനിർത്തിയാണ് മുൻഗണന നൽകുന്നത്. ഒരു ജില്ലയിൽ നടത്തേണ്ടുന്ന മുഴുവൻ പദ്ധതി പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള വികസന പരിപ്രേക്ഷ്യം ജില്ലാ വികസന പദ്ധതിയായി രൂപീകരിക്കാൻ |

| | | | |
|---|---|---|---|
| | | നിർമ്മിക്കുന്നതിനു മുമ്പ് ഉപയോക്താക്കൾക്ക് കെട്ടിടം കൊണ്ടുള്ളആവശ്യമെന്താണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അതിന്റെ ഫലമായി, അടിസ്ഥാന ആവശ്യങ്ങൾഎർപ്പെടുത്താൻ പറ്റാതെ വരികയും അവ വെറുതെ കിടക്കുന്നതിനോ അനുയോജ്യമായരീതിയിൽ പ്രവർത്തിക്കുന്നതിനോ ഇടയാക്കുകയും ചെയ്തു. ഇത് ദുർലഭമായവിഭവങ്ങളുടെ നിഷ്ക്രിയതയിലേയ്ക്ക് നയിച്ചു. | പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗ രേഖകളിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ജില്ലാ വികസന പദ്ധതി എന്നത് ഇനിയും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. എം.പി., എം.എൽ.എ. പ്രാദേശിക വികസന പദ്ധതിയുടെ കീഴിൽ നിർദ്ദേശിക്കുന്ന പദ്ധതികളും ജില്ലാ വികസന പദ്ധതിയുടെ ഭാഗമാകുമ്പോൾ മാത്രമേ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചത് പോലെയുള്ള അപാകതകൾക്ക് പൂർണ്ണ പരിഹാരം ഉണ്ടാകുകയുള്ളൂ. |
| | 3.3.8. | **പദ്ധതികളുടെ കൈമാറ്റം**<br>ചുമതലകൾക്കും സ്ഥാപനങ്ങൾക്കുമൊപ്പം പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലും പ്രതിപാദിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളും സർക്കാർ കൈമാറുകയുണ്ടായി സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരുന്ന പ്ലാൻ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സംസ്ഥാനാവിഷ്കൃത പദ്ധതികളായി കൈമാറ്റം ചെയ്തു. ഇതിനുവേണ്ട തുക സംസ്ഥാന ബജറ്റിൽ ഓരോ വർഷവും ഉൾക്കൊള്ളിച്ചിരുന്നു. ഈ പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുകകൾ അവയുടെ നടത്തിപ്പിനുവേണ്ടി വിനിയോഗിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുകയുണ്ടായി. | പ്രത്യേക പരാമർശമില്ല |
| | 3.3.8.1. | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ കൈമാറ്റം ചെയ്യാത്തത്**<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകകൾ വിനിയോഗിച്ചുകൊണ്ട് കൃഷി, വ്യവസായവും വാണിജ്യവും, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ | അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകളും ,നിർവ്വഹണ ഉദ്യോഗസ്ഥരെയും ,വിഭവങ്ങളും ഒറ്റയടിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിയെങ്കിലും, ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ ചില പോരായ്മകൾ ഉണ്ടായിരുന്നു. ഓരോ മേഖലയിലേക്കും, നീക്കിവയ്ക്കപ്പെട്ട വിഭവങ്ങൾ പൂർണ്ണമായും ചെലവഴിക്കുന്നതിൽ ഉദ്ദേശിച്ച വേഗത ആദ്യ ഘട്ടത്തിൽ നേടിയെടുക്കുവാൻ കഴിഞ്ഞില്ല. |

| | | | |
|---|---|---|---|
| | | വകുപ്പുകൾ താഴെ വിവരിക്കും പ്രകാരം തുടർന്നും നടപ്പിലാക്കി പോന്നു.(പട്ടിക-അനുബന്ധം.20) കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട 25 പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഈ വകുപ്പുകൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ 557.06 കോടി രൂപ വകയിരുത്തി. ഇതിൽ 495.36 കോടി രൂപ പ്രസ്തുത വകുപ്പുകൾ ചെലവഴിച്ചു. ഈ റിപ്പോർട്ടിലെ 3.3.6.4 ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതുപോലെ ഭവന നിർമ്മാണത്തിനുവേണ്ടി ചെലവുചെയ്ത 138.07 കോടി രൂപയും ഈ തുകയിൽ ഉൾപ്പെട്ടിരിക്കുന്നു. ചുമതലകൾ കൈമാറ്റം ചെയ്യപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത തുകകൾ നൽകുന്നതിനു പകരം സർക്കാർ വകുപ്പുകൾക്ക് നൽകിയത് നിയമവ്യവസ്ഥകളുടെ ലംഘന മായിരുന്നു. | എങ്കിലും സർക്കാർ ഇടപെടൽ അത്യന്താപേക്ഷിതമായ പട്ടികജാതി പട്ടിക വർഗ്ഗ വികസനം, കൃഷി, ചെറുകിട വ്യവസായം, എന്നീ മേഖലകളിൽ അസന്തുലിതാവസ്ഥ ഉണ്ടാകാതിരിക്കുന്നതിന് പ്രസ്തുത വകുപ്പുകൾ മുഖാന്തിരവും, തുടർന്നുവന്നു.എന്നാൽ ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങൾ അവയുടെ ചുമതല നിറവേറ്റുവാൻ പൂർണ്ണമായും ശാക്തീകരിക്കപ്പെടുകയും, മേൽപ്പറഞ്ഞ മേഖലകളിലെല്ലാം പദ്ധതി നിർവ്വഹണം, കാര്യക്ഷമമായി നടത്തിവരുകയും ചെയ്യുന്നുണ്ട്. |
| | 3.3.8.2. | **സർക്കാർ നിലനിർത്തിയ മുഖ്യ പദ്ധതികൾ**<br>മേൽ വകുപ്പുകൾ 2001-02 മുതൽ 2005-06 വരെ നടപ്പാക്കിയ 25 പദ്ധതികളിൽ 306.47 കോടി രൂപ ഉൾപ്പെടുന്ന 11 എണ്ണം എടുത്തുപറയത്തക്കതായിരുന്നു. അവയുടെ വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.(പട്ടിക-അനുബന്ധം21)<br><br>കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികൾ സർക്കാർ വകുപ്പുകൾ നിലനിർത്തിയതും അതിനുവേണ്ടി തുക ചെലവഴിച്ചതും ക്രമ രഹിതമായിരുന്നു.. | പ്രത്യേക പരാമർശമില്ല |
| | 3.3.8.3. | **വനിതാ വ്യവസായ പരിപാടി ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കാത്തത്**<br>വ്യവസായ രംഗത്ത് സ്ത്രീകൾ അനുഭവിക്കുന്ന വിഷമതകൾ ലഘൂകരിക്കുവാനും വ്യവസായ സംരംഭങ്ങളിൽ പങ്കെടുക്കുന്നതിന് കൂടുതൽ സ്ത്രീകളെ ആകർഷിക്കുവാനും | <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u><br>വനിതകൾക്ക് വ്യാവസായിക പരിശീലനവുമായി ബന്ധപ്പെട്ട് പദ്ധതികൾ ഒന്നുംതന്നെ മേൽകാലഘട്ടത്തിൽ ഏറ്റെടുക്കാതിരുന്നത് ആയതിനായുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിരുന്നില്ല. പിന്നീട് |

| | | | |
|---|---|---|---|
| | | വേണ്ടി വനിതാ വ്യവസായ യൂണിറ്റുകൾക്ക് കെട്ടിടങ്ങൾക്കും യന്ത്രങ്ങൾക്കുമുള്ള ധനസഹായം, വാടക സബ്സിഡി, മാനേജീരിയൽ ഗ്രാന്റ്, പരിശീലനാർത്ഥികൾക്കുള്ള സ്റ്റൈപെന്റ് എന്നിവ നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് വനിതാ വ്യവസായ പരിപാടി. ഈ പദ്ധതി നഗര പ്രദേശങ്ങളിലുള്ളവയുൾപ്പെടെ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും (1997 ഡിസംബർ) അത് നടപ്പിലാക്കുവാൻ പ്രത്യേക തുകകളൊന്നും സർക്കാർ വകയിരുത്തിയില്ല. അതിന്റെ ഫലമായി ഒരൊറ്റ ജില്ലാ പഞ്ചായത്തും കൈമാറിയ തീയതി മുതൽ ഈ പദ്ധതി നടപ്പാക്കിയില്ല. തുക വകയിരുത്താതെ പദ്ധതികൾ മാത്രം കൈമാറിയത്. 1997-98 മുതൽ 2005-06 വരെയുള്ള എട്ടുവർഷം അവ നടപ്പാക്കാതിരുന്നതിനും വനിതാ വ്യവസായ യൂണിറ്റുകൾക്കുള്ള അർഹമായ ആനുകൂല്യം നിഷേധിക്കുന്നതിനും ഇടയാക്കി. | സ്ത്രീകൾക്ക് ഗാർമെന്റ്സ് നിർമ്മാണയൂണിറ്റ് പേപ്പർ ക്യാരിബാഗ് നിർമ്മാണം, വനിതാ കാറ്ററിംഗ് യൂണിറ്റ് തുടങ്ങി നിരവധി പദ്ധതികൾ ഏറ്റെടുക്കുകയുണ്ടായി. 2017-18 കാലഘട്ടത്തിൽ വ്യവസായികളായ സ്ത്രീ സംരംഭകരെ ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനായി വനിതാ വ്യവസായ പാർക്ക് എന്ന ബൃഹത് പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്.<br>**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**<br>കണ്ണൂർ ജില്ലയിലെ വനിതാ വ്യവസായ സംരംഭകർക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാഹചര്യമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് മയ്യിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചട്ടുകപ്പാറ പ്രദേശത്ത് 3.08 ഏക്കർ സ്ഥലം വാങ്ങി പ്രസ്തുത സ്ഥലത്ത് 15 വർക്ക് ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം തന്നെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ജില്ലാ പഞ്ചായത്ത് വ്യവസായ വകുപ്പ് മുഖേന ജില്ലയിൽ രണ്ട് കേന്ദ്രങ്ങളിലായി വനിതകൾക്ക് വേണ്ടി ആധുനിക ഗാർമെന്റ് മെഷിനറി പരിശീലനം നടപ്പിലാക്കി വരുന്നുണ്ട്. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനൊപ്പം വ്യവസായിക അഭിരുചിയുള്ളവർക്ക് ഈ പദ്ധതി വനിതകളെ പ്രാപ്തരാക്കുന്നു.<br>ജില്ലയിൽ കല്യാശ്ശേരി, കുറ്റ്യാട്ടൂർ എന്നി സ്ഥലങ്ങളിൽ ജില്ലാ പഞ്ചായത്ത് സ്ഥാപിച്ച അപ്പാരൽ പാർക്കുകളിൽ വനിതകളെ ഗാർമെന്റ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br>**<u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**<br>ഈ വർഷത്തിൽ യാതൊരു തുകയും വകയിരുത്താത്തതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്തിൽ വനിതാ വ്യവസായ പരിപാടി ഒന്നും തന്നെ നടപ്പിലാക്കിയിരുന്നില്ല. ആയത് മാപ്പാക്കി പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു, |

| | | | |
|---|---|---|---|
| | | | |
| | 3.3.9. | **കൈമാറ്റം ചെയ്ത ചുമതലകൾ നിറവേറ്റുന്നതിന് മതിയായ തുക കൈമാറാത്തത്**<br>കൈമാറിയ ചുമതലകൾ നിറവേറ്റുന്നതിന്റെ സ്വഭാവികമായ ഒരു അനുബന്ധമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുക എന്നത്. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുവേണ്ടി പദ്ധതി പദ്ധതിയേതര സഹായമായി 1995-96 മുതൽ സംസ്ഥാന സർക്കാർ അവസ്ത് സഹായധനം നൽകാൻ തുടങ്ങി. 1997-98 ൽ അധികാര വികേന്ദ്രീകരണത്തിന്റെ ആവിർഭാവത്തോടെ പദ്ധതികൾ ആസൂത്രണൺ ചെയ്യുന്നതിനും നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുകയുണ്ടായി. തത്ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ സഹായധനം 1997-98 മുതൽ പലമടങ്ങ് വർദ്ധിച്ചു. താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 23001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ കൈമാറിയ തുക 7888.62 കോടി രൂപയായിരുന്നു. **(പട്ടിക-അനുബന്ധം22)**<br>വകയിരുത്തിയ പദ്ധതിത്തുകയുടെ 80.81 ശതമാനവും പദ്ധതിയേതര തുകയുടെ 87.90 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തുക നൽകുന്നത് കറയുന്ന പ്രവണത 2003-04 മുതൽ ദൃശ്യമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 2003-04 ലെ 1434.54 കോടി രൂപയിൽ നിന്ന് 1476.12 കോടി രൂപയായി വർദ്ധിച്ചുവെങ്കിലും വിതരണം ചെയ്ത തുക 1384.98 കോടി രൂപയിൽ നിന്ന് 11097.77 കോടി രൂപയായി കറയുകയാണ് | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | ചെയ്യുത്. അതേസമയം പദ്ധതിയേതര വിഹിതവും വിതരണവും ഈ വർഷങ്ങളിൽ വർദ്ധനയാണ് കാണിച്ചത്. പക്ഷെ മൊത്തത്തിൽ ഗ്രാന്റുകളുടെ വിതരണം 2003-04 ലെ 1698.99 കോടി രൂപയിൽ നിന്ന് 2005-06 ൽ 2038.47 കോടിരൂപയായി വർദ്ധിച്ചു. | |
| | 3.3.9.1. | **പദ്ധതി തുക ഉപയോഗിക്കാത്തത്/പാഴായിപ്പോയത്**<br><br>അനുവദിച്ച പദ്ധതി തുക ഒറ്റത്തവണയായി പിൻവലിച്ച് പേഴ്സണൽ ഡെപ്പോസിറ്റ് (പിഡി) അക്കൗണ്ടിൽ വരവുവയ്ക്കുന്നതിന് 2002-03 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചിരുന്നു. പിഡി അക്കൗണ്ടിൽ ഓരോ വർഷാന്ത്യത്തിലും ഉപയോഗിക്കാതെ അവശേഷിച്ച തുക അടുത്ത വർഷത്തേയ്ക്ക് മാറ്റുവാൻ അനുവാദമുണ്ടായിരുന്നു. 2003-04 മുതൽ യഥാർത്ഥ ആവശ്യത്തിനു മാത്രമായി തുകപിൻവലിക്കുന്നത് പരിമിതപ്പെടുത്തിക്കൊണ്ടും പദ്ധതി തുക പിഡി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കി. 2003-04 അവസാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൂടി അവയുടെ പിഡി അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ കമിഞ്ഞുകൂടിയ 581.20 കോടി രൂപ അവശേഷിച്ചിരുന്നു. തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിൽ (2001-02 ലും 2002-03 ലും) പിഡി അക്കൗണ്ടുകളിൽ വരവു വയ്ക്കപ്പെട്ട 1794.74 കോടി രൂപയുടെ സ്ഥാനത്തായിരുന്നു ഉപയോഗിക്കാതെ അവശേഷിച്ച ഈ തുക. പിഡി അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന ഉപയോഗിക്കാതെ ബാക്കിവന്ന 581.20 കോടി രൂപ സർക്കാർ നിർദ്ദേശിച്ചുള്ള പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് 2004 മാർച്ചിൽ തിരിച്ചടച്ചു. കൈമാറിയ ചുമതലകൾ | <u>ഗ്രാമ വികസന കമ്മീഷണർ</u><br>നിലവിൽ പി.ഡി. അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കാത്തതിനാലും തനതുഭവ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതിനാലും ഓഡിറ്റിലെ പരാമർശിത കാലയളവിന് ശേഷം പദ്ധതി തുക പാഴാവുന്ന അവസ്ഥ നിലവിലില്ല എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>നിലവിൽ പദ്ധതി പണം നൂറു ശതമാനം ചെലവഴിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്തിയതു വഴി തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം ഭീമമായ തുകകൾ സർക്കാരിലേക്ക് തിരിച്ച് അടയ്ക്കേണ്ടി വരുന്നതിൽ ആരംഭ ഘട്ടത്തിൽ ആസൂത്രണം താഴെത്തട്ടിൽ നടപ്പിലാക്കിയപ്പോൾ അനുഭവസമ്പത്ത് കുറവായതിന്റെ ഫലമായി സംഭവിച്ച പോരായ്മകളും പിഴവുകളും പരിശോധിക്കപ്പെടുകയും ആയതിനെ അടിസ്ഥാനമാക്കി നൽകപ്പെട്ട പരിശീലന പരിപാടികളും അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കൊല്ലവും സമയബന്ധിതമായി ആസൂത്രണ പ്രക്രിയയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി നിർവ്വഹണ ഘട്ടത്തിലേക്ക് 2 മാസങ്ങൾ കൊണ്ട് കടക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.<br><br><u>പഞ്ചായത്ത് ഡയറക്ടർ</u><br>നിലവിൽ പദ്ധതി പണം നൂറു ശതമാനം ചെലവഴിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്തിയത് വഴി തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം ഭീമമായതുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടി വരുന്നില്ല. ആരംഭ ഘട്ടത്ത് |

| | | | |
|---|---|---|---|
| | | നിർവ്വഹിക്കുന്നതിനുവേണ്ടി നടത്തിയ ആസൂത്രണത്തിലെ പോരായ്മയുടെ ഫലമായി സംഭവിച്ച ധനവിനിയോഗത്തിലുണ്ടായ കുറവുമൂലം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ശരാശരി 47.84 ലക്ഷം രൂപ സർക്കാരിന് തിരിച്ചു നൽകേണ്ടിവന്നു. ധന വിനിയോഗത്തിലുണ്ടായ കുറവ് പിന്നീടുള്ള വർഷങ്ങളിലും തുടർന്നു. അത് 2004-05 ൽ 308.82 കോടി രൂപയും 2005-06 ൽ 366.35 കോടി രൂപയും ആയിരുന്നു. ഈ തുകകൾ പിൻവലിക്കാത്തതു കാരണം കാലഹരണപ്പെട്ടു. | ആസൂത്രണം താഴെത്തട്ടിൽ നടപ്പിലാക്കിയപ്പോൾ അനുഭവസമ്പത്ത് കുറവായതിന്റെ ഫലമായി സംഭവിച്ച പോരായ്മകളും പിഴവുകളും പരിശോധിക്കപ്പെടുകയും ആയതിനടിസ്ഥാനമാക്കി നൽകപ്പെട്ട പരിശീലന പരിപാടികളും മാർഗ്ഗനിർദ്ദേശങ്ങളും കൊണ്ട് ഇന്ന് അതിനെ അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കൊല്ലവും സമയബന്ധിതമായി ആസൂത്രണ പ്രക്രിയയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി നിർവ്വഹണ ഘട്ടത്തിലേക്ക് രണ്ട് മാസങ്ങൾ കൊണ്ട് കടക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. |
| | 3.3.9.2. | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുകകൾ പട്ടിക വർഗ്ഗവികസന ഡയറക്ടർക്ക് വകമാറ്റിയത്.**<br>പട്ടിക വർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 2001-02 ൽ 58 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 40 കോടി രൂപ പട്ടിക വർഗ്ഗ ഉപ പദ്ധതിയിൽ കീഴിൽ കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ വിവരിക്കും പ്രകാരം വകയിരുത്തി.<br>**(പട്ടിക-അനുബന്ധം23)**<br>എന്നാൽ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുകയൊന്നും നൽകിയില്ല. നിയമസഭയുടെ ഇംഗിതത്തിനു വിരുദ്ധമായി പട്ടിക വർഗ്ഗ വികസന ഡയറക്ടർക്ക് വിനിയോഗിക്കുന്നതിനുവേണ്ടി മുഴുവൻതുകയും സർക്കാർ വിട്ടുകൊടുത്തു. 2001-02 ൽ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കീഴിൽ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃതമായ അവകാശം കവരുകയായിരുന്നു ഇതിന്റെ അനന്തരഫലം. | ജനകീയാസൂത്രണത്തിന്റെ ആദ്യകാലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ മുഴുവൻ വിഭവങ്ങളും. സമയബന്ധിതമായി ചെലവഴിക്കുന്നതിൽ പലപ്പോഴും പരാജയപ്പെടുകയും, സർക്കാരിലേക്ക് തിരിച്ചടക്കുന്ന സാഹചര്യവും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അത്തരം സാഹചര്യത്തിലാണ് പട്ടികവർഗ്ഗ ഉപ പദ്ധതികളുടെ കീഴിൽ അനുവദിച്ച തുക പട്ടിക വർഗ്ഗ വികസന ഡയറക്ടർക്ക് വിനിയോഗിക്കുന്നതിന് അനുവദിച്ചത്. |
| | 3.3.10. | **ഉദ്യോഗസ്ഥരുടെ കൈമാറ്റം**<br>കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനുവേണ്ടി യോഗ്യതയും പരിശീലനവും സിദ്ധിച്ച | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | എല്ലാതലങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ ലഭ്യത അധികാരകൈമാറ്റത്തിന്റെയും ഉത്തരവാദിത്വകൈമാറ്റത്തിന്റെയും അനിവാര്യമായ ഒരു ആവശ്യകതയായിരുന്നു. പുതിയസാഹചര്യത്തിൽ വിശ്വസ്തതയും ദിശാബോധവും ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ഉദ്യോഗസ്ഥരുടെ മേൽ ഭരണ നിയന്ത്രണം കൂടിയേതീരൂ. ഉദ്യോഗസ്ഥരെ കൈമാറുന്നതിനുള്ള സംവിധാനം പരിശോധിച്ചപ്പോൾ താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു. | |
| | 3.3.10.1. | **പൊതുമരാമത്ത് ജലസേചന വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരുടെ വിന്യാസത്തിലുണ്ടായ കുറവ്**<br>2003 സെപ്റ്റംബർ 2474 സാങ്കേതിക ജീവനക്കാരെയും 1363 ഭരണ വിഭാഗം ജീവനക്കാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൂട്ടതലായി വിന്യസിക്കുവാൻ സർക്കാർ ഉത്തരവിട്ടെങ്കിലും യഥാക്രമം 2040-ഉം 572- ഉം ഉദ്യോഗസ്ഥരെ മാത്രമേ യഥാർത്ഥത്തിൽ വിന്യസിച്ചുള്ളൂ. തത്ഫലമായി വിന്യാസത്തിൽ വന്ന കുറവ് താഴെ വിവരിക്കും പ്രകാരം ആയിരുന്നു.(പട്ടിക-അനുബന്ധം24)<br>സാങ്കേതിക ജീവനക്കാരുടെ വിന്യാസത്തിലുണ്ടായ കുറവ് 434 ഉം ഭരണവിഭാഗ ഉദ്യോഗസ്ഥരുടേത് 791 ഉം ആയിരുന്നു. തങ്ങളുടെ തന്നെ ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. | 19 വകുപ്പുകളിൽ നിന്നും 1302 ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതിൽ 991 ജീവനക്കാരെ മാത്രമാണ് ഗ്രാമ പഞ്ചായത്തുകളിൽ നിയമിച്ചത്. ബാക്കി ജീവനക്കാരെ ബ്ലോക്ക്/ജില്ലാ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലേയ്ക്കാണ് നിയമിച്ചത്. സെൻകമ്മിറ്റി ശുപാർശ പ്രകാരം പുനർവിന്യസിച്ച 1302 ക്ലാർക്കുമാരിൽ 990 എൽ.ഡി.ക്ലാർക്കുമാരുടെ തസ്തിക പഞ്ചായത്ത് വകുപ്പിൽ പുതുതായി സൃഷ്ടിക്കുകയും, അത്രയും തസ്തികകൾ മറ്റ് വകുപ്പുകളിൽ സൂപ്പർ ന്യൂമറിയായി നിലനിർത്തുകയും ആതിൽ 990 ക്ലാർക്കുമാരുടെ തസ്തികകൾ ഏതൊക്കെ വകുപ്പുകളിലാണ് സൂപ്പർ ന്യൂമറിയായി നിലനിർത്തേണ്ടത് എന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളിലേക്കുള്ള പുനർവിന്യാസം തൽക്കാലം നിർത്തിവയ്ക്കാമെന്നും പി.എസ്.സി.യിൽ നിന്നുള്ള ആൾക്കാർ വരുന്ന മുറയ്ക്ക് നിലവിൽ പുനർവിന്യാസ പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചയക്കാമെന്നും സർക്കാർ തീരുമാനിച്ചു. 990 തസ്തികകൾ മറ്റ് വകുപ്പുകളിൽ സൂപ്പർ ന്യൂമറിയായി നിലനിർത്തുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിലേ- |

| | | | |
|---|---|---|---|
| | | | പുനർവിന്യാസ പ്രകാരം 30.06.2014-ലെ കണക്കനുസരിച്ച് എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും സർക്കാർ ഇതിനായി അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിവരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുൾപ്പെടെയുള്ള പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ആരാഞ്ഞിട്ടുണ്ട്.<br><br>നിലവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്തു വന്നിരുന്ന ജീവനക്കാരെ പുനർവിന്യാസ കാലാവധി പൂർത്തിയായതിനെ തുടർന്ന് ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുകയും ആയതിനു പകരം ജീവനക്കാരെ ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചു വരികയുമാണ് ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ജീവനക്കാരെ തൽക്കാലം പുനർവിന്യസിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത് |
| | 3.3.10.2. | **ഉദ്യോഗസ്ഥരുടെ മേൽ അപര്യാപ്തമായ ഭരണ നിയന്ത്രണം**<br>അനുബന്ധം VIII ൽ വിശദീകരിച്ചിരിക്കുന്നതുപോലെ തസ്തികകളോടൊപ്പം ഉദ്യോഗസ്ഥരുടെ സേവനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറുകയുണ്ടായി ( 1995 സെപ്റ്റംബർ). ഈ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടുവെങ്കിലും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അതാതു വകുപ്പുകളിൽ നിന്നു തന്നെയാണ് കൈപ്പറ്റിയിരുന്നത്. ഈ ഉദ്യോഗസ്ഥരുടെ ഭരണപരമായ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്നെങ്കിലും ഗുരുതരമായ സ്വഭാവദൂഷ്യത്തിനും ക്രമക്കേടുകൾക്കും അച്ചടക്ക നടപടികളുടെ അനുസരിച്ച് വലിയ ശിക്ഷ ചുമത്തുവാനുള്ള അധികാരം സർക്കാർ തന്നെ | 1997 ലെ കേരളാപഞ്ചായത്ത് രാജ്(ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് വിട്ടുകൊടുക്കപ്പെട്ട ജീവനക്കാർക്കു,ഉദ്യോഗസ്ഥൻമാർക്കും ശമ്പളവും, അലവൻസുകളും, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് നൽകാവുന്നതാണ് . എന്നാൽ അപ്രകാരമുള്ള ആനുകൂല്യങ്ങൾ സർക്കാരിന് യുക്തമെന്നു തോന്നുന്ന കാലയളവ് വരെ സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് നൽകാവുന്നതാണ്.ഉദ്യോഗസ്ഥൻ മാരുടെ മേൽ ലഘു ശിക്ഷകൾ (സെൻഷർ,ഫൈൻ. ഇൻക്രിമെന്റ് താൽക്കാലികമയി തടഞ്ഞുവയ്ക്കൽ .ഉദ്യോഗകയറ്റം തടഞ്ഞുവയ്ക്കൽ ,ശമ്പളത്തിൽ നിന്ന് തുക വസൂലാക്കൽ ) തുടങ്ങിയവ പഞ്ചായത്തിന് ചുമത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | നിലനിർത്തി. അങ്ങിനെ എല്ലാകാര്യങ്ങളിലും ഈ ഉദ്യോഗസ്ഥർ ഉയർന്ന തലത്തിലുള്ള സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി സർക്കാർ ഉദ്യോഗസ്ഥരെപോലെയാണ് പ്രവർത്തിച്ചത്. അല്ലാതെ, അവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനു വിധേയമായിരുന്നില്ല എന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നിന്റെ നിഷേധമായിരുന്നു. | പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ നിന്നുമുള്ള തുക ശമ്പളവും, മറ്റാനുകൂല്യങ്ങളും നൽകുവാൻ പര്യാപ്തമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| | 3.3.10.3. | **ഏല്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹണ ഉദ്യോഗസ്ഥർ വേണ്ട വിധം നിറവേറ്റാത്തത്**<br>കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നതിനും വിവിധ ഉത്തരവുകളിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സർക്കാർ ചുമതലകൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക് അയച്ചുകൊടുത്ത ചോദ്യാവലിക്ക് 21 പേർ നൽകിയ മറുപടി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ അവർക്കു നൽകിയ ചുമതലകൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നപ്രകാരം നിറവേറ്റിയില്ല .(പട്ടിക-അനുബന്ധം25)<br>21 ൽ 5 മുതൽ 14 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ശരിയാംവണ്ണം നിറവേറ്റിയില്ല. 67 ശതമാനം നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങളെ ഏല്പിച്ച പദ്ധതികളെക്കുറിച്ചുള്ള പ്രതിമാസ അവലോകന റിപ്പോർട്ടുകൾ നല്കുന്നില്ലായിരുന്നു എന്നത് പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ഫലപ്രദമായ ഭരണ നിയന്ത്രണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന പ്രബലമായ ആവശ്യം അതിനാൽ | <u>ഗ്രാമ വികസന കമ്മീഷണർ</u><br>ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട അവലോകന യോഗങ്ങളിലും മറ്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി പങ്കെടുക്കുന്നുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ഫലപ്രദമായ ഭരണ നിയന്ത്രണത്തോടെ തസ്വഭ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്നത് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്ന കാര്യമാണ്.<br>ജനകീയാസൂത്രണത്തിന്റെ ആരംഭ ഘട്ടത്തിൽ ഏൽപ്പിച്ചു കൊടുത്ത ചുമതലകൾ വിജയകരമായി നിർവ്വഹിക്കുന്നത് വിദഗ്ദമായ പരിശീലനം ലഭിച്ചിട്ടില്ലാത്ത ചില ഉദ്യോഗസ്ഥന്മാരിൽ നിന്നും വീഴ്ചകൾ സംഭവിച്ചതായി പിൽക്കാല പരിശോധനകളിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിശീലന പരിപാടികളിലൂടെയും കമ്പ്യൂട്ടറൈസേഷനിലൂടെയും സ്ഥിതിഗതികൾ ഏറെ മെച്ചപ്പെടുത്താൻ കഴിഞ്ഞു. തുടർച്ചയായിട്ടുള്ള അവലോകനവും പരിശീലനവും മൂലം സ്ഥിതിഗതികൾ ഇന്ന് ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ ഘടകസ്ഥാപനങ്ങളിൽ ജോലി നോക്കി വരുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ ഫലപ്രദമായ ഭരണ നിയന്ത്രണത്തോടെ തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | നിലനില്ലന്നു. | |
| | 3.3.10.4. | **നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പാക്കിയില്ല/ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു.**<br>നിർവ്വഹണ ഉദ്യോഗസ്ഥരുടെ അലംഭാവംകൊണ്ട് രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1.36 കോടി രൂപ അടങ്കലുള്ള 14 പദ്ധതികൾ താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നു പ്രകാരം നടപ്പാക്കാൻ കഴിഞ്ഞില്ല. **(പട്ടിക-അനുബന്ധം26)**<br>മേലധികാരികൾ എന്ന നിലയിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാർക്ക് നിർവ്വഹണ ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി കൈകൊള്ളുവാനുള്ള അധികാരം ഉണ്ടായിരുന്നെങ്കിലും മുകളിൽ കൊടുത്തിരിക്കുന്നവരിൽ ഒരാളൊഴിച്ച് മറ്റാരുടെയും കാര്യം അവർക്ക് റിപ്പോർട്ട് ചെയ്തില്ല. പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ചിട്ടുണ്ട് എന്ന സമർത്ഥിച്ചുകൊണ്ട് നെയ്യാറ്റിൻകര കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്രമ നം.1) പദ്ധതികൾ നടപ്പിലാക്കിയില്ല. പക്ഷേ ഇത് അച്ചടക്ക നടപടി എടുക്കുന്നതിനുവേണ്ടി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (2006 ഏപ്രിൽ). ഇതിന്റെ ഫലം അറിവായിട്ടില്ല (2007 മാർച്ച്). | <u>ഗ്രാമവികസന കമ്മിഷണർ (അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത്)</u><br>2005-06 കാലയളവിലെ പരാമർശ വിധേയമായ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥ നെയ്യാറ്റിൻകര മുൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ശ്രീമതി. എം.എ. വിശ്വേശരി ടി വിഷയത്തിൽ മേൽ നൽകിയ വിശദീകരണം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട്. ആയത് പ്രകാരം 2005-06 വർഷം കേരള വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് സ്പഷ്ടീകരണവും ബ്ലോക്ക് പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റും ലഭിച്ചത്. 15.02.2006-ൽ ആയിരുന്നുവെന്നും മൂന്ന് പദ്ധതികളും ക്രെഡിറ്റ് ലിങ്ക്ഡ് ആയിരുന്നതിനാൽ വായ്പയെടുത്തു നടപ്പിലാക്കുവാൻ തയ്യാറായി വന്ന ഗ്രൂപ്പുകൾ കുറവായിരുന്നുവെന്നും അങ്ങനെ തയ്യാറായി വന്നവരുടെ പേരുകൾ ബാങ്കിലേയ്ക്ക് ശുപാർശ ചെയ്ത് അയച്ചുവെങ്കിലും മാർച്ച് 31-നുള്ളിൽ വായ്പ ലഭിക്കാതിരുന്നതിനാലാണ് പദ്ധതി നിർവ്വഹണം സാധ്യമാകാതെ പോയത് എന്നും ടിയാൾ ബോധിപ്പിച്ചിരിക്കുന്നു ആയത് പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി ശുപാർശ ചെയ്തിട്ടുണ്ട്.<br><u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u><br>വിവിധ കാരണങ്ങളാലാണ് ജില്ലാ പഞ്ചായത്തിന്റെ ചില പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നത്. ആയതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടേതല്ലാത്ത കാരണങ്ങളും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരെ മാത്രം കുറ്റപ്പെടുത്തി അച്ചടക്ക നടപടിയെടുക്കാൻ ശുപാർശ ചെയ്യുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥരും, ജില്ലാ പഞ്ചായത്തും തമ്മിലുള്ള നല്ല ബന്ധത്തിന് കുറവ് വരുമെന്നതിനാലാണ്. |

| | | | |
|---|---|---|---|
| | | | അത്തരത്തിലൊരു നടപടി എടുക്കുന്നതിന് ഭരണ നേതൃത്വം നിർദ്ദേശിക്കാതിരുന്നത്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും പദ്ധതികൾ നിർവ്വഹണം നടത്തിവരികയും ചെയ്യുന്നുണ്ട്. |
| | 3.3.10.5. | **കൈമാറിയ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ്**<br>പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ,സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, താലൂക്കാസ്ഥാന ആശുപത്രികൾ എന്നിവ കൈമാറിയ സ്ഥാപനങ്ങളായതുകൊണ്ട് അവ നടത്തുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഉദ്യോഗ സ്ഥരുടെ അഭാവംകൊണ്ടും മറ്റു കാരണങ്ങൾ കൊണ്ടും ഈ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഒട്ടനവധി കെട്ടിടങ്ങളും വാർഡുകളും വെറുതെ കിടക്കുകയായിരുന്നു. ഈ കെട്ടിടങ്ങൾ/ വാർഡുകൾ നിർമ്മിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പണവും എംപി/എം.എൽ.എ പ്രാദേശിക വികസന ഫണ്ടും ഉപയോഗിച്ചാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ വിവിധ ഭാഗങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുവദിക്കുകയുണ്ടായി ( 2004 ജൂലൈ) ഈ സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 79 സ്ഥാപനങ്ങളിലെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം മൂലം താഴെ വിവരിക്കും പ്രകാരം പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല (2006 നവംബർ) (പട്ടിക-അനുബന്ധം27).<br><br>അങ്ങിനെ, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും | <u>ഗ്രാമവികസന കമ്മീഷണർ</u><br>ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാസ്ഥാന ആശുപത്രികൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഫണ്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള പരിപാലന ഫണ്ടും വകയിരുത്തുന്നുണ്ട്. നിലവിൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന കാര്യം ബ്ലോക്ക് പഞ്ചായത്ത് മുഖേന യഥാസമയം തന്നെ സർക്കാരിന്റെ ശ്രദ്ധയിൽ വരുതാറുണ്ട്.<br><br>ഗ്രാമ പഞ്ചായത്തുകളുടെ ഘടകസ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ പ്രതിവർഷം പുരോഗമിച്ച് വരുന്നതായി വിലയിരുത്തപ്പെടുന്നു. എന്നാൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കുറവുകൊണ്ട് സാധുക്കൾക്ക് ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. | |
| | 3.3.10.6. | **ഉദ്യോഗസ്ഥരുടെ അപര്യാപ്തമായ കൈമാറ്റം നിയമാനുസൃത ചുമതലകളുടെ നിർവ്വഹണത്തെ ബാധിച്ചു.**<br>ചുമതലകളുടെ കൈമാറ്റത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉളവായിട്ടുള്ള അധികജോലിഭാരം കൈകാര്യം ചെയ്യുന്നതിന് സർക്കാരിൽ നിന്നും കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമല്ല എന്ന് ഓഡിറ്റ് പുറപ്പെടുവിച്ച ഒരു ചോദ്യാവലിക്ക് മറുപടിയായി 21 ൽ 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തലവൻമാർ അഭിപ്രായപ്പെട്ടു. വിവിധ പെൻഷനുകളുടെയും തൊഴിൽ രഹിത വേതനത്തിന്റെയും വിതരണവും അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കലും എന്ന കൈമാറിയ ചുമതലയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് സർക്കാർ വകുപ്പുകളിൽ നിന്ന് വിന്യസിച്ചിട്ടില്ല. നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ല എന്ന് സംസ്ഥാന ആസൂത്രണ ബോർഡും സ്ഥിരീകരിച്ചിട്ടുണ്ട് ( 2006 ജനുവരി). ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും ഡിസിബി പത്രികയോടുകൂടി വാർഷിക ധനകാര്യ പത്രിക നിർദ്ദിഷ്ട സമയത്ത് തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതും സംബന്ധിച്ച് നിയമാനുസൃതമായ അടിസ്ഥാന അക്കൗണ്ടിംഗ് ജോലികളെ ഇത് ബാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ ആവശ്യകതയെ സംബന്ധിച്ച് ഒരു പഠനം മാനേജ്മെന്റ് പഠന കേന്ദ്രം നടത്തിയെങ്കിലും അതിൻമേലുള്ള റിപ്പോർട്ട് | **ഗ്രാമവികസന കമ്മീഷണർ**<br>ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച വിവിധ പെൻഷനുകളുടെയും തൊഴിൽ രഹിത വേതനത്തിന്റെയും വിതരണവും അവയുടെ കണക്ക് വെക്കലും ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമല്ലാത്തതിനാലും പുനർവിന്യാസം വഴി ജീവനക്കാരെ ലഭ്യമാക്കുന്നതിനാലും നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.<br><br>പരാമർശ വർഷത്തിനു ശേഷം ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലുണ്ടായിരുന്ന ക്ലറിക്കൽ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ജനസംഖ്യ പെരുപ്പം മൂലം വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ചുമതലകൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് നിർവ്വഹിക്കുന്നതിനാലും ഗ്രാമ പഞ്ചായത്തുകളുടെ ജോലിഭാരം പ്രതിദിനം ക്രമാതീതമായി വാർദ്ധിച്ചു വരുന്നതായി വിലയിരുത്തപ്പെടുന്നു. എന്നിരുന്നാലും നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് കാര്യക്ഷമമായി ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു.<br><br>ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ അക്കൗണ്ടന്റ് തസ്തിക ഉള്ളതിനാലും സാംഖ്യ സംവിധാനത്തിലൂടെയും വിവിധ സോഫ്റ്റ് വെയർ സംവിധാനത്തിന്റെ സഹായത്തോടെയും എ എഫ് എസ് സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ശ്രദ്ധിക്കുന്നുണ്ട്. 2015-16-ലെ എ എഫ് |

| | | | |
|---|---|---|---|
| | | പുറത്തിറങ്ങിയില്ല ( 2007 മാർച്ച് ) | എസ് എല്ലാ പഞ്ചായത്തുകളും സമയബന്ധിതമായി സമർപ്പിക്കുകയും ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>**പഞ്ചായത്ത് ഡയറക്ടർ**<br>പരാമർശ വർഷത്തിനു ശേഷം ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ പുതിയ രണ്ട് തസ്തികകൾ സൃഷ്ടിക്കുകയും നിലവിലുണ്ടായിരുന്ന ക്ലറിക്കൽ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ജനസംഖ്യ പെരുപ്പം മൂലം വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ചുമതലകൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് നിർവ്വഹിക്കുന്നതിനാലും ഗ്രാമ പഞ്ചായത്തുകളുടെ ജോലി ഭാരം പ്രതിദിനം ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി വിലയിരുത്തപ്പെടുന്നു. എന്നിരുന്നാലും നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് കാര്യക്ഷമമായി ഓഫീസുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| | 3.3.11. | **ആന്തരിക നിയന്ത്രണ ഇടർനിരീക്ഷണ സംവിധാനം**<br><br>ശക്തമായ ആന്തരിക നിയന്ത്രണ സംവിധാനം ഒരു സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം എളുപ്പമാക്കുന്നു. പ്രവർത്തനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും നിശ്ചിത നിയന്ത്രണ സംവിധാനത്തിന്റെയും കാലകാലങ്ങളിലുള്ള അവലോകനവും തുടർ നിരീക്ഷണവും മെച്ചപ്പെട്ട സേവന നിർവ്വഹണത്തിന് അനുപേക്ഷണീയമാണ്. ദുർബലമായ ആന്തരിക നിയന്ത്രണ വ്യവസ്ഥമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത അവയുടെ ചുമതലകളുമായുള്ള താരതമ്യത്തിൽ പൊതുവെ ഫലപ്രദമായിരുന്നില്ല. ആസൂത്രണം വികലമാകുന്നതിനും ധനകൈകാര്യം മോശമാകുന്നതിനും പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ലാതായിതീരുന്നതിനും ഇത് ഇടയാക്കി. | തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ആന്തരിക നിയന്ത്രണം നടപ്പാക്കുന്നതിന് പ്രത്യേക ഇന്റേണൽ ഓഡിറ്റ് സംവിധാനം നിലവിൽ ഇല്ല. എന്നാൽ പെർഫോമൻസ് ഓഡിറ്റ് ഇന്റേണൽ ഓഡിറ്റായും പ്രവർത്തിച്ചുവരുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റിന്റെ ഇടവേള ഗ്രാമ പഞ്ചായത്തുകളിൽ മാസത്തിലൊരിക്കലായും, മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ ത്രൈമാസികമായും, കുറച്ചുകൊണ്ടു വന്നിട്ടുണ്ട്.തദ്ദേശ ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ,തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ,നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് തുടർച്ചയായ പരിശീലനം കിലയുടെ നേതൃത്വത്തിൽ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ,അക്കൗണ്ടിങ്ങ് പ്രവർത്തനങ്ങൾ ,സിവിൽ രജിസ്ട്രേഷൻ തുടങ്ങി വിവിധ മേഖലകളിൽ കമ്പ്യൂട്ടർ |

| | | | |
|---|---|---|---|
| | | കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് സുശക്തമായ ഒരു തുടർനിരീക്ഷണ സംവിധാനവും അനുപേക്ഷണിയമാണ്. ചുമതലകളുടെയും ജീവനക്കാരുടെയും കൈമാറ്റം നടപ്പാക്കിയത് സർക്കാർ തലത്തിൽ തുടർനിരീക്ഷണം നടത്തേണ്ടതായിരുന്നു. തുടർ നിരീക്ഷണത്തിലെ വീഴ്ചയുടെ ഫലമായി ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മ മാറ്റമില്ലാതെ തുടർന്നു. ഇതിനു പുറമേ ഇനി പറയുന്ന ന്യൂനതകളും ശ്രദ്ധയിൽപ്പെട്ടു. | വൽക്കരണം നടപ്പാക്കുകയും, അതുവഴി തദ്ദേശ സ്ഥാപനങ്ങളുടെ സർവ്വീസ് ഡെലിവറി മെച്ചപ്പെടുത്തുന്നതിനും, ഉദ്യോഗസ്ഥരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| | 3.3.11.1. | **ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം**<br>വിവിധ ഘട്ടങ്ങളിലുള്ള ആസൂത്രണത്തിനും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമ സഭ, സാങ്കേതിക സമിതി, സാങ്കേതിക ഉപദേശക സമിതി, ജില്ലാ ആസൂത്രണ സമിതി (ഡിപിസി) മുതലായ വ്യത്യസ്തങ്ങളായ ഏജൻസികളുടെയും സമിതികളുടെയും സൂക്ഷ്മ പരിശോധനയ്ക്കും വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുമായിരുന്നുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരുന്നു എന്ന് ഡിപിസി ഉറപ്പുവരുത്തേണ്ടതായിരുന്നെങ്കിലും അനധികൃതമായ പല പദ്ധതികളും അതിന്റെ ശ്രദ്ധയിൽപെടാതെ പോവുകയും വിവിധ തലങ്ങളിൽ നടപ്പാക്കേണ്ട ചുമതലകളും പ്രവർത്തനങ്ങളും ഇടകലരുകയും ചെയ്തു. കൈമാറിയ ചുമതലകളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷിക്കുന്നതിനായി ഡിപിസിയെ ശക്തിപ്പെടുത്തേണ്ട ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. | 2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനുശേഷം 14 ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാരത്തിൽ ആസൂത്രണ സമിതിയുടെ അംഗീകാരം അനിവാര്യമായതിനാൽ ടി വിദഗ്ധ സമിതിയുടെ വിലയിരുത്തലിന് സമർപ്പിക്കപ്പെടുന്ന പദ്ധതികൾ തയ്യാറാക്കുന്നത് കുറ്റമറ്റതാക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നു.<br>നിലവിൽ വ്യവസ്ഥാപിതവും അംഗീകൃതവുമായ പ്രോജക്ടുകൾക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത്. പ്രോജക്ടുകൾ സമർപ്പിക്കലും അംഗീകരിക്കലും സുലേഖ സോഫ്റ്റ് വെയർ മുഖേന കുറ്റമറ്റ രീതിയിൽ ഓൺലൈൻ ആയി ചെയ്യുന്നതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം വളരെ സുഗമമായ രീതിയിൽ നടന്നുവരുന്നുണ്ട്. |
| | 3.3.11.2. | **പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകിയത്** | <u>ഗ്രാമവികസന കമ്മീഷണർ</u><br>പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിമാസ പുരോഗതി |

| | | | |
|---|---|---|---|
| | | പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിമാസ പുരോഗതി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ സെക്രട്ടറി അയച്ചുകൊടുക്കേണ്ടതും അത് ചുമതലപ്പെട്ട ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ ക്രോഡീകരിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതും ആയിരുന്നു. ഇതിനുപുറമേ, ഭൗതിക സാമ്പത്തിക പുരോഗതിയും നിർവ്വഹണത്തിന്റെ ഗുണ നിലവാരവും സൂചിപ്പിക്കുന്ന ഒരു ത്രൈമാസ റിപ്പോർട്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും നിരീക്ഷണ സമിതി സമർപ്പിക്കേണ്ടതുണ്ട്. തുടർ നിരീക്ഷണ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകാനും അത് ഉപയോഗിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരെ അനുവദിക്കാനും പാടുള്ളൂ. പരിശോധിച്ച 22 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 21 ലേയും നിർവ്വഹണ ഉദ്യോഗസ്ഥർ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ അയച്ചിട്ടില്ല. അതുപോലെ ഒരൊറ്റ സ്ഥാപനത്തിലെയും നിരീക്ഷണ സമിതി ത്രൈമാസ റിപ്പോർട്ടും സമർപ്പിച്ചില്ല. എന്നിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുകകൾ അനുവദിക്കുകയും അതുപയോഗിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരെ അനുവദിക്കുകയും ചെയ്ത് ആന്തരിക നിയന്ത്രണ സംവിധാനത്തിന്റ ദുർബലതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. | റിപ്പോർട്ട് സമയബന്ധിതമായി ഓൺലൈൻ ആയി ചെയ്തു വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ പുരോഗതി റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുന്നുണ്ട്. കൂടാതെ നിലവിൽ വീഡിയോ കോൺഫറൻസിങ്ങിലൂടെയും പദ്ധതി പുരോഗതി വിലയിരുത്തപ്പെടുന്നുണ്ട്.<br><br>പദ്ധതി നർവ്വണവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. ആയതിലേക്ക് സജ്ജമാക്കിയിട്ടുള്ള സാംഖ്യ, സുലേഖ സോഫ്റ്റ് വെയർ സഹായത്തോടെയായതിനാൽ പ്രതിദിനച്ചെലവുകളും പുരോഗതികളും ജില്ലാ, സംസ്ഥാനതലത്തിൽ വിലയിരുത്താൻ കഴിയുന്നുണ്ട്. |
| | 3.3.11.3. | **വികേന്ദ്രീകരണ സെൽ രൂപീകരിക്കാത്തത്**<br>കൈമാറിയ ചുമതലകൾക്ക് കീഴിലുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഓരോ ജില്ലയിലും വികേന്ദ്രീകരണ സെൽ രൂപീകരിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (2004 ജൂൺ). കണ്ണൂർ ജില്ലയിൽ കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പട്ടികജാതി വികസനം, പട്ടിക വർഗ്ഗ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുന്ന വകുപ്പുകൾ തന്നെ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ആയതിനാൽ നിലവിൽ മറ്റു വകുപ്പികളിൽ നിന്നുള്ള ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വികേന്ദ്രീകരണ സെല്ലിന്റെ അഭാവത്തിലും പദ്ധതി പ്രവർത്തനങ്ങൾ വിവിധതലങ്ങളിൽ |

| | | | |
|---|---|---|---|
| | | വികസനം, എന്നീ വകുപ്പുകളിൽ വികേന്ദ്രീകരണ സെല്ലുകൾ രൂപീകരിച്ചില്ല. കൈമാറിയ ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടവിധം നിർവ്വഹിക്കുന്നതിനുവേണ്ടി രൂപകല്പന ചെയ്ത തുടർ നിരീക്ഷണ സംവിധാനം വികേന്ദ്രീകരണ സെൽ രൂപീകൃതമാവാത്തതുകൊണ്ട് ദുർബ്ബലമായി. | കൃത്യമായി വിലയിരുത്തിവരുന്നുണ്ട്. |
| | 3.3.11.4. | **കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിന് ചട്ടങ്ങൾ ഉണ്ടാക്കാത്തത്**<br>കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കൈമാറിയ ചുമതലകളും ആസൂത്രണവും നിർവ്വഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നത്. കൈമാറിയ ചുമതലകളുടെ ശരിയാംവണ്ണവും ഫലപ്രദവും ആയ നിർവ്വഹണത്തിന് ചട്ടങ്ങളൊന്നും സർക്കാർ ഉണ്ടാക്കിയിട്ടില്ല. ചട്ടങ്ങളുടെ അഭാവത്തിൽ, കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടി നല്ല രീതിയിൽ രൂപകല്പന ചെയ്ത ആന്തരിക നിയന്ത്രണ സംവിധാനം ഇല്ലായിരുന്നു. | കൈമാറിയ ചുമതലകളുടെ നിർവ്വഹണത്തിന് സർക്കാർ ചട്ടങ്ങൾ രൂപ കൽപന ചെയ്തിട്ടില്ല. |
| | 3.3.12. | നിഗമനം<br>➢ നിയമനങ്ങളിൽ വിഭാവനം ചെയ്തതുപോലെ കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വ്യവസായവും വാണിജ്യവും എന്നീ വകുപ്പുകളിലെ പ്രവർത്തനങ്ങൾ കൈമാറിയില്ല.<br>➢ കൈമാറിയ ചുമതലകൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥരും പണവും കൈമാറ്റം ചെയ്യപ്പെട്ടില്ല.<br>➢ വിവിധ തലങ്ങളിലുള്ള ചുമതലകളുടെ ഇടകലരൽ ഒരേ പ്രദേശത്ത് ഒന്നിൽ കൂടുതൽ ഏജൻസികൾ ഒരേ ചുമതല സമാന്തരമായി | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | | നിർവ്വഹിക്കുന്നതിനിടയാക്കി.<br>➢ കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാത്തത് വികലമായ നിർവ്വഹണത്തിലേയ്ക്ക് നയിച്ചു.<br>➢ തുടർ നിരീക്ഷണ ആന്തരിക നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നില്ല. | |
| | 3.3.13. | **ശുപാർശകൾ**<br>➢ നിയമങ്ങളിൽ അനുശാസിക്കുന്നതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറുന്ന കാര്യം സർക്കാർ പരിഗണിക്കണം.<br>➢ കൈമാറിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കാവശ്യമായ പണവും ഉദ്യോഗസ്ഥരും യഥാർത്ഥ്യബോധത്തോടെ സർക്കാർ തിട്ട പ്പെടുത്തണം.<br>➢ ഒരേ ചുമതലകൾ ഒന്നിൽ കൂടുതൽ തലങ്ങളിൽ നടപ്പാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈകൊള്ളണം.<br>➢ കൈമാറിയ ചുമതലകളുടെ ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം കൊടുക്കുന്നത് സർക്കാർ പരിഗണിക്കണം. | (പ്രത്യേക പരാമർശമില്ല) |
| | 3.3.14. | **സർക്കാരിന്റെ പ്രതികരണം**<br>ഓഡിറ്റുകണ്ടെത്തലുകളെപ്പറ്റിയുള്ള ചർച്ചയിൽ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശുപാർശകളോട് പൊതുവെ യോജിച്ചു (2002 മാർച്ച്). | |

| | | | | |
|---|---|---|---|---|
| | | 3.4. | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതികൾ**<br>**<u>സവിശേഷതകൾ</u>**<br>ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒട്ടേറെ പദ്ധതികൾ അംഗീകൃത ഏജൻസികളിലൂടെ നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതികൾ ഗണ്യമായ തുക ഉൾക്കൊള്ളുന്നതാണെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർ നിരീക്ഷണം നടത്താതിരുന്നതിന്റെ ഫലമായി അവ പൂർത്തീകരിക്കാതിരുക്കുന്നതിനും ഉപേക്ഷിക്കുന്നതിനും ഇടയായി. ഉചിതമായ ആസൂത്രണത്തിന്റെ അഭാവം വികലമായ നിർവ്വഹണത്തിനും യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ കൂടുതൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനും വഴിവച്ചു.<br>➢ ശരിയായ ആസൂത്രണമില്ലാതെ പണിയേൽപ്പിച്ചത് അവ ഉപേക്ഷിക്കുന്നതിലേയ്ക്ക് നയിച്ചു.<br>➢ ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിന് കൈമാറിയ തുകകൾ തദ്ദേശസ്വംയംഭരണ സ്ഥാപനങ്ങൾ യഥാർത്ഥ ചെലവായി കണക്കാക്കുകയും അവ തങ്ങളുടെ സാമ്പത്തിക നേട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br>➢ പൂർത്തിയാക്കിയ 1234 പണികൾക്കുവേണ്ടി അംഗീകൃത ഏജൻസികൾക്ക് അധികമായി കൈമാറിയ 2.90 കോടി രൂപ തിരിച്ചുപിടിക്കാതെ അവശേഷിക്കുന്നു.<br>➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് ഈടാക്കാനുള്ള കേരള ജല | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | അതോറിറ്റിയുടെ തീരുമാനം 2002-06 കാലയളവിൽ 5.61 കോടി രൂപ അടയ്ക്കുന്നതിന് അവയെ ബാദ്ധ്യസ്ഥരാക്കി.<br>➢ തീരദേശ നിയന്ത്രണ മേഖലയിൽ പണി നടത്താനുള്ള അനുമതി വാങ്ങാതെ കോഴിക്കോട് നടപ്പാക്കിയ ഒരു കടലോര സൗന്ദര്യവത്ക്കരണ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നത് 15 ലക്ഷം രൂപയുടെ വ്യർത്ഥമായ ചെലവിലേയ്ക്ക് നയിച്ചു.<br>➢ പൈൽ ഫൌണ്ടേഷന്റെ തെറ്റായ രൂപകല്പനയുടെ ഫലമായി ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ ഏറ്റെടുത്ത കൊല്ലം ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉപേക്ഷിച്ചത് 8.06 ലക്ഷം രൂപയുടെ വ്യർത്ഥമായ ചെലവിൽ കൊണ്ടുചെന്നെത്തിച്ചു. | |
| | 3.4.1. | **ആമുഖം**<br>സംസ്ഥാനത്ത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ആവിർഭാവത്തെ തുടർന്ന് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നിർവ്വഹിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 1997 -98 മുതൽ അനുവദിക്കുകയുണ്ടായി. ഈ പദ്ധതികൾ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും മറ്റു ഏജൻസികൾ മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി. കേരള ജല അതോറിറ്റി, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുതലായ നിർവ്വഹണ ഏജൻസികളെ 'അംഗീകൃത ഏജൻസികളെന്നും' അവരെ ഏല്പിക്കുന്ന പണികളെ ' ഡെപ്പോസിറ്റ് വർക്കുകൾ' എന്നും വിളിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'ഡെപ്പോസിറ്റ് വർക്കുകൾ' എന്നും വിളിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതികൾ ഓഡിറ്റ് അവലോകനം ചെയ്യുകയും | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | അതിന്റെ ഫലം തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. | |
| | 3.4.2. | **ഓഡിറ്റ് ലക്ഷ്യങ്ങൾ**<br>താഴെ പറയുന്നവ പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ<br>➢ ഡെപ്പോസിറ്റ് വർക്കുകൾ ഏല്പിക്കുന്നതിനു മുമ്പ് വേണ്ടത്ര ആസൂത്രണം നടത്തിയിരുന്നോ.<br>➢ കൈമാറിയ തുകകൾ പര്യാപ്തമായിരുന്നോ<br>➢ ഉപയോഗിക്കാത്ത തുക എന്തെങ്കിലും ഉണ്ടെങ്കിൽ തിരിച്ചടച്ചോ.<br>➢ ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം ഫലപ്രദമായി നിരീക്ഷിച്ചിട്ടുണ്ടോ.<br>➢ അന്തരിക നിയന്ത്രണ നിരീക്ഷണ സംവിധാനം ഫലപ്രദമായിരുന്നോ. | പ്രത്യേക പരാമർശമില്ല |
| | 3.4.3. | **ഓഡിറ്റ് മാനദണ്ഡങ്ങൾ**<br>താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പ്രത്യവലോകനത്തിന് ഉപയോഗിച്ചത്.<br>➢ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾ. | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | ➢ പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും 1997- ലെ കേരള മുനിസിപ്പാലിറ്റി ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങളുടെ വാങ്ങലും) ചട്ടങ്ങളും.<br>➢ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ വ്യവസ്ഥകൾ.<br>➢ ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച 1997-98 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും<br>➢ ഡെപ്പോസിറ്റ് വർക്കുകളുടെ പദ്ധതി റിപ്പോർട്ടുകളും രൂപകല്പനയും എസ്റ്റിമേറ്റും. | |
| | 3.4.4. | **ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും**<br><br>മൂന്നു നഗരസഭകൾ, രണ്ടുജില്ലാ പഞ്ചായത്തുകൾ, തിരുവനന്തപുരത്തെ കേരള ജല അതോറിറ്റിയുടെ ഓഫീസ്, കേരള ജല അതോറിറ്റി, വിദ്യുച്ഛക്തി ബോർഡ് എന്നിവയുടെ നാലു വീതം ഡിവിഷൻ ഓഫീസുകൾ നിർമ്മിതികേന്ദ്രയുടെ തിരുവനന്തപുരം ജില്ലാ ഓഫീസ് എന്നിവയുടെ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലെ രേഖകളെ ആധാരമാക്കിയാണ് 2006 ജൂൺ, ജൂലൈ മാസങ്ങളിൽ ഈ പ്രത്യവലോകനം നടത്തിയത്. കേരള ജല അതോറിറ്റിയെ സംബന്ധിച്ചിടത്തോളം 1997-98 മുതലുള്ള രേഖകളും പരിശോധിച്ചു. പദ്ധതിരേഖകൾ, ചെലവ് സ്റ്റേറ്റ്മെന്റുകൾ, വിനിയോഗ സർട്ടിഫിക്കറ്റുകൾ അംഗീകൃത ഏജൻസികൾ നൽകിയ വിവരങ്ങൾ, മേൽ സ്ഥാപനങ്ങളിലെ ഫയലുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് കണ്ടെത്തലുകൾ/നിരീക്ഷണങ്ങൾക്ക് ഉപോദ്ബലകമായ തെളിവുകൾ ശേഖരിച്ചത്. | (പ്രത്യേക പരാമർശമില്ല) |

| | | | |
|---|---|---|---|
| | 3.4.5. | ഓഡിറ്റ് കണ്ടെത്തലുകൾ<br>തുടർന്നുള്ള ഖണ്ഡികകളിൽ പ്രത്യവലോകന ഫലങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. | (പ്രത്യേക പരാമർശമില്ല) |
| | 3.4.6. | <u>ആസൂത്രണം</u><br>അംഗീകൃത ഏജൻസിയെ ഒരു പദ്ധതി ഏല്പിക്കുന്നതിനു മുമ്പ് നടത്തേണ്ട പ്രവർത്തനങ്ങൾ ശരിയായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. സാദ്ധ്യതാ പഠനം, വിവര സമാഹരണം, രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കൽ, തുക നൽകൽ, ഗുണഭോക്താക്കളെ കണ്ടെത്തൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഗുണഭോക്താക്കളെ കണ്ടെത്താതെ സംസ്ഥാ ഭവന നിർമ്മാണ ബോർഡിനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി ഭവന നിർമ്മാണം ഏല്പിച്ചതിനെ സംബന്ധിച്ച് 2004 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി&എജിയുടെ ( തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച) റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന കേരള ജല അതോറിറ്റിയെ ഏല്പിച്ച 75 പ്രവൃത്തികൾ പ്രായോഗികമല്ലാത്തതു കൊണ്ട് ഉപേക്ഷിച്ചുവെന്നും വേണ്ടത്ര പണം നൽകാത്തതുകൊണ്ടും വൈദ്യുതി ലഭ്യമാക്കാത്തതുകൊണ്ടും ജല അതോറിറ്റിക്ക് സാധനങ്ങൾ നൽകുന്നതിലുള്ള കാലതാമസം കൊണ്ടും 579 പ്രവൃത്തികൾ അപൂർണ്ണമായി അവശേഷിക്കുന്നുവെന്നും ഓഡിറ്റ് പരിശോധനയിൽ വെളിവായി. പ്രവൃത്തികൾ അംഗീകൃത ഏജൻസികളെ ഏല്പിക്കുന്നതിനു മുമ്പുള്ള അപര്യാപ്തമായ ആസൂത്രണം അവ ഉപേക്ഷിക്കുന്നതിലും പൂർത്തിയാകാതിരിക്കുന്നതിലും എത്തിച്ചു. തന്മൂലം അവയ്ക്കുവേണ്ടി ചെലവായ തുക വ്യർത്ഥമാകുകയും ചെയ്തു. | <u>ഗ്രാമ വികസന കമ്മീഷണർ</u><br>ബ്ലോക്ക് പഞ്ചായത്തുകൾ പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്നും താൽക്കാലികമായി പുനർവിന്യാസം ചെയ്ത ഉദ്യോഗസ്ഥർ ആണ് ആദ്യ കാലങ്ങളിൽ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചിരുന്നത്. മരാമത്ത് പ്രവൃത്തികളുടെ പോലും, നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് സെക്രട്ടറിമാരായിരുന്നു. പദ്ധതികളുടെ ആസൂത്രണ വേളയിൽ സാങ്കേതിക വൈദഗ്ധ്യം ഉള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകാതിരുന്ന കാലയളവിൽ നടപ്പിലാക്കിയ ചില പദ്ധതികളിൽ പാളിച്ച സംഭവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഒരോ മേഖലയിലെ പ്രവർത്തികൾക്ക് ആ മേഖലയിൽ സാങ്കേതിക ജ്ഞാനമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് പദ്ധതി ആസൂത്രണവും, നിർവ്വഹണവും നടത്തുന്നത്. ഭവന നിർമ്മാണത്തിന് ഒരു ഏജൻസിയേയും ഏൽപ്പിക്കുന്നില്ല. എന്നാൽ പദ്ധതി നിർവ്വഹണത്തിന് അടിയന്തിര ഘട്ടത്തിൽ കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടി വരുമ്പോൾ ശരിയാംവണ്ണം, ഉടമ്പടി ഒപ്പിട്ട് പദ്ധതി നിർവ്വഹണം കുറ്റമറ്റതാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.<br><br>പദ്ധതി നിർവ്വഹണത്തിന് അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുന്നത് വഴി പദ്ധതി വിനിയോഗം കൃത്യമായി നടക്കുന്നില്ലായെന്നുള്ള പരാമർശം ശ്രദ്ധിച്ചു. ആയത് മേലിൽ ആവർത്തിക്കാതിരിക്കാനും സമയബന്ധിതമായി കരാറുകൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനും പെർഫോർമൻസ് ആഡിറ്റ് മുഖേന നിർദ്ദേശം നൽകുന്നതാണെന്ന് ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>ഡെപ്പോസിറ്റ് വർക്കുകൾ ശരിയായി മോണിറ്റർ ചെയ്യുന്നതിനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനും നഗരസഭകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും ശരിയായ ആസൂത്രണം നിർബന്ധമായും ഉണ്ടായിരിക്കണമെന്നും ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പ് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണമെന്നും നഗരസഭ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | 3.4.7. | **പണം കൈമാറ്റം**<br>ജനകീയാസൂത്രണ പരിപാടിയിൻ കീഴിൽ ഡെപ്പോസിറ്റ് വർക്കുകൾ നിർവ്വഹിക്കുന്നതിനുവേണ്ടി അംഗീകൃത ഏജൻസികൾക്ക് പണം കൈമാറുന്നത് 1997 ഓഗസ്റ്റിൽ പുറപ്പെടുവിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ അംഗീകൃത ഏജൻസികളുമായി ഒരു കരാർ വച്ചതിനുശേഷം മാത്രമേ ചെക്കുകളിലൂടെ പണം കൈമാറാവൂ. കൈമാറിയ തുകകയും അതിൽ നിന്നുള്ള ചെലവും സംബന്ധിച്ച കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശരിയായി സൂക്ഷിക്കേണ്ടതാണ് .ഓഡിറ്റ് പരിശോധന ഇനി പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി. | (പ്രത്യേക പരാമർശമില്ല) |
| | 3.4.7.1. | ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിക്കാത്തത് | ഡെപ്പോസിറ്റ് വർക്കുകൾക്ക് നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഇപ്പോൾ സൂക്ഷിച്ചു വരുന്നുണ്ട്. ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾ സുലേഖ |

| | | | |
|---|---|---|---|
| | | അംഗീകൃത ഏജൻസികൾക്ക് കൈമാറിയ തുകകൾ ഉൾപ്പെടെയുള്ള ഡെപ്പോസിറ്റ് വർക്കുകളുടെ മുഴുവൻ വിവരങ്ങളും കാണിക്കുന്ന രേഖകൾ പരിശോധിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്നില്ല. 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ മുൻകൂറുകളും മുൻകൂർ ലെഡ്ജറുകളിൽ ചേർക്കേണ്ടിയിരുന്നെങ്കിലും അങ്ങിനെ ചെയ്തില്ല. ഡെപ്പോസിറ്റ് വർക്കുകളുടെ രജിസ്റ്ററും അവ സൂക്ഷിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ രേഖകൾ സൂക്ഷിക്കാത്തതുകൊണ്ട് ഡെപ്പോസിറ്റ് വർക്കുകളുടെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ അംഗീകൃത ഏജൻസികളുടെ രേഖകൾ ഓഡിറ്റിനു പരിശോധിക്കേണ്ടി വന്നു. | സോഫ്റ്റ് വെയർ മുഖാന്തിരമാണ് നിർവ്വഹിച്ചുവരുന്നത്.ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും,സുലേഖയിൽ ഉൾപ്പെടുന്നതിനാൽ ഒരോ തദ്ദേശ സ്ഥാപനത്തിന്റേയും, എല്ലാ ഡെപ്പോസിറ്റ് വർക്കുകളും സംബന്ധിക്കുന്ന വിവരങ്ങൾ എപ്പോൾ വേണമെങ്കിലും ലഭ്യമാക്കാവുന്നതും. പ്രവൃത്തി പുരോഗതി വിലയിരുത്താൻ കഴിയുന്നതുമാണ്.<br>**<u>കൊല്ലം ജില്ലാ പഞ്ചായത്ത്</u>**<br>ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ വാട്ടർ അതോറിറ്റി/ഭൂജല വകുപ്പ് മുഖേനയുള്ള കുടിവെള്ള പദ്ധതികളാണ് നിലവിൽ ജില്ലാ പഞ്ചായത്ത് ഡിപ്പോസിസ്റ്റ് വർക്കുകളായി ചെയ്യുന്നത്. ഓഡിറ്റ് കാലയളവിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ച് വന്നിരുന്നതായി ഓഫീസ് രേഖകളിൽ കണ്ടെത്താനായില്ല. ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ച് വരുന്നുണ്ട്.<br>**<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**<br>31/03/2006 ൽ അവസാനിച്ച വർഷം വരെയുള്ള കാലയളവിൽ പത്തനം തിട്ട ജില്ലാ പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഇക്കാലയളവിലെ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. 2008-09 വർഷം മുതൽ ഡെപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നതും, 2011-12 വർഷം മുതൽ പൂർണ്ണരൂപത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്.<br>**കോഴിക്കോട് കോർപ്പറേഷൻ.**<br>ഇപ്പോൾ കോഴിക്കോട് നഗരസഭ ഡെപ്പോസിറ്റ് വർക്കുകൾ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിവരങ്ങളടങ്ങിയ രേഖകൾ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. മേലിലും ഈ രീതിയിൽ കർശനമായി രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു.<br>**<u>കൊല്ലം കോർപ്പറേഷൻ.</u>**<br>ഇപ്പോൾ ഡെപ്പോസിറ്റ് വർക്കുകളുടെ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.<br>**<u>തിരുവനന്തപുരം കോർപ്പറേഷൻ.</u>**<br>നിലവിൽ ഡെപ്പോസിറ്റ് വർക്കുകളുടെ രജിസ്റ്റർ ഈ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ട്. മുൻകൂർ ലഡ്ജറുകളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| | 3.4.7.2. | **ഡെപ്പോസിറ്റ് ചെയ്ത തുക അന്തിമ ചെലവായി**<br>ഓരോ വർഷവും ജനകീയാസൂത്രണ പദ്ധതിയ്ക്കു കീഴിൽ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം സാമ്പത്തിക ലക്ഷ്യം സർക്കാർ നിശ്ചയിച്ചിരുന്നു (1997) ലക്ഷ്യം കൈവരിക്കാത്ത സ്ഥാപനങ്ങൾക്ക് ലക്ഷ്യത്തിൽ നിന്നും കുറവു വന്ന തുക തുടർന്നുള്ള വർഷം തങ്ങൾക്ക് അനുവദിച്ചു കിട്ടുന്ന പദ്ധതി തുകയിൽ നിന്ന് നഷ്ടപ്പെടുമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. ഡെപ്പോസിറ്റ് വർക്കുകൾ നടപ്പിലാക്കുന്നതിനു വേണ്ടി കൈമാറിയ തുക സ്ഥാപനത്തിന്റെ യഥാർത്ഥ ചെലവായി കണക്കാക്കണമെന്നും സർക്കാർ ഉത്തരവിറക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് യഥാർത്ഥത്തിൽ ഒരു ചെലവും നടന്നില്ലെങ്കിൽ കൂടി ഇങ്ങനെയുള്ള തുകകൾ ചെലവുകളായി കണക്കുകളിൽ പ്രദർശിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇത് പ്രാപ്തമാക്കി. സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾശരിയായി ആസൂത്രണം നടത്താതെയും പണികളെ സംബന്ധിച്ച വിശദാംശങ്ങൾ പഠിക്കാതെയും | വിവിധ സർക്കാർ ഏജൻസികൾ ഡെപ്പോസിറ്റ് വർക്കിനായി നിക്ഷേപിക്കുന്ന തുക തദ്ദേശ സ്ഥാപനത്തിന്റെ തൻ വർഷത്തെ ചെലവായി കാണിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി നിക്ഷേപിച്ച തുക പഞ്ചായത്തിന്റെ ആസ്തിയായിത്തന്നെ കാണിക്കുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്കുമാത്രം ചെലവിനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>പരാമർശ വർഷം ജനകീയാസൂത്രണ പദ്ധതിക്കു കീഴിൽ നടപ്പാക്കിയിരുന്ന ഡെപ്പോസിറ്റ് വർക്കുകളിലുണ്ടായ അപാകതകൾ വകുപ്പ് തലത്തിൽ പരിശോധിക്കുകയും ആയതിലേക്ക് കടന്നുകൂടിയിട്ടുള്ള പിശകുകൾ തിരുത്തുകയും നിലവിൽ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ചെലവിനത്തിൽ തുക വകകൊള്ളിച്ചും ലഭ്യമാകാത്ത വിഹിതം ടി പ്രവൃത്തിയുടെ സ്പിൽ ഓവർ ആയി തുടർന്ന് വരികയും വിനിയോഗ |

| | | | |
|---|---|---|---|
| | | ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശത്തോടെ മാത്രം അംഗീകൃത ഏജൻസികൾക്ക് തുകകൾ കൈമാറി. ഡെപ്പോസിറ്റ് ചെയ്ത തുക അന്തിമ ചെലവായി കണക്കാക്കുന്നത് മുൻകൂറുകൾ നൽകുന്നതിനെ സംബന്ധിക്കുന്ന അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ക്രമരഹിതമായിരുന്നു. ഈ തുകകൾ അന്തിമ ചെലവുകളായി കണക്കാക്കിയതു കൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകളുടെ തുടർ നിരീക്ഷണം നടത്തിയില്ല. തത്ഫലമായി താഴെ വിവരിക്കുന്നതുപോലെ തുകകളുടെ ഒഴിവാക്കാമായിരുന്ന നിഷ്ക്രിയ നിക്ഷേപത്തിന് ഇത് ഇടയാക്കി. | സാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രമേ പൂർത്തീകരിച്ചതായി കണക്കാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്.<br>**<u>നഗരകാര്യ ഡയറക്ടർ</u>**<br>**കോഴിക്കോട് കോർപ്പറേഷൻ.**<br>ഇപ്പോൾ കോഴിക്കോട് നഗരസഭ വിവിധ ഡെപ്പോസിറ്റ് വർക്കുകളുടെ തുടർ നിരീക്ഷണം കൃത്യമായി യഥാവിധി നടത്തുന്നുണ്ട് എന്ന് ബോധിപ്പിക്കുന്നു.<br>**<u>കൊല്ലം കോർപ്പറേഷൻ.</u>**<br>ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് വർക്കുകൾ ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത്.<br>**<u>തിരുവനന്തപുരം കോർപ്പറേഷൻ.</u>**<br>ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നു.<br>**<u>പഞ്ചായത്ത് ഡയറക്ടർ</u>**<br>പരാമർശ വർഷം ജനകീയാസൂത്രണ പദ്ധതിക്ക് കീഴിൽ നടപ്പാക്കിയിരുന്ന ഡെപ്പോസിറ്റ് വർക്കുകളിലുണ്ടായ അപാകതകൾ വകുപ്പ് തലത്തിൽ പരിശോധിക്കുകയും ആയതിലേക്ക് കടന്നുകൂടിയിട്ടുള്ള പിശകുകൾ തിരുത്തുകയും നിലവിൽ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ചെലവിനത്തിലുള്ള തുക വകകൊള്ളിച്ചും ലഭ്യമാകാത്ത വിഹിതം ടി പ്രവൃത്തിയുടെ സ്പിൽ ഓവറായി തുടർന്ന് വരികയും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചതിനു ശേഷം മാത്രമേ പൂർത്തീകരിച്ചതായി കണക്കാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്. |
| | 3.4.7.3. | **കേരള ജല അതോറിറ്റിയെ ഏല്പിച്ച ഡെപ്പോസിറ്റ് വർക്കുകൾ തുടർനിരീക്ഷണം നടത്തിയില്ല.**<br>കേരള ജല അതോറിറ്റിയുടെ രേഖകളനുസരിച്ച് 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 4009 ഡെപ്പോസിറ്റ് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച വിഷയം വളരെ പ്രധാനപ്പെട്ടതായതിനാൽ നിലവിൽ ഡെപ്പോസിറ്റ് വർക്കുകളെ സ്ഥിരമായി മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ഡെപ്പോസിറ്റ് തുക വിവിധ ഏജൻസികളിൽ അനാവശ്യമായി |

136

| | | | |
|---|---|---|---|
| | | വർക്കുകൾ അവരെ ഏല്പിക്കുകയുണ്ടായി. 2006 ജൂലൈയിൽ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ ജല അതോറിറ്റി 3387 പ്രവൃത്തികൾ പൂർത്തിയാക്കി (പട്ടിക- അനുബന്ധം 28 )<br><br>പ്രവൃത്തികളുടെ നടത്തിപ്പിനു വേണ്ടി കൈമാറിയ 97.83 കോടി രൂപയിൽ, 70.79 കോടി രൂപ ജല അതോറിറ്റി വിനിയോഗിച്ചു (പൂർത്തിയാകാത്ത പദ്ധതികളുടെ ചെലവുൾപ്പെടെ). ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം തുടർനിരീക്ഷണം നടത്താത്തതുകൊണ്ട്, 1997-98 മുതലിങ്ങോട്ടുള്ള കാലയളവിലേതുമായി ബന്ധപ്പെട്ട ബാക്കി തുകയായ 27.04 കോടി രൂപ തിരികെ നൽകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടില്ല. ഡെപ്പോസിറ്റ് തുകകൾ യഥാർത്ഥ ചെലവുകളായി പരിഗണിച്ചത്. ജല അതോറിറ്റിയുടെ ധനവിനിയോഗം തുടർ നിരീക്ഷിക്കാതിരുന്നതിന് കാരണമായി. പൂർത്തിയായ 3337 പ്രവൃത്തികളിൽ 1045 എണ്ണത്തിന്റെ യഥാർത്ഥ ചെലവ് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്ന് കുറവായിരുന്നപ്പോൾ 189 പ്രവൃത്തികളുടെ യഥാർത്ഥ ചെലവ് കൂടുതലുമായിരുന്നു. തത്ഫലമായി ജല അതോറിറ്റി 2.90 രൂപ കോടി. രൂപ തങ്ങളുടെ കൈവശം അധികമായി നിലനിറുത്തി ഉപേക്ഷിക്കപ്പെട്ട 75 പണികൾക്കുവേണ്ടി മുൻകൂറായി അതോറിറ്റിക്ക നൽകിയ തുക തിരിച്ചുപിടിക്കാൻ ഒരു നടപടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചില്ല. ഉപേക്ഷിച്ച പ്രവൃത്തികൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്ത യഥാർത്ഥ തുകയുടെ വിവരം അതോറിറ്റിയുടെ പക്കൽ ലഭ്യമല്ലായിരുന്നു. | നിലനിർത്തുന്നത് തടയാൻ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്.<br><br>വിവിധ പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നുണ്ട്. ടി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും അല്ലാത്തപക്ഷം തുക തിരികെ ഒടുക്കുന്നതിനും പെർഫോമൻസ് ആഡിറ്റ് മുഖേന നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ഉപേക്ഷിച്ച പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതിന് ആഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ മറുപടി താഴെ ചേർക്കുന്നു.<br><br>**<u>കേരളാ വാട്ടർ അതോറിറ്റി</u>**<br>കേരള ജല അതോറിറ്റിയെ ഏൽപ്പിച്ച ഡെപ്പോസിറ്റ് വർക്കുകൾ ഓഡിറ്റ് കത്തലുകൾ അനുസരിച്ച് കേരളാ വാട്ടർ അതോറിറ്റിയുടെ പ്രസ്തുത വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ റിപ്പോർട്ടുകൾ അനുസരിച്ച് 1996-97 മുതൽ 2005-2006 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 3669 വർക്ക് ഏറ്റെടുക്കുകയും അതിൽ 3501 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സാങ്കേതിക കാരണങ്ങളാൽ ബാക്കി വർക്കുകൾ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 83 വർക്കുകൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.<br><br>വർഷം \| ഏൽപിച്ച പദ്ധതികളുടെ എണ്ണം \| പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം \| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം \| പൂർത്തികരിക്കാത്ത പദ്ധതികളുടെ \| ഡെപ്പോസിറ്റ് ചെയ്ത തുക (ലക്ഷ \| സെന്റേജ് ചാർജ് \| ചിലവാക്കിയ തുക \| ബാക്കി തുക |

| | | എണ്ണം | | എണ്ണം | (രൂപ) | | | |
|---|---|---|---|---|---|---|---|---|
| 1997-<br>1998 | 384 | 346 | 38 | 0 | 1134.<br>8075<br>6 | 89.6<br>7276 | 1023.<br>4743 | 111.33<br>32 |
| 1998-<br>1999 | 345 | 328 | 16 | 0 | 709.<br>4779 | 52.6<br>2927 | 654.<br>8603<br>2 | 53.61<br>76 |
| 1999-<br>2000 | 375 | 358 | 18 | 0 | 907.<br>3861<br>7 | 73.17<br>694 | 873.<br>3379<br>4 | 34.0<br>4823 |
| 2000<br>-2001 | 154 | 160 | 2(-9) | 0 | 519.8<br>0483 | 54.3<br>9246 | 529.<br>6793<br>2 | 9.874 |
| 2001-<br>2002 | 276 | 281 | 2(-7) | 0 | 485.<br>5559 | 49.3<br>9795 | 503.<br>9386<br>4 | 254.<br>5973 |
| 2002<br>-<br>2003 | 313 | 298 | 15 | 0 | 862.<br>08181 | 74.41<br>279 | 802.<br>6128<br>6 | 59.4<br>59 |
| 2003<br>-<br>2004 | 681 | 632 | 47 | 2 | 1652.<br>9486<br>2 | 130.4<br>648 | 1523.<br>4248 | 129.5<br>24 |
| 2000<br>4-<br>2005 | 564 | 551 | 13 | 1 | 1273.<br>2921<br>6 | 110.11<br>24 | 1231.<br>5361 | 41.72<br>608 |
| 2005 | 577 | 547 | 21 | 9 | 1468. | 136.9 | 1323. | 144.8 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| - 2006 | | | | | 0770 4 | 955 | 2416 | 2560 |
| ആകെ | 3889 | 3501 | 156 | 12 | 9013.4019 9 | 771.2 548 | 8466 .1059 | 590.2 5636 |

| | | | |
|---|---|---|---|
| | 3.4.7.4. | **സെന്റേജ് ചാർജ്ജ് ഈടാക്കാനുള്ള ജല അതോറിറ്റിയുടെ തെറ്റായ തീരുമാനം** കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ്, സർക്കാർ ഉത്തരവുകൾ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് ജല അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ നിർവ്വഹിക്കുന്നത്. ഇവയിലെ വ്യവസ്ഥകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് (ഡെപ്പോസിറ്റ് വർക്കുകളുടെ ഭരണപരമായ ചെലവുകൾക്കുള്ള തുക) ഈടാക്കാവുന്നതല്ല. പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ 16.2.6 ഖണ്ഡികയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് ഈടാക്കുന്നതിന് നിരോധിച്ചിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തി സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ ജല അതോറിറ്റി പാലിക്കണമെന്ന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തുന്നതിന് | <u>കേരളാ വാട്ടർ അതോറിറ്റി</u> കേരള ജല അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സർക്കാർ ഏജൻസികൾക്കും വേണ്ടി ഏറ്റെടുത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് നിലവിൽ 12.5% സെന്റേജ് ചാർജ്ജാണ് ഈടാക്കി വരുന്നത്. ഇത് 19.08.1997 ലെ ജി.ഒ(പി)84/97/പി.ഡബ്ല്യു&റ്റി നം. സർക്കാർ ഉത്തരവിൻ പ്രകാരമാണ്. പദ്ധതി നടത്തിപ്പിന് കേരള ജല അതോറിറ്റി ചെലവാക്കേണ്ടി വരുന്ന തുക പരിഗണിച്ചാൽ നിലവിലെ നിരക്ക് താരതമ്യേന തീരെ കുറവാണ്. മാത്രമല്ല പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള സെന്റേജ് ചാർജ്ജ്/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് പദ്ധതി അടങ്കലിന്റെ അവിഭാജ്യ ഘടകമാണ്. കേരള ജല അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്താൽ നാമമാത്രമായ സെന്റേജ് ചാർജ്ജ് ഒഴിവാക്കി പദ്ധതി നടത്തിപ്പ് സാദ്ധ്യമാക്കാൻ കഴിയുന്നില്ല. കൂടാതെ നിലവിലുള്ള സെന്റേജ് ചാർജ്ജ് ഒഴിവാക്കിയാൽ കേരള ജല അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശമാകുകയും അത് ജല അതോറിറ്റിയുടെ മൊത്തത്തിലുള്ള |

| | | | |
|---|---|---|---|
| | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ്ജ് ഈടാക്കാൻ പാടില്ല എന്ന് സംസ്ഥാന ആസൂത്രണ ബോർഡും വ്യക്തമാക്കിയിട്ടുണ്ട് ( 2002 സെപ്റ്റംബർ). കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും സെന്റേജ് ചാർജ്ജ് നല്കുന്നതിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, കേരള ജല അതോറിറ്റി തങ്ങൾ ഏറ്റെടുക്കുന്ന എല്ലാ ഡെപ്പോസിറ്റ് വർക്കുകൾക്കും 12.50 ശതമാനം നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കുവാൻ തീരുമാനിക്കുകയാണ് ചെയ്തത്. അങ്ങനെ 29002-03 മുതൽ 2005-06 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സെന്റേജ് ചാർജ്ജ 5.61 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനുള്ള ജല അതോറിറ്റിയുടെ തീരുമാനം കോഡിലെ വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായിരുന്നു. | ജലവിതരണ സംവിധാനത്തെ ഗുരുതരമായി ബാധിക്കുകയും ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിലവിൽ ഈടാക്കി വരുന്ന സെന്റേജ് ചാർജ്ജ് ഒഴിവാക്കിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ ജല അതോറിറ്റി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളുടേയും നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ നിലവിൽ ഈടാക്കി വരുന്ന സെന്റേജ് ചാർജ്ജ് ഒഴിവാക്കാനാവാത്തതാണ്. |
| | 3.4.7.5. | **വിനിയോഗിക്കാത്ത തുക അംഗീകൃത ഏജൻസികളിൽ നിന്ന് തിരിച്ചു പിടിക്കാത്തത്.**<br>തിരുവനന്തപുരം വികസന അതോറിറ്റി, വിദ്യുച്ഛക്തി ബോർഡ്, നിർമ്മിതി കേന്ദ്ര എന്നീ അംഗീകൃത ഏജൻസികൾ മുഖേന വളരെയേറെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും അതിനു വേണ്ടി 1997-98 മുതൽ 2004-05 വരെയുള്ള കാലയളവിൽ 2.71 കോടി രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഏജൻസികൾ വിനിയോഗിച്ച തുക ഡെപ്പോസിറ്റ് ചെയ്തതിനേക്കാൾ കുറവായതുകൊണ്ട് താഴെ കാണിക്കുംപ്രകാരം 31.53 ലക്ഷം രൂപ ചെലവാകാതെ ബാക്കി നില്പുണ്ടായിരുന്നു.<br>( പട്ടിക- അനുബന്ധം.29 )<br>അംഗീകൃത ഏജൻസികൾ പദ്ധതികൾ നിർവ്വഹിച്ചതും | <u>തലയോലപറമ്പ്</u> <u>ഗ്രാമ പഞ്ചായത്ത്</u><br>ഗ്രാമ പഞ്ചായത്തിന് ഡി.ആർ.ഡി. എ പ്രോജക്ട് ഓഫീസറുടെ ഉത്തരവു പ്രകാരം വനിതാ വ്യവസായ ടെയിലറിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണത്തിനായി 9.5 ലക്ഷം രൂപ നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. യൂണിറ്റ് ആരംഭിക്കുന്നതിലേക്കായി പഞ്ചായത്ത് കണ്ടെത്തിയ ഭൂമിയിൽ നിർമ്മിതി കേന്ദ്രം കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പണി ആരംഭിച്ചെങ്കിലും സ്ഥലം അനുയോജ്യമല്ലാതെ വന്നതിനാൽ പ്രവർത്തി തുടരാനായില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള കാലതാമസം മൂലമാണ് തുക |

| | | | |
|---|---|---|---|
| | | ധനവിനിയോഗം നടത്തിയതും, തദ്ദേശ സ്ഥാപനങ്ങൾ തുടർ നിരീക്ഷണം നടത്താത്തത് കൊണ്ട് വിനിയോഗിക്കാത്ത ബാക്കിതുകകൾ കമിഞ്ഞുകൂടി. ടി തുക തിരിച്ചുപിടിക്കാൻ തസ്വദേസ്ഥാപനങ്ങൾ നടപടികൾ ഒന്നും കൈക്കൊണ്ടില്ല | ചെലവഴിക്കാൻ സാധിക്കാതിരുന്നത്. എന്നാൽ 2011-12 വർഷത്തിൽ സ്ഥലം കണ്ടെത്തുകയും 2013-14 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതും തുക ചെലവഴിച്ചിട്ടുള്ളതുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ യൂണിറ്റ് പ്രവർത്തനം കുടുംബശ്രീ മുഖേന ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിലേക്കാവശ്യമായ തുക 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാകുന്നു.<br><br>**<u>കമരകം.</u>**<br>ഗ്രാമ പഞ്ചായത്തിൽ 1997-98, 2005-06 വരെയുള്ള കാലയളവിൽ പദ്ധതികളുടെ നടത്തിപ്പിന് പത്ത് അംഗൻവാടി ഒന്നിന് 1,25,000/- രൂപ വീതം നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ടി അംഗൻവാടിയിൽ 5 എണ്ണം പണി പൂർത്തിയാക്കുകയും ഒരെണ്ണത്തിന്റെ തറ ലെവൽ പണി പൂർത്തിയായിരുന്നു. പണി പൂർത്തിയാക്കാത്ത അംഗൻവാടികളുടെ വിനിയോഗിക്കാതെ നിൽക്കുന്ന തുക തിരികെ ഒടുക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ ടി തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.<br><br>**<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**<br>1997-98 മുതൽ 2003-04 വരെയുള്ള കാലയളവിൽ പത്തനംതിട്ട ജില്ലയിലെ 9 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 7540650/-രൂപയും 2004-05 വർഷം പട്ടിക വർഗ്ഗ ഭവന നിർമ്മാണ പദ്ധതിക്കായി 2212500/- രൂപയും ജില്ലാ പഞ്ചായത്ത് നിർമ്മിതി കേന്ദ്രത്തിൽ നിക്ഷേപിച്ചിരുന്നു. ടി സ്കൂളുകളുടെ നിർമ്മാണ പുരോഗതി റിപ്പോർട്ട് ആവശ്യപ്പെടുന്ന പ്രകാരം റീജിയണൽ എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, മണക്കാല, അടൂർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 9 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ആകെ 7910306.96/- രൂപ ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ജില്ലാ പഞ്ചായത്ത് നിക്ഷേപിച്ച മുഴുവൻ തുകയും, അധിക തുകയും ചെലവഴിച്ചിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2004-05 വർഷത്തെ പ്രോജക്ട് നമ്പർ 244 പ്രകാരം പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി പത്തനം തിട്ട ജില്ലാ നിർമ്മിതികേന്ദ്രത്തിൽ നിക്ഷേപിച്ചിരുന്ന തുകയായ 2212500/- രൂപയിൽ 1532650/- രൂപ ചെലവഴിച്ച് 20 വീടുകളുടെ നിർമ്മാണം നടത്തിയിട്ടുള്ളതും, ബാക്കി തുകയായ 679850/- രൂപ 17/03/2007 ലെ 024069 നമ്പർ ചെക്ക് പ്രകാരം ജില്ലാ പഞ്ചായത്ത് തിരികെ ഒടുക്കിയിട്ടുള്ളതും, 5/6/2007 തീയതിയിലെ 284-ാം നമ്പർ ചെല്ലാൻ പ്രകാരം ട്രഷറി ഡിപിഎഫ് എ 1 അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്.<br>മേൽ ഓഡിറ്റ് പരാമർശത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായിപ്പറയുന്ന തുക മുഴുവനും, പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളതോ, ജില്ലാ പഞ്ചായത്ത് തിരികെ ഒടുക്കിയിട്ടുള്ളതോ ആണ്.<br><br>**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**<br><br>കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2002-03 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 21.03.2003 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 14 പദ്ധതികളുടെ നിർവ്വഹണത്തിനായി 5 ലക്ഷം രൂപ വീതം 70 ലക്ഷം രൂപ ജില്ലാ നിർമ്മിതികേന്ദ്രം പ്രോജക്ട് എഞ്ചിനീയർക്ക് നൽകുകയുണ്ടായി. എന്നാൽ ടി 14 പ്രവൃത്തികളിൽ ചില സാങ്കേതിക കാരണങ്ങളാൽ " ടി.വി.പുരം കമ്മ്യൂണിറ്റ് ഹാൾ നിർമ്മാണം " എന്ന പ്രോജക്ട് |

| | | | |
|---|---|---|---|
| | | | മാത്രം നടപ്പാക്കാനാവാതിരുന്ന സാഹചര്യത്തിൽ ടി പ്രവൃത്തിയ്ക്കുവേണ്ടി നൽകിയിരുന്ന 5,00,000/- രൂപ ടി സ്ഥാപനത്തിന്റെ പക്കൽ അവശേഷിച്ചിരുന്നു. അതേസമയം ടി അംഗീകൃത ഏജൻസി പദ്ധതികൾ നിർവ്വഹണം നടത്തിയതും ധനവിനിയോഗം നടത്തിയതും കോട്ടയം ജില്ലാ പഞ്ചായത്ത് യഥാവിധി തുടർ നിരീക്ഷണം നടത്തുകയും വിനിയോഗിയ്ക്കാത്ത പ്രസ്തുത 5 ലക്ഷം രൂപ ജില്ലാ നിർമ്മിതികേന്ദ്രം പ്രോജക്ട് എഞ്ചിനീയറിൽ നിന്നും യഥാകാലം യഥാവിധി തിരിച്ച പിടിച്ചിട്ടുള്ളതുമാണെന്ന വിവരം അറിവിലേയ്ക്കും അനന്തര നടപടികൾക്കായും അറിയിച്ചുകൊള്ളുന്നു.<br>**<u>നഗരകാര്യ ഡയറക്ടർ</u>**<br><br>**കോഴിക്കോട് കോർപ്പറേഷൻ.**<br>അംഗീകൃത ഏജൻസികൾക്ക് പദ്ധതി നിർവ്വഹണത്തിനായി കൈമാറിയ തുകയുടെ വിനിയോഗം കൃത്യമായി തുടർ നിരീക്ഷണം നടത്തുന്നുണ്ട്. വിനിയോഗിക്കാത്ത ബാക്കി തുകകൾ തിരിച്ച് പിടിക്കാൻ നഗരസഭ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**<u>തിരുവനന്തപുരം കോർപ്പറേഷൻ.</u>**<br>ജനകീയാസൂത്രണ പദ്ധതി 1998-99 ഉൾപ്പെടുത്തിയിരുന്നതമ്പാനൂർ-കിഴക്കേക്കോട്ട ഭാഗങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയുടെയും, എം.ജി.റോഡ് വികസനം, കിഴക്കേക്കോട്ട ബസ്-ബേ നിർമ്മാണം എന്നിവയ്ക്കായിട്ടാണ് 27.03.2000-ൽ യഥാക്രമം 20 ലക്ഷം രൂപയും, 37 ലക്ഷം രൂപയും ഉൾപ്പെടെ 57 ലക്ഷം രൂപ ടിഡയ്ക്ക് നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടതിൽ 40,71,296/- രൂപ ചെലവ് വന്നതായും, ബാക്കി വന്ന 16,28,704/- രൂപ തിരുവനന്തപുരം നഗരസഭയ്ക്ക് നിയോഗിച്ചിരുന്ന ടിഡ സ്റ്റാഫിന്റെ വേതന ഇനത്തിൽ |

| | | | |
|---|---|---|---|
| | | | തട്ടിക്കഴിക്കണമെന്ന ടിഡ സെക്രട്ടറിയുടെ 28.06.2006-ലെ ഇ 1/428/2006 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടു. ഈ വിഷയം സംബന്ധിച്ച് ഒരു പദ്ധതിയുടെ നിർവ്വഹണത്തിന് നൽകിയ തുക ജീവനക്കാരുടെ വേതനവുമായി ബന്ധപ്പെടുത്തുവാൻ ആകില്ലെന്ന് 18.08.2007-ലെ റ്റിപി3/13817/97 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ബാക്കി തുക തിരിച്ചടക്കാത്ത സാഹചര്യത്തിൽ ടി തുക നഗരസഭ ടിഡയ്ക്ക് നൽകാനുള്ള സെന്റേജ് ഇനത്തിൽ തട്ടിക്കഴിച്ചതിനു ശേഷമുള്ള തുക മാത്രമേ ടിഡയ്ക്ക് നൽകുകയുള്ളൂ. |
| | 3.4.8. | **ഡെപ്പോസിറ്റ് വർക്കുകളുടെ തെറ്റായ നിർവ്വഹണം**<br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ നിഷേധിക്കത്തക്ക രീതിയിൽ ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലെന്ന് അംഗീകൃത ഏജൻസികൾ നടപ്പിലാക്കിയ ഡെപ്പോസിറ്റ് വർക്കുകൾ പരിശോധിച്ചപ്പോൾ വ്യക്തമായി. തന്നെയുമല്ല, അവ നടപ്പാക്കിയതിൽ ന്യൂനതകളും ഉണ്ടായിരുന്നു. കൃത്യസമയത്ത് പണികൾ നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ സഹായകമായ വ്യവസ്ഥകൾ കരാറിൽ ഉണ്ടായിരുന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏജൻസികൾക്കെതിരെ യാതൊരു നടപടിയും കൈകൊണ്ടില്ല. | (പ്രത്യേക പരാമർശമില്ല) |
| | 3.4.8.1. | **തൃക്കണ്ണാപുരം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസം**<br>പ്രദേശത്തെ 25000 ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളം ശേഖരിച്ചെടുക്കുന്നതിനുള്ള കിണർ, പമ്പ് ഹൗസ്, വെള്ളമെത്തിക്കുന്നതിനുള്ള മുഖ്യപൈപ്പ് ലൈൻ, ശുദ്ധീകരണ സംവിധാനം, വിതരണപ്പൈപ്പ് ലൈൻ മുതലായവ നിർമ്മിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം | തൃക്കണ്ണാപുരം മുടവൻമുഗൾ വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി<br>തിരുവനന്തപുരം നഗരസഭയുടെ ഡെപ്പോസിറ്റ് വർക്കായി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടപ്പിലാക്കിയ പദ്ധതിയാണ് തൃക്കണ്ണാപുരം-മുടവൻമുഗൾ വാർഡുകളിലേക്കുള്ള • ശുദ്ധജല വിതരണ പദ്ധതി. തിരുവനന്തപുരം നഗരസഭയിലെ തൃക്കണ്ണാപുരം, മുടവൻമുഗൾ എന്നീ വാർഡുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള |

<table>
<tr>
<td></td>
<td></td>
<td>നഗരസഭ 5.93 കോടി രൂപ അടങ്കലിൽ 1997-98 ൽ ആവിഷ്കരിച്ച പദ്ധതിയാണ് തൃക്കണ്ണാപുരം ശുദ്ധ ജല വിതരണ പദ്ധതി. 1998 ജൂൺ മുതൽ 2006 മാർച്ച് വരെ ഒമ്പതു തവണകളിലായി നഗരസഭ 4.15 കോടി രൂപ കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. ഇതിൽ 2.20 കോടി രൂപ 2000 ഒക്ടോബറിൽ പണി തുടങ്ങുന്നതിന് വളരെ മുമ്പുതന്നെ നൽകിയിരുന്നു. ശുദ്ധീകരണ സംവിധാനം, വിതരണ പൈപ്പ് ലൈനുകൾ, ജലം ശുദ്ധീകരിക്കാനുള്ള സംഭരണികൾ മുതലായ 1.76 കോടി രൂപ ചെലവ് വരുന്ന പ്രവൃത്തിയുടെ ഘടകങ്ങൾ പൂർത്തീകരിക്കാനുണ്ടായിരുന്നെങ്കിലും 3.57 കോടി രൂപ ചെലവഴിച്ചശേഷം 2005 ഓഗസ്റ്റ് 24 ന് നഗരസഭ ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. തുക നൽകിയതിനുശേഷം എട്ടുവർഷത്തെ കാലതാമസം നീതീകരിക്കത്തക്കതല്ല, വിശേഷിച്ചും ആവശ്യമായി വരുന്നതിനും വളരെ മുമ്പുതന്നെ വേണ്ടത്ര തുകകൾ കൈമാറിയ സാഹചര്യത്തിൽ.</td>
<td>പദ്ധതിയാണ് ഇത്. ഈ പദ്ധതിക്കായി തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ഡി.ഡി/ചെക്ക് വിവരം</th><th>ലഭിച്ച തീയതി</th><th>തുക (രൂപ ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>214098 തീയതി27.05.98</td><td>27.06.1998</td><td>50.00</td></tr>
<tr><td>2</td><td>634277 തീയതി 29.03.99</td><td>23.03.1999</td><td>10.00</td></tr>
<tr><td>3</td><td>952259 തീയതി 24.03.2000</td><td>31.03.2000</td><td>50.00</td></tr>
<tr><td>4</td><td>677846 തീയതി 31.03.2000</td><td>22.05.2000</td><td>50.00</td></tr>
<tr><td>5</td><td>677845 തീയതി 31.03.2000</td><td>22.05.2000</td><td>100.00</td></tr>
<tr><td>6</td><td>677845 തീയതി 31.03.2000</td><td>22.05.2000</td><td>50.00</td></tr>
<tr><td>7</td><td>183985 തീയതി 31.03.2004</td><td>05.02.2004</td><td>100.00</td></tr>
</table>
</td>
</tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 8 | 43815 തീയതി 29.03..2005 | 05.03.2005 | 50.00 |
| | | | 9 | 63502 തീയതി 01.03.2006 | 03.10.2008 | 45.00 |
| | | | 10 | 7773 തീയതി 08.01.2007 | 01.09.2007 | 29.50 |
| | | | 11 | 30032 തീയതി 26.02.2008 | 28.02.2008 | 21.50 |
| | | | ആകെ | | | 466.00 |

പ്രസ്തുത തുക ഉപയോഗിച്ച് ഈ ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും തൃക്കണ്ണാപുരം, മുടവൻമുഗൾ വാർഡുകളിലെ ജനങ്ങൾക്ക് ശുദ്ധ ജല വിതരണം നിലവിൽ നടത്തിവരുന്നു. നിലവിൽ ഏകദേശം 25000 ജനങ്ങൾക്ക് ശുദ്ധജല വിതരണം നടത്തിവരുകയും ചെയ്യുന്നു. ഈ പദ്ധതികൾക്കായി 458.048 ലക്ഷം രൂപ പ്രവൃത്തികൾക്കായി വിനിയോഗിക്കുകയും ചെയ്തു. പ്രസ്തുത തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

- കരമനയാറിൽ അടമടക്കകയത്ത് 8 മീറ്റർ വ്യാസമുള്ള ഇൻടേക് വെല്ലും പമ്പ് ഹൗസും.
- അടിമടക്കകയത്ത് ട്രാൻസ്ഫോർമർ യാർഡ്.
- അടിമടക്കകയും പമ്പ് ഹൗസിൽ ഗാൻട്രി ഗിർഡർ.

| | | | |
|---|---|---|---|
| | | | ➢ അടിമടക്കുകയും പമ്പ് ഹൗസിൽ 100 എച്ച്.പി കപ്പാസിറ്റിയുള്ള 2 വി.റ്റി പമ്പ് സെറ്റുകൾ<br>➢ ശുദ്ധീകരണശാലയിലേക്ക് ജലമെത്തിക്കുന്ന 350 എം.എം.സി.ഐ പമ്പിങ്ങ് ലൈൻ - 260 മീറ്റർ.<br>➢ 5 എം.എൽ.ഡി പാറമല ജലശുദ്ധീകരണ ശാല<br>➢ പാറമലയിൽ ജലവിതരണ സംഭരണി - 15.25 ലക്ഷം ലിറ്റർ ശേഷി<br>➢ കുന്നബംഗ്ലാവിൽ 12.25 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലവിതരണ സംഭരണി.<br>➢ പാറമല ജലസംഭരണിയിൽ നിന്നും കുന്നബംഗ്ലാവ് ജല സംഭരണിയിലേക്കുള്ള 300 എം.എം.സി, ഐ ട്രാൻസ്മിഷൻ മെയിൻ - 2600 മീറ്റർ.<br>➢ തൃക്കണ്ണാപുരം വാർഡിലേക്കുള്ള ജലവിതരണ ശൃംഖല ( 200 എം.എം മുതൽ 110 എം.എം വരെ വ്യാസമുള്ള പി.വി.സി പൈപ്പ്- 5000 മീ).<br><br>ഈ പദ്ധതികൾക്കു വേണ്ടി തിരുവനന്തപുരം കോർപ്പറേഷൻ 26 ഫെബ്രുവരി 2008 വരെ 4.66 കോടി രൂപ ഡെപ്പോസിറ്റ് ചെയ്യുകയും പ്രസ്തുത തുക വിനിയോഗിച്ച് ഡിവിഷനിൽ നിന്നും 4.66048 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പ്രവൃത്തി പൂർത്തീകരണത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് PHDNT/A3/762/2000 നമ്പരായി 31.03.2010-ൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്.<br><br>നിലവിൽ ഈ സ്കീം പൂർത്തീകരിച്ച് തൃക്കണ്ണാപുരം, മുടവൻമുഗൾ വാർഡുകളിലെ ജനങ്ങൾക്ക് ശുദ്ധജലവിതരണം നടത്തിവരുന്നു. ഏകദേശം .25000 ജനങ്ങൾക്ക് ഈ പദ്ധതിയുടെ ' പ്രയോജനം ലഭിക്കുന്നുണ്ട്. നഗരസഭ അവസാനമായി തുക ലഭ്യമാക്കിയത് 2008 ഫെബ്രുവരിയിലാണ്. നഗരസഭ ഡെപ്പോസിറ്റ് ചെയ്ത തുക പൂർണ്ണമായി വിനിയോഗിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. |
| | 3.4.8.2. | **കോഴിക്കോട് വികസന അതോറിറ്റിയിലൂടെ പദ്ധതികളുടെ വ്യർത്ഥമായ നിർവ്വഹണം**<br>ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ 1.40 കോടി രൂപ മൊത്തം അടങ്കലുള്ള മൂന്ന് നഗരസൗന്ദര്യവത്ക്കരണ പദ്ധതികൾ കോഴിക്കോട് വികസന അതോറിറ്റിയെ 1999-2000 ൽ കോഴിക്കോട് നഗരസഭ ഏല്പിച്ചു. നഗരസഭ 2000 മാർച്ച് 30 ന് മുഴുവൻ തുകയായ 1.40 കോടി രൂപ വികസന അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ഒരു പദ്ധതി മാത്രമേ പൂർത്തീകരിച്ചുള്ളൂ. ഒരു പദ്ധതി അപൂർണ്ണമായി അവശേഷിച്ചപ്പോൾ മൂന്നാമത്തെ പദ്ധതിയിലെ ജോലികൾ മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധം മൂലം ഉപേക്ഷിക്കുകയാണ് ചെയ്തത്. പൂർത്തിയാക്കാത്ത ജോലികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.(പട്ടിക-അനുബന്ധം 30 )<br>തീരദേശ നിയന്ത്രണ മേഖലയിൽ നിർമ്മാണം നടത്തുന്നതിനു വേണ്ട അനുമതി വാങ്ങാത്തതുകൊണ്ട് ക്രമ നം.1 ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തി 15 ലക്ഷം രൂപ ചെലവഴിച്ചതിനുശേഷം നിർത്തിവയ്ക്കേണ്ടിവന്നു. അങ്ങിനെ അംഗീകൃത ഏജൻസികളെ ഏല്പിക്കുന്നതിനു മുമ്പേയുള്ള | <u>**കോഴിക്കോട് വികസന അതോറിറ്റി**</u><br><br>കോഴിക്കോട് വികസന അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത സംഖ്യയിൽ ചിലവ് കഴിച്ച് ഈടാക്കുന്നതിന് വികസന അതോറിറ്റി നിർത്തൽ ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും പുന:സ്ഥാപിച്ചു എങ്കിലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. തുക മടക്കി കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | ആസൂത്രണത്തിന്റെ അപര്യാപ്തത 15 ലക്ഷം രൂപയുടെ ചെലവ് വ്യർത്ഥമാകുന്നതിനിടയാക്കി. വിനിയോഗിക്കാത്ത 85 ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് ഒരു നടപടിയും കോഴിക്കോട് നഗരസഭ സ്വീകരിച്ചില്ല. | |
| | 3.4.8.3. | **കരാർ വ്യവസ്ഥകൾ നടപ്പിലാക്കിയില്ല.**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പായി അംഗീകൃത ഏജൻസികൾ അവയുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന നിശ്ചിത തീയതികൾക്കും അവ നിർദ്ദേശിക്കുന്ന മറ്റു വ്യവസ്ഥകൾക്കു വിധേയമായി പദ്ധതി പൂർത്തിയാക്കണമെന്ന വ്യവസ്ഥകൾ സർക്കാർ നിർദ്ദേശിച്ച മാതൃകാ കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി പ്രവൃത്തി നിർവ്വഹണത്തിലും കണക്കുകൾ സമർപ്പിക്കുന്നതിലും കാലതാമസമുണ്ടായി. | **<u>ഗ്രാമ വികസന കമ്മീഷണർ</u>**<br>ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണത്തിന് അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സർക്കാർ നിഷ്കർഷിച്ച പ്രകാരം കരാറിൽ ഏർപ്പെടുന്നുണ്ട്. നിലവിൽ ഇതിനു വിരുദ്ധമായി ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പരാമർശ വിഷയം പരിശോധിക്കുകയും സർക്കാർ നിർദ്ദേശിച്ച മാതൃക കരാറിലുൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായും ഉൾപ്പെടുത്തി മാത്രമേ ഡെപ്പോസിറ്റ് വർക്കുകളിൽ കരാർ ചമയ്ക്കാവൂ എന്ന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി നിരീക്ഷിച്ചു വരുന്നു.<br>**<u>ചീഫ് എഞ്ചിനീയർ തസ്വഭവ</u>**<br>2008 ൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ്ങ് വിഭാഗം പൂർണ്ണമായും പ്രവർത്തന ക്ഷമമായി. നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ തലവനിൽ നിക്ഷിപ്തമായി .വാർഷിക പദ്ധതികൾ പൂർണ്ണമായും, സുലേഖ സോഫ്റ്റ് വെയർ മുഖേനയാണ് നിലവിൽ നടക്കുന്നത് എന്നതിനാൽ ഡെപ്പോസിറ്റ് വർക്കുകളും. അവയുടെ സ്ഥിതിയും വേഗം മനസ്സിലാക്കുവാൻ കഴിയുന്നതാണ്.കൂടാതെ, നിർവ്വഹണ ഏജൻസിയുമായി വ്യക്തമായ കരാറിൽ ഏർപ്പെട്ടാണ് തദ്ദേശ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകൾ നടത്താറുള്ളത്.<br>**<u>പഞ്ചായത്ത് ഡയറക്ടർ</u>**<br>പരാമർശ വിഷയം പരിശോധിക്കുകയും സർക്കാർ നിർദ്ദേശിച്ച |

| | | | |
|---|---|---|---|
| | | | മാതൃക കരാറിലുൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായും ഉൾപ്പെടുത്തി മാത്രമേ ഡെപ്പോസിറ്റ് വർക്കുകളിൽ കരാർ ചമയ്ക്കാവൂ എന്ന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി നിരീക്ഷിച്ചു വരുന്നു. |
| | 3.4.8.4. | **കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**<br><br>ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ 2.18 കോടി രൂപ അടങ്കലിൽ കൊല്ലത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാൻ കൊല്ലം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു. (1997-98). ഈ പദ്ധതിയുടെ നിർവ്വഹണം ജില്ലാ പഞ്ചായത്ത് കൊല്ലം ജില്ലാ കളക്ടറെ ഏല്പിച്ചു. ഒരു സ്വകാര്യ ആർക്കിടെക്റ്റിനെകൊണ്ട് 2000 സെപ്റ്റംബറിൽ രൂപ കല്പനയും അടങ്കലും തയ്യാറാക്കിയ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി 2000 ഡിസംബറിൽ ലഭിക്കുകയും ചെയ്തു. രൂപകല്പനയനുസരിച്ച് 690 മീറ്റർ മൊത്തം നീളം വരുന്ന 70 പൈലുകൾ അടിക്കണമായിരുന്നു. 2002 ഏപ്രിലിൽ ഈ പണി ഒരു കരാറുകാരനെ ഏല്പിച്ചു. അദ്ദേഹം പണി തുടങ്ങുകയും അംഗീകരിച്ച രൂപകല്പന പ്രകാരം പൈലുകൾ അടിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പൈൽഫൗണ്ടേഷന്റെ ഭാരവാഹകശേഷിപരിശോധനയിൽ അത് വളരെ ദുർബ്ബലമാണെന്ന് തെളിഞ്ഞു. ശക്തമായ ഒരു അടിത്തറ ഉണ്ടാക്കുന്നതിന് 690 മീറ്ററിന്റെ സ്ഥാനത്ത് 1779 മീറ്റർ പൈലുകൾ ആവശ്യമാണെന്ന് എൽബിഎസ് ശാസ്ത്ര സാങ്കേതിക കേന്ദ്രം നടത്തിയ പുന:പരിശോധനയിൽ തെളിഞ്ഞു. നിലവിലുള്ള നിരക്കിൽ അധികമായി വരുന്ന പൈലുകൾ അടിക്കുന്ന പ്രവൃത്തി നിർവ്വഹിക്കാൻ | **കൊല്ലം ജില്ലാ പഞ്ചായത്ത്**<br><br>കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്ന പദ്ധതി ആവശ്യമായ പണം ലഭ്യമല്ലാതിരുന്നതിനാലാണ് കൊല്ലം മുനിസിപ്പൽ കൗൺസിലിന് കൈമാറിയത്. കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിനെക്കൊണ്ട് സൂക്ഷ്മപരിശോധന നടത്തിച്ച പദ്ധതിയാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കാളികളാക്കികൊണ്ട് ഈ പദ്ധതി നടപ്പിലാക്കുവാൻ മുനിസിപ്പൽ കൗൺസിൽ ജില്ലാ പഞ്ചായത്തിന് ഈ പദ്ധതി കൈമാറി.<br><br>തുടർന്ന് 13-10-1999-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹൈപവർ കമ്മിറ്റിയും 22-10-1999-ലെ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ തീരുമാത്തിന്റെ അടിസ്ഥാനത്തിൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ജില്ലാ കളക്ടർക്കായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നൽകപ്പെട്ട നിർമ്മാണ പ്രവൃത്തി കരാറുകാരൻ തുടങ്ങുകയും ചെയ്തു. 70 പൈലുകൾ സ്ഥാപിക്കുകയും 2 പൈലുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഈ നിർമ്മാണ പ്രവൃത്തി തൃപ്തികരമല്ലാത്തതിനാൽ വിശദമായ മണ്ണുപരിശോധനയ്ക്കായി ലാൽ ബഹദൂർ ശാസ്ത്രി ഫോർ സയൻസ് ആന്റ് ടെക്നോളജി |

| | | | |
|---|---|---|---|
| | | കരാറുകാരന് സമ്മതമല്ലായിരുന്നതുകൊണ്ട് 2003 ജനുവരിയിൽ പണി നിർത്തിവച്ചു. പ്രസ്തുത പണിയ്ക്കുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയായ 8.06 ലക്ഷം രൂപ വ്യർത്ഥമായി. കൊല്ലം ജില്ലാ പഞ്ചായത്ത് 2002-03 ലും 2003-04 ലുമായി 54.46 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് ഡെപ്പോസിറ്റായി നൽകിയിരുന്നു. ഇതിൽ 44.46 ലക്ഷം രൂപ കൊല്ലം നഗരസഭ നൽകിയതായിരുന്നു. ജില്ലയിലെ മുഴുവൻ നഗരസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഭാവനം ചെയ്യപ്പെട്ട വിഹിതം 24 ലക്ഷം രൂപ മാത്രമായിരുന്നെങ്കിലും കൊല്ലം നഗരസഭ മാത്രം 44.46 ലക്ഷം രൂപ നൽകി. 2003-04 – ൽ പണി നിർത്തിവച്ചതിനുശേഷമാണ് 44.46 ലക്ഷം രൂപയിൽ 34.46 ലക്ഷം രൂപയും നഗരസഭ നൽകിയതെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. 2007 മാർച്ചിൽ ജില്ലാ കളക്ടറുടെ കൈവശം 46,40 ലക്ഷം രൂപ വിനിയോഗിക്കാതെ ബാക്കി നില്പുണ്ട്. സ്വകാര്യ ആർക്കിടെക്ക് തയ്യാറാക്കിയ തെറ്റായ രൂപകല്പനയും അത് വേണ്ട രീതിയിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിൽ വന്ന പിഴയും പദ്ധതി ഉപേക്ഷിക്കുന്നതിൽ കലാശിച്ചു. | സെന്ററിനെ ഏൽപ്പിച്ചു. കരാറുകാരൻ നിർമ്മാണ പ്രവൃത്തി നിർത്തി വയ്ക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 40 ശതമാനം വർദ്ധന ആവശ്യപ്പെടുകയും ചെയ്തു. ഇംപ്ലിമെന്റേഷൻ കമ്മിറ്റി 35 ശതമാനം വർദ്ധനവ് ശുപാർശ ചെയ്തു കൊണ്ട് അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് അയച്ചു. എങ്കിലും ഗവൺമെന്റ് അത് നിരസിക്കുകയും നിർമ്മാണ പ്രവൃത്തി മുടങ്ങുകയും ചെയ്തു.<br>ഈ പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ ഗവൺമെന്റ് ജില്ലാ പഞ്ചായത്തിന് അനുവാദം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് റീടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ ഉറപ്പിക്കുകയും ഇക്കാര്യം ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തു. ടെണ്ടർ തുകയിൽനിന്നും അധികരിച്ച തുക (excess tender amount) പ്ലാൻ ഫണ്ടിൽ നിന്നും നൽകാൻ ആകില്ല എന്ന് സർക്കാർ ജില്ലാ പഞ്ചായത്തിനെ അറിയിച്ചു. പ്ലാൻഫണ്ട് അല്ലാതെയുള്ള ഫണ്ടിൽനിന്നും അധികതുക (excess tender amount) കണ്ടെത്താനും നിർമ്മാണം തുടരുവാനും അനുവാദം അറിയിച്ചുകൊണ്ടുള്ള കത്ത് കരാറുകാരന് നൽകാനും 13.12.2007 ൽ മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചു. കരാറുകാരൻ നിർമ്മാണപ്രവൃത്തി ഏറ്റെടുക്കാതെ നിർമ്മാണ സാമഗ്രികൾക്കുള്ള കമ്പോള നിരക്ക് ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം അനുമതിക്കായി സർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. സർക്കാർ പ്രസ്തുത നിർദ്ദേശം നിരസിച്ചു. തുടർന്ന് നിർമ്മാണം ഏറ്റെടുക്കുവാൻ ഒരിക്കൽ കൂടി കരാറുകാരനോട് ആവശ്യപ്പെട്ടു എങ്കിലും കരാറുകാരൻ അത് സ്വീകരിച്ചില്ല. തുടർന്ന് താഴ്ന്നനിരക്ക് രേഖപ്പെടുത്തിയ രണ്ടാമത്തെ കരാറുകാരനോട് സംസാരിച്ചുവെങ്കിലും അയാൾ 25% അധികം ആവശ്യപ്പെട്ടു. ചട്ടപ്രകാരം അങ്ങനെയുള്ള ആവശ്യം അംഗീകരിക്കുവാൻ സാധിക്കുകയില്ല. തുടർന്ന് പി.ഡബ്ല്യു.ഡി. നിരക്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടുവാൻ മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചു. അടുത്ത നാഷണൽ ഗെയിംസിന്റെ ഭാഗമായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ കൊല്ലം സ്റ്റേഡിയത്തിന്റെ നിർമ്മാണം ഇടങ്ങിയേക്കാം എന്ന് സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ നിന്ന് ഈ പദ്ധതി ഒഴിവാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് അവശേഷിക്കുന്ന തുക അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണത്തിനായി സ്പോർട്സ് കൗൺസിലിന് കൈമാറുവാനും തീരുമാനിച്ചു.<br><br>ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല എന്നും ഭരണപരവും നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളുവെന്നും മേൽ വിവരിച്ച വിശദീകരണത്തിൽ നിന്നും കാണാവുന്നതാണ്. സ്പോർട്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഇൻഡ്യാ ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്നുണ്ട്. 2010-11 സാമ്പത്തികവർഷം, 10 ലക്ഷം രൂപ കൊല്ലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി സ്പോർട്സ് കൗൺസിൽ നീക്കിവച്ചിട്ടുണ്ട്. ഇതിലേക്കായി 2011-12 വർഷത്തേക്ക് 1 കോടി രൂപ നീക്കി വകയിരുത്തുന്നതിനുമായിട്ടുള്ള നിർദ്ദേശവുമുണ്ട്.<br><br>കൊല്ലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം കൊല്ലം ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ഒരു പദ്ധതിയല്ല. ജില്ലാ പഞ്ചായത്ത് ഇക്കാര്യത്തിൽ ഒരു ഫെസിലിറ്റേറ്റർ മാത്രമാണ്. ഈ പദ്ധതി നടപ്പിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടേയും ജില്ലാ കളക്ടറുടേയും |

| | | | |
|---|---|---|---|
| | | | സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കകയും ഈ തുകയുടെ പലിശ ലഭിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ അക്കൗണ്ടിൽ 11,455,382/- രൂപ നിലവിലുണ്ട്. മേൽ വിശദീകരണം അംഗീകരിക്കണമെന്നും തുടർ നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. |
| | 3.4.9. | **ആന്തരിക നിയന്ത്രണവും തുടർ നിരീക്ഷണവും**<br><br>ഡെപ്പോസിറ്റ് വർക്കുകൾ ഫലപ്രദമായും കാര്യക്ഷമമായും നിശ്ചിത സമയത്ത് അംഗീകൃത ഏജൻസികളെക്കൊണ്ട് നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ഫലപ്രദമായ ഒരു തുടർ നിരീക്ഷണ സംവിധാനം ഇല്ലായിരുന്നു. ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച ആന്തരിക നിയന്ത്രണ വ്യവസ്ഥയും ഫലപ്രദമായി നടപ്പാക്കിയില്ല. പ്രവൃത്തി തുടങ്ങുന്നതിനു മുമ്പായി രൂപകല്പനയും, വിശദമായ എസ്റ്റിമേറ്റും. പ്ലാനും തയ്യാറാക്കുന്നത് പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല ഇത് പ്രവൃത്തികളുടെ നിർവ്വഹണ ത്തിൽ കാലതാമസം സംഭവിക്കുവാനിടയാക്കി. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം നിരീക്ഷിക്കാത്തതുകൊണ്ട് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയില്ലായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർനിരീക്ഷണം നടത്താതിരുന്നതുകൊണ്ട് പ്രവൃത്തികൾ ഉപേക്ഷി ക്കുകയോ അല്ലെങ്കിൽ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്തു. | <u>**ഗ്രാമവികസന കമ്മീഷണർ**</u><br>ഡെപ്പോസിറ്റ് വർക്കുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകളിൽ ശക്തമായ നിരീക്ഷണം നടത്തി വരുന്നുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്യുന്ന സമയത്ത് മുൻകൂർ തുകയായി പരിഗണിച്ച് പിന്നീട് പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ പത്രവും അന്തിമ ബില്ലും സമർപ്പിക്കുമ്പോഴ് ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചതായി കണക്കാക്കി വരുന്നുള്ളൂ. ബ്ലോക്ക് പഞ്ചായത്തുകളിൽ മോണിറ്ററിംഗ് സംവിധാനം വളരെ സുശക്തമാണ്.<br><br><u>**ചീഫ് എഞ്ചിനീയർ,തസ്വഭവ**</u><br>സർക്കാർ ഏജൻസികളായ കേരളാ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി,കെ.എസ്.എച്ച്.ബി എന്നീ നിർവ്വഹണ ഏജൻസികൾ പദ്ധതി തുക നിക്ഷേപമായി സ്വീകരിച്ചതിനുശേഷവും, പലതവണ നിർവ്വഹണത്തിൽ കാലതാമസം വരുത്താറുണ്ട്. ആതിനാൽ ആദ്യം കണക്കാക്കിയ തുക കൊണ്ട് പിന്നീട് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നുണ്ട്.<br><u>**പഞ്ചായത്ത് ഡയറക്ടർ**</u><br>ഡെപ്പോസിറ്റ് വർക്കുകൾ ഫലപ്രദമായും കാര്യക്ഷമമായും നിശ്ചിത സമയത്ത് അംഗീകൃത ഏജൻസികളെ കൊണ്ട് നിർവഹിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി നിരീക്ഷിച്ച് വരുന്നു. പരാമർശ റിപ്പോർട്ടിലെ ഖണ്ഡിക 3.4.11-ലെ ശുപാർശകൾ പൂർണ്ണമായി നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പെർഫോമൻസ് ആഡിറ്റ് തലത്തിൽ പരിശോധനയ്ക്ക് നിർദ്ദേശം നൽകി നിരീക്ഷിച്ച് വരുന്നു. |
| | 3.4.10. | **നിഗമനം**<br>ഡെപ്പോസിറ്റ് വർക്കുകളുടെ ആസൂത്രണം ന്യൂനതകൾ നിറഞ്ഞതായിരുന്നു.<br>ഡെപ്പോസിറ്റ് ചെയ്ത തുകകൾ അന്തിമചെലവായി കണക്കാക്കിയതു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകൾ ശരിയാംവണ്ണം തുടർ നിരീക്ഷണം നടത്തിയില്ല. തത്ഫലമായി വിനിയോഗിക്കാത്ത വലിയ തുകകൾ അംഗീകൃത ഏജൻസികളുടെ കൈവശം നിലനിന്നു.<br>പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്ത വിധത്തിൽ ആന്തരിക നിയന്ത്രണ തുടർനിരീക്ഷണ വ്യവസ്ഥകൾ ദുർബലമായിരുന്നു. | (പ്രത്യേക പരാമർശമില്ല) |
| | 3.4.11. | **ശുപാർശകൾ**<br>ഒരു ഡെപ്പോസിറ്റ് വർക്ക് ഒരു അംഗീകൃത ഏജൻസിയെ ഏല്പിക്കുന്നതിനു മുമ്പായി ആസൂത്രണത്തെ സംബന്ധിച്ച എല്ലാകാര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.<br>ഡെപ്പോസിറ്റ് ചെയ്ത തുകകൾ മുൻകൂർ രജിസ്റ്ററുകളിലൂടെ നിരീക്ഷിയ്ക്കുകയും വിനിയോഗിക്കാത്ത ബാക്കി തുകകൾ സമയത്തിന് തിരിച്ച് പിടിക്കുകയും ചെയ്യുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.<br>ഡെപ്പോസിറ്റ് വർക്കുകൾ കൃത്യസമയത്ത് തീർത്തുകൂ രീതിയിൽ ആന്തരിക നിയന്ത്രണ തുടർനിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സർക്കാർ പരിഗണിക്കണം. | (പ്രത്യേക പരാമർശമില്ല) |

3.3.6.1.അനുബന്ധം14

| ക്രമ നമ്പർ | പ്രവർത്തനം | കൈമാറ്റം ചെയ്ത ചുമതലകളുടെ എണ്ണം: ഗ്രാമ പഞ്ചായത്ത് | ബ്ളോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗര സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|---|
| 1 | കൃഷി | 13 | 6 | 12 | 14 |
| 2 | മൃഗ സംരക്ഷണവും ക്ഷീരോത്പാദനവും | 9 | 3 | 8 | 12 |
| 3 | ചെറുകിട ജലസേചനം | 3 | 1 | 3 | 4 |
| 4 | മത്സ്യബന്ധനം | 6 | 1 | 7 | 8 |
| 5 | സാമൂഹ്യ വനവത്ക്കരണം | 3 | -- | -- | 3 |
| 6 | ചെറുകിട വ്യവസായങ്ങൾ | 3 | 3 | 9 | 8 |
| 7 | ഭവന നിർമ്മാണം | 3 | 2 | 2 | 7 |
| 8 | ജലവിതരണം | 2 | -- | 2 | 2 |
| 9 | വൈദ്യുതിയും ഊർജ്ജവും | 2 | 1 | 2 | 3 |
| 10 | വിദ്യാഭ്യാസം | 3 | 1 | 7 | 6 |
| 11 | പൊതുമരാമത്ത് | 2 | 2 | 2 | 2 |
| 12 | പൊതുജനാരോഗ്യവും | 5 | 1 | 3 | 6 |

| | | | | | |
|---|---|---|---|---|---|
| | [illegible] | | | | |
| 13 | സാമൂഹ്യ ക്ഷേമം | 5 | [illegible] | | |
| 14 | ദാരിദ്ര്യ നിർമ്മാർജ്ജനം | 3 | 2 | 1 | [illegible] |
| 15 | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 5 | 2 | [illegible] | [illegible] |
| 16 | കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും | 2 | -- | 1 | 1 |
| 17 | പൊതുവിതരണ സമ്പ്രദായം | — | — | -- | [illegible] |
| 18 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 2 | -- | -- | [illegible] |
| 19 | സഹകരണം | 2 | 2 | 2 | [illegible] |
| | ആകെ | 76 | 28 | 65 | 104 |

3.3.6.5. അനുബന്ധം-15

| ക്രമ നമ്പർ | ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ പേര് | ഏറ്റെടുത്ത ഭവന നിർമ്മാണപദ്ധതി | വർഷം | യൂണിറ്റുകളുടെ എണ്ണം | അടങ്കൽ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | വർക്കല ബ്ലോക്ക് പഞ്ചായത്ത് | പട്ടികജാതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും ധനസഹായം | 2002-03 | 22 | 11.99 |
| 2 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം | 2005-06 | 70 | 35 |

3.3.6.6. അനുബന്ധം-16

| ക്രമ നമ്പർ | പദ്ധതി നടപ്പിലാക്കിയ ജില്ലാ പഞ്ചായത്തിന്റെ പേര് | മറ്റ് പഞ്ചായത്തുകളുടെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ എണ്ണം | | | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ആകെ | |
| 1 | ആലപ്പുഴ | 2 | 18 | 20 | 1.41 |
| 2 | പാലക്കാട് | 7 | 35 | 42 | 6.40 |
| 3 | കണ്ണൂർ | — | 39 | 39 | 1.18 |
| | ആകെ | 9 | 92 | 101 | 8.99 |

3.3.6.7. അനുബന്ധം-17

| ക്രമ നമ്പർ | പദ്ധതി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഗ്രാമ പഞ്ചായത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ എണ്ണം | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|
| 1 | അമ്പലപ്പുഴ | 13 | 0.04 |
| 2 | കഞ്ഞിക്കുഴി | 19 | 0.35 |
| 3 | പാലക്കാട് റൂറൽ | 33 | 0.35 |
| 4 | മലമ്പുഴ | 1 | 0.01 |

| | | | |
|---|---|---|---|
| 5 | [illegible]ടക്കാട് | 9 | |
| | ആകെ | 75 | ii.9 |

3.3.6.10. അനുബന്ധം.18

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | മേഖല | നടത്താത്ത പ്രവർത്തനങ്ങളും ഉപ പ്രവർത്തനങ്ങളും | [illegible] |
|---|---|---|---|---|
| 1 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | മൃഗസംരക്ഷണം | രോഗപ്രതിരോധ [illegible], ഫീൽഡ്സ്റ്റേഷനുകളുടെയും [illegible] പദ്ധതികളുടെയും [illegible] പ്രചരിപ്പിക്കുക, പ്രാദേശിക ഗവേഷണം | [illegible] |
| 2 | പാലക്കാട് ജില്ലാ പഞ്ചായത്ത് | മണ്ണ് സംരക്ഷണം | മണ്ണ് പരിശോധന | [illegible] |
| 3 | പാലക്കാട് ജില്ലാ പഞ്ചായത്ത് | ക്ഷീര വികസനം | ഡയറികൾ നടത്തുക, എക്സ്റ്റൻഷൻ യൂണിറ്റുകൾ നടത്തുക, ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക | [illegible] |
| 4 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | കൃഷി | കൃഷിക്കാരുടെ പരിശീലനം, ഗ്രാമീണ പദ്ധതികൾക്കുള്ള കാർഷിക നിവേശങ്ങൾ കാർഷിക പ്രദർശനം, കാർഷിക വായ്പ ഏർപ്പെടുത്തുക, പട്ടുനൂൽകൃഷി പ്രോത്സാഹനം | [illegible] 2005-06 [illegible] |
| 5 | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കൃഷി | എല്ലാ ഉപപ്രവർത്തനങ്ങളും | 2001-02 മുതൽ 2005-06 വരെ |
| 6 | പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | കൃഷി | എല്ലാ ഉപപ്രവർത്തനങ്ങളും | 2001-02 മുതൽ 2005-06 വരെ |

3.3.7.1. അനുബന്ധം.19

| ക്രമ നമ്പർ | ജില്ലാപഞ്ചായത്തിന്റെ പേര് | കൈമാറിയ സ്ഥാപനത്തിന്റെ പേര് | കൈമാറാത്ത വരുമാനം | | | |
|---|---|---|---|---|---|---|
| | | | 2003-04 | 2004-05 | 2005-06 | ആകെ |
| 1 | കണ്ണൂർ | 1. സംസ്ഥാന സീഡ് ഫാം, കരിമ്പം(?) | 6.49 | 4.56 | 5.90 | 16.95 |
| | | 2. ജില്ലാ കൃഷിതോട്ടം, തളിപ്പറമ്പ് | 21.95 | 17.39 | 23.94 | 63.28 |
| | | 3. കോക്കനട്ട് നഴ്സറി, പാലയാട് | 3.42 | 2.05 | ഇല്ല | 5.47 |
| 2 | ആലപ്പുഴ | വിത്ത് വികസന കേന്ദ്രം, വീയപുരം | ഇല്ല | 14.44 | ഇല്ല | 14.44 |
| | | ആകെ | 31.86 | 38.44 | 29.84 | 100.14 |

3.3.8.1.അനുബന്ധം20

| വർഷം | കൈമാറിയ ചുമതലകൾക്കായി വിനിയോഗിച്ച തുകകളുടെ വിവരങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | കൃഷി | | പട്ടികജാതി വികസനം | | പട്ടികവർഗ്ഗ വികസനം | | വ്യവസായവും വാണിജ്യവും | | ആകെ | |
| | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് | ബജറ്റ് | ചെലവ് |
| 2001-02 | 3.20 | 1.84 | 27.49 | 22.31 | 3.11 | 2.95 | [illegible] | [illegible] | [illegible] | [illegible] |
| 2002-03 | 3.20 | 2.30 | 159.88 | 123.41 | 8.46 | 4.07 | 20.1[illegible] | 20.1[illegible] | 191.71 | [illegible] |
| 2003-04 | 2.30 | 2.09 | 42.81 | 78.94 | 3.73 | 3.00 | [illegible] | [illegible] | 73.09 | [illegible] |
| 2004-05 | 3.20 | 2.80 | 83.63 | 66.81 | 2.76 | 1.76 | [illegible] | [illegible] | 109.01 | [illegible] |
| 2005-06 | 4.76 | 4.58 | 125.89 | 98.17 | 2.48 | 2.11 | 16.32 | 15.33 | 149.45 | 120.19 |
| ആകെ | 16.66 | 13.61 | 439.70 | 389.64 | 20.54 | 13.89 | 80.16 | 78.22 | 557.06 | 495.36 |
| വാർഷിക ശരാശരി | 3.33 | 2.72 | 87.94 | 77.93 | 4.11 | 2.78 | 20.04 | 19.56 | 111.41 | 99.07 |

3.3.8.2.അനുബന്ധം21

| ക്രമ നമ്പർ | വകുപ്പ് | പദ്ധതി | ഉദ്ദേശം | പദ്ധതി കൈമാറേണ്ടിയിരുന്ന തദ്ദേശ സ്ഥാപനം | ബജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|---|---|
| 1 | കൃഷി | കൃഷി ഫാമുകളുടെ നവീകരണം | കൃഷി സാങ്കേതിക വിദ്യയുടെ പ്രദർശന കേന്ദ്രങ്ങളായി ഫാമുകളെ മാറ്റുക | ജില്ലാ പഞ്ചായത്ത് | 6.20 | 5.93 |
| | | കീട നിയന്ത്രണം | പ്രധാന വിളകളുടെ കീടങ്ങൾക്കെതിരായ ജാഗ്രതാ പരിപാടി | ജില്ലാ പഞ്ചായത്ത് | 3.96 | 2.89 |
| | | ചെറുഫാമുകളുടെ യന്ത്രവത്ക്കരണം | കൃഷിച്ചെലവുകൾ കുറയ്ക്കുന്നതിന് അനുയോജ്യമായ യന്ത്രവത്ക്കരണ രീതികൾ സ്വീകരിക്കുക | ഗ്രാമ പഞ്ചായത്ത് | 3.50 | 2.13 |
| 2 | പട്ടിക ജാതി വികസനം | പ്രീമെട്രിക് പഠനം | പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകൽ | ഗ്രാമ പഞ്ചായത്ത് | 5.63 | 5.06 |
| | | പോസ്റ്റ് മെട്രിക് പഠനം | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപെൻറ്, ട്യൂഷൻ ഫീസ്, മെസ്സ്ഫീസ് മുതലായവ നൽകൽ | ഗ്രാമ പഞ്ചായത്ത് | 197.42 | 201.61 |
| 3 | പട്ടിക വർഗ്ഗ വികസനം | ട്യൂട്ടോറിയൽ പദ്ധതി | വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് സ്കൂളിൽ പോകുന്ന കുട്ടികൾക്കും X-ഉം XII-ഉം | ഗ്രാമ പഞ്ചായത്ത് | 7.40 | 2.51 |

| | | | | | | |
|---|---|---|---|---|---|---|
| | | | പ്പുനരധിവാസകേന്ദ്രങ്ങളിൽ താമസിക്കുന്നവർക്കുള്ള പ്രത്യേക പരിശീലനം | | | |
| | | ഭവന നിർമ്മാണം | 75,000 രൂപയുടെ ഉയർന്ന പരിധിക്ക് വിധേയമായി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടുവയ്ക്കുന്നതിനുള്ള ധനസഹായം | ഗ്രാമ പഞ്ചായത്ത് | 8.32 | 8.17 |
| | | മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പാരിതോഷികം | ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും കാഷ് അവാർഡും നൽകൽ | ഗ്രാമ പഞ്ചായത്ത് | 0.80 | 0.69 |
| 4 | വ്യവസായവും വാണിജ്യവും | സംസ്ഥാന നിക്ഷേപ സബ്സിഡി | ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി, വായ്പാ ബന്ധിത ഗ്രാമീണ വ്യവസായ വികസന പദ്ധതികൾ, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ മുതലായവ | ജില്ലാ പഞ്ചായത്ത് | 75.83 | 75.10 |
| | | വ്യവസായ എസ്റ്റേറ്റുകളുടെ ശാക്തീകരണം | ഉപയോഗശൂന്യമായ റബ്ബറും പ്ലാസ്റ്റിക്കും ഉപയോഗിച്ചുള്ള വ്യവസായങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം | ജില്ലാ പഞ്ചായത്ത് | 0.97 | 0.65 |
| | | കരകൗശല കൈത്തൊഴിൽ മേഖലയിൽ സാമ്പത്തിക സഹായം | പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിൽപെടാത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കരകൗശല തൊഴിലാളികൾക്ക് വായ്പയും മാർജിൻ മണി വായ്പയും എടുക്കുന്നതിന് പത്തു ശതമാനം വിഹിതം വഹിക്കുന്നതിന് | ജില്ലാ പഞ്ചായത്ത് | 1.80 | 1.73 |
| | | | ആകെ | | 311.84 | 306.47 |

**3.3.9. അനുബന്ധം22**

*(രൂപ കോടിയിൽ)*

| വർഷം | ബജറ്റ് വിഹിതം | | | വിതരണം ചെയ്ത തുക | | | | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | ശതമാനം | പദ്ധതിയേതരം | ശതമാനം | ആകെ | ശതമാനം |
| 2001-02 | 971.65 | 265.86 | 1237.51 | 676.03 | 69.58 | 234.31 | 88.13 | 910.34 | 73.56 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2002-03 | [illegible] | 351.89 | [illegible] | 1118.71 | 81.27 | [illegible] | [illegible] | [illegible] | [illegible] |
| 2003-04 | 1434.54 | 326.55 | 1761.09 | 1384.98 | 96.54 | [illegible] | [illegible] | [illegible] | [illegible] |
| 2004-05 | 1401.56 | 850.99 | 2252.55 | 1092.74 | 77.97 | [illegible] | [illegible] | [illegible] | [illegible] |
| 2005-06 | 1476.12 | 1056.18 | 2532.30 | 1109.77 | 75.18 | 928.70 | 87.93 | [illegible] | 80.50 |
| ആകെ | 6660.46 | 2851.47 | 9511.93 | 5382.23 | 80.81 | 2506.39 | 87.90 | 7888.62 | 82.93 |

3.3.1.2.അനുബന്ധം 23

| ക്രമ നമ്പർ | തുക നൽകപ്പെട്ട തസ്വ സ്ഥാപനങ്ങൾ | കണക്ക് ശീർഷകം | നീക്കിവെച്ച തുക |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകൾ | 2515-00-191-45-03 | 19.86 |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 2515-00-191-45-02 | 7.94 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 2515-00-191-45-01 | 11.91 |
| 4 | മുനിസിപ്പാലിറ്റികൾ | 2217-80-191-45-04 | 0.29 |
| | ആകെ | | 40.00 |

3.3.10.1.അനുബന്ധം 24

| ഉദ്യോഗസ്ഥരുടെ വിഭാഗം | ഉദ്യോഗസ്ഥരുടെ എണ്ണം: കൈമാറ്റം ചെയ്യാനുദ്ദേശിച്ചത് | യഥാർത്ഥത്തിൽ കൈമാറിയത് | കുറവ് |
|---|---|---|---|
| സാങ്കേതിക ജീവനക്കാർ | | | |
| എൻജിനീയർമാർ | 692 | 626 | 66 |
| ഓവർസീയർമാർ | 1782 | 1414 | 368 |
| ആകെ | 2474 | 2040 | 434 |
| ഭരണസംബന്ധമായ ഉദ്യോഗസ്ഥർ | | | |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ഡിവിഷണൽ അക്കൗണ്ടന്റ് | 15 | 12 | 3 |
| ജൂനിയർസൂപ്രണ്ട്/ക്ലാർക്ക്മാർ/ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 928 | 433 | 495 |
| പാർട്ട്-ടൈം ഇപ്പകാർ/ശിപായിമാർ/ഡ്രൈവർ | 420 | 127 | 293 |
| ആകെ | 1363 | 572 | 791 |
| മൊത്തം | 3837 | 2612 | 1225 |

3.3.10.3.അനുബന്ധം 25

| ക്രമ നം. | നൽകിയ ഉത്തരവാദിത്തം | നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിറവേറ്റിയ തസ്വ സ്ഥാപനങ്ങളുടെ | നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിറവേറ്റാത്ത തസ്വ സ്ഥാപനങ്ങളുടെ | സർവ്വേയിൽ പ്രതികരിക്കാത്ത തസ്വ സ്ഥാപനങ്ങളുടെ തലവന്മാരുടെ എണ്ണം |
|---|---|---|---|---|

| | | എണ്ണം | [illegible] | |
|---|---|---|---|---|
| 1 | [illegible] പരിപാടികളിലും സജീവമായി പങ്കെടുക്കുക | 15 | | |
| 2 | ഗ്രാമസഭയിൽ ഹാജരാകുക | 9 | 10 | 2 |
| 3 | ഗ്രാമസഭയുടെ മിനുട്ട്സ് രേഖപ്പെടുത്തലും തുടർ നടപടിയും | 4 | [illegible] | 1 |
| 4 | ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക | 8 | 8 | 7 |
| 5 | തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുമായും പ്രചാരകന്മാരുമായി യോജിച്ചു പ്രവർത്തിക്കുക | 7 | 9 | 5 |
| 6 | തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രതിമാസാവലോകന റിപ്പോർട്ടുകൾ നൽകുക | 5 | 14 | 2 |
| 7 | അവധിയുടെ വിവരം മുൻകൂറായി തദ്ദേശ സ്ഥാപനത്തെ അറിയിക്കുക | 8 | 10 | 3 |
| | ശരാശരി | 8 | 10 | 3 |

**3.3.10.4.അനുബന്ധം26**

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പഞ്ചായത്തുകളുടെ പേര് | വർഷം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ |
|---|---|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നെയ്യാറ്റിൻകര | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3 | 10.5 |
| 2 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | | 2001-02 | 1 | 14 |
| 3 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) | | 2001-02 & 2004-05 | 2 | 15 |
| 4 | സ്കൂളിലെ പ്രധാനാദ്ധ്യാപകർ | | 2001-02, 2002-03 & 2005-06 | 3 | 37.06 |
| 5 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2002-03 | 3 | 45 |
| 6 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) | | 2004-05 | 1 | 4.75 |
| 7 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | | 2005-06 | 1 | 10 |
| | ആകെ | | | 14 | 136.31 |

3.3.10.5. അനുബന്ധം [illegible]

| ക്രമ നം. | ജില്ല | സ്ഥാപനങ്ങളുടെ എണ്ണം<br>കിടത്തി ചികിത്സിക്കുന്ന വാർഡുകൾ | കിടത്തി ചികിത്സിക്കുന്ന വാർഡുകൾ പ്രവർത്തിക്കുന്നത് | കിടത്തി ചികിത്സിക്കുന്ന വാർഡുകൾ പ്രവർത്തിക്കാത്തത് |
|---|---|---|---|---|
| 1 | കണ്ണൂർ | 29 | 3 | 26 |
| 2 | പാലക്കാട് | 30 | 4 | 26 |
| 3 | തിരുവനന്തപുരം | 30 | 3 | 27 |
| | ആകെ | 89 | 10 | 79 |

3.4.7.3. അനുബന്ധം 28

| വർഷം | പദ്ധതികൾ<br>ഏൽപ്പിച്ചത് | പൂർത്തിയാക്കിയത് | ശതമാനം | ഉപേക്ഷിച്ചത് | പൂർത്തീകരിക്കാത്തത് | തുക (രൂപ കോടിയിൽ)<br>ഡെപ്പോസിറ്റ് ചെയ്തത് | വിനിയോഗിച്ചത് | ശതമാനം | ബാക്കി | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| 2000-01 വരെ | 1667 | 1540 | 92.38 | 54 | 73 | 40.74 | 34.00 | 83.46 | 6.74 | 16.54 |
| 2001-02 | 305 | 281 | 92.13 | 1 | 23 | 6.60 | 6.41 | 97.12 | 0.19 | 2.88 |
| 2002-03 | 486 | 394 | 81.06 | 6 | 86 | 10.03 | 6.82 | 68.00 | 3.21 | 32.00 |
| 2003-04 | 710 | 589 | 82.96 | 12 | 109 | 21.56 | 13.72 | 63.64 | 7.84 | 36.36 |
| 2004-05 | 577 | 454 | 78.68 | 2 | 121 | 11.75 | 7.73 | [illegible] | 4.02 | 34.21 |
| 2005-06 | 264 | 79 | 29.92 | - | 185 | 7.15 | 2.11 | 29.51 | 5.04 | [illegible] |
| ആകെ | 4009 | 3337 | 83.24 | 75 | 597 | 97.83 | 70.79 | 72.36 | 27.04 | 27.64 |

3.4.7.5. അനുബന്ധം 29

| ക്രമ നം. | തസ്വഭ സ്ഥാപനത്തിന്റെ പേര് | പദ്ധതികളുടെ എണ്ണം | പ്രവൃത്തി ഏറ്റെടുത്ത അംഗീകൃത ഏജൻസി | തുക<br>ഡെപ്പോസിറ്റ് ചെയ്തത് | വിനിയോഗിച്ചത് | വിനിയോഗിക്കാത്ത ബാക്കി | ഡെപ്പോസിറ്റ് ചെയ്ത കാലയളവ് |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം നഗരസഭ | 2 | തിരുവനന്തപുരം വികസന അതോറിറ്റി | 57.00 | 40.71 | 16.29 | മാർച്ച് 2000 |
| 2 | കോഴിക്കോട് നഗരസഭ | 27 | വിദ്യുച്ഛക്തി ബോർഡ് | 175.54 | 169.67 | 5.87 | 1997-98 മുതൽ 2002-03 വരെ |
| 3 | അഞ്ച് തസ്വഭ സ്ഥാപനങ്ങൾ | 7 | നിർമ്മിതി കേന്ദ്രം | 38.25 | 28.88 | 9.37 | 1997-98 മുതൽ 2004-05 വരെ |
| | ആകെ | 36 | | 270.79 | 239.26 | 31.53 | |

3.4.8.2 അനുബന്ധം 35

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗിച്ച തുക | ബാക്കി | ആരംഭിച്ച തുക |
|---|---|---|---|---|---|---|
| 1 | ഒട്ട് റോഡ് ജംഗ്ഷനിൽ കടലോര സൗന്ദര്യവത്കരണം | 50 | 50 | 15 | [illegible] | [illegible] |
| 2 | ഗാന്ധി റോഡിൽ കടലോര സൗന്ദര്യവത്കരണം | 50 | 50 | – | 50 | ആരംഭിച്ചിട്ടില്ല |
| | ആകെ | 100 | 100 | 15 | 85 | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.